4 SEP 19
24
31 DEC 1966
14 MAR 1961
2:3M8410:11
H2

# പ്രേമചന്ദ്രൻ

For favour of consideration
by the Board of Studies, Madras

ബി. ജി. കുറപ്പ്

പ്രസാധകൻ

കെ. ആർ. ജി. മേനോൻ.

ബി. വി. ബുക്ക്ഡിപ്പോ & പ്രിൻറിംഗ് വർക്ക്സ്,

തിരുവനന്തപുരം.

1118] [വില 1 രൂപ.

ബി. വി. ബുക്ക്ഡിപ്പോ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

UNIVERSITY LIBRARY
13 JUL 1955

*First Edition 1942*

*Printed at*
*The B. V. Printing Works*
*Trivandrum*

165479
38407
032:3M8410:11
H2

*Copyright to the Publisher*

13 JUL 19
MADRAS

# പ്രേമചന്ദ്രൻ

## അദ്ധ്യായം ൧.

പ്രേമചന്ദ്രൻ

താരാസേനൻ ഏഴുകൊല്ലം ബ്രിട്ടീഷ് പട്ടാളത്തിൽ ഒരു ശിപായി ആയിരുന്നു. അതിനുശേഷം ഗുരുതരങ്ങളായ ചില കുററങ്ങൾക്കായി അയാളെ പിരിച്ചയച്ചു; എന്നുമാത്രമല്ല, പതിനെട്ടുമാസം ജയിൽവാസം അനുഭവിക്കേണ്ടതായും വന്നു. പ്രകൃത്യാ ദുർബുദ്ധിയും കഠിനഹൃദയനും ആയിരുന്നതിനാൽ അയാൾ പട്ടാളത്തിൽനിന്നു പിരിച്ചയക്കപ്പെട്ടശേഷം പല നിഷ്ഠുരകൃത്യങ്ങളും നടത്തി പോലീസ്സുകാൎക്കു സ്വൈരമില്ലാതാക്കി. ഒടുവിൽ ലഭിച്ച രണ്ടുകൊല്ലത്തെ കഠിനതടവുശിക്ഷ അനുഭവിച്ചുതീൎന്നു് അയാൾ പുറത്തിറങ്ങിയിട്ടു് കഷ്ടിച്ചു് ആറുമാസമേ ആയിട്ടുള്ളു.

താരാസേനൻ ഇത്തവണ ജയിലിൽനിന്നു വിമുക്തനായശേഷം ഒരു പുതിയ ജീവിതരീതി കൈക്കൊണ്ടിരിക്കുന്നു. കൽക്കത്താപട്ടണത്തിൽനിന്നു നാലുമൈൽ വടക്കുപടിഞ്ഞാറുമാറിയുള്ള ഒരു പോലീസ്സ്സ്റ്റേഷനു സമീപമാണു അയാളുടെ ഇപ്പോഴത്തെ താമസം. പോലീസ്സ് ഇൻസ്പെക്ടർ മിസ്റ്റർ ഹാരിസ്സ് വളരെ ശാന്തനും ശുദ്ധനും ആയിരുന്നതിനാൽ സേനൻ നിഷ്പ്രയാസം അദ്ദേഹത്തിന്റെ ഒരു ആശ്രിതനും അന്തേവാസിയും ആയിതീൎന്നു. കേസ്സന്വേഷണങ്ങൾക്കു പോകുമ്പോഴെല്ലാം 'ഹാരിസ്സ്' സേനനെക്കൂടി കൊണ്ടുപോകുക പതിവായി;

എന്നുവേണ്ട, ചിലപ്പോഴെല്ലാം ചില കാര്യങ്ങളെപ്പററി രഹസ്യമായി അന്വേഷണം നടത്തുന്നതിന് ഇൻസ്പെക്ടർ സേനനെ നിയോഗിച്ചും തുടങ്ങി. ഇങ്ങനെയിരിക്കെ, ഒരുദിവസം താരാസേനൻ ചില കടലാസ്സുകളുമായി സ്റ്റേഷനിൽ ഹാജരായി. എന്നാൽ, ഇൻസ്പെക്ടരുടെ കസേരയിൽ മററൊരാൾ ഇരിക്കുന്നതുകണ്ടിട്ട് അയാൾ വരാന്തയിൽത്തന്നെ നിന്നുകൊണ്ട് ജന്നലിൽക്കൂടി അകത്തേക്കു സൂക്ഷിച്ചുനോക്കി; സി. ഐ ഡി. അസിസ്റ്റൻറ് സൂപ്രണ്ട് മിസ്റ്റർ. പ്രേമചന്ദ്രബാനർജിയാണ് അകത്തിരിക്കുന്നതെന്ന് അയാൾക്കു മനസ്സിലായി. ഉത്തരക്ഷണത്തിൽ വിനയഭാവം കൈക്കൊണ്ട് അയാൾ അദ്ദേഹത്തിനെ വന്ദിച്ചു.

പ്രേമ:—താരാസേനൻ! എന്തെല്ലാമാണുവിശേഷം, എന്നെ അറിയുമോ?

താരാ:—മൂന്നുപ്രാവശ്യം എന്നെ ശിക്ഷിപ്പിച്ച അവിടുത്തെ ഞാൻ മറക്കുമോ? അവിടുന്ന് ഏതോ കേസ്സു സംബന്ധിച്ചു മദ്രാസിൽ പോയിരിക്കുന്നെന്നും നാലഞ്ചുമാസം കഴിഞ്ഞേ തിരിച്ചുവരുവെന്നുമാണല്ലൊ കേട്ടതു്.

പ്രേമ:—കേട്ടതു വാസ്തവംതന്നെ; പക്ഷേ ഒരത്യാവശ്യം പ്രമാണിച്ചു പെട്ടെന്ന് ഇങ്ങോട്ടു പോരേണ്ടിവന്നു. നാലഞ്ചുദിവസത്തിനകം തിരിച്ചുപോകും. സേനൻ ഈയ്യിടെ വീട്ടിൽത്തന്നെയാണോ താമസം; ഗവമ്മെൻറുമന്ദിരത്തിലേക്കു പോകാനുള്ള ശ്രമമൊന്നും ഇല്ലേ?

താരാ:—ഞാൻ ഈയ്യിടെ വളരെ മാനമായി കഴിച്ചുകൂട്ടുകയാണു്. വിവരമെല്ലാം (ഇൻസ്പെക്ടറെ ചൂണ്ടിക്കാണിച്ചുകൊണ്ട്) ഇദ്ദേഹത്തിനറിയാം,

പ്രേമ:—അതേ, അതേ; വളരെ യോഗ്യനായി കഴിഞ്ഞു കൂട്ടുകയാണെന്നു പലരും പറഞ്ഞു. ജനങ്ങൾക്കെല്ലാം ഈയ്യിടെ സേനനെപ്പററി വളരെ മതിപ്പും വിശ്വാസവും ഉണ്ടായിട്ടുണ്ടു്. അവരെല്ലാംകൂടി നിയമസഭയ്ക്കു നിങ്ങളെ തിരഞ്ഞെടുക്കാൻ ആലോചിക്കുന്നുണ്ടെന്നും കേട്ടു; അതു് വാസ്തവമാണോ?

താരാ:—യജമാനൻ എന്നെ അത്ര വിഡ്ഢിയാക്കേണ്ട; യജമാനനെപ്പോലെ ബുദ്ധിശക്തിയോ പഠിപ്പോ ഉണ്ടായിരുന്നെങ്കിൽ ഞാൻ ഇങ്ങനെ കഴിഞ്ഞുകൂട്ടുമോ? എങ്കിലും ബിഹാരിലാൽ........

താരാസേനൻ അർദ്ധോക്തിയിൽ വിരമിച്ചു.

പ്രേമ:—അതെ, അതെ; അതുവാസ്തവംതന്നെ; ബിഹാരിയെ പിടിക്കാൻസാധിക്കാത്ത ഞാൻ പട്ടു വിഡ്ഢിതന്നെയാണു്, സംശയമില്ല. നിങ്ങളുടെ സൂചനകുറിയ്ക്കു കൊണ്ടെന്നുഞാൻ സമ്മതിക്കുന്നു.

താരാ:—എന്നെപ്പോലെയുള്ള സാധുക്കളെയാണെങ്കിൽ യജമാനനു് നിഷ്പ്രയാസം പിടിച്ചു ശിക്ഷിപ്പിക്കാമല്ലോ.

പ്രേമ:—ഏതായാലും ഇനിയെങ്കിലും ഗവമ്മെന്റതിഥിയാകാതെ കഴിഞ്ഞാൽകൊള്ളാം. പോലീസ്സിലുള്ളവരെല്ലാം മിസ്റ്റർ ഹാരിസ്സനെപ്പോലെ ശുദ്ധഗതിക്കാരായിരിക്കയില്ല.

സംഭാഷണം ദീർഘിപ്പിക്കാതെ ബാനർജി എഴുന്നേററു പുറത്തേക്കിറങ്ങി. ഇൻസ്പെക്ററരും അദ്ദേഹത്തിനെ അനുഗമിച്ചു. അല്പനേരത്തെ സ്വകാര്യസംഭാഷണത്തിനുശേഷം ബാനർജി തന്റെ കാറിൽകയറി പുറപ്പെട്ടു. അദ്ദേഹം സ്റ്റേഷനിൽനിന്നു തന്റെ മേലധികാരിയുടെ ആഫീസിലേക്കാണു തിരിച്ചതു്.

"ബിഹാരിലാൽ"—ഈ ആശ്ആരു്? ഈ പേരിൽ ബങ്കാളിൽ പലരും ഉണ്ടെങ്കിലും അവരുടെ കൂട്ടത്തിൽ പോലീസ്സുകാരുടെയും ജനങ്ങളുടെയും ചിന്താശക്തിയേയും അന്വേഷണസാമത്ഥ്യത്തേയും പരീക്ഷിക്കുന്ന ആ ബിഹാരിലാലിനെപ്പോലെ അത്ര സമത്ഥനും, എന്നാൽ ഭയങ്കരനുമായി ഒരു മനുഷ്യനില്ല. അതിനാൽ, ബിഹാരിലാൽ എന്നതു് ഒരു വ്യാജപ്പേരാണെന്നു തന്നെ ഊഹിക്കേണ്ടിയിരിക്കുന്നു. ഏതായാലും ആശ് അതിസമത്ഥനാണു്. കള്ളയൊപ്പിട്ടു പണം അപഹരിക്കുകയാണു് അയാളുടെ പ്രധാനതൊഴിൽ. പോലീസ്സുകാരുടെ കയ്യിൽ അകപ്പെടാതെ ഈ വ്യാപാരം അയാശ് തുടച്ചയായി നടത്തിതുടങ്ങിയിട്ടു വഷം പത്തു കഴിഞ്ഞിരിക്കുന്നു. ഇതിനകം അനേകലക്ഷം ഉറുപ്പിക അയാശ് അപഹരിച്ചിട്ടുണ്ടു്. ഇൻഡ്യയിലുള്ള മിക്ക പ്രധാന ബാങ്കുകളും ഈയാളുടെ വഞ്ചനയിൽ ഉശ്പ്പെട്ടുകഴിഞ്ഞു. ഇതിനുംപുറമേ ബാങ്കു് ഓഫ് ഇംഗ്ലണ്ടിൻെറ ലണ്ടനിലുള്ള ഹെഡ്ഡാഫീസിൽനിന്നുതന്നെ സർ. ജെ. എഫ്. ആൻഡേഴ്സൺ, ലഫ്റനൻറ് കണ്ണൽമാക്ക്ഫോം എന്നിവരുടെ കള്ളയൊപ്പിട്ടു പതിനയ്യായിരംപവൻ അപഹരിച്ചു. ആസ്ത്രേലിയായിലുള്ള രണ്ടു പ്രധാന ബാങ്കുകളിൽനിന്നായി ഇരുപതിനായിരം പവൻ കയ്യിലാക്കി. ഉത്തരേൻഡ്യയിലുള്ള രണ്ടു നാട്ടുരാജാക്കന്മാരുടെ കള്ളയൊപ്പിട്ടു് പാരിസ്സിലെ ഒരു പ്രധാനബാങ്കിൽനിന്നു് പത്തൊൻപതിനായിരം പവൻ വാങ്ങി. ഇൻഡ്യയിലുള്ള ധനാഢ്യന്മാരായ കച്ചവടക്കാരും ഉദ്യോഗസ്ഥന്മാരും വക്കീലന്മാരും എന്നു വേണ്ടപല രാജാക്കന്മാർ പോലും വഞ്ചിതരായിട്ടുണ്ടു്. ഇൻഡ്യയിലുള്ള സമത്ഥന്മാരായ പോലീസ്സുകാർ പ്രയത്നിച്ചിട്ടും ഇതുവരെ ഈ അപഹരണങ്ങശ് നടത്തുന്നതാരാണെന്നോ, അയാശ് എവിടെ പാക്കുന്നെന്നോ

അറിയാൻ കഴിഞ്ഞിട്ടില്ല. സ്കോട്ടലൻഡ്യാർഡിലെ വിദഗ്ദ്ധന്മാരാണു് അവിടെ നടന്ന കേസ്സുകളെപ്പററി അന്വേഷിച്ചതു്. ഫലമോ? അപഹരണങ്ങൾ തുടരുന്നു, ഇതുവരെയ്ക്കു പത്തുമുപ്പതു ലക്ഷം ഉറുപ്പിക അപഹരിക്കപ്പെട്ടിട്ടുണ്ടു്. ഇതിനുംപുറമേ, കാശ്മീരും, ബറോഡയും മഹാരാജാക്കന്മാൎക്കു് പി. ഓർ. ആൻഡ്സൺസ് കമ്പനിയിൽനിന്നു് അയച്ച ചില വിലയേറിയ ആഭരണങ്ങളും പോസ്റ്റാഫീസിൽനിന്നു കാണാതെയായി.

ഓരോ ബാങ്കിൽനിന്നു പണം അപഹരിച്ച ആളിനെപ്പററി പോലീസ്സിനു ലഭിക്കുന്ന വിവരങ്ങൾ പരസ്പരം വിരുദ്ധങ്ങളാണു്. ഹിന്ദുസ്ഥാൻ ബാങ്കിൽ ചെന്നിരുന്ന ആൾ ഒരു പോലീസ്സ് ഇൻസ്പെക്ടരുടെ യൂണിഫാറം ധരിച്ചിരുന്നു; ബാങ്ക് ഓഫ് ഇൻഡ്യയിൽ ഒരു ബാരിസ്റ്ററുടെ പ്രത്യേക ചിഹ്നങ്ങളുംധരിച്ചാണു് ചെന്നതു്. മേൽമീശയുണ്ടെന്നു ചിലരും, കണ്ണാടി ധരിച്ചിരുന്നെന്നു ചിലരും, താടി വളൎത്തിയിട്ടുണ്ടെന്നു വേറെ ചിലരും പറയുന്നു. ആകപ്പാടെ അപഹരണങ്ങളുടെ സ്വഭാവംകൊണ്ടു് ഒരാളാണെന്നു സംശയിക്കുന്നെങ്കിലും ഒരു സംഘത്തിൽ പെട്ട പലരായിരിക്കുമെന്നും പോലീസ്സുകാൎക്കു് പ്രബലമായ ശങ്കയുണ്ടു്. ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽനിന്നു് ഒരു അമേരിക്കൻ കോടീശ്വരൻെറ പ്രൈവററു സിക്രട്ടറി എന്നു പറഞ്ഞു് 6000 പവൻ വാങ്ങിക്കൊണ്ടു പുറത്തേക്കു പോയപ്പോൾ ഒരു പ്രൈവററ് സി. ഐ. ഡി. അയാളെ അനുഗമിച്ചു. പക്ഷേ, ജനബാഹുല്യം കുറഞ്ഞ ഒരു സ്ഥലത്തെത്തിയപ്പോൾ പ്രൈവററ്സെക്രട്ടറി പൊടുന്നനെ നിന്നു് സി. ഐ. ഡി. ഉദ്യോഗസ്ഥനെ വെടിവെച്ചു വീഴ്ത്തി

പ്രേമചന്ദ്രബാനർജി ബങ്കാളിലെ ഒരു പ്രസിദ്ധ കോടീശ്വരൻെറ ഏക പുത്രനാണു്; കൽക്കത്തായിൽ

എം. ഏ. യ്ക്കു പഠിച്ചുകൊണ്ടിരുന്ന കാലത്തു് മററൊരു വിദ്യാൎത്ഥിയെ ദാരുണമായി ഹിംസിക്കുകയാൽ കോളജിൽനിന്നു് ഒരു മാസത്തേക്കു സസ്പെൻറ്ചെയ്തു. ഇതറിഞ്ഞു് പിതാവു് പുത്രനെ കഠിനമായി ശാസിച്ചു. ബാനർജിയാകട്ടെ, അമിതമായ ആത്മാഭിമാനത്തിളപ്പുമൂലം പിതൃസമ്പത്തുകൊണ്ടു മേലാൽ താൻ ജീവിക്കുന്നതല്ലെന്നു ശപഥംചെയ്തു; പിറെറന്നുതന്നെ പോലീസ്സ് കമ്മിഷണറെക്കണ്ടു് തനിക്കു് ഒരുദ്യോഗം വേണമെന്നു പറഞ്ഞു. തൻെറ ഒരു സ്നേഹിതനും കുബേരനുമായ ഒരു മാന്യൻെറ പുത്രനെന്നുള്ള പ്രത്യേകവിചാരത്താൽ കമ്മിഷണർ അയാളെ ഒരു സബ്ബ് ഇൻസ്പക്ററരായി നിയമിച്ചു. യുവാവായ പ്രേമചന്ദ്രൻ അസാമാന്യമായ സാമൎത്ഥ്യവും ധൈൎയ്യവും പ്രകടിപ്പിച്ചു് പെട്ടെന്നു മേലധികാരികളുടെ ഹാർദ്ദമായ അഭിനന്ദനത്തിനു പാത്രീഭവിച്ചു; തുടച്ചയായി പല കയററങ്ങളും സമ്പാദിക്കുകയും ചെയ്തു. എന്നാൽ ഗൌരവമേറിയ ഒരു ദൂഷ്യം അയാളുടെ സ്വഭാവത്തിനുണ്ടായിരുന്നതു വിസ്മരിക്കാവുന്നതല്ല. പ്രതികളോടുള്ള പെരുമാററത്തിൽ അദ്ദേഹം തീരെ ക്രൂരനായിരുന്നു; അവരെ ദാരുണമായി ഹിംസിക്കുന്നതിനു് അദ്ദേഹം മടിച്ചില്ല. ഇതിന്റെ ഫലമായി രണ്ടുപ്രാവശ്യം മേലധികാരികളുടേയും, ഒരിക്കൽ ഒരു നീതിന്യായാധിപന്റേയും കഠിനമായ ശാസനയ്ക്കു് അദ്ദേഹം പാത്രീഭവിച്ചു. അതിനും പുറമേ, ഒരിക്കൽ പത്തുരൂപ്പിക പിഴ ഒടുക്കേണ്ടതായും വന്നു. ഇങ്ങനെയെല്ലാമാണെങ്കിലും, ബാനർജിക്കു കുററാന്വേഷണത്തിലുള്ള സാമൎത്ഥ്യംമേലധികാരികൾക്കെല്ലാം ബോദ്ധ്യമാണു്.

പ്രേമചന്ദ്രനു് അറുപത്തൊൻപതു് ഇഞ്ചു പൊക്കം ഉണ്ടു്; പക്ഷേ അതിനനുസരണമായ വണ്ണം ഇല്ല. അതിനാൽ പ്രഥമദൃഷ്ടിയിൽ അദ്ദേഹം ഒരു അശക്തനാണെന്നു് ആൎക്കും തോന്നിപ്പോകും. എന്നാൽ യഥാൎത്ഥ

ത്തിൽ വ്യായാമംകൊണ്ട് നല്ലതുപോലെ ഉറച്ചതും ആരോഗ്യപൂർണ്ണവുമായ ശരീരമാണ് ബാനർജിയുടേതു്. ഓട്ടത്തിൽ അദ്ദേഹത്തിനെ ജയിക്കാൻ ആക്കും സാധിക്കുന്നതല്ല. കുതിരസ്സവാരി, സൈക്കിൾസവാരി, ഓട്ടം, ചാട്ടം, നീന്തൽ എന്നിവയിലെല്ലാം അദ്ദേഹത്തിനു നിസ്തുല്യമായ സാമത്ഥ്യം ഉണ്ട്.

ബാനർജി, സി. ഐ. ഡി. സൂപ്രണ്ടിന്റെ ആഫീസ്സിൽ എത്തിയപ്പോൾ പോലീസ്സ് കമ്മിഷണരും രണ്ടു സീനിയർ ഡിസ്റ്റ്രിക്ററു് സൂപ്രണ്ടന്മാരും അവിടെ ഉണ്ടായിരുന്നു.

കമ്മി:—മിസ്റ്റർ ബാനർജി വന്നതു തക്ക സമയത്താണ്. നിങ്ങളെ വിളിക്കാൻ ഞാൻ പറഞ്ഞതേയുള്ളു;

പ്രേമ:—ഞാൻ ഹൌറായിലെ കള്ളനാണയക്കേസ്സുസംബന്ധിച്ചു ചില അന്വേഷണങ്ങൾക്കു പോയിരുന്നു.

കമ്മി:—വല്ല തെളിവും കിട്ടിയോ?

പ്രേമ:—അന്വേഷണം പൂത്തിയായി; ആവശ്യമുള്ള തെളിവുകൾ മുഴുവൻ ശേഖരിച്ചുകഴിഞ്ഞു; പ്രതികളെ സൂക്ഷിക്കാൻ ഏർപ്പാടും ചെയ്തിട്ടുണ്ടു്; ഇന്നുതന്നെ അവരെ അറസ്ററുചെയ്യാം.

കമ്മി:—ഗവർണ്ണരുടെ കാറിൽ ബോംബെറിഞ്ഞകേസ്സോ?

പ്രേമ:—ബോമ്പുണ്ടാക്കുന്നതിനുള്ള സാമഗ്രികളോടുകൂടി നാലുപേരെ ഇന്നലെ വൈകിട്ടു് അറസ്ററുചെയ്തു. അവർ കുററം സമ്മതിക്കുന്നു. അവരുടെ സംഘത്തിൽ പെട്ട ചിലരെക്കൂടി അറസ്ററുചെയ്യാൻ ഏപ്പ്പാടുചെയ്തിട്ടുണ്ട്. അവരെയുംകൂടി കിട്ടിയാൽ കേസ്സു ചാർജ്ജുചെയ്യും.

കമ്മി:—എന്നാൽ നിങ്ങൾ ഭാഗ്യവാൻതന്നെ. ഗവർണ്ണർ നിങ്ങൾക്കു നല്ല സമ്മാനങ്ങളും പ്രമോഷനും വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. ഏതായാലും കുറേക്കൂടി ഗൌരവമുള്ള ഒരു ചുമതല നിങ്ങളെ ഏല്പിക്കാം.

നാണു ഞാൻ അന്വേഷിച്ചതു്. ഈയിടെ തുടച്ചയായി പല ബാങ്കുകളിലും നടന്ന പണാപഹരണങ്ങളെപ്പററി നിങ്ങഠം അറിഞ്ഞിട്ടുണ്ടല്ലോ. ഇന്നലെ ഇമ്പീരിയിൽ ബാങ്കിൻെറ ഇവിടത്തെ ശാഖയിൽനിന്നു് ഗ്വാളിയർ മഹാരാജാവിൻെറ ചെക്കനുസരിച്ചു് അൻപതിനായിരം ഉറുപ്പിക വാങ്ങിക്കൊണ്ടു് അദ്ദേഹത്തിൻെറ പ്രൈവററ്സിക്രട്ടറി റോഡിലേക്കു് ഇറങ്ങി; കാറിൽ കയറുന്നതിനുമുമ്പു് ഒരാഠം അദ്ദേഹത്തിനെ വെടിവെച്ചുവീഴ്ത്തി പണവും കയ്യിലാക്കിക്കൊണ്ടു പൊട്ടുന്നനെ ആ കാറിൽതന്നെ കയറി കടന്നുകളഞ്ഞു. ഇന്നു കാലത്തു കാർകണ്ടുകിട്ടി. മറെറാരു തുമ്പും കിട്ടിയിട്ടില്ല. ഇതെല്ലാം ഏതോ ഒരു ഭീകരസംഘത്തിൻെറ പ്രവൃത്തികളാണെന്നു നിങ്ങഠംതന്നെ ഒരിക്കൽ സൂചിപ്പിച്ചില്ലേ? ഈ സംഘത്തെപ്പററി അന്വേഷണം നടത്തണം. നിങ്ങളുടെ ചുമതലയിൽ ഇരിക്കുന്ന മററു കേസ്സുകഠം ആരെയെങ്കിലും ഏല്പിച്ചേക്കുക; കഴിയുന്നതും വേഗത്തിൽ ഈ സംഘത്തെ അമർച്ച ചെയ്യില്ലെങ്കിൽ ബങ്കാളിലെ പോലീസ്സ് സൈന്യത്തെ മുഴുവൻ പിരിച്ചുവിടുമെന്നാണു് ഇന്നലെ ഗവർണർ പറഞ്ഞതു്. സംഘത്തെ സംബന്ധിച്ചു് മുഴുവൻ വിവരങ്ങളും ശേഖരിച്ചു പ്രതികളേയും പിടിക്കുന്നപക്ഷം അൻപതിനായിരം ഉറുപ്പിക ഗവൺമെൻറു് സമ്മാനം കൊടുക്കാമെന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ടു് ഈ സംഘത്തിൻെറ അക്രമപ്രവൃത്തികളെ സംബന്ധിക്കുന്ന രേഖകളെല്ലാം വാങ്ങിനോക്കിക്കൊണ്ടു് ഇന്നുതന്നെ അന്വേഷണം തുടങ്ങണം.

പ്രേമ:—സകല വിവരവും എനിക്കറിയാം. ഞാൻ ചുമതല കയ്യേററിട്ടില്ലെങ്കിലും ഇതിനകം ചില അന്വേ

ഷണങ്ങൾ നടത്തിയിട്ടുമുണ്ട്. ഏതായാലും മൂന്നു മാസത്തിനകം ഞാൻ കേസ്സ ചാർജ്ജുചെയ്യാമെന്നു പ്രതിജ്ഞചെയ്യുന്നു.

കമ്മി:—അത്ര ധൈര്യപ്പെടേണ്ട; റിക്കാഡുകൾ ഇന്നു തന്നെ ഏറ്റുവാങ്ങണം.

പ്രേമ:—അങ്ങനെതന്നെ.

അരമണിക്കൂറോളം ഭീകരസംഘത്തിന്റെ അക്രമ പ്രവൃത്തികളെപ്പററി സംഭാഷണം ചെയ്തശേഷം ആ ഉദ്യോഗസ്ഥസംഘം പിരിഞ്ഞു.

---

# അദ്ധ്യായം ൩.

ബിഹാരിലാൽ.

മണി പത്തുകഴിഞ്ഞു; അൻപത്തഞ്ചുവയസ്സിലധികം പ്രായം ഉണ്ടെങ്കിലും കാഴ്ചയിൽ അരോഗദൃഢഗാത്ര നായ ഒരാൾ റിപ്പൺതെരുവിൽക്കൂടി സാവധാനം സ ഞ്ചരിക്കുന്നു. തനിപ്പാശ്ചാത്യരീതിയിലാണ് വസ്ത്രധാ രണം ചെയ്തിരിക്കുന്നത്: നടപ്പിലും നോട്ടത്തിലും സ്ഫുരി ക്കുന്ന ഗൌരവവും അന്തസ്സും അതിനനുസരണമായ വേ ഷവും എല്ലാംക്കൂടി കണ്ടാൽ ഒരുയൎന്ന ഉദ്യോഗസ്ഥനാ ണെന്ന് ആൎക്കും തോന്നിപ്പോകും. ഇരുവശങ്ങളിലും ഉള്ള ഉന്നതസൌധങ്ങളെ ഉൽക്കണ്ഠയോടുകൂടി വീക്ഷിക്കു ന്നതുകൊണ്ട് കൽക്കത്തായിൽ പുതുതായി വന്ന ഒരാ ളാണെന്നും ഊഹിക്കാം. ഈയാൾ നടന്ന് കൽക്കത്താ ബാങ്കിനുസമീപം എത്തി. തനിക്കഭിമുഖമായി ഒരു കാർ വരുന്നതു കണ്ടു് രണ്ടുമിന്നിട്ടു ബാങ്കിലേക്കു കനാ

ക്കികൊണ്ടു നിന്നു. കാർ ബാങ്കിൻെറ മുൻവശംനിന്നു; അതിൻെറ മുൻസീററിൽനിന്നു് സുമുഖനായ ഒരു യുവാവു് താഴെ ഇറങ്ങി പിൻവശത്തുള്ള ഒരു വാതിൽതുറന്നു. അൻപതിൽ കുറയാതെ പ്രായം ഉള്ള ഒരു സ്ത്രീയും അവരെത്തുടൎന്നു് സുന്ദരിയായ ഒരു യുവതിയും പുറത്തേക്കു വന്നു. ബാങ്കിനു മുൻവശം നിന്ന ഒരു പോലീസ്സുകാരൻ ഡ്രൈവരോട്ടു് കാർ വഴിയിൽനിന്നു മാററിയിടാൻ ഏൎപ്പാടു ചെയ്തു. ഉത്തരക്ഷണത്തിൽ മറെറാരു കാറും അവിടെ എത്തി. അരോഗദൃഢഗാത്രനായ ഒരു യുവാവു് കാറിൽ നിന്നിറങ്ങി. പോലീസ്സുകാരൻ ഈ ആളിനെ കണ്ടു് അല്പം സങ്കോചത്തോടുകൂടി പിൻവാങ്ങി; അയാഠം അദ്ദേഹത്തിനെ ഔദ്യോഗിക നിലയിൽ സലാം ചെയ്യാൻ കയ്യുയൎത്തി, എന്നാൽ എന്തു കാരണത്താലോ പെട്ടെന്നു കയ്യുതാഴ്ത്തി. അദ്ദേഹവും ബാങ്കിലേക്കു് കടന്നു. നമ്മുടെ പഥികൻ പോലീസ്സുകാരനെ സമീപിച്ചു.

പഥി:—ഈ കെട്ടിടം ഒരു പബ്ളിക്കാഫീസാണോ?

പോലീ:—അല്ല, കൽക്കത്താബാങ്കാണു്.

പഥി:—ഇപ്പോഠം വന്നിറങ്ങിയ ആഠം ഒരു പോലീസ്സു് ഉദ്യോഗസ്ഥനല്ലേ?

പോലീ:—അല്ല, ഒരു പേരുകേട്ട വക്കീലാണു്; അങ്ങു് ഇവിടെ തീരെ പരിചയമില്ലാത്തയാളാണെന്നു തോന്നുന്നല്ലോ.

പഥി:—അതെ; ഞാൻ ഒരു ബോംബേക്കാരനാണു്. ഇവിടെ വന്നിട്ടു രണ്ടുദിവസമേ ആയിട്ടുള്ളു.

പോലീ:—ഇവിടെ എന്തിനാണുവന്നതു്. സ്ഥലം കാണാൻ മാത്രമാണോ?

പദ്മി:—ഞാൻ ഹൈക്കോടതി ജഡ്ജി മിസ്റ്റർ മുക്കർജിയുടെ ക്ഷണപ്രകാരം വന്നതാണ്. അദ്ദേഹത്തിന്റെ പുത്രിയുടെ വിവാഹം നാളെയാണല്ലോ.

ഈ സന്ദർഭത്തിൽ തുടർച്ചയായി നാലഞ്ചുകാറുകൾ വരികയാൽ പോലീസ്സുകാരൻ ഡ്രൈവറന്മാൎക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി പിൻമാറി.

രണ്ടാമതു വന്ന കാറിൽ നിന്നിറങ്ങിയ ആൾ യാതൊരു സങ്കോചവുംകൂടാതെ ബാങ്കിനുള്ളിൽ പ്രവേശിച്ച് രണ്ടുമൂന്നുമുറി കടന്ന് ജനറൽ മാനേജർ ഇരിക്കുന്ന മുറിയിൽ എത്തി. മാനേജർ അദ്ദേഹത്തിനെ സൂക്ഷിച്ചു നോക്കിയശേഷം എഴുന്നേററ് അഭിവാദ്യം ചെയ്തു.

മാനേ:—അല്ലാ, മിസ്റ്റർ പ്രേമചന്ദ്രബാനർജിയോ? പെട്ടെന്നു കണ്ടിട്ട് എനിക്കു തീരെ മനസ്സിലായില്ല.

പ്രേമ:—അതാണല്ലോ ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥന്റെ സാമൎത്ഥ്യം.

മാനേ:—ഇരിക്കണം, വിശേഷമൊന്നുമില്ലല്ലോ.

പ്രേമ:—ഒന്നുമില്ല, ഞാൻ നിങ്ങളെ അധികനേരത്തേക്ക് ഉപദ്രവിക്കുകയുമില്ല. ഇവിടത്തെ ചില ഇടപാട്ടുകാരെ ഒന്നു കാണാൻവേണ്ടി മാത്രം വന്നതാണ്. ഇത്രയും പറഞ്ഞശേഷം ബാനർജി എഴുന്നേററ് അടുത്ത മുറിയിലേക്കു പോയി; പെട്ടെന്നു തിരിച്ചു വന്നു.

മാനേ:—അവിടെ നിൽക്കുന്ന സ്ത്രീയെയാണോ നോക്കിയതു്. അവർ ഒരു അന്തസ്സുള്ള കുടുംബത്തിലെ നായികയാണ്.

പ്രേമ:—അതെന്തോ? കൂടെയുള്ള യുവതി ഒരു സുന്ദരിയാണെന്നുമാത്രം എനിക്കു തോന്നി.

മാനേ:—വാസന്തിയോ? അവൾ മറേറസ്ത്രീയുടെ അകന്ന ശാഖയിലുള്ള ഒരു ബന്ധുവാണ്, അവരു

ടെ ഒരു പ്രൈവററ്സിക്രട്ടറിയുടെ സ്ഥാനമാണ് അവൾക്കുള്ളതു്. ഊൎമ്മിളാദേവിയെ മുപ്പതുകൊല്ല ത്തിലധികമായി നല്ലതുപോലെ എനിക്കറിയാം. അങ്ങ് അവരുമായി പരിചയപ്പെടണം. നല്ല സ്വഭാവഗുണമുള്ള ഒരു സ്ത്രീയാണ്. കൂടെയുള്ള യുവാവ് അവരുടെ നിയമോപദേഷ്ടാവാണ്.

പ്രേമചന്ദ്രൻ ജന്നലിൽക്കൂടി ആ സ്ത്രീകൾ നിന്ന മുറിയിലേക്കു നോക്കി. ഊൎമ്മിളാദേവി ഒരുകെട്ടു കറൻസിനോട്ടുകൾ കയ്യിൽവച്ച് എണ്ണുന്നു. വാസന്തിയാകട്ടെ ആ മുറിയുടെ ചുററും കണ്ണോടിച്ചുകൊണ്ടു നിൽക്കുന്നു.

പ്രേമ:—സൌന്ദൎയ്യം പല സ്ത്രീകൾക്കും ഉണ്ടു്. പക്ഷേ, ആ യുവതിയുടെ മുഖത്തു സ്ഫുരിക്കുന്ന പ്രസന്നതയും ചൊടിപ്പും ആ കണ്ണുകൾക്കുള്ള ചൈതന്യവും പരിശുദ്ധതയും അത്ര സാധാരണമല്ല.

മാനേ:—ബിഹാരിലാലിനെപ്പററി പോലീസ്സുകാൎക്കു വല്ല തുമ്പും കിട്ടിയിട്ടുണ്ടോ? അങ്ങ് ഒന്ന് അന്വേഷിക്കാത്തതെന്തു്?

പ്രേമ:—ആരന്വേഷിച്ചാലെന്തു്? ഇതുവരെ ഒരു വിവരവും കിട്ടിയിട്ടില്ല.

മാനേ:—അവൻ ഒരു ഗന്ധൎവ്വൻതന്നെ; എത്രകാലമായി യാതൊരുവിവരവും പുറത്തറിയിക്കാതെ കഴിച്ചുകൂട്ടുന്നു; എത്ര സാമൎത്ഥ്യത്തോടും തന്റേടത്തോടും കൂടി അവൻെറ തൊഴിൽ തുടരുന്നു. എനിക്കുതോന്നുന്നതു് അവൻ ഒരു ഭീകരസംഘത്തിൻെറ പ്രധാനിയായിരിക്കണമെന്നാണ്.

പ്രേമ:—എന്നാൽ എത്ര നന്നായിരുന്നു. അവൻ ഒററ ഒരുത്തനായി അവൻെറ വ്യാപാരം തുടരുകയാണ്. അതുകൊണ്ടാണ് അവനെപ്പററി യാതൊരു വിവരവും ലഭിക്കാത്തതു്.

മാനേ:—(മേശതുറന്നു് ഒരു കടലാസ്സ് പുറത്തെടുത്തുവെച്ചിട്ട്) ഇതാ ഇതുനോക്കണം. അവൻ നടത്തിയിട്ടുള്ള അപഹരണങ്ങളുടെ പൂൎണ്ണവിവരം ഇതിൽ ഉണ്ടു്. ഓരോ ബാങ്കിൽ ഓരോപേരിലാണ് ഒപ്പിട്ടുകൊടുത്തിട്ടുള്ളതു്. ആ ഒപ്പുകളുടെയും അവൻെറ കയ്പടകളുടേയും മാതൃകകളും ഇതിൽ ഉണ്ടു്. നോക്കണം അവന്റെ സാമൎത്ഥ്യം—ഇതിൽ ഏതെങ്കിലും രണ്ടുകയ്പടകൾക്കോ ഒപ്പുകൾക്കോ തമ്മിൽ അല്പമെങ്കിലും സാദൃശ്യംഉണ്ടോ?

പ്രേമ:—(കടലാസ്സിൽനോക്കാതെ) നിങ്ങളുടെ കണ്ണിൽ പെടാത്ത പലതും എൻെറ കണ്ണിൽ പെട്ടെന്നു വരാം.

പ്രേമചന്ദ്രബാനർജി മാനേജരോട്ട് യാത്രപറഞ്ഞു് ചുററുമുള്ള മുറികളിലെല്ലാം കണ്ണോടിച്ചുകൊണ്ടു് പുറത്തേക്കുനടന്നു. റോഡിൽ ഇറങ്ങി എങ്ങോട്ടുപോകണമെന്നു് ആലോചിച്ചുകൊണ്ടു് രണ്ടുമൂന്നു നിമിഷം നിന്നശേഷം കാറിൽകയറി ക്ലൈവ്സ്റ്റ്രീററിലേക്കു തിരിച്ചു. പ്രസ്തുത തെരുവിലുള്ള ജെങ്ക്ഷനിൽ, താൻ കൽക്കത്താ ബാങ്കിൻെറ മുൻവശത്തുവെച്ചുകണ്ട ആൾ അലക്ഷ്യഭാവത്തിൽ നിൽക്കുന്നതു് ബാനർജി കണ്ടു. എന്നാൽ അയാളെ കണ്ടതായി ഭാവിക്കാതെ കാറുനിറുത്തി "ബങ്കാളി പേപ്പർ" എന്നുവിളിച്ചുകൊണ്ടുനിന്ന ഒരു ബാലനെ അടുത്തുവിളിച്ചു് ഒരു പേപ്പർവാങ്ങി; തക്കതായ ഒരു കാരണംഉണ്ടാക്കി അല്പനേരം അവിടെ താമസിക്കണമെന്നു കരുതി തൻെറ പോക്കററിൽനിന്നു് ഒരുരുപ്പിക എടുത്തു ആ ബാലനുകൊടുത്തു. അവൻ ചില്ലറ മാറുന്നതിനായി ഒരു ഷാപ്പിലേക്കുപോയി. ബാനർജി പത്രത്തിൽ കണ്ണോടിച്ചുകൊണ്ടിരുന്നെങ്കിലും നിമിഷംതോറും അദ്ദേഹം അലക്ഷ്യഭാവത്തിൽ ആ പഥികനേയും നോക്കിക്കൊണ്ടി

രുന്നു. ഈവിവരം പഥികനു മനസ്സിലായ്കയാലോ എ ന്തോ അയാൾ അതിലേവന്ന ഒരു വാടകക്കാർ നിർത്തി അതിൽ കയറി പെട്ടെന്ന് അന്തർദ്ധാനംചെയ്തു. എ ന്നാൽ ബാനർജിയും അതിവേഗത്തിൽ അയാളേ അനുഗ മിച്ചു. പഥികൻ കാറിൽഇരുന്ന് കൂടക്കൂടെ തിരിഞ്ഞു നോക്കുന്നതു് ബാനർജി കണ്ടു.

അന്നുരാത്രി ബാനർജി പോലീസ്സ് കമ്മീഷണരെ സന്ദർശിച്ചു.

പ്രേമ:—സർ, എന്റെ ഭാഗ്യത്തിനു് എന്നെ അനുമോ ദിക്കണം; ഞാൻ ബഹാരിലാലിനെ കണ്ടുപിടിച്ചു.

കമ്മി:—ഛെയ്, ഒരിക്കലുമില്ല; നിങ്ങളെ കേസ്സന്വേഷ ണത്തിനു നിയോഗിച്ചിട്ട് ഇന്നു് ആറുദിവസമേ ആയുള്ളൂ. അതിനകം പ്രതിയെ കണ്ടുപിടിച്ചെ ന്നോ? അസാദ്ധ്യം.

പ്രേമ:—രണ്ടുദിവസത്തിനകം ഞാൻ ഇവിടെ കൊണ്ടു വരാം.

---

# അദ്ധ്യായം ൩.

---

പിടികിട്ടി.

ഒരാഴ്ച ഒന്നു വീണ്ടുംകഴിഞ്ഞു. ഒരാൾ ടചീഡു് സൂട്ടും ഫെസ്സ്ഹാറവും ധരിച്ചു് ഒരു മോട്ടാർസൈക്കിളിൽ ക്ലൈവ്സ്റ്റ്രീററിൽ ഉള്ള ഒരു പുസ്തകവ്യാപാരശാലയുടെ മുൻവശത്തു വന്നിറങ്ങി. പ്രസ്തുത പുസ്തകശാലയുടെ മുൻപിൽ "ബെങ്കാളിപത്രത്തിനുള്ള പരസ്യങ്ങൾ ഇവിടെ സ്വീകരിക്കപ്പെടും." എന്നു് എഴുതിവെച്ചിരുന്നതു് സൂക്ഷിച്ചുനോക്കിയശേഷം അകത്തുകടന്നു് ഒരു കസേര നീക്കിയിട്ടിരുന്നു. അനന്തരം, മേശപ്പുറത്തുനിന്നും ഒരു തുണ്ടുകടലാസ്സ് എടുത്തു് അതിൽ എന്തോ എഴുതി ഷാപ്പ്മാനേജരെ ഏല്പിച്ചിട്ടു് ഇങ്ങനെ പറഞ്ഞു. "ഇതു് ഇന്നത്തെ പത്രത്തിൽതന്നെ ഒരു പ്രധാനസ്ഥലത്തു് ചേർക്കണം. അതിനു ചാർജെന്തുവേണം?"

മാനേ:—ലീഡറിൻെറ മുകൾഭാഗത്തു ചേർക്കണമെങ്കിൽ പതിനഞ്ചുറുപ്പിക തരണം. ഒരുലക്കത്തിൽ മതിയല്ലോ.

ബിഹാ:—മതി,

എന്നുപറഞ്ഞു പോക്കററിൽനിന്നും പതിനഞ്ചുറുപ്പിക എടുത്തുകൊടുത്തു. മാനേജർ പണംവാങ്ങി അതിലേക്കു് ഒരു രസീതും എഴുതിക്കൊടുത്തു. രസീതു വാങ്ങിക്കൊണ്ടു് അയാൾ തൻെറ മോട്ടാർസൈക്കിളിൽ കയറി യാത്ര തുടന്നു.

മണി പത്തടിച്ചതും അയാൾ നാഷനൽബാങ്കിനകത്തു കടന്നതും ഒന്നായിക്കഴിഞ്ഞു. അയാൾ ഒരു പാസ്സ്ബുക്കും ചെക്കും കൂടി ഒരു ക്ലാർക്കിൻെറ മേശമേൽവെച്ചു.

ക്ലാക്ക് അതെടുത്തു സൂക്ഷിച്ചുനോക്കിയശേഷം മാനേജരുടെ മുറിയിലേക്കു പോയി; കുറേക്കഴിഞ്ഞു് തിരിച്ചുവന്നു.

ക്ലാക്ക്:—പതിനാറായിരം അല്ലേ ഡാക്ടർ? എങ്ങിനെ വേണം.

ബിഹാ:—നൂറുറുപ്പാ നോട്ടുകളായി.

കാഷിയർ നൂറുറുപ്പാ നോട്ടുകൾ എടുത്തു് എണ്ണിത്തുടങ്ങി. 160 നോട്ടുകൾ എണ്ണി അവയുടെ നമ്പരുകൾ ഒരു ബുക്കിൽ കുറിച്ചു വെച്ചശേഷം അയാളെ ഏല്പിച്ചു. അയാൾ നോട്ടുകൾ വാങ്ങി തൻെറ കോട്ടിൻെറ അകത്തെ പോക്കററിൽ സൂക്ഷിച്ചുകൊണ്ടു് പുറത്തേക്കു നടന്നു. ഈ അവസരത്തിൽ ആ മുറിയുടെ പ്രധാന വാതലിനു സമീപമായി യാതൊന്നിലും ശ്രദ്ധിക്കാതെ നിന്ന ഒരാൾ പെട്ടെന്നു തിരിഞ്ഞു് "ഗുഡ്മോർണിങ്ങ് മിസ്റ്റർ കാളീനാഥബാനർജി" എന്നു പറഞ്ഞു് അയാളെ അഭിവാദ്യം ചെയ്തു. അയാളാകട്ടെ ഒന്നു ഞെട്ടി; അയാളുടെ മുഖത്തു് രക്തഛവി തീരെ ഇല്ലാതെയായി. അയാൾ ധൈര്യം അവലംബിച്ച് ഇപ്രകാരം മറുപടിപറഞ്ഞു.

"ഗുഡ്മോർണിങ്ങ്; നിങ്ങൾക്കു് എന്നോടു സംസാരിക്കണമെന്നുണ്ടോ? ഏതായാലും എൻെറ പേരു തെററിപ്പോയല്ലോ.

ഒന്നാമൻ—നിങ്ങൾക്കു സഹസ്രനാമങ്ങൾ ഉണ്ടെന്നു് എനിക്കറിയാം. പക്ഷേ, മാതാപിതാക്കന്മാർ വിളിച്ചുവന്ന പേരാണു് എനിക്കു പരിചയമുള്ളതു്. എനിക്കു നിങ്ങളോടു ചില കാര്യങ്ങളെപ്പററി സംസാരിച്ചാൽ കൊള്ളാമെന്നുണ്ടു്.

രണ്ടാമൻ റോഡിലേക്കു് ഇറങ്ങാൻ തയാറായി. എന്നാൽ ഒന്നാമൻ അയാളെ തടഞ്ഞു. തൽഫലമായി ഇരു

രും തമ്മിൽ പിടികൂടി. ഉത്തരക്ഷണത്തിൽ രണ്ടു പോലീസ്സുകാർ ഓടി എത്തി അവരുടെ മത്സരത്തിൽ പങ്കുകൊണ്ടു. പെട്ടെന്നു് ഒരു വെടിതീൎന്നു; ഒരു പോലീസ്സുകാരൻ നിലംപതിച്ചു.

ബാങ്കിലെ ഒരു ക്ലാൎക്കു് ഒരു തോക്കു ചൂണ്ടിക്കൊണ്ടു രണ്ടാമനോട്ടു് ഇങ്ങനെ പറഞ്ഞു. "കൈത്തോക്കു താഴെ ഇടാത്തപക്ഷം ഞാൻ വെടിവെയ്ക്കും" ഇതുകേട്ടു രണ്ടാമൻ ക്ലാൎക്കിൻെറ നേരെ തിരിഞ്ഞു. എന്നാൽ അയാഠം ഒരൊന്നാന്തരം തോക്കു തൻെറ നേരെ നീട്ടി വെടിവെയ്ക്കാൻ തയ്യാറായി നിൽക്കുകയാണെന്നുകണ്ടു് അയാഠം നിരാശപ്പെട്ടു. ഈ സന്ദൎഭത്തിൽ യൂണിഫാറം ധരിച്ച രണ്ടു പോലീസ്സ് ഇൻസ്പക്ടറന്മാരും അവിടെ എത്തി.

ഒന്നാ:—എന്നെ നിങ്ങഠംക്കു പരിചയമില്ല. ഞാൻ ഒരു പോലീസ്സ് ഉദ്യോഗസ്ഥനാണു്. കള്ള ഒപ്പിട്ടു പണം അപഹരിച്ച കുററത്തിനു ഞാൻ നിങ്ങളെ അറസ്ററുചെയ്തിരിക്കുന്നു. നിങ്ങളുടെ കയ്യിൽ കയ്ത്തോക്കുണ്ടെന്നു ശങ്കിക്കാഴ്കയാൽ എനിക്കു് അല്പം വിഡ്ഢിത്തം പററി. അതുകൊണ്ടു നിങ്ങഠം ഒരു കൊലക്കേസ്സിൽകൂടി പ്രതിയാകേണ്ടതായും വന്നു.

എന്നുപറഞ്ഞു രണ്ടാമൻെറ ഇരുകരങ്ങളും ചേൎത്തു വിലങ്ങുവെച്ചു.

അനന്തരം അയാളുടെ അടുത്തുനിന്ന മററൊരാളുടെ നേരേ തിരിഞ്ഞു് ഇങ്ങനെ പറഞ്ഞു. "ഞങ്ങളുടെ മത്സരത്തിൽ അങ്ങു് എന്നെ രക്ഷിക്കാൻ ശ്രമിച്ചു. അതിനു ഞാൻ നന്ദിപറയുന്നു. അങ്ങയുടെ പേരു് ബാബുപ്രതാപചക്രവൎത്തി എന്നല്ലേ?"

അയാഠം മറുപടി പറഞ്ഞു.

"അങ്ങേ ഇയാഠം കൊല്ലുമായിരുന്നല്ലൊ; ഭാഗ്യം തന്നെ. അങ്ങേയ്ക്കു വേണ്ടി എന്നാൽ കഴിയുന്നതു ഞാൻ ചെയ്തു. ഇനിയും എന്തെങ്കിലും ചെയ്യേണ്ടതായുണ്ടോ?-—ഈ പോലീസ്സുകാരൻ മരിച്ചുപോയെന്നു തോന്നുന്നു."

രാണ്ടാ:—കഷ്ടം; ആ സാധു മരിച്ചുപോയി. (ഒന്നാമനെ നോക്കി) നിങ്ങഠം ഈ സാഹസം ചെയ്യേണ്ടിയിരുന്നില്ല. ഏതായാലും മറെറാന്നും തെളിയിക്കാൻ സാധിച്ചില്ലെങ്കിലും ഈ കൊലക്കേസ്സെങ്കിലും തെളിവിൽ വരുത്താമല്ലോ എന്നു് ഒരു ആശ്വാസം ഉണ്ടു്. (ബാങ്കു് മാനേജരോടു്) ഞങ്ങഠം ഇനിയും താമസിച്ചാൽ ആഠംക്കൂട്ടം വർദ്ധിക്കും; അതിനു മുമ്പു പോകട്ടെ.

സഹായാത്ഥം വന്ന പോലീസ്സ് ഇൻസ്പെക്ടറന്മാരിൽ ഒരാളോടു് പോലീസ്സുകാരൻെറ മരണം സംബന്ധിച്ചു് വേണ്ട നടപടികഠം നടത്താൻ ആജ്ഞാപിച്ചിട്ടു് ഒന്നാമനും—പ്രേമചന്ദ്രബാനർജിയും—മറെറാരു പോലീസ്സ് ഇൻസ്പെക്"ടരും കൂടി, ബിഹാരിലാൽ എന്ന പേരിൽ അറിയപ്പെട്ടുവന്ന കാളിനാഥബാനർജിയേയും കൊണ്ടു കാറിൽ കയറി പോലീസ്സ് സ്റ്റേഷനിലേക്കു തിരിച്ചു.

---

# അദ്ധ്യായം ൪

അന്ത്യപ്രതിജ്ഞ

പല പേരുകളിൽ പല രാജ്യങ്ങളിലും സഞ്ചരിച്ച് പല അക്രമങ്ങളും നടത്തിയ കാളിനാഥനെ തൂക്കിക്കൊല്ലാൻ നിശ്ചയിച്ചിരുന്ന ദിവസം ജൂൺ 17-ാനു- ആയിരുന്നു. അന്ന് ഏഴുമണിയോടുകൂടി വധകൃത്യം നിർവ്വഹിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരെല്ലാം സെൻട്രൽ ജയിലിൽകൂടി. കാളിനാഥനെ ജയിലിൽ നിന്നിറക്കി വധസ്ഥലത്തേക്കു കൊണ്ടുവന്നു. അതിനു് അല്പം മുമ്പായി പ്രേമചന്ദ്രബാനർജിയും അവിടെ എത്തി. കാളിനാഥൻ ബാനർജിയെക്കണ്ടു് ഇങ്ങനെ പറഞ്ഞു.

“മരിക്കുന്നതിനു മുമ്പു നിങ്ങളെ കാണണമെന്നു ഞാൻ ആശിച്ചു. അതു സാധിച്ചതിൽ അതിയായ സന്തോഷം ഉണ്ടു്. എൻെറ ജീവിതത്തിൽ, നിയമവിരുദ്ധമെന്നു നിങ്ങളെല്ലാം പറയുന്ന പല കൃത്യങ്ങളും ഞാൻ ചെയ്തിട്ടുണ്ടു്. എന്നാൽ ഇതുവരെയും നാലുപേരെ മാത്രമേ കൊന്നിട്ടുള്ളു. എൻെറ കൃത്യങ്ങളെപ്പററി ഒരിക്കലും ഞാൻ പശ്ചാത്തപിച്ചിട്ടില്ല. ആദ്യമായി ലണ്ടനിൽവെച്ചു് ഒരു പ്രൈവററ് സി. ഐ. ഡി. യെക്കൊന്നു. രണ്ടാമതു ബോംബയിൽവെച്ചു് ഒരു ബാങ്ക് മാനേജരെ വധിച്ചു. അയാളെ വധിക്കണമെന്നു എനിക്കു തീരെ വിചാരമില്ലായിരുന്നു. പക്ഷേ, അയാളെ പിടിച്ചു തള്ളേണ്ടിവന്നു. ആ സാധു മുകളിൽ നിന്നു താഴെ വീണു മരിക്കുകയും ചെയ്തു. മൂന്നാമതു് കൽക്കത്തായിലുള്ള ഒരു ഷാപ്പുടമസ്ഥനെ നിഗ്രഹിച്ചു. അയാളെ അയാളുടെ വീട്ടിൽതന്നെ കുഴിച്ചിട്ടിട്ടുണ്ടു്. അയാൾക്കു് എന്തുപററിയെന്നുപോലും ഇതുവരെ നിങ്ങൾക്കാർക്കും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല

ല്ലോ. നാലാമത്തെ കൊലയെപ്പററി പറഞ്ഞു ഞാൻ നിങ്ങളെ മുഷിപ്പിക്കുന്നില്ല. ഏതായാലും അതിനു നിങ്ങൾ എന്നെ പിടികൂടി;—ശിക്ഷിപ്പിച്ചു. എന്നെ കൊല്ലാനും ഇതാ വേണ്ട ഒരുക്കങ്ങൾ ചെയ്തിരിക്കുന്നു. എന്നാൽ മി. ബാനർജീ! ഒരു കാര്യം ഞാൻ നിങ്ങളോടു ധൈര്യമായിപ്പറയുന്നു. നിങ്ങൾ എന്നെ തൂക്കികൊന്നാലും ഞാൻ മരിക്കുകയില്ല. ഞാൻ നിങ്ങളെ പിടികൂടും; എന്നെ തൂക്കിക്കൊല്ലാൻ ഇടയാക്കിയവരെയെല്ലാം ഞാൻ പിടിക്കും............നിങ്ങൾക്കു ചിരിവരുന്നു. ഞാൻ മരണഭീതികൊണ്ടു ഭ്രാന്തുപറയുകയാണെന്നു നിങ്ങൾ വിചാരിക്കുന്നു. എന്നാൽ, നാം സ്വപ്നം കാണുകപോലും ചെയ്യാത്ത സംഗതികൾ ഈ ലോകത്തു നടക്കുന്നുണ്ടു്. അടുത്ത നിമിഷത്തിൽ തൂക്കിക്കൊല്ലപ്പെടുന്നവന്റെ കയ്യ് നിങ്ങളുടെ ആ തടിച്ച കണ്ഠത്തിൽ പിടിച്ചുഞെക്കികൊല്ലുന്ന മുഹൂർത്തം നിങ്ങൾ എപ്പോഴും പ്രതീക്ഷിച്ചുകൊണ്ടിരിക്കുക.

പ്രേമ.—ജീവിച്ചിരിക്കുന്ന ഒരുവനു ചെയ്യാൻ സാധിക്കാത്തകാര്യം മരിച്ചശേഷം നിങ്ങൾ ചെയ്യുമെന്നോ? കൊള്ളാം, നടക്കട്ടെ.

ബാനർജി വധം കാണാൻ നിൽക്കാതെ ജയിലിൽനിന്നു പുറത്തേക്കു പോയി. മണിഒന്ന്, രണ്ടു്, മൂന്ന്, നാലു്, അഞ്ചു്, ആറു്. ഏഴു്, എട്ടു് അടിച്ചു. അതാ കാളീനാഥന്റെ കഥ കഴിഞ്ഞു.

പ്രേമചന്ദ്രൻ സ്വഗൃഹത്തിലേക്കാണു തിരിച്ചതു്. അദ്ദേഹം റിപ്പൺസ്റ്റീററിൽ എത്തിയപ്പോൾ പെട്ടെന്നു് ഒരു വെടിയുടെ ശബ്ദം കേട്ടു കാർ നിർത്തി. പുറത്തിറങ്ങി നാലുചുററും നോക്കി. ചില യാത്രക്കാരെ അല്ലാതെ ആരെയും കണ്ടില്ല. വീണ്ടും ഒരു വെടിപൊട്ടി. ഉത്തരക്ഷണത്തിൽ വെടിയുണ്ടകൊണ്ടു് അദ്ദേഹം ധരിച്ചിരു

ന്ന ഫാററ് താഴത്തുവീണു. റോഡിൻെറ വലതുവശത്തു ള്ള ഒരു കെട്ടിടത്തിന്റെ പിറകിൽ നിന്ന ഒരു വൃക്ഷത്തി ന്റെ കുറേ ഉയൎന്ന ഒരു കൊമ്പിനു സമീപം അല്പം ചെ റിയ പുക കണ്ടു് അവിടെ ഇരുന്നുകൊണ്ടു് ആരോ വെ ടിവെച്ചതാണെന്നു് ഊഹിച്ച്, ബാനർജി അങ്ങോട്ടു് ഓടി. മൂന്നാമത്തും ഒരു വെടിയുടെ ശബ്ദം കേട്ടതും അദ്ദേ ഹം തറയിൽ ഇരുന്നതും ഒരുമിച്ചു കഴിഞ്ഞു. വീണ്ടും എ ഴുന്നേററു് തോക്കിനു ലാക്കുകൊടുക്കാതെ ഇടത്തോട്ടും വ ലത്തോട്ടും തിരിഞ്ഞുമാറിക്കൊണ്ടു മുന്നോട്ടു് ഓടി. വീട്ടി ന്റെ പുറകുവശത്തു് എത്തി. അപ്പൊഴേക്കു് നാലാമത്തെ വെടിയും തീൎന്നു. അദ്ദേഹം റോഡിൽവെച്ചു കണ്ട വൃക്ഷ ത്തിൻെറ ചുവട്ടിൽ ഒരാറം മരിച്ചുകിടക്കുന്നു. അടുത്തു് ഒരു തോക്കും കിടപ്പുണ്ടു്. ബാനർജി അടുത്തുചെന്നു നോക്കി. മരിച്ചുകിടക്കുന്നതു താരാസേനൻ ആണു്. ബാ നർജി മൃതശരീരം പരിശോധിച്ചു. വളരെ അടുത്തു നിന്നുകൊണ്ടു് ആരോ വെടിവെച്ചതാണെന്നു് അദ്ദേഹം തീർച്ചയാക്കി. അനന്തരം തോക്കെടുത്തു പരിശോധിച്ചു. അതിൻെറ ചൂടു മാറിയിട്ടില്ല, ഇനിയും രണ്ടു നിറ ഒഴി യാതെയുമുണ്ടു്.

ആ വീട്ടിൽ ആറംതാമസം ഇല്ലായിരുന്നു. ബാനർ ജികണ്ട വൃക്ഷത്തിൻെറ ശിഖരങ്ങളും തോട്ടവും അദ്ദേ ഹം നല്ലതുപോലെ പരിശോധിച്ചു. ആരെയും കണ്ടില്ല. തോട്ടത്തിൻെറ പുറകുവശത്തുകൂടി ഒരു ചെറിയ ഇടവഴി യിലേക്കു് ഇറങ്ങാൻ ഒരു വാതിൽ ഉണ്ടായിരുന്നു. അതു തുറന്നു കിടന്നു. അവിടെ ചെന്നു് അദ്ദേഹം ഇടവഴിയി ലേക്കു നോക്കി. അവിടെയും ആരും ഇല്ല. അതിനാൽ പ്രേതത്തിന്റെ അടുക്കലേക്കു മടങ്ങി. ഈ സന്ദർഭത്തിൽ ഒരു മോട്ടാർ സൈക്കിളിൻെറ ഫോറൺ കേറംക്കുക

യാൽ അദ്ദേഹം ബദ്ധപ്പെട്ടു റോഡിലേക്കു ഇറങ്ങി. സൈക്കിളിൽ ഇരുന്ന ആരും അദ്ദേഹത്തിനെ കണ്ടു; സൈക്കിൾ നിൎത്താൻ കൈകാണിച്ചതും കണ്ടു. പക്ഷേ, ഗതിവേഗം കുറയ്ക്കുകപോലും ചെയ്യാതെ ആ മനുഷ്യൻ കടന്നുപോയി.

പ്രേമചന്ദ്രബാനർജിയുടെ അത്ഭുതം വർദ്ധിപ്പിക്കുന്ന മറ്റൊരു സംഭവം കൂടി ഉണ്ടായി. പൊട്ടുന്നനെ ഒരു പൊട്ടൽകേട്ടുതിരിഞ്ഞുനോക്കിയപ്പോൾ അദ്ദേഹത്തിന്റെ കാർ അഗ്നിക്കിരയായിരിക്കുന്നെന്ന് മനസ്സിലാക്കി. ആരോ തന്റെ കാറിൽ ബോംബിട്ടെന്നും അതു പൊട്ടുന്ന ശബ്ദമാണു താൻ കേട്ടതെന്നും അദ്ദേഹം ഊഹിച്ചു. ഭയങ്കരമായ ആപത്തിൽ താൻ അകപ്പെട്ടിരിക്കുന്നെന്ന് ബാനർജിക്കു ബോദ്ധ്യമായി. പക്ഷേ, തെല്ലു പോലും ഭയപ്പെടാതെ, ദുഷ്കൃത്യങ്ങൾ ചെയ്ത ആളിനെ പിടിക്കാനുള്ള വഴി എന്താണെന്ന് ആലോചിച്ചുകൊണ്ട് അദ്ദേഹം ശാന്തനായി റോഡിൽതന്നെ നിന്നു. ഈ അവസരത്തിൽ ഒരു പോലീസ്സുകാരൻ സൈക്കിളിൽ അതുവഴിവന്നു. ബാനർജി അയാളേയും കൂട്ടിക്കൊണ്ട് വീണ്ടും താരാസേനൻ കിടന്ന സ്ഥലത്തേക്കുപോയി. അവിടെങ്ങും അപ്പോഴും ആരെയും കാണ്മാനില്ലായിരുന്നു. അതിനാൽ അവർ തോട്ടത്തിന്റെ പശ്ചിമഭാഗത്തുള്ള ഇടവഴിയിലേക്ക് ഇറങ്ങി. ഒരു മോട്ടാർസൈക്കിൾ തോട്ടത്തിനു സമീപംവരെ വരികയും തിരിച്ചുപോകുകയും ചെയ്ത പാട് വ്യക്തമായി കാണ്മാനുണ്ടായിരുന്നു. അതിനാൽ, ആരോ പുറകുവശത്തുകൂടി തോട്ടത്തിൽ കടന്ന് എവിടെയോ ഒളിച്ചിരുന്നു വെടിവെച്ചിട്ട് പെട്ടെന്നു പൊയ്ക്കളഞ്ഞതാണെന്നു് അദ്ദേഹം തീർച്ചയാക്കി. അങ്ങനെയാണെങ്കിൽ താൻ തോട്ടത്തിൽ കടന്നപ്പോൾ അയാൾ എവിടെ ഒളിച്ചിരുന്നു? മോട്ടാർ സൈക്കിൾ എവിടെ

വെച്ചിരുന്നു? അതിനു മുമ്പു പൊയ്ക്കളഞ്ഞെങ്കിൽ റോഡിൽ കിടന്ന തന്റെ കാറിൽ ബോംബിട്ടതെങ്ങിനെ? ഈ ചോദ്യങ്ങൾക്കു ശരിയായ മറുപടി അദ്ദേഹത്തിനു കിട്ടിയില്ല.

പന്ത്രണ്ടുമണിക്കു ശേഷമാണു് ബാനർജി അവിടെനിന്നു പോലീസ്സ് കമ്മിഷണറുടെ ആഫീസ്സിലേക്കു പോയതു്. സംഭവവിവരം കേട്ട കമ്മിഷണർ അത്ഭുതപരതന്ത്രനായി. എന്നാൽ തുടർച്ചയായി നാലുവെടി തന്നെ ലക്ഷ്യമാക്കി പൊട്ടിക്കുകയും തന്റെ കാറിൽ ബോംബിടുകയും ചെയ്തിട്ടും അവിടെ നിന്നു് ഓടിക്കളയാതെ നാലു മണിക്കൂറിലധികം അവിടെത്തന്നെ നിന്നു് അന്വേഷണം നടത്തിയ ബാനർജിയുടെ ധൈര്യമാണു് അദ്ദേഹത്തിനെ അധികം അത്ഭുതാധീനനാക്കിയതു്.

കമ്മി:—കാളിനാഥനെ തൂക്കിക്കൊന്നു; അതിനു സംശയമില്ല. എങ്കിലും നടന്ന കഥകൾ കേട്ടപ്പോൾ അയാൾ ജീവിച്ചിരിക്കുന്നോ എന്നു ഞാൻ സംശയിച്ചുപോയി........മോട്ടാർസൈക്കിളിന്റെ ഉടമസ്ഥനെപ്പററി ഒരു തുമ്പും കിട്ടിയില്ലേ?

പ്രേമ:—ഇല്ല. ഏതായാലും ഒരു കാര്യം തീർച്ചയായി. കാളീനാഥന്റെ അനുയായികൾ ഇനിയും ഉണ്ടു്. അവർ പ്രതീകാരബുദ്ധിയോടുകൂടി പലതും പ്രവർത്തിക്കുന്നു. അവരുടെ നടപടികളിൽ ഉള്ള വിശ്വാസംകൊണ്ടാണു് അയാൾ അയാളുടെ അന്ത്യകാലത്തു് ഒരു പ്രതിജ്ഞ ചെയ്തതു്.

കമ്മി:—അയാൾ ഒററയൊരുത്തനായിട്ടല്ലേ ഈ അക്രമങ്ങളെല്ലാം ചെയ്തതു്?

പ്രേമ:—എന്നുതന്നെ ഞാനും വിചാരിച്ചിരുന്നു. പക്ഷെ ഒരു പ്രബലമായ ഭീകരസംഘം ഈ നാട്ടിൽ ഉണ്ടെന്നു് എനിക്കു ബോദ്ധ്യപ്പെട്ടു. അവരെല്ലാം എന്റെ

നേരെ തോക്കു ചൂണ്ടിക്കൊണ്ടിരിക്കയാണു്. തീരെ അപ്രതീക്ഷിതമായി പലതും സംഭവിക്കും. എന്തെല്ലാമെന്നു് ഊഹിക്കാൻ മാർഗ്ഗമില്ല. ഞാൻ സെൻട്രൽ ജയിലിലേക്കു പോകുമ്പോൾ താരാസേനനെ കണ്ടു. അയാൾ കാർ നിർത്തിച്ച് എന്നോടു സംസാരിക്കാൻ ശ്രമിച്ചു. അങ്ങനെ ചെയ്തതു് എന്നെ വെടിവെയ്ക്കാൻ സൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനായിരുന്നു. ഒടുവിൽ അയാളും അവരുടെ തോക്കിന് ഇരയായി. അതെങ്ങിനെ എന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഏതായാലും കുറേക്കാലത്തേക്കു ഞാൻ അജ്ഞാതവാസം കയ്ക്കൊള്ളാൻ നിർബന്ധിതനാണു്. രണ്ടും മൂന്നും ആഴ്ച തുടർച്ചയായി എന്നെക്കണ്ടില്ലെന്നു വരാം. ഈ വിവരം മുൻകൂട്ടി അവിടത്തെ ധരിപ്പിക്കാനാണു ഞാൻ ഇങ്ങോട്ടു വന്നതു്.

കമ്മി:—നിങ്ങൾ വളരെ സൂക്ഷിക്കണം; സഹായത്തിനു വേണ്ട ആളുകളെക്കൂടി കൊണ്ടുപോകണം.

ബാനർജി ഏകാകിയായി സ്വഗൃഹത്തിലേക്കു മടങ്ങി. ആപത്തുകൾ തന്നെ ചുററുന്നെന്നുള്ള ബോധം അദ്ദേഹത്തിനു് എന്തെന്നില്ലാത്ത ഒരുന്മേഷവും സന്തോഷവും പ്രദാനം ചെയ്തു. "യാദൃശ്ചികമായിട്ടാണെങ്കിലും വാസന്തിയെ സന്ദർശിക്കാൻ ഇടയായതു് എന്തുകൊണ്ട്? ദൈവവിധിതന്നെയല്ലേ" എന്നുള്ള ഏകവിചാരം മാത്രം അദ്ദേഹത്തിൻെറ ജീവിതത്തിൽ അതുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു അവസ്ഥാന്തരത്തിന് അദ്ദേഹത്തിനെ വിധേയനാക്കി.

# അദ്ധ്യായം ൩

വാസന്തി

ഊർമ്മിളാദേവി ഒരു പ്രഭുകുടുംബത്തിലെ ഗൃഹനായികയും സർവ്വഥാ ഉചിതമായ ജീവിതം നയിച്ചുവരുന്ന ഒരു സ്ത്രീയാണു്. ആഡംബരങ്ങളിലോ ഇന്നത്തെ പരിഷ്കാരപ്പകിട്ടുകളിലോ അവൾക്കു തീരെ ഭ്രമമില്ല. ധാരാളം സ്വത്തുണ്ടായിരുന്നിട്ടും സ്വന്തമായി ഒരു കാർ, എന്നുവേണ്ട ഒരു കുതിരവണ്ടിപോലും, വാങ്ങാൻ അവർ സന്നദ്ധയായില്ല. കൽക്കത്താ പട്ടണത്തിൽനിന്നു് അഞ്ചുമൈൽ അകലെയുള്ള ഒരു വലിയ തോട്ടത്തിൻെറ നടുവിൽ പണിയിച്ചിട്ടുള്ള "ആനന്ദവില്ലാ"യിലാണു് അവരുടെ താമസം. ഒരു തോട്ടക്കാരനു പുറമെ ഭൃത്യവർഗ്ഗത്തിൽ പെട്ടവരായി രണ്ടു സ്ത്രീകളും രണ്ടു പുരുഷന്മാരും ഉണ്ടു്. ഇവരെക്കൂടാതെ അവരുടെ തുലോം അകന്ന ശാഖയിലുള്ള ഒരു യുവതിയും അവരോടുകൂടി പാർത്തുവരുന്നു. വീട്ടിലെ കണക്കുകളും അന്യൎക്കു് അയക്കേണ്ട എഴുത്തുകളും എഴുതുന്ന ജോലി മാത്രമാണു് ഈ യുവതിക്കുള്ളതു്.

ഒരു ദിവസം കാലത്തു് ഊർമ്മിളാദേവി കാപ്പികുടിയും കഴിഞ്ഞു് തൻെറ മുറിയിൽ കടന്നു് ഒരെഴുത്തെഴുതി കവറിലാക്കി മേൽവിലാസവും എഴുതി. ഭദ്രമായി പൊതിഞ്ഞു കെട്ടി അരക്കുമുദ്രയുംവെച്ചു സൂക്ഷിച്ചിരുന്ന ഒരു ചെറിയ പെട്ടി എടുത്തു് അതിൻെറ പുറത്തും മേൽവിലാസം എഴുതിയ ഒരു തുണ്ടു കടലാസ്സ് ഒട്ടിച്ചു. അനന്തരം അടുത്തുനിന്ന വാസന്തിയോടു് ഇപ്രകാരം പറഞ്ഞു.

ഊൎമ്മി:—സുരേന്ദ്രനാഥബാനർജി അത്യുത്തമനായ ഒരു മനുഷ്യനാണ്; സാധാരണ ബാങ്കറന്മാരിൽനിന്നും അദ്ദേഹം തുലോം വ്യത്യാസപ്പെട്ട ഒരാളാണ്. ബ്രാഞ്ചാഫീസിൽ ജോലിയായിരുന്ന കാലം മുതൽക്കെ അദ്ദേഹത്തിനെ എനിക്കറിയാം... ....ഈ പാഴ്സലിന് അധികം ഘനമുണ്ടോ?

വാസന്തി നോക്കിയിട്ട്, സാരമില്ലെന്നു മറുപടി പറഞ്ഞു.

ഊൎമ്മി:—നീ ഈ എഴുത്തും പാഴ്സലും അദ്ദേഹത്തിനെ ഏല്പിച്ചിട്ട് കഴിയുന്നതും വേഗത്തിൽ തിരിച്ചുവരണം. ഉച്ചയ്ക്ക് നീ വന്നിട്ടേ ഞാൻ ഭക്ഷണം കഴിക്കു. എന്നുമാത്രമല്ല, ശരച്ചന്ദ്രബോസ്സും വരും. നിന്നെക്കണ്ടില്ലെങ്കിൽ അയാൾ എന്നോടു കയക്കും.

ഇതുകേട്ടു വാസന്തി ഒന്നു മന്ദഹസിച്ചു. വക്കീൽ മിസ്റ്റർ ശരച്ചന്ദ്രബോസ്സ് ദിവസവും അവിടെ ചെല്ലാറുള്ളതു് വാസന്തിയോടുള്ള പ്രേമംകൊണ്ടാണെന്നു സൂചിപ്പിച്ചു സംസാരിക്കുന്നതു് ഊൎമ്മിളാദേവിയുടെ പതിവായിരുന്നു.

ഊൎമ്മി:—ബാനർജിയോടു, മറുപടി അയക്കേണ്ടെന്നും സൌകര്യംപോലെ അദ്ദേഹത്തിനു് ഇങ്ങോട്ടു വരാമെന്നും പറയണം. അല്ലെങ്കിൽ അടുത്തയാഴ്ച അദ്ദേഹത്തിനെ ഞാൻ മോഹനലാഡ്ജിൽവെച്ചു കണ്ടുകൊള്ളാം. നമ്മുടെ താമസത്തിനുവേണ്ട മുറികൾക്കു് എഴുതി അയച്ചിട്ടുണ്ടല്ലോ.

വാസ:—ഉണ്ട്; എന്നോടു പറഞ്ഞദിവസംതന്നെ എഴുതി അയച്ചു.

വാസന്തി, വാടകയ്ക്കു പിടിച്ചു ഒരു കുതിര വണ്ടിയിൽ കയറി ബാങ്ക് മാനേജർ ബാബുസുരേന്ദ്രനാഥബാനർജിയുടെ ഗൃഹത്തിലേക്കു തിരിച്ചു. ഗംഗാനദിയുടെ

തീരത്തിലുള്ള ഒരു മനോഹരസൌധത്തിലാണ് അദ്ദേഹം താമസിച്ചിരുന്നതു്. യാത്രയുടെ ദൈർഘ്യം കുറയ്ക്കുന്നതിനുവേണ്ടി കുറേദൂരം ഒരു വള്ളത്തിൽ സഞ്ചരിക്കാൻ അവൾ തീർച്ചയാക്കി. ബാനർജിപോലും ഇങ്ങനെയാണ് ചെയ്തുവന്നതു്. അവൾ നദീതീരത്തു് ഇറങ്ങി. ഒരു വള്ളക്കാരനോടു് ബാബുസുരേന്ദ്രനാഥബാനർജിയുടെ ഗൃഹത്തിലേക്ക് എന്തു ദൂരം ഉണ്ടെന്നും എത്ര സമയം കൊണ്ടു് അവിടെ എത്തിക്കാമെന്നും എന്തു കൂലി വേണമെന്നും അന്വേഷിച്ചശേഷം വള്ളത്തിൽ കയറി. നദിയുടെ പ്രവാഹശക്തിയും ഇരുകരകളിലും ഉള്ള അത്യുന്നതസൌധങ്ങൾ മുതലായ മനോഹരകാഴ്ചകളും അവളെ ആനന്ദിപ്പിച്ചു.

ഈ സന്ദർഭത്തിൽ വാസന്തിയെക്കുറിച്ചു രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ; അവൾക്കു വയസ്സ് ഇരുപതുകഴിഞ്ഞു. ഒരു സാധുകുടുംബത്തിലാണ് അവൾ ജനിച്ചതെങ്കിലും ഇംഗ്ലീഷും ബങ്കാളിയും നല്ലതുപോലെ പഠിച്ചു. സ്കൂൾവിട്ടശേഷവും ഗ്രന്ഥപാരായണത്തിൽ അവൾ അതിതല്പരയാണ്. അതിനാൽ അസാമാന്യമായ ചിത്തസംസ്കാരം അവൾക്കു സിദ്ധിച്ചിട്ടുണ്ടു്. സൌന്ദര്യവും സൌശീല്യവും മാത്രമാണ് അവളുടെ സ്വത്തുക്കൾ. പക്ഷേ, ഈശ്വരൻ അതുരണ്ടും അവൾക്കു ധാരാളം നൽകിയിട്ടുമുണ്ടു്. ഇത്ര സുന്ദരിയും സുശീലയും ആയ ഒരു യുവതി ഇതുവരെ അവിവാഹിതയായിക്കഴിഞ്ഞതിൽ വായനക്കാർക്ക് അത്ഭുതം തോന്നിയേക്കാം പക്ഷേ, മാതാപിതാക്കന്മാരോ അടുത്ത ബന്ധുക്കളോ ഇല്ലാത്ത ഒരു സ്ത്രീയാണ് അവൾ. അവളുടെ അഭ്യുദയത്തിനുവേണ്ടി ശ്രമിക്കാൻ ആരുമില്ല. ഈ ബോധം അവൾക്കു നല്ലതുപോലെ ഉണ്ടു്. ഒരുപക്ഷേ, അതുതന്നെ ആയിരിക്കാം, അവളിൽ പ്രശോഭിക്കുന്ന വിനയാദി സദ്ഗുണങ്ങൾ ആർജ്ജിക്കാൻ അവളെ പ്രേരിപ്പിച്ചതും.

വള്ളക്കാരൻ—അതാ, അല്പം ദൂരെ കരയ്ക്കടുത്ത് ബോട്ട കിടക്കുന്നു. അതു ബിഹാരിലാലിന്റെ ബോട്ടാണ്—അയാളെ കൊലക്കുററത്തിന് ഈയ്യിടെ തൂക്കിക്കൊന്നു; അയാളെപ്പോലെ കള്ളയൊപ്പിടാൻ മിടുക്കനായി ഒരാൾ ഇതുവരെ ഉണ്ടായിട്ടില്ലത്രെ. എത്രപേരെയാണു പററിച്ചത്!

വാസ:—തൂക്കിക്കൊന്നോ?

വള്ള:—അതെ, തൂക്കിക്കൊന്നു. അയാളുടെ കഥകൾ പറയുന്നതു കേട്ടാൽ, കഥകൾ വായിച്ചു കേൾക്കുകയാണെന്നു തോന്നും. ആ ബോട്ട കിടക്കുന്നതിനടുത്താണ് ബാനർജി അദ്ദേഹത്തിന്റെ വീട്.

വാസ:—ആ ബോട്ട് ഇപ്പോൾ ബാനർജിയുടെ വകയാണോ?

വള്ള:—അല്ല, അയാളെ തൂക്കിക്കൊന്നശേഷം അയാളുടെ വീടും മററും ലേലം ചെയ്തു. ഒരാൾ ലേലത്തിൽ പിടിച്ചു. പിന്നീടു മറെറാരാൾക്കുവിററു.

ഈ ബോട്ടിനെപ്പററി ചില വിവരങ്ങൾ വായനക്കാർ അറിഞ്ഞിരിക്കേണ്ടതുണ്ട്. ബോട്ടിന്റെ അടിത്തട്ടിൽവെച്ചാണു് കാളീനാഥൻ (ബിഹാരിലാൽ എന്നു പറയപ്പെട്ടു വന്ന) അത്യത്ഭുതകരങ്ങളായ നിരവധി വഞ്ചനകൾക്കുവേണ്ട സാമഗ്രികൾ ശരിപ്പെടുത്തിവന്നതു്. കള്ളച്ചെക്കുകളും മററും ഉണ്ടാക്കുന്നതിനുവേണ്ട പലതരം അക്ഷരങ്ങളും ഒരു ചെറിയ ഘനംകുറഞ്ഞ അച്ചടി യന്ത്രവും ഈ തട്ടിൽ അയാൾ സൂക്ഷിച്ചിരുന്നു. ആൎക്കും സംശയം തോന്നാത്തവണ്ണം ബോർട്ടിൽവെച്ച് അയാൾ പാസ്സ്പോർട്ടുകൾ മുതലായവ നിൎമ്മിച്ചുവന്നു. തന്റെ സംഘത്തിൽപെട്ട ഒരാൾക്കു ഏതു നിമിഷത്തിലും ഇംഗ്ലണ്ടിലേക്കോ അമേരിക്കയിലേക്കോ ഫ്രാൻസി

ലേക്കോ എങ്ങോട്ടു വേണമെങ്കിലും പോകാൻ വിഷമം ഇല്ല. എന്തെന്നാൽ ഓരോരുത്തരുടെയും കയ്യിൽ എപ്പോഴും വിദേശയാത്രയ്ക്കു വേണ്ട "റെഡിമേഡ്" പാസ്സ്പോർട്ടുകൾ കാണും. ഫാറത്തിനോ, ഒപ്പിനോ അണുവും വ്യത്യാസം ഉണ്ടായിരിക്കയില്ല.

വാസ:—ബാനർജിക്കു ബഹാരിലാലിൻെറ കേസ്സുമായി ബന്ധമൊന്നുമില്ലല്ലോ.

വള്ള:—അദ്ദേഹമാണ് അയാളെ കൊല്ലിച്ചതെന്നു ജനങ്ങൾ പറയുന്നു. അദ്ദേഹത്തിൻെറ ബാങ്കിൽ വെച്ചാണല്ലോ. അയാളെ പിടിച്ചതും അയാൾ പോലീസ്സുകാരനെ കൊന്നതും. പ്രേമചന്ദ്രബാനർജി എന്ന് അതിസമർത്ഥനായ ഒരു പോലീസ്സ് സൂപ്രണ്ടാണ് പിടിച്ചത്. അദ്ദേഹം ഇപ്പോൾ ബാനർജി യജമാനൻെറ വീട്ടിൽ കാണും. കുറേ മുമ്പ് അങ്ങോട്ടു പോകുന്നതു കണ്ടു.

സുരേന്ദ്രനാഥബാനർജി ഇൻഡ്യയിലുള്ള ഒരു പ്രധാന ബാങ്കിൻെറ മാനേജരും ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷൻെറ പ്രസിഡൻറും കേവലം ഒരു ബാങ്ക് ക്ലാർക്ക് ഉദ്യോഗത്തിൽ നിന്നും സ്വന്തം പ്രയത്നവും സാമർത്ഥ്യവും കൊണ്ട് അത്യുന്നതമായ ഈ പദവികൾ കരസ്ഥമാക്കിയ ഒരാളും ആണെന്നു മാത്രം വാസന്തിക്കറിയാം. ഊർമ്മിളയ്ക്കു വളരെക്കാലമായി അദ്ദേഹത്തിൻെറ ബാങ്കുമായി ഇടപാടുണ്ടെന്നും അവൾ ധരിച്ചിരുന്നു.

---

# അദ്ധ്യായം ൩

പുതിയ പരിചയം.

സുരേന്ദ്രനാഥബാനർജിയും പ്രേമചന്ദ്രനും കൂടി ആനന്ദമന്ദിരത്തിൻെറ മുൻവശത്തു സംസാരിച്ചുകൊണ്ടു നിൽക്കുമ്പോഴാണ് വാസന്തി വള്ളത്തിൽനിന്നു കരയ്ക്കിറങ്ങിയതു്. അവൾ നാലഞ്ചടി മുന്നോട്ടു നടന്നപ്പൊഴേക്കു ഒരു ഭൃത്യൻ അവളെ സമീപിച്ചു് അവളുടെ കയ്യിലിരുന്ന പാഴ്സൽ വാങ്ങി

ഭൃത്യൻ:—യജമാനൻ വീട്ടിൻെറ മുൻവശം നിൽക്കുന്നു. മററാരാളും ഉണ്ടു്.

ഭൃത്യൻ അവളെ തോട്ടത്തിൻെറ വടക്കുവശമുള്ള വാതലിൽകൂടി അകത്തേക്കു കൂട്ടിക്കൊണ്ടുപോയി; അവർ വിശാലമായ ഒരു മുറിയിൽ പ്രവേശിച്ചു. എന്നാൽ അവൾക്കഭിമുഖമായുള്ള മററൊരു വാതലിൽ കൂടി ബാനർജിയും പ്രേമചന്ദ്രനും അകത്തു കടക്കുകയാൽ വാസന്തി വിനയപൂർവ്വം അവരെ അഭിവാദ്യംചെയ്തു.

ബാന:—ഊർമ്മിളാദേവിക്കും നിങ്ങൾക്കും സുഖം തന്നെല്ലൊ. ഇദ്ദേഹം എൻെറ ഒരു സ്നേഹിതനാണു്. മിസ്റ്റർ പ്രേമചന്ദ്രബാനർജി. (സ്നേഹിതനോടു്) ഈ യുവതി ശ്രീമതി ഊർമ്മിളാദേവിയുടെ സ്വന്തമാണു്. പേരു വാസന്തിയെന്നല്ലേ? ദേവി വളരെക്കാലമായി ഞങ്ങളുടെ ബാങ്കിലെ ഒരു ഇടപാട്ടുകാരിയാണു്.

സുരേന്ദ്രനാഥബാനർജി എഴുത്തു പൊട്ടിച്ചു വായിച്ചശേഷം പാഴ്സൽ പൊളിക്കാൻ തുടങ്ങി. പ്രേമചന്ദ്രൻ അതിനകത്തുള്ള സാധനം എന്താണെന്നറിയാനുള്ള ഉൽക്കണ്ഠയാൽ ഉററുനോക്കിക്കൊണ്ടിരുന്നു.

ദന്തത്തിൽ ചെയ്യപ്പെട്ട അതിവിശേഷമായ ഒരു "ഓടക്കുഴൽ കൃഷ്ണൻെറ പ്രതിമയായിരുന്നു പാഴ്സലിനകത്തുണ്ടായിരുന്നതു്.

പ്രേമ:—പ്രതിമ വളരെ നന്നായിട്ടുണ്ടു്. ഇതിനു് ഒരു നല്ല സംഖ്യ കൊടുത്തിരിക്കണം.

ബാന:—ദേവിക്കു പരിചയമുള്ള ഒരാൾ തിരുവിതാംകൂറിൽ ഉണ്ടു്. അയാൾ മുഖേന അവിടെനിന്നു വരുത്തിയതാണു്. അവർ ഇതിനുമുമ്പു് സ്വന്തം ഉപയോഗത്തിനു് ഒന്നു വരുത്തി. അതുകണ്ടു് എനിക്കുംകൂടി ഒന്നു വേണമെന്നു ഞാൻ പറഞ്ഞു. ഇതു് ദേവി വരുത്തിയതിനെക്കാൾ വളരെ നന്നായിട്ടുണ്ടു്. വലിപ്പവും കൂടും. കരകൌശലങ്ങളിൽ തിരുവിതാംകൂർ പണ്ടേക്കുപണ്ടേ പ്രശസ്തി നേടിയിട്ടുള്ള ഒരു രാജ്യമാണു്. (വാസന്തിയോടു്) ഇതു് പോസ്റ്റിൽ അയയ്ക്കാമായിരുന്നല്ലോ. അല്ലെങ്കിൽ ഒരു കാർഡയച്ചാൽ ഞാൻ വരികയോ, ആളയയ്ക്കുകയോ ചെയ്യുകില്ലേ? എന്തിനു ബുദ്ധിമുട്ടി?

വാസ:—ഒരു ബുദ്ധിമുട്ടുമില്ല; അവിടത്തെ കാണാൻ സാധിച്ചെന്നുള്ള ഒരു ലാഭമേയുള്ളൂ.

സുരേ:—ഏതായാലും വിഗ്രഹം വളരെ ഭംഗിയായിട്ടുണ്ടു്. ഒരു അമൂല്യനിധിയായി ഞാൻ എന്നും സൂക്ഷിക്കുമെന്നു പറയണം.

വാസ:—ബിഹാരിലാൽ ആരായിരുന്നു?

എന്നു് അത്യുൽകണ്ഠയോടുകൂടി ചോദിച്ചു.

രണ്ടുപേരും മൌനം ദീക്ഷിച്ചു. അവരുടെ മുഖഭാവം കണ്ടു് തൻെറ ചോദ്യം അനാവശ്യമായിപ്പോയെന്നു് അവൾക്കു തോന്നി. എന്നാൽ രണ്ടുമിനിട്ടുനേരത്തെ മൌനത്തിനുശേഷം പ്രേമചന്ദ്രൻ മറുപടി പറഞ്ഞു.

പ്രേമ:—ബിഹാരിലാൽ എന്നതു് കാളീനാഥൻ എന്ന ഒരാൾക്കുണ്ടായിരുന്ന അനേകം വ്യാജപ്പേരുകളിൽ ഒന്നാണു്. അയാൾ കള്ളയൊപ്പിടാൻ അതിസമത്ഥനായിരുന്നു. ആരുടെ ഒപ്പും ഒരിക്കൽ, കണ്ടാൽ തിരിച്ചറിയാൻ പാടില്ലാത്തവണ്ണം അയാൾ അനുകരിക്കും. നാലഞ്ചു കൊലപാതകങ്ങളും നടത്തിയിട്ടുണ്ടു്. ഒടുവിൽ ഒരു പോലീസുകാരനെ വെടിവെച്ചുകൊന്നു. ഞാൻ അയാളെ അറസ്ററുചെയ്തു. ഈയിടെ അയാളെ തൂക്കിക്കൊന്നു.

ഈ സന്ദർഭത്തിൽ സുരേന്ദ്രനാഥബാനർജിയുടെ മുഖത്തു് കലശലായ അസ്വാസ്ഥ്യം പ്രത്യക്ഷമായി.

പ്രേമ:—അവൻ പല ബാങ്കുകാരെയും ചതിച്ചു. ഇദ്ദേഹവും ഞാനും കൂടി അവനെ പിടിക്കാൻ വലവീശി. അവൻ ഞങ്ങളുടെ വലയിൽ അകപ്പെടുകയും ചെയ്തു.

സുര:—നമുക്കു് കാപ്പി കുടിക്കാം.

ബാനർജി വളരെ പണിപ്പെട്ടിട്ടും അദ്ദേഹത്തിന്റെ പരിഭ്രമം മറയ്ക്കാൻ കഴിഞ്ഞില്ല.

കാപ്പികുടി കഴിഞ്ഞശേഷം സുരേന്ദ്രനാഥബാനർജി പറഞ്ഞു.

“എന്റെ ബോട്ട് ഒരു മണിക്കൂറിനകം വരും; വന്നാലുടൻ നിങ്ങളെ അയക്കാം. അതുവരെ വിശ്രമിക്കുക.

വാസന്തി വിനോദാത്ഥം നദീതീരത്തേക്കു പോയി. അവൾ ആററിലേക്കു ചാഞ്ഞുകിടന്ന ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ചെന്നു് നദിയിലേക്കു നോക്കിക്കൊണ്ടുനിന്നു. അല്പം കഴിഞ്ഞു് പ്രേമചന്ദ്രനും അവളുടെ അടുത്തെത്തി.

വാസ:—അദ്ദേഹം എവിടെ?

പ്രേമ:—അദ്ദേഹം ചില ആഫീസു ജോലികൾക്കായി മു കളിലേക്കു പോയി.

വാസ:—ഞാൻ ബിഹാരിലാലിനെപ്പററി ചോദിച്ചതു് അനാവശ്യമായിപ്പോയി. അദ്ദേഹത്തിനു് അതു കൊണ്ടു് അസുഖം ഉണ്ടായെന്നു തോന്നുന്നു. എനി ക്കും അങ്ങനെയാണു്; കൊള്ളകളേയും കൊല കളേയും പററി വായിക്കുന്നതുപോലും ഇഷ്ടമില്ല.

പ്രേമ:—ഞാൻ അതല്ലാതെ വായിക്കാറും ഇല്ല.

വാസ:—അങ്ങേ കണ്ടിട്ടു് ഒരു പോലീസ്സു് ഉദ്യോഗസ്ഥ നാണെന്നു തോന്നുന്നില്ല.

പ്രേമ:—ഞാൻ ഒരു നല്ല പോലീസ്സു് ഉദ്യോഗസ്ഥനല്ലെ ന്നു് എനിക്കു ബോദ്ധ്യമുണ്ടു്. പക്ഷെ, നിങ്ങളെക്ക ണ്ടപ്പോൾ ഞാൻ ഒരു നല്ല ഉദ്യോഗസ്ഥനാണെന്നു ബോദ്ധ്യപ്പെട്ടു. അതു് എന്റെ ഭാഗ്യംകൊണ്ടാണു്.

വാസ:—എന്നെ ഇന്നു് ആദ്യമായിട്ടല്ലേ കണ്ടതു്?

പ്രേമ:—അല്ല, ആദ്യമായിട്ടു കണ്ടതു് കൽക്കത്താബാ ങ്കിൽവെച്ചാണു്........ഒരു കൊല്ലത്തിനു മുമ്പു് ഞാൻ ഒരു കളിക്കുട്ടിയെപ്പോലെ വിനോദശീലനാ യിരുന്നു. ഇപ്പോഴാകട്ടെ ന്റുവയസ്സുപ്രായമുള്ളവ നെപ്പോലെയായി.

വാസ:—അതെന്തു്?

പ്രേമ:—ചിലർ മിസ്റ്റർ സുരേന്ദ്രനാഥബാനർജിയെ അട ത്തയാഴ്ച വധിക്കാൻ നിശ്ചയിച്ചിരിക്കുന്നു. അതു കൊണ്ടു് എൻെറ ബുദ്ധിശക്തിയും ശരീരശക്തിയും മുഴുവൻ ഉപയോഗിക്കേണ്ടിയിരിക്കുന്നു.

വാസന്തി ഒന്നു ഞെട്ടി; ഭയംകൊണ്ടെന്നപോലെ അവൾ പരവശയായി.

വാസ:—അങ്ങനെ സംഭവിക്കുമെന്നു് അങ്ങുദ്ദേശിക്കു ന്നോ?

പ്രേമ:—നാം തമ്മിൽ ഇന്നു പരിചയപ്പെട്ടതേയുള്ളു; ആദ്യദർശനത്തിൽതന്നെ പരസ്പരം വിശ്വാസം ജനിക്കുക, പെട്ടെന്നുണ്ടാകുന്ന പ്രേമംപോലെ, അത്ര സാധാരണമല്ലെങ്കിലും തീരെ അസംഭാവ്യമല്ല. ഏതായാലും നിങ്ങളെ വ്യാകുലപ്പെടുത്തണമെന്ന് എനിക്കു വിചാരമില്ല. അതുകൊണ്ടു നമുക്കു മററു കാര്യങ്ങളെപ്പററി സംസാരിക്കാം. നിങ്ങൾക്ക് എത്ര വയസ്സായി?

വാസ:—ഇരുപതുകഴിഞ്ഞു.

പ്രേമ:—അത്രപ്രായം തോന്നുന്നില്ലല്ലോ. സൌന്ദര്യമുള്ള സ്ത്രീകൾക്കു പ്രായം തോന്നുകയില്ലായിരിക്കാം. (വാസന്തി ലജ്ജയാൽ നമ്രമുഖിയായി)

പ്രേമ:—ആ കിടക്കുന്ന ബോട്ട് ബിഹാരിലാൽ ഉപയോഗിച്ചുകൊണ്ടിരുന്നതാണ്. നമുക്ക് അതിൽ കയറി നോക്കാം.

എന്നു പറഞ്ഞ് അയാൾ ബോട്ടുകിടക്കുന്ന സ്ഥലത്തേക്കു നടന്നു. വാസന്തിയും അയാളെ അനുഗമിച്ചു. പ്രേമചന്ദ്രൻ, കെട്ടിയിട്ടിരുന്ന ബോട്ട കരയ്ക്ക് അടുപ്പിച്ചു. രണ്ടുപേരും ബോട്ടിൽ കയറി. "ഇതാ ഇതിൻെറ അടിയിൽ ഒരു തട്ടുക്കൂടി ഉണ്ടു്" എന്നു പറഞ്ഞ് ഒരു പലക ഇളക്കിമാററിക്കൊണ്ടു് ബാനർജി അകത്തേക്കു കടന്നു.

പ്രേമ:—ഇറങ്ങി വരണം.

വാസന്തിയും അകത്തേക്കിറങ്ങി. പ്രേമചന്ദ്രൻ ഒരു തീപ്പെട്ടി ഉരച്ചു.

പ്രേമ:—ഇവിടെവെച്ചാണ് അയാൾ കള്ളച്ചെക്കുകളും മററും ഉണ്ടാക്കി വന്നതു്. ഇതിൽ ഒരു ചെറിയ അച്ചടിയന്ത്രവും മററു സാമഗ്രികളും ഉണ്ടായിരുന്നു. അ

തെല്ലാം ഇപ്പോൾ കോടതിയിൽ കിടക്കുകയാണ്. അതാ, വലത്തുവശം ഉള്ള പലകയിൽ സൂക്ഷിച്ചു നോക്കണം. വീണ്ടും ഒരു തീപ്പെട്ടി ഉരച്ചു.

വലതുവശത്തു തറച്ചിരുന്ന പലകകളിൽ ഒന്നിൽ ഇപ്രകാരം എഴുതിയിരുന്നു.

| | | |
|---|---|---|
| ജൂൺ 1 | 1854 | കെ. എൻ. ബി. |
| സെപ്തംബർ 6 | 1862 | |
| ഫെബ്രുവരി 9 | 1886 | |
| മാർച്ച് 11 | 1892 | |
| സെപ്തംബർ 4 | 1896 | |
| ടി 12 | 1898 | |
| ആഗസ്റ്റ് 30 | 1901 | |
| ജൂൺ 17 | 1923 | |
| ആഗസ്റ്റ് 1 | 1924 | |

ഇതിനും പുറമെ 1923 നു നേരെ ഒരു ഗുണനചിഹ്നവും കാണാനുണ്ട്.

പ്രേമ:—എത്ര സഫലമായ പ്രവചനം!

ബാനർജിയുടെ ആശയം മനസ്സിലാകാതെ വാസന്തി കുഴങ്ങി.

വാസ:—ഇതെല്ലാം അയാൾ എഴുതിവെച്ചതാണോ? ഇതിന്റെ അത്ഥമെന്തു്?

പ്രേമ:—അതറിയാൻ പ്രയാസം തന്നെ. 1923 ജൂലൈ 17; അതു സാരമില്ല. അന്നാണ് അയാളെ തൂക്കിക്കൊന്നതു്.

വാസന്തി ഭയവിഹ്വലയായി ഇരുളടഞ്ഞ ആ മുറിയിൽ നിന്നു പുറത്തേക്കു നടന്നു. പ്രേമചന്ദ്രനും അവളെ അനുഗമിച്ചു.

പ്രേമ:—ഈ ബോട്ടു ഞാൻ വിലയ്ക്കു വാങ്ങി; അതിനു ശേഷമാണ് ഈ പട്ടിക കണ്ടുപിടിച്ചതു്. പട്ടിക

മറച്ച് ഒരു തകരംവെച്ചിരുന്നു; ഇളക്കിനോക്കിയ പ്പോഴാണ് ഇതു കണ്ടതു്.

വാസ:—അയാളുടെ മരണദിവസവും അയാൾ മുൻകൂട്ടി അറിഞ്ഞിരുന്നല്ലോ.

പ്രേമ:—ഇല്ല; അതു് ഭീകരസംഘത്തിലെ മററംഗങ്ങൾ എഴുതിവെച്ചതാണ്.

വാസ:—അങ്ങനെ ഒരു സംഘമുണ്ടോ? അവർ അക്രമി കളോ?

പ്രേമ:—ഭയപ്പെടേണ്ട; ഞാൻ അടുത്തുള്ളപ്പോൾ തീരെ വേണ്ട. ഏതായാലും ഇതിനകത്തു് ഇന്നലെ ആ രോ കടന്നു പരിശോധിച്ചിട്ടുണ്ട്. ഞാൻ ചില അട യാളങ്ങൾ വെച്ചിരുന്നു. അതൊന്നും ഇന്നു കാണു ന്നില്ല.

---

# അദ്ധ്യായം ൭

---

## ഭീകരസംഘം

പ്രേമ:—ഒരുവൻെറ ജീവിതത്തിൽ സാധിക്കാവുന്ന കാ ര്യങ്ങളുടെ ഇരട്ടി സാധിക്കുന്ന അപൂർവം ചിലർ ലോകത്തുണ്ട്. എന്നാൽ നൂറുപേക്ക് ഒരുമിച്ചു കൂടി പോലും ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ ചെയ്തുതീർത്ത ഒരു അത്ഭുതമനുഷ്യനായിരുന്നു കാളീ നാഥൻ.

വാസ:—അയാൾക്കു ഭാര്യയും കുട്ടികളും ഉണ്ടോ?

പ്രേമ:—ഉള്ളതായി ഇതുവരെ അറിഞ്ഞിട്ടില്ല.

വാസ:—അടുത്തുവരുന്ന ആഗസ്റ്റ് ഒന്നാംതീയതി എന്തു സംഭവിക്കുമെന്നാണു് ഭീകരസംഘത്തിൻെറ ഉദ്ദേശം?

പ്രേമ:—ഹ!........ഭീകരസംഘത്തെപ്പററി എനിക്കല്ലാതെ മററാക്കും ഒരറിവുമില്ല. കാളീനാഥൻ പല ബാങ്കുകളിൽനിന്നും രാജാക്കന്മാരിൽ നിന്നും അപഹരിച്ചും മററു വിധത്തിലും എല്ലാംകൂടി ഒരു മുപ്പതു ലക്ഷത്തിൽ കുറയാതെ കരസ്ഥമാക്കി. പക്ഷെ, എന്തുചെയ്യോ? എന്തെങ്കിലും ഒരു ദുർഗ്ഗുണം ഉണ്ടായിരുന്നിരിക്കാം. സംഘാംഗങ്ങൾക്കും ധാരാളം കൊടുത്തിരിക്കാം. എത്ര പ്രാവശ്യം ആളുകളെ അമ്മേരിക്കയിലും ആസ്ട്രേലിയായിലും യൂറോപ്പിലും ഓരോ ആവശ്യങ്ങൾക്കായി അയച്ചിട്ടുണ്ടു്. അതിനെല്ലാം പണം വേണ്ടേ? സംഘത്തിൽ പെട്ടവരെല്ലാം അയാളുടെ ചൊല്പടിയിൽ ആയിരുന്നു. ഒരു സൈന്യത്തിൻെറ മേലധികാരിക്കും കീഴിലുള്ളവവരെ ഇത്ര സാമത്ഥ്യത്തോടുകൂടി നിയന്ത്രിക്കാൻ സാധിക്കയില്ല. സംഘത്തിൽപെട്ടവർ ചിലരോടെല്ലാം പ്രതീകാരബുദ്ധിയോടുകൂടി ജീവിക്കുകയാണു്. ബാബുസുരേന്ദ്രനാഥബാനർജിയുടെ ഒരു സഹോദരനെ ഹുഗ്ലിയിൽ അവർ മുക്കിക്കൊന്നു. കാളിനാഥനെ ഞാൻ പിടിച്ചതിന്റെ മൂന്നാം ദിവസമാണു് അതു നടന്നതു്. അദ്ദേഹം ഒരു വിനോദയാത്രക്കു പോയതാണു്.

ബോട്ടുകിടന്നതിനു സമീപം ആററിലേക്കു ചാഞ്ഞു ഒരു വൃക്ഷം വളരെ ദൂരം "പന്തലിച്ചു" കിടന്നിരുന്നു. അതിൻെറ ചുററും പലതരം ചെടികളും വള്ളികളും വളൎന്നു കാടുപിടിച്ചും കിടന്നു. ഈ കാട്ടിൽ നിന്നു് എന്തോ ഒരു ശബ്ദം കേട്ടു; ബാനർജി ശബ്ദംകേട്ട ഭാഗത്തേക്കു സൂക്ഷിച്ചുനോക്കി. വാസന്തിയും ശബ്ദംകേട്ടു ഭയന്നു.

പ്രേമ:—ഭീകരസംഘത്തിൽപെട്ട ആരോ ആയിരിക്കും.

വാസന്തി ഒന്നു ഞെട്ടി; അവൾ അത്യന്തം ഭയപ്പെട്ടു. അവർ ബോട്ടിൽനിന്നിറങ്ങി; ബാനർജിയുടെ തോട്ടത്തിനു സമീപമുള്ള മറെറാരു ഗൃഹത്തിലെ നായകൻ അടുത്തു നിൽക്കുന്നതുകണ്ടു് അവർ അങ്ങോട്ടുനടന്നു.

പ്രേമ:—മിസ്റ്റർ പ്രതാപചക്രവൎത്തി അതാ നിൽക്കുന്നു, അങ്ങോട്ടു പോകാം.

പ്രതാപ.—ഗുഡ്മോർണിങ്ങ് മിസ്റ്റർ ബാനർജി.

പ്രേമ:—ഗുഡ്മോർണിങ്ങ്; ശ്രീമതി വാസന്തീദേവിയ്ക്കും അങ്ങയുടെ ഉദ്യാനം ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ടു്.

പ്രതാപചക്രവൎത്തി ഒരു തോട്ടക്കാരനെ വിളിച്ച് അവരെ കൂട്ടിക്കൊണ്ടുപോയി ഉദ്യാനം കാണിക്കാൻ ആജ്ഞാപിച്ചു. അനന്തരം വാസന്തിയോടു് „പോയി നോക്കണം. എന്തെങ്കിലും കൌതുകമുള്ളതായി തോന്നുന്നപക്ഷം എടുക്കാനും വിരോധമില്ല" എന്നു പറഞ്ഞു. പ്രേമചന്ദ്രനും വാസന്തിയും തോട്ടക്കാരനും കൂടി തോട്ടത്തിലേക്കു നടന്നു.

പ്രേമ:—കാളിനാഥനെ ഞാൻ ബാങ്കിൽവെച്ചു പിടിച്ചപ്പോൾ എന്നെ സഹായിച്ചു ഒരാളാണു് മിസ്റ്റർ ചക്രവൎത്തി. മിസ്റ്റർ ബാനർജിയുടെ ഒരു സ്നേഹിതനും ഉന്നതെ പരിഷ്കാരത്തിന്റെ മാതൃകയുമാണു്.

വാസന്തി ബാനർജിയുടെ ഗൃഹത്തിലേക്കു മടങ്ങാൻ ധൃതികൂട്ടുകയാൽ അവർ പെട്ടെന്നു് ഉദ്യാനം നോക്കിയിട്ടു് ചക്രവൎത്തിയുടെ സമീപം എത്തി അദ്ദേഹത്തിനോടു യാത്രപറഞ്ഞു. എന്നാൽ അവർ ഏതാനും അടി മുന്നോട്ടു നടന്നപ്പോൾ ബാനർജി അവരെ സമീപിച്ചു.

സുരേ:—എന്റെ ബോട്ടു വന്നിട്ടുണ്ടു്; വാസന്തിക്കു പോകാൻ ധൃതിയുണ്ടെങ്കിൽ പോകാം.

ഊൎമ്മിളാദേവിയോട് അടുത്തയാഴ്ച മോഹനലാഡ്ജിൽവെച്ചു കാണാമെന്നു പറയണം. എൻെറ താമസത്തിനു് അവിടെയാണു് ഞാൻ സൌകൎയ്യപ്പെടുത്തിയിട്ടുള്ളതു്. മൂന്നുദിവസം എനിക്കു് അവിടെ താമസം ഉണ്ടു്.

പ്രേമ:—എനിക്കും അല്പം ബദ്ധപ്പാടുണ്ടു്; അതുകൊണ്ടു് ഞാനും പോകട്ടെ.

സുരേ:—എന്നാൽ നിങ്ങൾ ഒരുമിച്ചുപോകുക; നദി കടന്നാൽ ഇവൎക്കു് ഒരുവണ്ടി ഏൎപ്പാടുചെയ്തു കൊടുക്കണം.

പ്രേമ:—എൻെറ കാർ അക്കരെയുണ്ടു്; ഞാൻ അവരുടെ വീട്ടിൽ കൊണ്ടുചെന്നു വിടാം.

വാസന്തിയും പ്രേമചന്ദ്രനും ബാനർജിയുടെ ബോട്ടിൽ കയറി നദിയുടെ മറുകര എത്തി. അനന്തരം പ്രേമചന്ദ്രന്റെ കാറിൽ അവർ യാത്ര ആരംഭിച്ചു.

വാസ:—ഈ ഭീകരസംഘത്തെ അമൎച്ചചെയ്യാൻ സാധിക്കില്ലേ?

പ്രേമ:—സംഘത്തിൻെറ മുഴുവൻ വിവരംപോലും ഇതുവരെ കിട്ടിയിട്ടില്ല. എന്നുമാത്രമല്ല, ഇങ്ങനെ ഒരു സംഘം ഉണ്ടെന്നു മററാരും വിശ്വസിക്കുന്നുമില്ല. കമ്മിഷണർ ഉൾപ്പെടെ സകലരും എന്നെ ആക്ഷേപിക്കുകയാണു് ചെയ്യുന്നതു്. പക്ഷേ, ഉണ്ടെന്നുള്ളതിനു് ശരിയായ തെളിവുണ്ടു്. കാളീനാഥനെ ശിക്ഷിച്ച ജഡ്ജി എവിടെ? മരിച്ചു. കേസ്സു നടത്തിയ സൎക്കാർ വക്കീൽ എവിടെ? മരിച്ചു. അയാളെ തൂക്കിലിട്ട ഉദ്യോഗസ്ഥനും മരിച്ചു. ആയാളുടെ കേ

സ്സിൽ പങ്കുകൊണ്ടവരിൽ ഞാനും ബാബുസുരേന്ദ്ര നാഥബാനർജിയും ശേഷിച്ചിട്ടുണ്ട്.

പെട്ടെന്ന് ഒരു വെടിയുടെ ശബ്ദം കേൾക്കുകയും കാറിൻെറ മുൻവശം ഉണ്ടായിരുന്ന കണ്ണാടിയുടെ ഒരു ഭാഗം പൊട്ടുകയും ചെയ്യുകയാൽ ബാനർജി സംഭാഷണം പൂർത്തിയാക്കിയില്ല. അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ങ്ാ. വെടിവെച്ചയാളും മരിച്ചിട്ടുണ്ട്."

കാർ രണ്ടു ഫർലോങ്ങ് അതിവേഗത്തിൽ ഓടിച്ചു. അനന്തരം അവിടെ കണ്ട ഒരു പോലീസ്സുകാരനെ വിളിച്ച് ഒരു വടകക്കാർ കൊണ്ടുവരാൻ ആജ്ഞാപിച്ചു.

പ്രേമ:—കാർ കൊണ്ടുവന്നാൽ അതിൽ കയറി വീട്ടിലേക്കു പോകണം. ആരോ എന്നെ വെടിവെച്ചതാണ്. അതുകൊണ്ട് നിങ്ങൾക്കു ഭയപ്പെടാനില്ല. ഞാൻ തിരിച്ചുപോയി ആ സ്ഥലം ഒന്നു പരിശോധിക്കട്ടെ.

വാസ.—ഇനിയും അങ്ങോട്ടുതന്നെ പോകുന്നതു് ആപല്ക്കരമല്ലേ?

പ്രേമ:—എൻെറ ജീവരക്ഷയ്ക്കുള്ള വഴി ഞാൻ നോക്കാതിരിക്കുമോ? അഥവാ മരിക്കേണ്ടിവന്നാലും ധർമ്മം നിറവേററണം.

നാലഞ്ചു മിനിററിനുള്ളിൽ ഒരു കാർ വന്നുചേൻ. വാസന്തിയെ അവളുടെ വീട്ടിൽ കൊണ്ടുചെന്നു വിടാൻ ഡ്രൈവരോടു ചട്ടംകെട്ടി; അവളെ കാറിൽ കയററി അയച്ചിട്ട് പോലീസ്സുകാരനോടുകൂടി ബാനർജി വെടിപൊട്ടിയ സ്ഥലത്തേക്കു പുറപ്പെട്ടു. അവർ അതിനടുത്തെത്തിയപ്പോൾ ഒരു പോലീസ്സ് സർജൻറ് ബദ്ധപ്പെട്ട് വരുന്നതുകണ്ടു. ബാനർജി നാലുചുററും പരിശോധിച്ചു:

സർജന്റ്:—അതാ ഒരാഠം കിടക്കുന്നു.

ബാനർജിയും സർജന്റും പോലീസ്സുകാരനുംകൂടി അങ്ങോട്ടു നടന്നു് അയാഠം കിടക്കുന്ന സ്ഥലത്തെത്തി.

പ്രേമ:—പുറകിൽ നിന്നാണു് വെടികൊണ്ടതു്—സാധു; മരിച്ചു കഴിഞ്ഞു. ഇയാളുടെ ഉടുപ്പും മററും കണ്ടിട്ടു് പട്ടാളത്തിൽനിന്നു പെൻഷൻ പററിപ്പിരിഞ്ഞയാളാണെന്നു തോന്നുന്നു. പോക്കററിൽ ഒരു പുസ്തകമല്ലേ കാണുന്നതു്? അതിങ്ങെടുക്കൂ.

സർജന്റു് ഒരു പഴയ ചെറിയ നോട്ടുബുക്കെടുത്തു ബാനർജിയുടെ കയ്യിൽ കൊടുത്തു. അതിന്റെ ഒരു വശത്തു് ഇങ്ങനെ എഴുതിയിരുന്നു.

ഫിയേററു്കാർ

നമ്പ്ര: 5565

പെണ്ണിനു വെടിഏൽക്കാതെ സൂക്ഷിക്കണം.

പ്രേമചന്ദ്രൻ പുസ്തകം മുഴുവൻ ഓരോ പുറമായി പരിശോധിച്ചു. ഒരു പുറത്തു് ഒരു പേരും ബോംബയിലും ലാഹോറിലും ഉള്ള രണ്ടു സ്ഥലങ്ങളുടെ പൂർണ്ണമായ മേൽവിലാസവും എഴുതിയിരുന്നു.

പെട്ടെന്നു് ഒരു പ്രകാശം കണ്ടു; ബാനർജി സൂക്ഷിച്ചുനോക്കി. തുടർച്ചയായി ആറുപ്രാവശ്യം ആ പ്രകാശം കണ്ടു.

പ്രേമഃ—അതു സൂര്യപ്രകാശം കണ്ണാടിയിൽ പ്രതിബിംബിച്ചുണ്ടാകുന്നതാണു്. ഇതു് ആരോ മുൻകൂട്ടി ഏർപ്പാടു ചെയ്തിരുന്നതനുസരിച്ചു കാണിച്ച അടയാളമായിരിക്കും.

ബാനർജിയും സർജന്റുംകൂടി പ്രകാശത്തിന്റെ ഉത്ഭവസ്ഥാനത്തേക്കു പുറപ്പെട്ടു. അവിടെല്ലാം നടന്നു പല അന്വേഷണങ്ങളും നടത്തി. അനന്തരം അടുത്തുള്ള

പോലീസ്സ് സ്റ്റേഷനിൽ എത്തി കൊലപാതകസംഗതി അറിവുകൊടുത്തശേഷം സ്വഗൃഹത്തിലേക്കു മടങ്ങി.

കൽക്കത്തായിൽനിന്നു പിറേറന്നു പുറപ്പെട്ട പത്ര ങ്ങളിൽ എല്ലാം ചുവടെ ചേക്കുന്ന പരസ്യം പ്രസിദ്ധം ചെയ്തിരുന്നു.

പെൻഷൻ പററുന്ന പട്ടാളക്കാക്കു്
ഒരു അറിയിപ്പു്

പട്ടാളത്തിൽനിന്നു പെൻഷൻ പററിയോ അല്ലാതെയോ പിരിഞ്ഞിട്ടുള്ളവക്കു്, വിശിഷ്യ, സവീസിലിരുന്ന കാലത്തു് സമത്ഥന്മാരെന്നു സമ്മതിനേടിയിട്ടുള്ളവക്കു്, നല്ല പ്രതിഫലം നൽകുന്നതിനു തയ്യാറുള്ള ഒരു സംഘം ഈ നാട്ടിൽ ഉണ്ടു്. നിയമവിരുദ്ധമായ നടപടികൾക്കാണു് അവരെ ഈ സംഘം ആവശ്യപ്പെടുന്നതു്. ഈ സംഘത്തിൽ ചേരുകയോ ഏതെങ്കിലും വിധത്തിൽ സംഘത്തെ സഹായിക്കുകയോ, എന്നുവേണ്ട സംഘത്തെ പ്പററി എന്തെങ്കിലും വിവരം അറിവു കിട്ടിയാൽ അതു് ഉടൻതന്നെ രഹസ്യമായി സി. ഐ. ഡി. സൂപ്രണ്ടിനെ അറിയിക്കാതിരിക്കുകയോ, ചെയ്യുന്നതു് രാജദ്രോഹമായി പരിഗണിക്കപ്പെടുന്നതും കുററക്കാർ നിർദ്ദാക്ഷണ്യം ശിക്ഷിക്കപ്പെടുന്നതും ആണെന്നുള്ള വിവരം ഇതിനാൽ പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഈ സംഘത്തെപ്പററിയോ, സംഘത്തിൽ ചേൎന്നിട്ടുള്ള പെൻഷൺഡ് പട്ടാളക്കാരെ പ്പററിയോ ശരിയായ അറിവു തരുന്നവക്കു് 500 ക. ഇനാം കൊടുക്കുന്നതാണു്.

എന്നു്,
പോലീസ്സ് കമ്മിഷണർ.

ഈ പരസ്യം പത്രങ്ങൾ പ്രസിദ്ധം ചെയ്തദിവസം വൈകിട്ട് പ്രതാപചക്രവത്തി അയാളുടെ ഒരു സ്നേഹിതനോട്ട് ടെലഫോൺവഴി ഇപ്രകാരം പറഞ്ഞു.

ചക്ര:—നിങ്ങൾ ഇന്നത്തെ പത്രങ്ങൾ കണ്ടോ?

സ്നേഹി:—കണ്ടു; അതിൽ ഉണ്ടായിരുന്ന പരസ്യത്തെപ്പററിയല്ലേ നിങ്ങൾ സൂചിപ്പിക്കുന്നതു്?

ചക്ര:—അതെ, പട്ടാളക്കാർ ഉള്ളവരെ ഉടൻതന്നെ പിരിച്ചയക്കേണ്ടിയിരിക്കുന്നു. പ്രേമചന്ദ്രബാനർജി വിജയക്കൊടി നാട്ടാൻ ശ്രമിക്കുകയാണ്.

സ്നേഹി:—അതെ, അതെ;...........അടുത്തയാഴ്ച തീരുന്നതിനു മുൻപ്...........രണ്ടുപേരെയുംകൂടി പിടിക്കാൻ മിക്കവാറും നമുക്കു സാധിച്ചേക്കും...........

ടെലഫോണിൽ തൻെറ സ്നേഹിതനെ വിളിച്ചപ്പോൾ വിളി കേട്ടതും സ്നേഹിതൻെറ നിലയിൽ ഫോണിൽ മറുപടി പറഞ്ഞതും പ്രേമചന്ദ്രൻെറ കീഴിലുള്ള ഒരു സി. ഐ. ഡി. ഇൻസ്പെക്ററായിരുന്നു. ആ വിവരം സാധു ചക്രവത്തി മനസ്സിലാക്കിയില്ല.

---

# അദ്ധ്യായം ൭.

വിവാഹാലോചന

ഊൎമ്മിളാദേവിക്ക് ഇത്രത്തോളം പരിഭ്രമം ഇതിനു മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. വാസന്തി പറഞ്ഞ സംഗതികളെല്ലാം അവർ ഉൽക്കണ്ഠയോടുകൂടി ശ്രവിച്ചു.

ഊൎമ്മി:—നീ നിൻെറ ഭാവിയെപ്പററി ഗാഢമായി പൎയ്യാലോചിക്കേണ്ട കാലം അടുത്തിരിക്കുന്നു; ഇതുവരെ നീ കൂട്ടിൽ അടച്ചിട്ടിരുന്ന ഒരു കിളിയായിരുന്നു. അതിരിക്കട്ടെ; ആരാണു് ആ സി. ഐ. ഡി ഉദ്യോഗസ്ഥൻ.

വാസ:—പ്രേമചന്ദ്രബാനൎജി.

ഊൎമ്മി:—ഓഹോ! ബിഹാരിലാലിനെ പിടിച്ചയാളോ? നിനക്കു് ആ ബോട്ടിൽ കയറിയപ്പോൾ ഭയം തോന്നിയില്ലേ? നമുക്കു് ഒരു ദിവസം ബാനൎജിയെ ഇങ്ങോട്ടു ക്ഷണിക്കണം.

ഈ ഘട്ടത്തിൽ ഒരു പരിചാരിക വന്നു് ഭക്ഷണത്തിനു സമയമായെന്നു അറിയിച്ചു.

ഊൎമ്മി:—അക്കാൎയ്യം ഞാൻ മറന്നുപോയി. ശരച്ചന്ദ്രബോസ്സ് വളരെ നേരമായി നിന്നെ കാത്തു് അകത്തിരിക്കുകയാണു്. നമുക്കു് ഇനിയും ഭക്ഷണം കഴിഞ്ഞിട്ടു സംസാരിക്കാം.

ശരച്ചന്ദ്രബോസ്സ് കൽക്കത്താ ഹൈക്കോടതിയിൽ വ്യവഹരിക്കുന്ന സുമുഖനായ ഒരു യുവാവാണു്. വക്കീൽ വൃത്തിയിൽ പ്രവേശിച്ചിട്ടു് അധികകാലം കഴിഞ്ഞിട്ടില്ലെങ്കിലും ജഡ്ജിമാരുടെയും മററു വക്കീലന്മാരുടെയും ഇടയിൽ ഈ യുവാവിനെപ്പററി നല്ല ഒരു അഭിപ്രായമാണു

പ്രചരിച്ചിട്ടുള്ളതു്. എന്നു മാത്രമല്ല, "ഇയാൾക്കു ഒരു നല്ല ഭാവിയുണ്ടു്" എന്നു് അവർ കൂടക്കൂടെ പറയാറുമുണ്ടു്.

ബോസ്സും വാസന്തിയും പ്രേമബദ്ധരാണെന്നു ഭാവിക്കുകയും പറയുകയും ചെയ്യാൻ ഊർമ്മിളക്കു പ്രത്യേകം താല്പര്യം ഉണ്ടായിരുന്നു; അവർ അങ്ങനെ ചെയ്യുന്നതു് അമിതമായ സന്തുഷ്ടിയോടുകൂടിയാണെന്നും പ്രത്യേകം ഓർമ്മിക്കണം. എന്നാൽ വാസന്തിക്കാകട്ടെ, സാധാരണ കണ്ടു പരിചയമുള്ള ഒരു യുവാവിനോട്ട് ഒരു യുവതിക്കുണ്ടാകാവുന്നതിൽ കൂടുതൽ പ്രതിപത്തി ഇല്ലായിരുന്നെന്നു് ഞാൻ പ്രതിജ്ഞ ചെയ്യാം.

ഊർമ്മിളയും വാസന്തിയും ശരച്ചന്ദ്രബോസ്സു് ഇരുന്ന മുറിയിൽ പ്രവേശിച്ചു.

ഊർമ്മി:—എന്തോ കാര്യത്തെപ്പററി ഗൌരവമായി ആലോചിക്കുകയാണെന്നു തോന്നുന്നല്ലോ.

ശര:—അതെ, ഇന്നെനിക്കു് ഒരു ഗൌരവമേറിയ കേസ്സു കിട്ടി; അതിനെപ്പററി ആലോചിക്കുകയായിരുന്നു.

ഊർമ്മി:—വാസന്തിക്കു് ഒരു പുതിയ സ്നേഹിതനെ കിട്ടി;

ശര:—ആരു്?

ഊർമ്മി:—പ്രേമചന്ദ്രബാനർജി.

ശര:—സി. ഐ. ഡി. അസിസ്റ്റൻറസൂപ്രണ്ടോ?

ഊർമ്മി:—അതെ; ബാബു സുരേന്ദ്രനാഥബാനർജിക്കും ഇവളെപ്പററി വളരെ നല്ല അഭിപ്രായമാണു്. കുറേ മുമ്പു് അദ്ദേഹം ഫോണിൽ എന്നോടു സംസാരിച്ചു. വാസന്തിയുടെ സൌന്ദര്യം അദ്ദേഹത്തിനെ വളരെ ആകർഷിച്ചിരിക്കുന്നു.

വാസ:—അതിനു ഇടയില്ല; അദ്ദേഹം അത്ര മര്യാദയില്ലാത്തയാളാണെന്നു തോന്നുന്നില്ല.

ഊൎമ്മി:—“അവൾ സുന്ദരിയാണ്” എന്നു പറയുന്നതു മൎയ്യാദകേടാണോ?

വാസന്തി മൌനം ദീക്ഷിച്ചു.

ഊൎമ്മി:—നീ ചക്രവൎത്തിയേ കണ്ടില്ലേ? അയാളുടെ തോട്ടവും കണ്ടില്ലേ? ചക്രവൎത്തിയെ എനിക്കു നല്ലതുപോലെ അറിയാം; സ്വാതന്ത്ര്യജീവിതം നയിക്കുന്ന ഒരു മനുഷ്യനാണ്.

അവർ ഭക്ഷണത്തിനിരിക്കുമ്പോൾ വാസന്തി ഭീകരസംഘത്തെപ്പററി ചിലതു പ്രസ്താവിച്ചു. അവൾക്ക് അതു് ഒളിക്കേണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ പറഞ്ഞുകഴിഞ്ഞശേഷം ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥൻ തന്നെ വിശ്വസിച്ചു പറഞ്ഞ കാൎയ്യങ്ങളാണല്ലോ എന്നു വിചാരിച്ച് അവൾ പശ്ചാത്തപിച്ചു. എന്നുമാത്രമല്ല, തന്നെപ്പററി ഒരു തെററിദ്ധാരണയുണ്ടാകാൻ സംഗതിയായി എന്നും അവൾ ധരിച്ചു.

ഊൎമ്മി:—ആ പോലീസ്സുദ്യോഗസ്ഥൻ നിന്നെ അത്യന്തം ആകർഷിച്ചിരിക്കുന്നു, ഭീകരസംഘത്തിൻെറ കാൎയ്യം പറഞ്ഞതേ അബദ്ധമായെന്നു നീ വിചാരിക്കുന്നു; ഇല്ലേ?

ഊൎമ്മിളയ്ക്കു് അന്യരുടെ വിചാരങ്ങൾ അവരുടെ മുഖത്തുനോക്കി മനസ്സിലാക്കാൻ പ്രത്യേകം സാമൎത്ഥ്യം ഉണ്ടായിരുന്നു. ഈ സാമൎത്ഥ്യം പലപ്പോഴും വാസന്തിയ്ക്കു് ഉപദ്രവം ഉണ്ടാക്കിയിട്ടുമുണ്ടു്.

ശര:—ഞങ്ങളോടു പറഞ്ഞുപോയതിനെപ്പററി പശ്ചാത്തപിക്കേണ്ട. ഈ സംഘത്തെപ്പററി ഞാനും പല കഥകൾ കേട്ടിട്ടുണ്ടു്. പക്ഷേ, ഇതു മുഴുവനും സ്വന്തം സാമൎത്ഥ്യത്തെപ്പററി വാഴ്ത്തിക്കൊണ്ടു നടക്കുന്ന ചില പോലീസ്സുദ്യോഗസ്ഥൻ കെട്ടിയു

ണ്ടാക്കിയിട്ടുള്ള കള്ളക്കഥകളാണ്; ബിഹാരിലാൽ ഒരൊററ അനുഗാമിപോലും ഇല്ലാതെ പലതും സാധിച്ച ഒരു മനുഷ്യനാണ്. അയാൾക്ക ഒരു സംഘവുമില്ല; സ്നേഹിതന്മാരോ, ബന്ധുക്കളോ അനുയായികളോ ഇല്ലായിരുന്നതുകൊണ്ടാണ് അയാൾക്ക് പോലീസ്സുകാരുടെ കയ്യിൽ പെടാതെ ഇത്രയുംകാലം കഴിച്ചുകൂട്ടാൻ അയാൾക്ക സാധിച്ചത്. അയാൾ തുടൻ പറഞ്ഞു

"പോലീസ്സുകാർ പറയുന്നതുപോലുള്ള യാതൊരു സംഘവും ബങ്കാളിലെന്നല്ല, ഇൻഡ്യയിൽതന്നെയും, ഇല്ല. എന്നുമാത്രമോ? ഒരാളെ തൂക്കിക്കൊല്ലാൻ വിധിച്ച ജഡ്ജിയേയും, കേസ്സു നടത്തിയ വക്കീലിനേയും, തൂക്കിലിട്ട ഉദ്യോഗസ്ഥനേയും നിഗ്രഹിക്കത്തക്ക വൈരാഗ്യം മറെറാരാൾക്കുണ്ടാകണമെങ്കിൽ അയാൾ കൊല്ലപ്പെട്ട ആളിൻെറ അത്ര അടുത്ത ബന്ധുവായിരിക്കണം. അങ്ങനെയുള്ള ഒരാൾ ഈ ലോകത്തില്ല.

ഊർമ്മി:—അതിൽ കൊല്ലപ്പെട്ടയാൾക്ക സന്തോഷത്തിനേ വകയുള്ളല്ലോ.

ശര:—(വാസന്തിയോട്) നിങ്ങളുടെ പ്രേമചന്ദ്രബാനർജി സ്വപ്നം കാണുന്ന സംഘക്കാരുടെ അക്രമപ്രവൃത്തികളെപ്പററി വല്ലതും അദ്ദേഹം നിങ്ങളോടു പറഞ്ഞോ?

വാസന്തിക്ക ദുസ്സഹമായ ഈർഷ്യതോന്നി; അവൾ മൌനംകൊണ്ടു തൻെറ ഈർഷ്യ സ്പഷ്ടമാക്കി.

ശര:—സുരേന്ദ്രനാഥബാനർജി ഭയപ്പെടാൻ കാരണമുണ്ട്. പക്ഷേ, അദ്ദേഹത്തിൻെറ കാര്യംകൊണ്ടു ഭയപ്പെടുകയില്ലായിരിക്കും.

ഊർമ്മി:—അദ്ദേഹത്തിനു ഭയപ്പെടാൻ എന്താണുള്ളത്? അദ്ദേഹം തൻെറ ധർമ്മം നിവഹിക്കുക മാത്രമേ

ചെയ്യുള്ളല്ലോ. ഏതായാലും എനിക്കു പ്രേമചന്ദ്ര ബാനർജിയെ ഒന്നു കാണണം.

ശര:—ഒരു കിറുക്കൻ; കൂടെയുള്ള ഉദ്യോഗസ്ഥന്മാക്കു പോലും അയാളെ പുച്ഛമാണ്. പക്ഷേ, അടുത്ത കാലത്ത് ഒരു കോടീശ്വരനാകാൻ ഭാഗ്യമുണ്ട്.

ഊർമ്മി:—അയാളെ നിങ്ങൾക്കറിയാമോ?

ശര:—അയാളുടെ അച്ഛൻ ഒരു കോടീശ്വരനും ഒരു പ്രസിദ്ധബാങ്കിന്റെ ഉടമസ്ഥനുമാണ്. സ്വന്തമായി മൂന്നു മില്ലുകളും ഉണ്ട്.

ഭക്ഷണം കഴിഞ്ഞ് പതിവുപോലെ വാസന്തിയെ വിളിക്കാതെ ഊർമ്മിള ശരച്ചന്ദ്രനോടുകൂടി വീട്ടിലെ പ്രധാന മുറിയിലേക്കുപോയി. അവിടെ അവർ ദീർഘനേരം വളരെ രഹസ്യമായി സംഭാഷണം ചെയ്തുകൊണ്ടിരുന്നു. രാത്രിയിൽ വാസന്തി ഉറങ്ങാൻ അവളുടെ മുറിയിലേക്കു പോകുമ്പോൾ "ശരച്ചന്ദ്രബോസ്സിനു നിന്നെ വിവാഹം ചെയ്താൽ കൊള്ളാമെന്നുണ്ട്. അയാൾ ഇന്ന് എന്നോടു പറഞ്ഞു. നീ അതിനെപ്പററി ആലോചിച്ച് ഒരു മറുപടി പറയണം" എന്ന് ഊർമ്മിളാദേവി അവളോടു പറഞ്ഞു.

# അദ്ധ്യായം ൯

ഒരു സൂചന

"ഭീകരസംഘം" എന്നു പ്രേമചന്ദ്രബാനർജിയും മററും പറയാറുണ്ടെങ്കിലും അങ്ങനെ ഒരു സംഘം ആരു സ്ഥാപിച്ചിരിക്കുന്നെന്നോ അവരുടെ പ്രവൃത്തികേന്ദ്രം എവിടെയാണെന്നോ ആക്കും നിശ്ചയമില്ല. ഒരൊററയൊരുവനെയെങ്കിലും പ്രസ്തുത സംഘത്തിലെ അംഗമെന്ന നിലയിൽ സംശയിച്ചു ചൂണ്ടിക്കാണിക്കാനും ആക്കും സാധിക്കുന്നില്ല. എന്നാൽ ബാനർജി, ഈ സംഘത്തെപ്പററിയുള്ള പ്രസംഗങ്ങൾകൊണ്ടു തുടർച്ചയായി പോലീസ്സ് കമ്മീഷണരേയും സീ. ഐ. ഡി. സൂപ്രണ്ടിനേയും ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. അവരാരും ഇങ്ങനെ ഒരു സംഘം ഉണ്ടെന്നു വിശ്വസിച്ചിരുന്നില്ല. ഒരു ദിവസം കമ്മിഷണർ സംഭാഷണമദ്ധ്യേ ഇപ്പ്രകാരം പ്രസ്താവിച്ചു.

കമ്മി:—മിസ്റ്റർ ബാനർജീ; നിങ്ങളേയും നിങ്ങളുടെ ഭീകരസംഘത്തേയും കൊണ്ടു ഞാൻ വിഷമിച്ചു. നിങ്ങൾ എന്തെല്ലാമോ സ്വപ്നം കാണുന്നു; എന്തെല്ലാമോ പറയുന്നു. ഭീകരസംഘം ഏതു രാജ്യത്തുണ്ട്, അതിൽ എത്ര അംഗങ്ങൾ ഉണ്ട്, അവർ എന്തെല്ലാം ചെയ്തു, ഇതൊന്നും നിങ്ങൾക്കു നിശ്ചയമില്ല. നിങ്ങൾ ഇതെല്ലാം പറഞ്ഞു ഗവമ്മെൻറിനെ ഭ്രാന്തു പിടിപ്പിക്കരുതു".

പ്രേമ:—ഭീകരസംഘം, അങ്ങിനെ ഒരു സംഘം ഈ ബങ്കാളിൽ ഉണ്ടു്. ഞാൻ ഈ പേരു പറയുന്നതു് സംഘത്തിന്റെ പ്രവൃത്തികളെപ്പററിയുള്ള പരിപൂണ്ണബോധത്തോടുകൂടിയാണു്; അല്ലാതെ വല്ലതും സ്വപ്നം കണ്ടുകൊണ്ടല്ല. ഭീകരസംഘമെന്ന പേരു്

ഇഷ്ടമില്ലെങ്കിൽ മറെറന്തെങ്കിലും പേരു കല്പിക്കാം. പക്ഷെ, ഒരു സംഘം ഉണ്ടെന്നുള്ളതു് ആൎക്കും നിഷേധിക്കാവുന്നതല്ല. വീട്ടിനു പുറത്തിറങ്ങാതെ ഉദ്യോഗം ഭരിക്കുന്ന ചില ഇൻസ്പെക്റററന്മാർ പറയുന്നതു വിശ്വസിക്കുന്നതുകൊണ്ടാണു് അങ്ങും എന്നെ ആക്ഷേപിക്കുന്നതു്. എത്രപേരെ അവർ ഇതിനകം കൊന്നിട്ടുണ്ടെന്നു് നമുക്കെല്ലാം അറിഞ്ഞുകൂടേ?

കമ്മി:—അങ്ങുമിങ്ങും വല്ലപ്പോഴും ഉണ്ടാകുന്ന ദുൎമ്മരണങ്ങൾ, അഥവാ കൊലപാതകങ്ങൾതന്നെ, ഒരു സംഘത്തിന്റെ പ്രവൃത്തിഫലങ്ങളായി കല്പിച്ചാൽ ലോകത്തു് നിങ്ങൾ പറയുന്നതുപോലുള്ള ഭീകര സംഘങ്ങൾ ഇല്ലാത്ത ഒരു ഗ്രാമംപോലും ഇല്ലെന്നു വരും.

പ്രേമ:—എന്റെ നേരെ രണ്ടിലധികം പ്രാവശ്യം വെടി വെച്ചില്ലേ? എന്നെ നിഗ്രഹിക്കാൻ ചുമതലപ്പെടുത്തിയിരുന്ന താരാസേനൻ ആ കൃത്യം നിർവ്വഹിക്കാതിരുന്നതിനാൽ അയാളെ അവർ കൊന്നില്ലേ?

കമ്മി:—താരാസേനനു നിങ്ങളോടു ദ്വേഷമുണ്ടായിരുന്നു; നിങ്ങളെ കൊല്ലാനുള്ള ശ്രമം വിഫലമാവുകയാൽ നിരാശപ്പെട്ടു് ആത്മഹത്യ ചെയ്തു.

പ്രേമ:—ബിഹാരിലാലിന്റെ കേസ്സു നടത്തിയ സൎക്കാർ വക്കീലും, വിധിച്ച ജഡ്ജിയും, വധകൃത്യം നടത്തിയ ഉദ്യോഗസ്ഥനും മിസ്റ്റർ സുരേന്ദ്രനാഥബാനർജിയുടെ സഹോദരനും സാധാരണരീതിയിൽ മരണം അടഞ്ഞെന്നാണോ അങ്ങു വിശ്വസിക്കുന്നതു്? അതിരിക്കട്ടെ; ബാനർജിയെ വധിക്കാനും ചില ശ്രമങ്ങൾ നടക്കുന്നതോ? നമ്മുടെ അശ്രദ്ധകൊണ്ടു് അദ്ദേഹവും മരിക്കട്ടെന്നോ?

കമ്മി:—ആപത്തുണ്ടെന്നു മനസ്സിലാക്കിയിട്ടുള്ള നിങ്ങളുടെ ചുമതലയാണു് അതിനെ തടുക്കേണ്ടതു്.

പ്രേമ:—എനിക്കു കഴിയുന്ന ഏപ്പാടുകളെല്ലാം ചെയ്തിട്ടുണ്ടു്. പക്ഷേ ഞാൻ ശങ്കിച്ചിരുന്ന സ്ഥലങ്ങളിൽ വെച്ചല്ല അദ്ദേഹത്തിനു് ആപത്തുണ്ടാകാൻ ഇടയുള്ളതു്?

കമ്മി:—പിന്നെ?

പ്രേമ:—മോഹനലാഡ്ജിൽ.

കമ്മി:-അതിനടുത്തു് ഈയ്യിടെ ഒരുത്സവം ഉണ്ടു്; ഇല്ലേ?

പ്രേമ:—ഉണ്ടു്. ഞാനും അങ്ങോട്ടു പോകുന്നു.

കമ്മി:—ബിഹാരിലാലിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം പ്രത്യേകം ഓമ്മിക്കേണ്ടതുണ്ടു്. അദ്ദേഹം ഒട്ടധികം ബാങ്കുകാരെയും പണക്കാരേയും ചതിച്ചിട്ടുണ്ടെങ്കിലും നിങ്ങളുടെ അച്ഛനെ വഞ്ചിച്ചിട്ടില്ല.

പ്രേമ:—അതെ, അതു വാസ്തവംതന്നെ.

ബാനർജിയുടെ ആശങ്കകൾ അടിസ്ഥാനരഹിതങ്ങളെന്നു പഴിച്ചുകൊണ്ടിരുന്ന കമ്മിഷണർ ഒരു ബുദ്ധിശൂന്യനോ സുഖലോലുപനോ ആണെന്നു വായനക്കാർ ശങ്കിച്ചേക്കാം. പക്ഷേ, അദ്ദേഹം കുശാഗ്രബുദ്ധിയും ദീർഘാലോചനാചതുരനും ആയ ഒരുദ്യോഗസ്ഥനാണു്. അദ്ദേഹം ബാനർജിയുടെ ചിന്താശക്തിയെ ഉണത്താനുള്ള ഒരു ദിവ്യൗഷധം പൊടുന്നനെ പ്രയോഗിച്ചിരിക്കുന്നു. ബാനർജിക്കു് ആലോചനക്കും അന്വേഷണത്തിനും ധാരാളം വക കിട്ടി.

പ്രേമചന്ദ്രബാനർജി സ്വഗൃഹത്തിൽ എത്തി ഭക്ഷണം കഴിച്ചശേഷം പിതൃഗൃഹത്തിലേക്കു തിരിച്ചു. സർ പ്രഫുല്ലചന്ദ്രബാനർജി അദ്ദേഹത്തിൻെറ വിശാലമായ വായനമുറിയിൽ ഒരു ഈസിച്ചെയറിൽ അന്നത്തെ ബങ്കാളിപത്രം വായിച്ചുകൊണ്ടു് കിടക്കുമ്പോഴാണു്

പ്രേമചന്ദ്രൻ അവിടെ എത്തിയതു്. സ്വപുത്രനെക്കണ്ടു് ബാനർജി തന്റെ മൂക്കുകണ്ണാടി എടുത്തു മേശപ്പുറത്തുവെച്ചു; കയ്യിലിരുന്ന വർത്തമാനപ്പത്രം തറയിലും ഇട്ടു.

പ്രഫു:—ലൌകികം അനുസരിച്ചുള്ള ഒരു സന്ദർശനമോ, ഉദ്യോഗനിലയിൽ ഉള്ള ഒരു സന്ദർശനമോ?

പ്രേമ:—രണ്ടുമല്ല........(നിമിഷനേരത്തെ മൌനത്തിനു ശേഷം ഇങ്ങനെ ചോദിച്ചു) (അച്ഛൻ ബാങ്കറന്മാരുടെ സംഘത്തിലെ ഒരു അംഗമാണോ?

പ്രഫു:—ഉം, എന്തുവേണം?

പ്രേമ:—വെറുതേ ചോദിച്ചതാണു്.

പ്രഫു:—എന്റെ ബാങ്കും സംഘത്തിൽ ഉൾപ്പെട്ടതാണു്. ഏജന്റാണു് ബാങ്കിന്റെ പ്രാതിനിധ്യം വഹിക്കുന്നതു്. ഞാൻ ആറുകൊല്ലമായി സംഘത്തിന്റെ പ്രസിഡന്റാണു്. ആറാമത്തെ പ്രാവശ്യവും അവർ എന്നെത്തന്നെ തിരഞ്ഞെടുത്തിരിക്കുന്നു.

പ്രേമ:—അച്ഛൻ ഇവിടത്തെ ഭീകരസംഘത്തെപ്പററി കേട്ടിട്ടുണ്ടോ?

പ്രഫു:—ഇല്ല; ബിഹാരിലാലിനെപ്പററി കേട്ടിട്ടുണ്ടു്. പക്ഷേ, അയാൾ എന്റെ ബാങ്കിനെ ദ്രോഹിച്ചിട്ടില്ല. മിസ്റ്റർ സുരേന്ദ്രനാഥബാനർജിക്കു് ആപത്തു നേരിട്ടുമെന്നു നീ ശങ്കിക്കുന്നുണ്ടോ?

പ്രേമ:—അദ്ദേഹത്തിനെ കൊന്നുകഴിഞ്ഞെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. അതിരിക്കട്ടെ, എനിക്കു് ഒരു കാര്യം അറിയേണ്ടിയിരിക്കുന്നു. അച്ഛൻ പരമാർത്ഥം പറയുമോ?

പ്രഫു:—നോക്കാം.

പ്രേമ:—റാംസിങ്ങ്, അല്ലെങ്കിൽ ബിഹാരിലാൽ, അല്ലെങ്കിൽ കാളീനാഥൻ അച്ഛന്റെ ബാങ്കിൽ കൊള്ള നടത്താതിരുന്നതെന്തുകൊണ്ടു്?

പ്രഫു:—നമ്മുടെ ബാങ്ക് അയാൾക്ക ചതിക്കത്തക്കവണ്ണം പണം ഉള്ളതല്ലെന്നു വിചാരിച്ചായിരിക്കാം. അതിരിക്കട്ടെ; നീ പറയുന്നതുപോലെ ഭയങ്കരകൃത്യങ്ങൾ ചെയ്യുന്ന ഒരു സംഘവും അവക്കു നിന്നോടു ദ്വേഷവും ഉണ്ടെങ്കിൽ നീ ഉദ്യോഗം ഉപേക്ഷിച്ചുപോരാത്തതെന്തു്? നിനക്കു് ഈ ഉദ്യോഗംകൊണ്ടു് ഉപജീവിക്കേണ്ട യാതൊരു ആവശ്യവും ഇല്ല. നമ്മുടെ കാര്യങ്ങൾ നോക്കാൻതന്നെ ആളില്ലാതിരിക്കുകയാണു്. പോലീസ്സിൽ ഉദ്യോഗം വഹിക്കാൻ മോഹം ഉണ്ടായിരുന്നെങ്കിൽ അതു സാധിച്ചു. ഇനിയും പോന്നാൽ വളരെ ഉപകാരമായി. ഇപ്പോഴത്തെ ഏജന്റിനു ശരീരസുഖമില്ലാതിരിക്കുകയാണു്.

പ്രേമ:—ഇതു് അച്ഛൻ ആദ്യമായിട്ടു പറയുകയല്ലല്ലൊ.

പ്രഫു:—പോലീസ്സിലിരുന്നു് നിന്റെ വിവേകം തീരെ നശിച്ചു.

അർദ്ധരാത്രിയോടു് അടുത്താണു് പ്രേമചന്ദ്രൻ പിതൃഗൃഹത്തിൽനിന്നു മടങ്ങിയതു്. ആ യുവാവു്, മിക്കവാറും ജനശൂന്യമായിരുന്ന പബ്ളിക്കു് റോഡിൽക്കൂടി സാവധാനം നടന്നുതുടങ്ങി, കഷ്ടിച്ചു് ഒരു ഫർലോങ്ങ് ദൂരം നടന്നപ്പോൾ ഒരു ഇടവഴിയിൽ നിന്നു് ഒരാൾ അദ്ദേഹത്തിന്റെ നേരെ ഓടിവരുന്നതു കണ്ടു സൂക്ഷിച്ചു നോക്കി. അതൊരു സ്ത്രീയായിരുന്നു. ആ സ്ത്രീ റോഡിൽ എത്തിയതോടുകൂടി ഒരു വെടിയുടെ ശബ്ദവും കേട്ടു. പ്രേമചന്ദ്രൻ ചുററും നോക്കി. അല്പം അകലെ ഒരാൾ അലസനായി നില്ക്കുന്നതു കണ്ടു. അയാളാണോ വെടിവെച്ചതു്, താനോ ആ സ്ത്രീയോ അയാളുടെ ലക്ഷ്യം, എന്നീ വിചാരങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ ഉദിച്ചു. എന്നാൽ, പെട്ടെന്നു സംശയം തീൎന്നു. എന്തെന്നാൽ

രണ്ടാമത്തും ഒരുണ്ട അദ്ദേഹത്തിന്റെവസ്രൂത്തെ സ്പശിച്ചു കൊണ്ടു മുന്നോട്ടു പാഞ്ഞു. താൻ കണ്ട ആൾതന്നെ വെടിവെച്ചതാണെന്നുള്ള വിശ്വാസത്താൽ അയാളെ സമീപിക്കുന്നതിനുവേണ്ടി പ്രേമചന്ദ്രൻ ബദ്ധപ്പെട്ടു മുന്നോട്ട് ഓടി. പക്ഷേ, തന്നെ സമീപിച്ച സ്ത്രീ "എന്നെ രക്ഷിക്കണേ" എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിനെ പിടികൂടി. സ്ത്രീ വീണ്ടും പറഞ്ഞു. "ദ്രോഹികൾ എന്നെ കൊല്ലാതെ രക്ഷിക്കണേ".

---

# അദ്ധ്യായം ൧൦

---

തന്ത്രം ഫലിച്ചു

ബാനർജിയെ അഭയംപ്രാപിച്ച സ്ത്രീയെ അദ്ദേഹം സമാശ്വസിപ്പിച്ചുകൊണ്ടു നിൽക്കെ റോഡിൽ നിന്നു മനുഷ്യൻ അപ്രത്യക്ഷനായി. ഇതു കണ്ടു നിരാശപ്പെട്ട് ബാനർജി കയ്യിൽ എടുത്ത കൈത്തോക്കു വീണ്ടും പോക്കററിൽ നിക്ഷേപിച്ചു. ഉത്തരക്ഷണത്തിൽ ഒരു പോലീസ്സുകാരനും അവിടെ എത്തി.

പോലീ:—ഒരു വെടികേട്ടല്ലോ.

പ്രേമ:—ഉം; ആരോ ഒരു വെടിവെച്ചു.

ഭയപരവശയായിരുന്ന സ്ത്രീയെ പ്രേമചന്ദ്രൻ താങ്ങി അദ്ദേഹത്തിന്റെ പിതൃഗൃഹത്തിലേക്കു കൊണ്ടുപോയി, അവളെ ഒരു സോഫയിൽ കിടത്തി. അല്പനേരത്തെ ശുശ്രൂഷയ്ക്കുശേഷം അവൾ മെല്ലെ എഴുന്നേററിരുന്നു; ഒരു ഭൃത്യൻ കുറേ കാപ്പി കൊണ്ടുചെന്നു കൊടുത്തതു വാങ്ങിക്കുടിച്ചു.

അവൾ രൂപവതിയായ ഒരു യുവതി ആയിരുന്നു. പ്രേമചന്ദ്രൻ അവളെ എപ്പോഴോ കണ്ടിട്ടുണ്ടു്. പക്ഷേ, എവിടെവെച്ചെന്നു് ഓർമ്മിയില്ല.

യുവ:—ഞാൻ ഇപ്പോൾ എവിടെയാണു്?

ഈ യുവതിയുടെ ശബ്ദശ്രവണത്തിൽ, താൻ അവളെ ഇതിനുമുമ്പു കണ്ടതു് പ്രതാപചക്രവർത്തിയോടു സംസാരിച്ചുകൊണ്ടു നില്ക്കുമ്പോഴാണെന്നു പ്രേമചന്ദ്രനു് ഓർമ്മവന്നു.

പ്രേമ:—നിങ്ങൾ ബാബു പ്രഫുല്ലചന്ദ്രബാനർജിയുടെ ഗൃഹത്തിലാണു്. അതുകൊണ്ടു് ഇനി ഭയപ്പെടേണ്ട ആവശ്യമില്ല. നിങ്ങൾക്കു് എന്തു സംഭവിച്ചു; നിങ്ങളുടെ ഭയത്തിനു കാരണമെന്തു്?

യുവ:—എനിക്കൊന്നുംഅറിഞ്ഞുകൂടാ; ഞാൻ ചിലരെ....

നാലഞ്ചുനിമിഷം അവൾ ഭയംകൊണ്ടെന്നപോലെ മൌനം ദീക്ഷിച്ചു. അനന്തരം വീണ്ടും പറഞ്ഞു.

യുവ:—ഞാൻ സിനിമാ കാണ്മാൻ പോയിരുന്നു. എന്റെ കൂടെ വേറെയും ചിലർ ഉണ്ടായിരുന്നു. അവർ അവരുടെ കാറിൽ എന്റെ വീട്ടിനു സമീപം കൊണ്ടുവിട്ടു. ഞാൻ ഗേററു തുറക്കാൻ ഭൃത്യനെ വിളിച്ചു; ഭൃത്യൻ വിളികേട്ടു. പക്ഷെ അവൻ ഗേററു തുറക്കുന്നതിനു മുമ്പു നാലഞ്ചുപേർകൂടി ഓടിവന്നു് എന്നെ പിടികൂടി. എനിക്കു ശബ്ദിക്കാൻ സാധിക്കാത്തവണ്ണം എന്റെ വായു് മൂടിക്കളഞ്ഞു. അവർ എന്നെ എടുത്തുകൊണ്ടു വീട്ടിനു കിഴക്കുവശമുള്ള ഇടവഴിയിൽകൂടി ഓടി. കുറേ ദൂരം പോയശേഷം ഇരുളടഞ്ഞ ഒരു സ്ഥലത്തു് എന്നെ കിടത്തി, തീപ്പെട്ടി ഉരച്ചു് ഒരുവൻ എന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. "വാസന്തിയല്ല, വേറൊരു സ്ത്രീയാണു്" എന്നു് അവൻ പറഞ്ഞു. പെട്ടെ

ന്ന് അവർ അവിടം വിട്ടു പോകുകയും ചെയ്തു. ഞാൻ അവിടെനിന്നെഴുന്നേററു് ഓടിവരുമ്പോഴാണു് അവിടത്തെക്കണ്ടതു്.

പ്രേമ:—അവർ വാസന്തിയുടെ പേരു പറഞ്ഞോ? നല്ലതുപോലെ കേട്ടോ?

യുവ:—വ്യക്തമായി കേട്ടു.

പ്രേമ:—നിങ്ങളെ ഞാൻ ഇതിനു മുമ്പു് എവിടെയോ വെച്ചു കണ്ടിട്ടുണ്ടു്.

യുവ:—എൻെറ പേരു ചിത്രാംഗി എന്നാണു്. ഞാനും എൻെറ സഹോദരൻ ആശുതോഷനും കൂടിയാണു് മോഹനലോഡ്ജും അതിനോടു ചേർന്നുള്ള ഹോട്ടലും നടത്തുന്നതു്.

എന്തോ ഒരൂഹം കിട്ടിയതുപോലെ പ്രേമചന്ദ്രൻ തലയാട്ടി.

പ്രേമ:—വാസന്തി എന്നു പറഞ്ഞ സ്ത്രീയെ നിങ്ങൾ അറിയുമോ?

യുവ:—അറിയും; അവർ ഊർമ്മിളാദേവിയുടെ കൂടെയാണു താമസം. ആണ്ടുതോറും ഞങ്ങളുടെ സമീപമുള്ള ക്ഷേത്രത്തിൽ ഉത്സവത്തിനു് അവർ രണ്ടുപേരും വരാറുണ്ടു്. അപ്പോഴെല്ലാം ഞങ്ങളുടെ ലോഡ്ജിലാണു് താമസം.

"മോഹനലാഡ്ജ്" എന്ന പേരു് പ്രേമചന്ദ്രനെ ചിന്താധീനനാക്കി. എന്തെന്നാൽ, അവിടെവെച്ചാണു് സുരേന്ദ്രനാഥബാനർജിക്കു് ആപത്തുണ്ടാകുമെന്നു് അദ്ദേഹം ഭയപ്പെടുന്നതു്. ബാനർജി തൻെറ താമസത്തിനു (ലാഡ്ജിൽ) മൂന്നു മുറികൾ ഏർപ്പാടു ചെയ്തിട്ടുണ്ടു്. അതിലൊന്നിലാണു താൻ താമസിക്കാൻ തീച്ച്യാക്കിയിട്ടുള്ളതു്. ഊർമ്മിളയുടേയും വാസന്തിയുടേയും ആവശ്യത്തിനുള്ള മുറികൾ അവർ മുൻകൂട്ടി ഏർപ്പാടു ചെയ്തിരിക്കുന്നു.

ഏതാനും നേരം ചിന്താധീനനായി കഴിച്ചുകൂട്ടി യിട്ട് ബാനർജി ഒരു വാടകക്കാർക്കൊണ്ടുവരുവിച്ച് ചിത്രാംഗിയെ അതിൽ കയററി അവളുടെ ഗൃഹത്തി ലേക്ക് അയച്ചു. അനന്തരം, അദ്ദേഹം തൻെറ ആഫീ സിലേക്കു മടങ്ങി. എന്നാൽ നടക്കുമ്പോഴും അദ്ദേഹ ത്തിൻെറ ആലോചന മുഴുവൻ ചിത്രാംഗിക്കു നേരിട്ട ആപത്തിനേയും അവളെ ഉപദ്രവിക്കാൻ തുനിഞ്ഞവർ വാസന്തിയുടെ പേരു പറഞ്ഞതിനേയും സുരേന്ദ്രനാഥ ബാനർജിക്കു നേരിടാവുന്ന വിപത്തിനേയുംപററിത്ത ന്നെ ആയിരുന്നു.

അടുത്ത ദിവസം അതിരാവിലെ ബാനർജി മോ ഹനലാഡ്ജിലേക്കു പുറപ്പെട്ടു. അവിടത്തെ താമസ ക്കാർ പ്രഭാതകൃത്യങ്ങളെങ്കിലും നിവ്ഹിക്കുന്നതിനുമുമ്പ് അദ്ദേഹം അവിടെ എത്തി.

മോഹനലാഡ്ജ് മനോഹരമായ ഒരു വമ്പിച്ച കെട്ടിടമായിരുന്നു. മുൻവശത്ത് കമനീയമായ ഒരു പൂ ന്തോട്ടം ഉണ്ട്. കെട്ടിടത്തിൻെറ മുഖപ്പിലാണ് മാനേജ രുടെ ആഫീസ്. പരിഷ്കൃതരീതിയിലുള്ള മേശകളും, കസേരകളും, അലമാരികളും മുതലായവകൊണ്ടു് ആ മുറി അത്യന്തം ആകർഷണീയമായിരുന്നു.

പ്രേമചന്ദ്രൻ അകത്തുകടന്നു; മാനേജർ മിസ്റ്റർ ആശുതോഷമുക്കർജി എഴുന്നേററ് അദ്ദേഹത്തിനെ ഉപ ചരിച്ചു.

ആശു:—അങ്ങ് ഇന്നലെ എൻ്റെ സഹോദരിക്കു ചെയ്ത സഹായത്തിനു ഞാൻ നന്ദി പറയുന്നു. ഇന്നലെ വീട്ടിൽ എത്തിയ ഉടൻ അവൾ ഫോണിൽ വിവ രം എന്നെ അറിയിച്ചു. അങ്ങേയ്ക്കും അടുത്തയാഴ്ച ക്ക് ഇവിടെ ഒരു മുറി ഏർപ്പാടു ചെയ്തിട്ടുണ്ടല്ലോ. മുറി കാണേണ്ടേ? ബാബുസുരേന്ദ്രനാഥബാനർജി

എടുത്തിട്ടുള്ള മുറികളോടുചേൎന്ന ഒരു മുറിയാണ് അങ്ങേയ്ക്കു തയ്യാറാക്കിയിട്ടുള്ളതു്.

പ്രേമ:—ധാരാളം അതിഥികൾ ഉണ്ടായിരിക്കില്ലേ?

ആശു:—ഉണ്ടായിരിക്കും. ഇതുവരെ, താമസത്തിനു ഏൎപ്പാടുചെയ്തു കഴിഞ്ഞവരുടെ ഒരു ലിസ്റ്റ് തയ്യാറായിട്ടുണ്ടു്.

എന്നു പറഞ്ഞു് മേശയ്ക്കകത്തുനിന്ന് ഒരു ചെറിയ നോട്ടുബുക്ക് എടുത്തു ബാനൎജിയുടെ കയ്യിൽ കൊടുത്തു. അദ്ദേഹം അതു വാങ്ങി നോക്കി.

പ്രേമ:—ഊൎമ്മിളാദേവി ആണ്ടുതോറും വരാറുണ്ട്, ഇല്ലേ?

ആശു:—ഏഴെട്ടു കൊല്ലമായി വരാറുണ്ടു്.

പ്രേമ:—പ്രതാപചക്രവൎത്തിയും പതിവുകാരനാണെന്നു തോന്നുന്നു.

ആശു:—കഴിഞ്ഞ കൊല്ലം വന്നിരുന്നു. അദ്ദേഹം ഞങ്ങൾക്കു വെറും അതിഥിമാത്രമല്ല, ഞങ്ങളുടെ ഒരു ററമിത്രം കൂടിയാണു്.

അനന്തരം ലോഡ്ജിന്റേയും ഹോട്ടലിന്റേയും നടത്തിപ്പിനേപ്പററി അവർ പലതും സംസാരിച്ചു. പണസംബന്ധമായ ചുമതല ചിത്രാംഗിയാണു വഹിക്കുന്നതെന്നും ഉത്സവകാലത്തു് അതിഥികളെ സൽക്കരിക്കുന്നതും അവൾ ആയിരിക്കുമെന്നും മുക്കൎജി പ്രസ്താവിച്ചു.

പതിനഞ്ചു മിനിട്ടുനേരം സംഭാഷണം ചെയ്തു ശേഷം അവർ കെട്ടിടം കാണുന്നതിനായി അകത്തേക്കു കടന്നു. അടുത്തടുത്തു മൂന്നു മുറികൾ ഉണ്ടായിരുന്നതിൽ ചെറിയ മുറിയാണു് പ്രേമചന്ദ്രനു സങ്കല്പിക്കപ്പെട്ടിരുന്നതു്. അതിനടുത്തുള്ള രണ്ടു മുറികൾ സുരേന്ദ്രനാഥബാനൎജിക്കു വേണ്ടി ഒഴിച്ചിട്ടിരുന്നു. മുറികളിലെല്ലാം ടെലഫോൺ ഉണ്ടു്.

ആശു:—ഇതാണു് ബാബുസുരേന്ദ്രനാഥബാനൎജിക്കു വേണ്ടി ഒഴിച്ചിട്ടിരിക്കുന്ന മുറികൾ. ഈ കെട്ടിട

ത്തിൽ ഉള്ളതിൽ ഏററവും വലിയ മുറികൾ ഇതു രണ്ടുമാണു്. എന്നു മാത്രമല്ല വായുസഞ്ചാരവും വേണ്ടുവോളം ഉണ്ടു്.

പ്രേമചന്ദ്രബാനർജി ആ മുറികൾ രണ്ടും നല്ലതുപോലെ പരിശോധിച്ചു. ബാനർജിയുടെ അറിവു കൂടാതെ അന്യക്കു അകത്തു കടക്കാൻ സാധിക്കയില്ലെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി.

ആശു:—അങ്ങു് ഇവിടെ താമസിക്കാൻ നിശ്ചയിച്ചതിനു പ്രത്യേകം കാരണം എന്തെങ്കിലുമുണ്ടോ?

പ്രേമ:—ഉത്സവം കാണാൻ വരുന്നവക്കു് എവിടെയെങ്കിലും താമസിക്കേണ്ടേ?

ആശു:—സുരേന്ദ്രനാഥബാനർജിക്കു എന്തെങ്കിലും ആപത്തുണ്ടാകുമെന്നു അദ്ദേഹം ഭയപ്പെടുന്നതായി ചക്രവത്തി പറഞ്ഞു. അവർ രണ്ടുപേരും അയൽവാസികളും സ്നേഹിതന്മാരുമാണല്ലോ.

പ്രേമ:—ചക്രവത്തിക്കു ബാനർജിയുടെ കാര്യ്യങ്ങൾ നല്ലതുപോലെ അറിയാമായിരിക്കാം. പക്ഷേ, ഞാൻ ഒന്നും കേട്ടില്ല.

ആശു:—ചക്രവത്തി ശുദ്ധവെടികൾ തട്ടിവിടാൻ തീരെ മടിക്കാത്തയാളാണു്. അതാണു ഞാൻ ചോദിച്ചതു്.

പ്രേമ:—ബാനർജി എന്നോടൊന്നും പറഞ്ഞിട്ടില്ല; ഒരു പക്ഷേ, ഞങ്ങൾ തമ്മിൽ അത്ര പരിചയം ഇല്ലാത്തതുകൊണ്ടായിരിക്കാം. ഏതായാലും ധാരാളം ആളുകൾ താമസിക്കുന്ന ഒരു സ്ഥലത്തുവെച്ചു് എന്തുണ്ടാകാനാണു്? വിശേഷിച്ചു് സുരക്ഷിതമായ ഒരു കെട്ടിടവും.

ബാനർജി കെട്ടിടവും പ [illegible] ാക്കിയശേഷം എട്ടുമണിയോടുകൂടി [illegible] ടങ്ങി. ബാനർജിയുടെ മുറികൾ പ [illegible]

MUL 165479
165479
36407

കടക്കാൻ നിവൃത്തിയില്ലാത്തവയാണെന്നു ബോദ്ധ്യം വന്നിട്ടും അദ്ദേഹത്തിന്ന് തീരെ സ്വാസ്ഥ്യം ഉണ്ടായില്ല. അന്നു മുഴുവൻ അദ്ദേഹം ചിന്താമഗ്നനായിത്തന്നെ കഴിച്ചുകൂട്ടി.

## അദ്ധ്യായം ൧൧.

സമ്മാനലാഭം

കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ച സംഗതികൾ നടന്നതിന്റെ മൂന്നാംദിവസം കാലത്ത് ഊൎമ്മിളാദേവി കാപ്പികുടിയും കഴിഞ്ഞു വീട്ടിന്റെ പ്രധാന മുറിയിൽ ഇരിക്കുമ്പോൾ പോസ്റ്റ്മാൻ ചില എഴുത്തുകളും ഒരു ചെറിയ പാഴ്സലും കൊണ്ടുചെന്ന് അവരുടെ മേശപ്പുറത്തുവെച്ചു. അവർ ആദ്യമായി പാഴ്സൽ എടുത്തു മേൽവിലാസം നോക്കിയശേഷം വാസന്തിയെ വിളിച്ച് അവളുടെ കയ്യിൽ കൊടുത്തു.

വാസ:—ഇതു് എനിക്കാണോ?

ഊൎമ്മി:—അതിന്റെ പുറത്തു കാണുന്ന മേൽവിലാസം നിന്റേതാണ്. അകത്തുള്ള സാധനം ആൎക്കെന്നു പിന്നെ പറയാനുണ്ടോ?

വാസന്തി പാഴ്സൽ പൊട്ടിക്കാൻ തുടങ്ങി.

ഊൎമ്മി:—ഇന്നു നിന്റെ ജന്മനാളാണോ?

വാസ:—അല്ല.

വീഞ്ഞപ്പലകകൊണ്ടുണ്ടാക്കിയ ഒരു ചെറിയ പെട്ടിയിൽ, വെൽവെററു പൊതിഞ്ഞു ഭദ്രമായി സൂക്ഷിച്ചിരുന്നതു് ഒരു വജ്രഖചിതമായ ഒരു അംഗുലീയം ആയിരുന്നു. ഊൎമ്മിള "ഒരു മോതിരമോ" എന്നു ചോദിച്ചുകൊണ്ട് അതു പെട്ടെന്ന് കയ്യിൽ എടുത്തു.

വാസ:—ഇതു് ആക്കോ തെററിപ്പോയതാണു്; എനിക്കായിരിക്കാൻ ഇടയില്ല, നിശ്ചയം.

എന്നു പറഞ്ഞുകൊണ്ടു് പെട്ടിയിൽ ചുരുട്ടി ഇട്ടിരുന്ന ഒരു കടലാസ്സ് എടുത്തു് അവരം നിവത്തു നോക്കി. "നിങ്ങളെ മനസ്സാ ആരാധിക്കുന്ന ഒരു സ്നേഹിതൻ" എന്നു മാത്രമാണു് അതിൽ എഴുതിയിരുന്നതു്.

ഊമ്മി:—കുറഞ്ഞതു് ഇതിന് ആയിരത്തഞ്ഞൂറുറുപ്പിക വില കാണും. ഇതു് അയച്ചു തന്ന ആരാധകൻ ആരെന്നു് എന്നോടു പറയരുതേ.

വാസ:—എന്നെ ആരാധിക്കുക പോയിട്ടു് സ്നേഹിക്കുന്നവരായിപ്പോലും ഈ ലോകത്തു് ആരും ഇല്ല. ഇതു് ആക്കോ തെററിപ്പോയതാണു്.

ഊമ്മി:—വിഡ്ഢി; ആരെന്നു നിനക്കറിഞ്ഞുകൂടേ?

വാസ:—എനിക്കറിഞ്ഞുകൂടാ; അറിയാമെങ്കിൽ പറയണം.

ഊമ്മി:—ബാബു സുരേന്ദ്രനാഥബാനർജിയല്ലാതെയാരു്? അദ്ദേഹം ഒരു യുവാവിനെപ്പോലെ വികാരാധീനനാണു്. പത്തുകൊല്ലം മുമ്പേ തന്നെ അദ്ദേഹത്തിൻെറ സ്വഭാവം എനിക്കു നല്ലതുപോലെ അറിയാം.

വാസ:—ഒരിക്കലും അദ്ദേഹം ആയിരിക്കുകയില്ല. എൻെറ മനസ്ഥിതി അറിയാതെ ഇത്ര വിലയേറിയ ഒരു സമ്മാനം അയച്ചുതരാൻ അദ്ദേഹം ധൈര്യപ്പെടുകയില്ല.

ഊമ്മി:—എന്നാൽ ശരച്ചന്ദ്രബോസ്സായിരിക്കും. ഏതായാലും അവക് രണ്ടുപേക്കും ഞാൻ കണക്കിനു കൊടുക്കുന്നുണ്ടു്.

വാസ:—സത്യം അറിയാതെ സാഹസം കാണിക്കരുതു്. ആരാണു് അയച്ചതെന്നറിയാമായിരുന്നെങ്കിൽ........... ........

ഊൎമ്മി:-അറിയാമായിരുന്നെങ്കിൽ,എന്തു ചെയ്യുമായിരുന്നു.

വാസ:—അറിയാമായിരുന്നെങ്കിൽ ഞാൻ തിരിച്ചയക്കുമായിരുന്നു.

ഊൎമ്മി:—ഒരുപക്ഷേ, നിന്റെ സി. ഐ. ഡി ക്കാരൻ അയച്ചതായിരിക്കുമോ?

വാസ:—അതിനും നിവൃത്തിയില്ല. അദ്ദേഹം അത്ര മൎയ്യാദയില്ലാത്ത ആളല്ല. എന്നു മാത്രമല്ല ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥന്ന് ഇത്ര വിലയേറിയ മോതിരം വാങ്ങത്തക്ക ധനസ്ഥിതി ഉണ്ടായിരിക്കുമോ?

ഊൎമ്മി:—പ്രേമചന്ദ്രബാനർജിതന്നെയായിരിക്കും; അയാളുടെ അച്ഛൻ ഒരു കോടീശ്വരനാണെന്നു നിനക്കറിഞ്ഞുകൂടേ?

വാസന്തി മൌനം അവലംബിച്ചു. പക്ഷേ, അതൊരു കുററസമ്മതമല്ലായിരുന്നു. പ്രേമചന്ദ്രൻ തനിക്കു് ഇത്ര വിലകൂടിയ ഒരു സമ്മാനം അയക്കുമെന്നു് അവൾ ശങ്കിച്ചതേയില്ല.

വാസ:—ഇതു ഞാൻ എന്തു ചെയ്യണം?

ഊൎമ്മി:—സൂക്ഷിച്ചുവെയ്ക്കണം; നീ അതു ധരിക്കണ്ട. അയച്ചതാരെന്നു ബോദ്ധ്യമായ ശേഷം നിന്റെ മനസ്സിന്നു സന്തോഷം തോന്നുന്നെങ്കിൽ ധരിയ്ക്കണം. ഏതായാലും നിനക്കു പണത്തിന്നു വിഷമം നേരിടുന്ന കാലത്തു് അതൊരു സഹായമായിത്തീരും. അതിന്നു് 1500 ക യിൽ കുറയാതെ വില കിട്ടും. അതിന്നു സംശയമില്ല.

അന്നുച്ചതിരിഞ്ഞു് വക്കീൽ മിസ്റ്റർ ശരച്ചന്ദ്രബോസ്സ് അവിടെ എത്തി.

ഊൎമ്മി:—വാസന്തീ; മോതിരം അയച്ചതു് ഇദ്ദേഹമല്ല. നിശ്ചയമായും സുരേന്ദ്രനാഥബാനർജി തന്നെ ആയിരിക്കും, സംശയമില്ല. എന്റെ സകല സ്വത്തു

ക്കളും അതിലേക്കു പന്തയംവെയ്ക്കാൻ ഞാൻ തയ്യാറാണ്.

വാസ:—അതിന്നു തക്ക പരിചയം ഞങ്ങൾ തമ്മിൽ ഇല്ലല്ലോ.

ഊർമ്മി:—അദ്ദേഹം അതെല്ലാം ചെയ്യും. ഏതായാലും നീ മോഹനലാഡ്ജിൽ പോയി ബുധനാഴ്ചക്ക് ഒരു മുറി കൂടി എനിക്കു വേണമെന്നു പറയണം. ബോസ്സും നമ്മളോടുകൂടി വരുന്നുണ്ട്.

വാസന്തി യാത്രയ്ക്കു തയ്യാറാവുന്നതിന്നായി അവളുടെ മുറിയിലേക്കു പോയി. അവൾ പെട്ടി തുറന്നു മോതിരം എടുത്തു വീണ്ടും വീണ്ടും നോക്കി. മോതിരലാഭം തന്നെപ്പററി തെററിദ്ധാരണയുണ്ടാക്കുമെന്ന് അവൾ ഭയന്നു. എങ്കിലും അതു കിട്ടിയതിൽ അവൾക്കു സന്തോഷം തോന്നാതിരുന്നില്ല.

വാസന്തി ഒരു വാടകക്കാറിൽ മോഹനലാഡ്ജിലേക്കു പോയി. അവൾ തിരിച്ചുവന്നശേഷം ഊർമ്മിളാദേവി അവളോട് ഇങ്ങനെ പറഞ്ഞു.

ഊർമ്മി:—ഞാൻ പുറത്തേക്കു പോകുന്നു. തിരിച്ചുവരാൻ അമാന്തിച്ചേക്കും. ഒരുപക്ഷേ രാത്രി പത്തുമണിക്കു ശേഷമേ തിരിച്ചുവരുകയുള്ളു എന്നും വരാം. നിനക്ക് ആകപ്പാടെ മനസ്സിന്നു സുഖമില്ലല്ലോ. നേരത്തെ ഉറങ്ങിക്കൊള്ളു. വേണമെങ്കിൽ നാഷനൽതിയേററിൽ പോയി നാടകം കാണുന്നതിന്നും വിരോധമില്ല. ഒരു കാർ പിടിച്ചു പൊയ്ക്കൊള്ളു.

ഊർമ്മിള പുറത്തേക്കു പോയി. വാസന്തി അവളുടെ മുറിയിൽ അന്നത്തെ വർത്തമാനപ്പത്രങ്ങൾ വായിച്ചുകൊണ്ടിരുന്നു. അരമണിക്കൂറോളം കഴിഞ്ഞപ്പോൾ ഒരു പരിചാരിക അകത്തു ചെന്ന് "പ്രേമചന്ദ്രബാനർജി എന്നൊരാൾ കൊച്ചമ്മയെ കാണാൻ വന്നിരിക്കുന്നു"

എന്നു പറഞ്ഞു. വാസന്തി പെട്ടെന്ന് എഴുന്നേററ് വീട്ടിന്റെ മുൻവശമുള്ള പ്രധാന മുറിയിലേക്കു പോയി.

വാസ:—അകത്തു വരാമല്ലൊ.

പ്രേമ:—ഞാൻ കാണുന്നതു് ഊൎമ്മിളാദേവിയെത്തന്നെയല്ലേ?

വാസ:—അവിടത്തെ കണ്ണിന്നു പെട്ടെന്നു കാഴ്ച കുറഞ്ഞു പോയോ?

പ്രേമ:—ഇല്ല, പക്ഷേ ഞാൻ നാലഞ്ചുദിവസം മുമ്പു കണ്ടതിൽനിന്നു വലിയ മാററം കാണുന്നു. കുറഞ്ഞതു് ഒരു മുപ്പതുവയസ്സു കൂടിയതുപോലെ തോന്നുന്നു. അതാണു് ഞാൻ ശങ്കിച്ചതു്.

പ്രേമചന്ദ്രൻ ആ മുറി മുഴുവൻ പരിശോധിച്ചു

പ്രേമ:—ആ പടം ഊൎമ്മിളാദേവിയുടേതല്ലേ?

വാസ:—അതെ, അവരുടെ ചെറുപ്പത്തിൽ എഴുതിച്ചതാണത്രെ.

പ്രേമ:—ഞാൻ ഇവിടെ വന്നതുകൊണ്ടു് അവക്കു നീരസം ഉണ്ടാകയില്ലെന്നു വിശ്വസിക്കുന്നു.

വാസ:—ഒരിക്കലുമില്ല.

പ്രേമ:—അവർ എവിടെപ്പോയി? ഞാൻ ഇങ്ങോട്ടു വരുമ്പോഠം ഒരു കാറിൽ പോകുന്നതു കണ്ടു.

വാസ:—എവിടെപ്പോകുന്നെന്നു് എന്നോടു പറഞ്ഞില്ല.

പ്രേമ:—നിങ്ങഠം ദൂരെ എവിടെയെങ്കിലും പോകുമ്പോഠം നടന്നു പോകാറുണ്ടോ?

വാസ:—ഇല്ലെന്നുതന്നെ പറയാം.

പ്രേമ:—റിപ്പൺസ്റ്റീററു കടന്നു് ഈ ആഴ്ച നടന്നു പോയിട്ടുണ്ടോ?

വാസ:—ഈ ആഴ്ചയെന്നല്ല, ഒരിക്കലും ഞാൻ അതുവഴി നടന്നു പോയിട്ടുള്ളതായി ഓൎമ്മിക്കുന്നില്ല.

പ്രേമ:—ഓൎമ്മയില്ലാതെ നടക്കാറും ഇല്ലല്ലോ.

വാസ:—(ചിരിച്ചുകൊണ്ടു്) ഉറക്കത്തിൽ എഴുന്നേററു നടക്കുന്നതായി എന്നെപ്പററി പോലീസ്സിൽ റിപ്പോർട്ടു കിട്ടിയിട്ടുണ്ടോ?

പ്രേമ:—അതിരിക്കട്ടെ; ഊർമ്മിളാദേവിയോടുകൂടി ഉത്സവത്തിനു പോകുന്നില്ലേ?

വാസ:—ഉണ്ടു്.

പ്രേമ:—ഉത്സവപ്രിയയാണോ?

വാസ:—അതുകൊണ്ടല്ല; പോകേണ്ട ചുമതല ഉള്ളതുകൊണ്ടു മാത്രമാണു്.........ഭീകരസംഘത്തെപ്പററി പുതിയ വർത്തമാനങ്ങളൊന്നുമില്ലേ?

പ്രേമചന്ദ്രൻ സംഭാഷണമദ്ധ്യേ കൂടക്കൂടെ ഊർമ്മിളയുടെ പടം സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു.

പ്രേമ:—ഇവർ അതിസുന്ദരിയായിരുന്നല്ലോ; ഇതുവരെ വിവാഹബന്ധംകൂടാതെ കഴിച്ചതെന്തുകൊണ്ടു്?

വാസ:—ഞാൻ അതിനെപ്പററി ചോദിച്ചിട്ടില്ല.

ബാനർജിയെക്കണ്ടതു മുതൽ തനിക്കു കിട്ടിയ മോതിരത്തിൻെറ കാൎയ്യം അദ്ദേഹത്തിനോടു പറയണമോ എന്നു വാസന്തി ആലോചിക്കുകയായിരുന്നു.

വാസ:—അങ്ങു് അന്യൎക്കു സമ്മാനങ്ങൾ അയച്ചുകൊടുക്കുന്ന പതിവുണ്ടോ?

പ്രേമ:—ഇല്ല; അനാവശ്യമായി പണവും സമയവും നഷ്ടപ്പെടുത്തി ജന്മനക്ഷത്രമോ ക്രസ്തുമസ്സോ പ്രമാണിച്ചു് ആൎക്കെങ്കിലും സമ്മാനങ്ങൾ അയക്കുന്ന പതിവു് എനിക്കില്ല. ഉം, എന്താണു ചോദിച്ചതു്?

വാസ:—വെറുതെ ചോദിച്ചതാണു്.

പ്രേമ:—ആരെങ്കിലും നിങ്ങൾക്കു സമ്മാനങ്ങൾ അയച്ചുതരുന്ന പതിവുണ്ടോ?

വാസ:—ഇല്ല; പക്ഷേ, ഇന്ന് എനിക്ക് ഒരു സമ്മാനം കിട്ടി; ആരാണ് അയച്ചതെന്ന നിശ്ചയമില്ല.

പ്രേമ:—എന്താണ കിട്ടിയതു്? കാണട്ടെ.

വാസ:—എന്തിന കാണന്നു?

പ്രേമ:—പെൺകുട്ടികൾക്ക്, പ്രത്യേകിച്ച് എനിക്ക സ്നേഹം ഉള്ളവക്ക്, കിട്ടുന്ന സമ്മാനങ്ങൾ കാണ്മാൻ ആശയുള്ളതുകൊണ്ടു മാത്രം.

വാസന്തി മോതിരം എടുത്തുകൊണ്ടുവന്നു പ്രേമചന്ദ്രന്റെ കയ്യിൽ കൊടുത്തു. അദ്ദേഹം അതു വാങ്ങി കൌതുകത്തോടുകൂടി നോക്കി.

പ്രേമ:—ഇതു് ആരാണ് അയച്ചുതന്നതു്?

വാസ:—എനിക്ക നിശ്ചയമില്ല; ഇന്ന കാലത്തു പോസ്റ്റിൽ വന്നതാണ്. ചിററമ്മ പറയുന്നതു്........

പ്രേമ:—എന്തു പറഞ്ഞു?

വാസ:—ഞാൻ ഒരിക്കൽ മാത്രം കണ്ടിട്ടുള്ള ഒരാൾ അയച്ചതാണെന്നാണ്.

പ്രേമ:—ആരു്, ബാനർജിയോ?

വാസന്തിയുടെ മുഖം ലജ്ജകൊണ്ടു വിളറി.

വാസ:—ആരെന്നറിഞ്ഞിരുന്നെങ്കിൽ തിരിച്ചയക്കാമായിരുന്നു.

പ്രേമ:—ഇതു വിരലിൽ ഇട്ടുനോക്കിയോ?

വാസ:—ഇല്ല.

പ്രേമചന്ദ്രൻ ഒട്ടും മടിക്കാതെ അവളുടെ കരം ഗ്രഹിച്ച് മോതിരം വിരലിൽ അണിയിച്ചു.

പ്രേമ:—ഇതു് വേറെ ആക്കോ വേണ്ടി ഉണ്ടാക്കിച്ചതാണ്. നിങ്ങളുടെ കൈക്ക പാകമായിരിക്കയില്ലെന്നു തോന്നുകയാൽ പിന്നീടു ചെറുതാക്കി. ഏതായാലും നിങ്ങളുടെ വിരലിന്റെ വലിപ്പം ആ മനുഷ്യൻ എങ്ങിനെ അറിഞ്ഞു?

വാസ:—ആരു്, ബാനർജിയോ?

പ്രേമ:—അല്ല, അദ്ദേഹമല്ല ഇതു നിങ്ങൾക്കയച്ചതു്, തീർച്ചതന്നെ. ബാനർജി ഒരു അസാധാരണ മനുഷ്യനാണു്. അദ്ദേഹത്തിനെ സദാ സൂക്ഷിച്ചു കൊണ്ടിരിക്കുന്ന ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥനുപോലും അദ്ദേഹത്തിന്റെ സ്വഭാവഗതി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല...........അതിരിക്കട്ടെ, ചക്രവർത്തി ഊർമ്മിളാദേവിയുടെ ഒരു സ്നേഹിതനാണോ?

വാസന്തിയുടെ മുഖം വാടി.

വാസ:—അതെ, അദ്ദേഹവും അടുത്തയാഴ്ച മോഹനലാഡ്ജിൽ ഉണ്ടായിരിക്കും;

പ്രേമ:—ഞാനും ഉണ്ടായിരിക്കും. ആകപ്പാടെ ഒരു രസം തോന്നുന്നു. ദൈവകൃപയാൽ...........അതു സാരമില്ല. ഏതായാലും എനിക്കു നല്ല ജോലി കിട്ടി.

ഈ സന്ദർഭത്തിൽ, രാത്രി പത്തു മണിക്കു ശേഷമേ തിരിച്ചുവരുവെന്നുപറഞ്ഞു പുറത്തേക്കു പോയിരുന്ന ഊർമ്മിളാദേവി അകത്തുകടന്നു.

ഊർമ്മി:—ഇദ്ദേഹമല്ലേ ബാബു പ്രേമചന്ദ്രബാനർജി; അദ്ദേഹം കുററം സമ്മതിച്ചോ?

വാസന്തി മറുപടി പറയുന്നതിനുമുമ്പു് പ്രേമചന്ദ്രൻ ഇപ്രകാരം പറഞ്ഞു.

പ്രേമ:—ഞാൻ കുററം സമ്മതിച്ചു; വളരെക്കാലം ഞങ്ങളുടെ കുടുംബസ്വത്തായിരുന്ന ഒരു മോതിരമാണു് അതു്. 1862-ൽ എന്റെ പിതാമഹൻ ഡൽഹിയിൽനിന്നു വാങ്ങിയതാണു്.

ഊർമ്മിളയുടെ മുഖത്തു് സങ്കോചവും പരിഭ്രമവും പ്രത്യക്ഷമായി.

# അദ്ധ്യായം ൧൨

മോഹനലാഡ്ജ്

ഊൎമ്മിളാദേവി ബോധരഹിതയായി വീണുപോകുമെന്നു വാസന്തിക്കു തോന്നി. വളരെ പണിപ്പെട്ടു് തന്റെ ക്ഷീണഭാവം മറച്ചുകൊണ്ടു് അവൾ ഇങ്ങനെ പറഞ്ഞു.

ഊൎമ്മി:—എത്ര വിലയേറിയ മോതിരം! ഇതു് അയച്ചു കൊടുത്ത നിങ്ങളുടെ മഹാമനസ്കതയ്ക്കു് ഇവൾ അത്യന്തം കടപ്പെട്ടിരിക്കുന്നു.

വാസന്തി അത്ഭുതപ്പെട്ടു; പ്രേമചന്ദ്രൻ അല്പം മുൻപു താനല്ല മോതിരം അയച്ചതെന്നുപറഞ്ഞു; ഇപ്പോഴാകട്ടെ താൻതന്നെയാണെന്നു സമ്മതിക്കുന്നു; ഇതിൽ ഏതാണു കള്ളം; എന്തിനു് അദ്ദേഹം കള്ളം പറഞ്ഞു; മോതിരം അയച്ചതു് അദ്ദേഹമല്ലെന്നു തന്നെയാണു് അവളുടെ പൂൎണ്ണമായ വിശ്വാസം. അതു തന്റെ കുടുംബം വകയാണെന്നും 1862-ൽ വാങ്ങിയതാണെന്നും പറഞ്ഞു കേട്ടപ്പോൾ തന്റെ ചിറ്റമ്മ പരിഭ്രമംകൊണ്ടു വിളറി; അതെന്തുകൊണ്ടു്; ഇങ്ങനെ പല വിചാരങ്ങൾ വാസന്തിയെ ക്ലേശിപ്പിച്ചു.

ഊൎമ്മി.—എനിക്കു നിങ്ങളോടു ചില പ്രത്യേക കാൎയ്യങ്ങൾ പറയാനുണ്ടു്. ഞാൻ നിങ്ങളെ കാണേണമെന്നു് ആശിച്ചുകൊണ്ടിരിക്കുകയായിരുന്നു.

പ്രേമ.—അതിനുമുമ്പു ഞാൻ ഇവരോടു് ഒന്നു ചോദിച്ചുകൊള്ളട്ടെ; മോതിരം അയച്ചതന്നതുകൊണ്ടു് നിങ്ങൾക്കു നീരസം ഉണ്ടോ?

വാസ.—ഞാൻ ഇതു സ്വീകരിക്കുന്നതു് ഉചിതമല്ലെന്നു് എനിക്കു തോന്നുന്നു.

പ്രേമ.—എന്നാൽ വേണ്ട.

എന്നു പറഞ്ഞു് മോതിരം അദ്ദേഹം കയ്യിൽ വാങ്ങി.

പ്രേമ—ഇതു ഞാൻ മുൻകൂട്ടി വിചാരിച്ചതാണു്.

അനന്തരം പ്രേമചന്ദ്രനും ഊൎമ്മിളാദേവിയും കൂടി മറെറാരു മുറിയിലേക്കു പോയി.

ഊൎമ്മി:—വാസന്തി എന്റെ സംരക്ഷണയിൽ താമസിക്കുകയാണു്. അവൾ ലോകപരിചയം തീരെയില്ലാത്ത ഒരു പെൺകുട്ടിയുമാണു്. അതുകൊണ്ടു് ഇത്ര വിലയേറിയ സമ്മാനങ്ങൾ അവൾക്കു കിട്ടുമ്പോൾ അതിനെപ്പററി അന്വേഷിക്കേണ്ടതു് എന്റെ കടമയാണല്ലൊ.

പ്രേമ:—അതെ, അതെ; അതിനു സംശയമില്ല; ആരു് അയച്ചു, എന്തുദ്ദേശത്തോടുകൂടി അയച്ചു, എന്നെല്ലാം അന്വേഷിക്കേണ്ടതു തന്നെയാണു്. ഒരു സംഗതി ഞാൻ തുറന്നുപറയാം; ഞാൻ അവളെ സ്നേഹിക്കുന്നു. പക്ഷേ, മോതിരം അയച്ചതു യാതൊരു ദുരുദ്ദേശത്തോടുംകൂടിയല്ല.

ഊൎമ്മി:—അതിൽ തെററില്ലല്ലൊ. നിങ്ങൾ വിദ്യാസമ്പന്നനും ഉൽകൃഷ്ടകുലജാതനും ആയ ഒരു യുവാവാണു്. നിങ്ങൾക്കു് അവളിൽ സ്നേഹം തോന്നുന്നതിൽ സന്തോഷിക്കാനേയുള്ളു.

പ്രേമ:—ഇതു് എൻെറ ജീവിതത്തിൽ ആദ്യമായി ചെയ്ത ഒരു സാഹസമാണു്; എൻെറ ചിററപ്പൻ........

ഊൎമ്മി:—നിങ്ങളുടെ കുടുംബചരിത്രത്തിൽ എനിക്കു് അത്ര കൌതുകം തോന്നുന്നില്ല. നിങ്ങൾ വാസന്തിയെ സ്നേഹിക്കുന്നുണ്ടോ എന്നുമാത്രം എനിക്കറിയണം.

പ്രേമ:—നിങ്ങൾ സൂചിപ്പിക്കുന്ന അൎത്ഥത്തിൽ ഞാൻ അവളെ സ്നേഹിക്കുന്നില്ലെന്നു സത്യം ചെയ്യാം.

പക്ഷേ, സ്വഭാവഗുണമുള്ള ഒരു പെൺകുട്ടിയോട്ട് ഒരുവനു തോന്നാവുന്ന സ്നേഹം എനിക്കും ഉണ്ട്. അവളെ വിവാഹം ചെയ്യണമെന്ന് എനിക്കു തീരെ വിചാരമില്ല.

ഊർമ്മി:—പെട്ടെന്നുണ്ടായ സന്തോഷത്തിൻെറ ഫലമായി ഇത്ര വിലയേറിയ ഒരു മോതിരം അയച്ചു കൊടുത്തുവെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്? അതു തീരെ സ്വാഭാവികമായി തോന്നുന്നില്ല. നിങ്ങൾ അവളെ കാമിക്കുന്നെന്നു ഞാൻ വിശ്വസിക്കുന്നു. മോതിരം എവിടെ; നോക്കട്ടെ.

പ്രേമചന്ദ്രൻ മോതിരം അവരുടെ കയ്യിൽ കൊടുത്തു. അവർ അതു വാങ്ങി തന്റെ ഇരുമ്പുപെട്ടി തുറന്ന് അതിൽ വെച്ചു പൂട്ടി.

ഊർമ്മി:—ഇതു തല്ക്കാലം എൻെറ കയ്യിൽ ഇരിക്കട്ടെ; നിങ്ങൾ തമ്മിലുള്ള സ്നേഹത്തിൻെറ സ്വഭാവം വ്യക്തമാകുമ്പോൾ അതു് അതിൻെറ അവകാശിക്കു കൊടുക്കാം.

പ്രേമ:—ഉത്സവത്തിനു പോകുന്നുണ്ട്, ഇല്ലേ; ഞാനായിരുന്നെങ്കിൽ പോവുകയില്ലായിരുന്നു.

ഊർമ്മി:—അതു തന്നെയാണു് എനിക്കു നിങ്ങളോടും പറയാനുള്ളതു്.

പ്രേമചന്ദ്രബാനർജി അദ്ദേഹത്തിൻെറ ആഫീസിലേക്കു മടങ്ങി. അന്നു കാലത്തു് ഏററവും സംഭ്രമജനകങ്ങളായ ചില വിവരങ്ങൾ അദ്ദേഹത്തിനെ അറിയിച്ച ഒരു ഇൻസ്പെക്ടർ കൂടുതൽ വിവരങ്ങൾ അറിയിക്കാൻ കാത്തിരിക്കുകയായിരുന്നു. ഇൻസ്പെക്ടരുടെ സംഭാഷണം ശ്രദ്ധിച്ചു കേൾക്കുകയും കൂടുതൽ വിവരങ്ങൾക്കുവേണ്ടി പലതും ചോദിക്കുകയും ചെയ്തശേഷം ചില നിർദ്ദേശങ്ങൾ നൽകി അയാളെ പെട്ടെന്നു് അവിടെ നിന്നും

അയച്ചു. അനന്തരം വീട്ടിലെത്തി ടെലഫോണിൽ ബാബുസുരേന്ദ്രനാഥബാനർജിയെ വിളിച്ചു. അദ്ദേഹം ഉത്സവം പ്രമാണിച്ചു മോഹനലാഡ്ജിലേക്കു പോയിരിക്കുന്നെന്നു് അദ്ദേഹത്തിൻെറ ഒരു കാര്യസ്ഥൻ മറുപടി പറയുകയാൽ തന്റെ ഭൃത്യനെ വിളിച്ചു് ഇങ്ങനെ ചോദിച്ചു.

പ്രേമ:—എൻെറ സാമാനങ്ങളെല്ലാം തയ്യാറാക്കി വെച്ചോ?

ഭൃത്യ:—എല്ലാം ശരിയാക്കിയിട്ടുണ്ടു്.

പ്രേമ:—എവിടെ വെച്ചിരിക്കുന്നു?

ഭൃത്യ:—ട്രങ്കു്, കാറിൽ വെച്ചു; കിടക്കയും മററും കാറിന്റെ പുറകിൽ വെച്ചുകെട്ടി.

പ്രേമ:—വളരെ നന്നായി. (മേശപ്പുറത്തു് ഒരു കത്തു കിടന്നതു കയ്യിൽ എടുത്തു കൊണ്ടു്) ഈ കത്തു് എപ്പോഠം കൊണ്ടുവന്നു?

ഭൃത്യ:—യജമാനൻ വരുന്നതിനു് അഞ്ചുമിനിട്ടുമുമ്പു്.

പ്രേമ:—ആരാണു കൊണ്ടുവന്നതു്?

ഭൃത്യ:—ആരോ എഴുത്തു പെട്ടിയിൽ കൊണ്ടുവന്നിട്ടിരുന്നു. ആരെന്നു ഞാൻ കണ്ടില്ല. ഞാൻ എടുത്തു മേശപ്പുറത്തുവെച്ചു.

പ്രേമ:—അങ്ങനെയാണെങ്കിൽ നേരത്തെ കൊണ്ടുവന്നിട്ടില്ലെന്നു താൻ തീർച്ചയാക്കിയതെങ്ങിനെ?

ഭൃത്യ:—പത്തു മിനിട്ടു മുമ്പു ഞാൻ പെട്ടി തുറന്നു നോക്കി.

പെൻസിൽകൊണ്ടു് എഴുതിയിരുന്ന മേൽവിലാസം സൂക്ഷിച്ചുനോക്കിയ ശേഷം ബാനർജി കവർ പൊളിച്ചു; പശ ഉണങ്ങിയിരുന്നില്ല. അതിനാൽ, ആരെങ്കിലും എഴുതി പെട്ടിയിൽ ഇട്ടിട്ടു് അധികനേരമായിട്ടില്ലെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. എഴുത്തിൽ "മോഹനലോഡ്ജിലേക്കു പോകരുതു്" എന്നു മാത്രമാണു്

എഴുതിയിരുന്നതു്. കയ്യക്ഷരം വളരെ സൂക്ഷിച്ചുനോക്കിയശേഷം, എഴുത്തു മേശയ്ക്കുള്ളിൽവെച്ചു പൂട്ടി.

പ്രേമ:—എല്ലാം ഭദ്രമായി സൂക്ഷിച്ചുകൊള്ളണം. പതിവുപോലെ വരുന്ന പൊലീസ്സുകാൎക്കു വേണ്ട സൗകൎയ്യങ്ങളെല്ലാം ചെയ്തു കൊടുക്കണം. ഞാൻ വരുന്നതുവരെ എല്ലാവരും എപ്പോഴും ഇവിടെത്തന്നെ ഉണ്ടായിരിക്കണം, കേട്ടോ?

ഭൃത്യ:—ഉത്തരവു്.

അനന്തരം അദ്ദേഹം മുററത്തേക്കിറങ്ങി. അവിടെ നിന്ന രണ്ടു പോലീസ്സ് ഇൻസ്പെക്ടറന്മാരോടുകൂടി അദ്ദേഹം തൻെറ കാറിൽ കയറി ഉടൻതന്നെ മോഹന ലാഡ്ജിലേക്കു പുറപ്പെടുകയും ചെയ്തു.

രാത്രി ഒൻപതു മണിക്കു് പ്രേമചന്ദ്രബാനർജി മോഹനലാഡ്ജിൽ എത്തി. ലോഡ്ജിൻെറ മുഖപ്പിൽ വെച്ചു ചിത്രാംഗി അദ്ദേഹത്തിനെ സോപചാരം സ്വീകരിച്ചു.

ചിത്രാം:—ബാബുസുരേന്ദ്രനാഥബാനർജി അവിടുത്തെ കാത്തിരിക്കുന്നു.

പ്രേമ:—അദ്ദേഹം നേരത്തെ എത്തിയോ?

ചിത്രാം:—അഞ്ചരമണിക്കു വന്നു.

പ്രേമ:—എൻെറ ഇവിടത്തെ താമസത്തിനു് ആരാണു് ഏൎപ്പാടുചെയ്തതു്.

ചിത്രാം:—ബാബുസുരേന്ദ്രനാഥബാനർജി.

പ്രേമ:—എൻെറ ചെലവു മുഴുവൻ അദ്ദേഹം വഹിച്ചുകൊള്ളാമെന്നു പറഞ്ഞിട്ടുണ്ടോ?

ചിത്രാം:—അവിടത്തെ സൌകൎയ്യങ്ങളെല്ലാം പ്രത്യേകം നോക്കിക്കൊള്ളണമെന്നും ബിൽ അദ്ദേഹത്തിനെ ഏല്പിക്കണമെന്നും പറഞ്ഞിട്ടുണ്ടു്.

പ്രേമചന്ദ്രബാനർജി ബാബു സുരേന്ദ്രനാഥബാനർജിയുടെ മുറിയിലേക്കു പോയി.

സുരേ:—ഇന്നത്തെ മഴകണ്ടു നിങ്ങൾ നാളേ വരുമെന്നു ഞാൻ ശങ്കിച്ചു.

പ്രേമ:—മഴ വല്ലാതെ ഉപദ്രവിച്ചു; അതിഥികൾ അധികം വന്നിട്ടില്ലെന്നു തോന്നുന്നു.

സുരേ:—ഇല്ല; അധികംപേരും നാളെയും മററന്നാളുമായി വന്നുചേരുകയേ ഉള്ളു. ഊർമ്മിളാദേവി നാളെ വരും.

പ്രേമ:—അവർക്കു ധാരാളം സ്വത്തുണ്ടോ?

സുരേ.—ഉണ്ട്, ധാരാളം സ്വത്തുണ്ട്. കുറേ മുമ്പ് അവർ ഇതിലും ധനാഢ്യയായിരുന്നു. ഞാൻ വളരെക്കാലം അവരുടെ ബാങ്കറായിരുന്നിട്ടുണ്ട്. അന്നെല്ലാം അവരുടെ സ്വത്തിനെപ്പററി ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. അഞ്ചുവഷം മുമ്പ് അവർ ഞങ്ങളുടെ ബാങ്കിൽനിന്നു പണം മുഴുവൻ തിരിച്ചെടുത്തപ്പോൾ ബാങ്കുപൊളിഞ്ഞുപോകുമെന്നുപോലും ഞാൻ ഭയപ്പെട്ടു. അത്ര ഭീമമായ ഒരു നിക്ഷേപമാണ് അവക്കുണ്ടായിരുന്നതു്. ഞങ്ങളുടെ ബാങ്കിൽനിന്നു പണം എടുത്ത് നിങ്ങളുടെ അച്ഛന്റെ ബാങ്കിൽ നിക്ഷേപിക്കാൻ ആണ് അവർ ഉദ്ദേശിച്ചതു്. പക്ഷേ, അദ്ദേഹം പണം സ്വീകരിച്ചില്ല. ഞങ്ങൾ പലിശ ഉൾപ്പെടെ കണക്കു തീർത്തു കൊടുത്ത തുക ഏഴുലക്ഷത്തിൽ അധികം ഉണ്ടായിരുന്നു.

തന്റെ പിതാവ് ബാങ്കിലേക്കു നിക്ഷേപങ്ങൾ ഉണ്ടാക്കുന്നതിന് ഉററു ശ്രമിച്ചുകൊണ്ടിരിക്കുന്ന ആളായിരിക്കെ എന്തുകൊണ്ടാണ് അദ്ദേഹം അവരുടെ പണം—അതും ഭീമമായ ഒരു തുക—സ്വീകരിക്കാതെ നിരസിച്ചതെന്ന് പ്രേമചന്ദ്രൻ ആലോചനതുടങ്ങി.

പ്രേമ:—അച്ഛൻ നിരസിച്ചതെന്തുകൊണ്ടു്?

സുരേ:—അതെനിക്കറിഞ്ഞുകൂടാ; ഏതായാലും ഒരു അസാധാരണ സംഭവമാണു്. ഒരാൾക്കു ആയിരം രൂപാ നിക്ഷേപിക്കാനുണ്ടെന്നറിഞ്ഞാൽ എല്ലാ ബാങ്കുകാരും അയാളെ അന്വേഷിച്ചു് ഓട്ടം തുടങ്ങും. ആ സ്ഥിതിക്കു് ഏഴുലക്ഷത്തിൽപരം ഉറുപ്പിക അദ്ദേഹം ഉപേക്ഷിച്ചതെന്തുകൊണ്ടോ? ഞാൻ ഈ വിവരം നിങ്ങളോടു പറഞ്ഞതായി അദ്ദേഹത്തിനോടു പറയരുതേ.

പ്രേമ;—ഞാൻ ഇതിനുമുമ്പുതന്നെ ഇതെപ്പററി ചില കാര്യങ്ങൾ അദ്ദേഹത്തിനോടു പറഞ്ഞിട്ടുണ്ടു്.

സുരേ:—ചക്രവത്തി നാളെ വരും. നിങ്ങൾക്കു് അയാളോടു രസമില്ലല്ലൊ.

പ്രേമ:—ആരെയും രസിപ്പിക്കാൻ കഴിയാത്ത ആ മനുഷ്യനോടു് എനിക്കു തീരെ രസമില്ലെന്നു സമ്മതിക്കുന്നു.

സുരേ:—റാംസിങ്ങിനെ അറസ്റ്റുചെയ്യാൻ നിങ്ങളെ സഹായിച്ചതു മറക്കാമോ?

പ്രേമ:—അതു ഞാൻ ഒരിക്കലും മറക്കുകയില്ല.

---

# അദ്ധ്യായം ൧൩

ഒരു വിപത്തു്

പ്രേമചന്ദ്രൻ സുരേന്ദ്രനാഥബാനർജിയുടെ മുറി മുഴുവൻ സശ്രദ്ധം പരിശോധിച്ചു. കതകുകളുടെയും ജന്നലുകളുടെയും വിജാവരികളും പൂട്ടുകളുംപോലും അദ്ദേഹം പരിശോധിക്കാതിരുന്നില്ല. പരിശോധന പൂർത്തിയായ ശേഷം അദ്ദേഹം തന്റെ മുറിയിലേക്കു പോയി. അതിനകവും കിടക്കയുടെ അടിവശവും അദ്ദേഹം സൂക്ഷിച്ചു നോക്കി.

അടുത്തദിവസം ഏഴുമണിക്കു പ്രതാപചക്രവർത്തി ലോഡ്ജിൽ എത്തി. പ്രേമചന്ദ്രൻ ലഘുഭക്ഷണത്തിനു ശേഷം ചക്രവർത്തിയുടെ മുറിയിലേക്കു പോയി. ചക്രവർത്തി തന്റെ ട്രങ്കു തുറന്നു് ഉടുപ്പുകൾ പരിശോധിക്കുകയായിരുന്നു.

പ്രേമ:—ആ ഉടുപ്പു കാണട്ടെ, നന്നായിരിക്കുന്നല്ലോ.

ചക്രവർത്തി ഉടുപ്പു പെട്ടിയിലേക്കുതന്നെ വെച്ചു.

ചക്ര:—നിങ്ങൾ ഡ്യൂട്ടിയിൽ വന്നിരിക്കുകയാണോ?

പ്രേമ:—എനിക്കു് എപ്പോഴും ഡ്യൂട്ടിയേ ഉള്ളല്ലോ. ഏതായാലും നിങ്ങളുടെ ഉടുപ്പു് അപഹരിക്കാൻ വന്നിരിക്കുകയല്ല.

ചക്ര:—ഇവിടെ എന്തെങ്കിലും വിശേഷസംഭവം ഉണ്ടാകുമെന്നു് നിങ്ങൾ സംശയിക്കുന്നോ?

പ്രേമ:—എന്തുമാകട്ടെ; നിങ്ങൾ ഭയപ്പെടേണ്ട; നിങ്ങൾക്കു് ഒന്നും സംഭവിക്കാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം.

ചക്ര:—വളരെ ഉപകാരം.

ഈ സന്ദർഭത്തിൽ ചിത്രാംഗി വരാന്തയിൽക്കൂടി കടന്നുപോയതും അവൾ ചക്രവർത്തിയെ നോക്കി പുഞ്ചിരിതൂകിയതും പ്രേമചന്ദ്രൻ കാണാതിരുന്നില്ല. അദ്ദേഹം കണ്ട വിവരം ചക്രവർത്തിയും മനസ്സിലാക്കി.

ചക്ര:—വേണ്ടുവോളം രൂപലാവണ്യവും സ്വഭാവഗുണവും ഉള്ള ഒരു യുവതി; അവൾ ഇല്ലായിരുന്നെങ്കിൽ ഞാൻ ഇവിടെ താമസിക്കാൻ വരികയില്ലായിരുന്നു.

പ്രേമ:—നിങ്ങൾ തമ്മിൽ മുമ്പുതന്നെ പരിചയമുണ്ടോ?

ചക്ര:—വളരെക്കാലത്തെ പരിചയം ഉണ്ട്.

പ്രേമ:—അതുകൊണ്ടാണോ നിങ്ങളുടെ ഭവനത്തിൽ വെച്ച് ഞാൻ ഒരിക്കൽ അവരെക്കണ്ടപ്പോൾ "ഉദ്യാനം കാണാൻ വന്ന ഏതോ ഒരു സ്ത്രീ"യാണെന്ന് എന്നോടു പറഞ്ഞത്?

ചക്ര:—ഞാൻ അങ്ങനെ പറഞ്ഞോ? ഒരു പക്ഷേ പറഞ്ഞിരിക്കാം. എന്നാൽ ഇപ്പോൾ ഞാൻ സത്യം തുറന്നുപറയാം; എന്നെ അത്യന്തം ആകർഷിച്ചിട്ടുള്ള ഒരു യുവതിയാണ് അവൾ.

പ്രേമ:—നിങ്ങൾ ബാനർജിയെക്കണ്ടോ?

ചക്ര:—ഇല്ല; ഞാൻ അങ്ങോട്ടുപോകുന്നു. ആകപ്പാടെ സൌകര്യം കുറഞ്ഞ ഒരു മുറിയാണ്. എനിക്കു കിട്ടിയിട്ടുള്ളതു്. ഞാൻ പതിവായി ഉപയോഗിച്ചുവന്ന മുറി ഊർമ്മിളാദേവി അപഹരിച്ചുകളഞ്ഞു.

പ്രേമ:—അവരെ നിങ്ങൾക്കറിയാമോ?

ചക്ര:—ഞാൻ ആ സ്ത്രീയെ വെറുക്കുന്നു. അവരുടെ മട്ടും ഭാവവും ഒന്നും എനിക്കു പിടിക്കാറില്ല.

അന്നുവൈകുന്നേരം പ്രേമചന്ദ്രൻ ലോഡ്ജിന്റെ പശ്ചിമഭാഗത്തുള്ള വരാന്തയിൽനിന്നു ചുററും നോക്കിയ പ്പോഠം ചക്രവത്തിയും ചിത്രാംഗിയുംകൂടി തോട്ടത്തിന്റെ ഒരു ഒഴിഞ്ഞ ഭാഗത്തു നിന്നു സംഭാഷണം ചെയ്യുന്നതു കണ്ടു. അവരുടെ രഹസ്യസംഭാഷണത്തിന്റെ വിഷയ മോ അവർ തമ്മിലുള്ള പരിചയത്തിന്റെ സ്വഭാവമൊ അദ്ദേഹത്തിനു് ഊഹിക്കാൻപോലും കഴിഞ്ഞില്ല. ഏതാ യാലും അവരുടെ ദൃഷ്ടിയിൽ പെടേണ്ടെന്നു കരുതി അദ്ദേഹം കെട്ടിടത്തിന്റെ മുൻവശത്തേക്കു പോയി. അവിടെ ഊമ്മിളാദേവിയും വാസന്തിയും തങ്ങളുടെ സാമാനങ്ങഠം ഭൃത്യന്മാരെക്കൊണ്ടു് കാറിൽനിന്നു് എടു പ്പിച്ചുകൊണ്ടുനിൽക്കുകയായിരുന്നു.

പ്രേമ:—സാമാനങ്ങഠം മാററുന്നതിനു് എന്റെ സഹായം ആവശ്യം ഉണ്ടോ?

വാസന്തി അദ്ദേഹത്തിനെ നോക്കി മന്ദഹാസം തൂകി.

ഊമ്മി:—ഇല്ല.

പ്രേമ:—അതു സൂക്ഷിക്കുന്നതിനോ?

ഊമ്മി:—എന്റെ സാമാനങ്ങഠം സൂക്ഷിക്കാൻ എനിക്കു സാമത്ഥ്യം ഉണ്ടു്.

പ്രേമ—ലോഡ്ജിലേക്കു ഞാൻ സ്വാഗതം പറയട്ടോ?

ഊമ്മി:—അതിനു ലോഡ്ജിലെ ജോലിക്കാർ ഇല്ലേ?

ഊമ്മിളാദേവി സാമാനങ്ങഠം എടുപ്പിച്ചുകൊണ്ടു് അവക്കായി ഒഴിച്ചിട്ടിരുന്ന മുറിയിലേക്കു പോയി.

പ്രേമ:—എന്റെ സ്വാഗതാശംസ സ്വീകരിക്കുകയില്ലെ ന്നുണ്ടോ?

വാസ:—ഇല്ലെന്നാരുപറഞ്ഞു?

പ്രേമ:—യാത്ര സുഖകരമായിരുന്നോ?

വാസ:—യാതൊരു ക്ലേശവും കൂടാതെ വന്നെത്തി.

ഈ സന്ദർഭത്തിൽ പ്രേമചന്ദ്രന്റെ ഗൃദ്ധ്രനേത്രങ്ങൾ മറെറാരു രംഗത്തു പതിച്ചു. തോട്ടത്തിൽ ചക്രവത്തിയും വക്കീൽ മിസ്റ്റർ ബോസ്സും ബാബു സുരേന്ദ്രനാഥബാനർജിയുംകൂടി സംസാരിച്ചുകൊണ്ടു നിൽക്കുന്നതാണ് അദ്ദേഹം കണ്ടതു്. അവർ ഏതോ ഗൌരവമേറിയ വിഷയത്തെപ്പററി സംസാരിക്കുകയാണെന്നു് അവരുടെ സംഭാഷണരീതി കണ്ടു് അദ്ദേഹം അനുമിച്ചു. ബാനർജി പ്രേമചന്ദ്രനെ കണ്ടെങ്കിലും കണ്ടതായി ഭാവിച്ചില്ല. അരമണിക്കൂറിലധികം അവർ സംഭാഷണം ചെയ്തുകൊണ്ടു നിന്നു. അനന്തരം ബാനർജി അദ്ദേഹത്തിന്റെ മുറിയിലേക്കു പോയി. പ്രേമചന്ദ്രനും അദ്ദേഹത്തിനെ അനുഗമിച്ചു.

പ്രേമ:—മുഖം വാടിയിരിക്കുന്നതെന്തു്? ഏന്തെങ്കിലും പ്രമാദം പററിയോ?

സുരേ:—ഒരുവിധത്തിൽ; പക്ഷെ എനിക്കല്ല, എന്റെ ഒരു യുവസ്നേഹിതനാണ്. അത്താഴം കഴിഞ്ഞു് ഇങ്ങോട്ടു വന്നാൽ നമുക്കു് അതിനെപ്പററി സംസാരിക്കാം.

ലോഡ്ജിൽ എത്തിയതുമുതൽ ബാനർജിയും പ്രേമചന്ദ്രനും ഒരേ മുറിയിൽ ഇരുന്നാണ് ഭക്ഷണം കഴിക്കാറു്. എന്നാൽ അന്നു രാത്രി ഭക്ഷണത്തിന് അല്പം മുമ്പു് ഒരു ഭൃത്യൻ ചെന്നു് പ്രേമചന്ദ്രനോടു് ഇങ്ങനെ പറഞ്ഞു.

ഭൃത്യ:—യജമാനന് വക്കീലദ്ദേഹത്തിനോടും ബാബു പ്രതാപചക്രവത്തിയോടും സംസാരിക്കാനുള്ളതുകൊണ്ടു് അവിടത്തേക്കുള്ള ഭക്ഷണസാധനങ്ങൾ ഇവിടെ കൊണ്ടുവന്നു തരാൻ ഉത്തരവായി.

ബാനർജിയുടെ ഈ നിശ്ചയത്തിനു കാരണം എന്താണെന്നു് എത്രനേരം ആലോചിച്ചിട്ടും പ്രേമചന്ദ്രനു

മനസ്സിലായില്ല. ഏതായാലും ഭക്ഷണത്തിനുശേഷം ഒൻപതുമണിക്ക് അദ്ദേഹം ബാനർജിയുടെ മുറിയിലേക്കു പോയി; അദ്ദേഹം ഊർമ്മിള, വാസന്തി എന്നിവരോടു സംഭാഷണം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. പ്രേമചന്ദ്രനോടുള്ള ബാനർജിയുടെ പെരുമാററം തീരെ തൃപ്തികരമായിരുന്നില്ല; എന്തെന്നാൽ അദ്ദേഹത്തിനെ കണ്ടതായിപ്പോലും ഭാവിക്കാതെ ബാനർജി ഊർമ്മിളാദേവിയുമായുള്ള സംഭാഷണം ഈ പെരുമാററത്തിൽ തനിക്കുള്ള നീരസം പ്രത്യക്ഷമാക്കണമെന്ന് പ്രേമചന്ദ്രനും തീർച്ചയാക്കി; അദ്ദേഹം ഉടൻതന്നെ പുറത്തേക്കുപോയി.

അരമണിക്കൂറോളം കഴിഞ്ഞു്, സ്ത്രീകൾ അവരുടെ മുറിയിലേക്കു മടങ്ങി. പ്രേമചന്ദ്രൻ വീണ്ടും ബാനർജിയുടെ മുറിയിലേക്കു പോയി. പക്ഷേ, വാതിൽ അകത്തുനിന്നു് അടച്ചിരുന്നു. എന്നാൽ അകത്തുനിന്നു് ബാനർജി "ഹല്ലോ, ഹല്ലോ" എന്നുച്ചരിക്കുന്നതു കേൾക്കുകയാൽ ഫോണിൽ ആരോടൊ സംസാരിക്കുകയാണെന്നു് സ്പഷ്ടമായി. ഉത്തരക്ഷണത്തിൽ ഒരു വെടിതീർന്നു; ആരോ പൊടുന്നനെ താഴെ വീഴുകയും ചെയ്തു. ~~ഗോപിനാഥൻ~~ ബലം പ്രയോഗിച്ചു വാതിൽതുറക്കാൻ ശ്രമിച്ചു; പക്ഷേ, ഫലിച്ചില്ല. ഈ സന്ദർഭത്തിൽ ലോഡ്ജിന്റെ ഉടമസ്ഥൻ മിസ്റ്റർ മുക്കർജി ബദ്ധപ്പെട്ടു് അവിടെ എത്തി.

മാനേജർ:—ഒരു വെടിയല്ലേ കേട്ടതു്?

പ്രേമ:—വാതിൽ എങ്ങിനെയെങ്കിലും തുറക്കുക.

മാനേ:—അകത്തുനിന്നു് അടച്ചിരിക്കുന്നു. പിന്നെങ്ങിനെയാണു ഞാൻ തുറക്കുന്നതു്?

പ്രേമ:—എന്നാൽ ഞാൻതന്നെ തുറക്കാം.

പ്രേമചന്ദ്രൻ ഊക്കോടെ നാലഞ്ചു ചവിട്ടി;വാതിൽ പൊളിഞ്ഞു. അദ്ദേഹം ബദ്ധപ്പെട്ടകത്തുകടന്നു.

ഹാ! എന്തൊരു ഭയങ്കരമായ കാഴ്ച! ബാബു സുരേന്ദ്രനാഥബാനർജി വെടിയേററ് തറയിൽ കിടക്കുന്നു. മുറിക്കകത്തു വേറെ ആരും ഇല്ല.

---

## അദ്ധ്യായം ൧൪

---

വെടിവെച്ചു കൊന്നു.

പ്രേമ:—ഒരു ഡാക്ടർക്ക് ആളയക്കുക.

മാനേ:—മരിച്ചുപോയോ?

പ്രേമ:—പറയുന്നതു കേൾക്കുക.

മാനേജർ താഴത്തേക്കു പോയി. പ്രേമചന്ദ്രൻ മുറി മുഴുവൻ പരിശോധിക്കാനും തുടങ്ങി. ജന്നലുകളെല്ലാം അടച്ചു കുററിയിട്ടിട്ടുണ്ട്. മുറിയുടെ രണ്ടു വാതിലുകളിൽ ഒന്നു് അടച്ചിരുന്നു. തുറന്നുകിടന്ന വാതിലിൽക്കൂടി ബാനർജിയുടെ ശയനമുറിയിൽ കടന്നു. അതിൻെറ ഒരു കതകു പുറത്തുനിന്നു പൂട്ടിയിരുന്നു. പക്ഷേ താക്കോൽ മുറിക്കകത്തു മേശപ്പുറത്തു കിടന്നു. ചുരുക്കത്തിൽ മുറിക്കകത്തു് ആർക്കും കടക്കാൻ നിവ്വാഹമില്ലാത്തവണ്ണം ജന്നലുകളും, വാതിലുകളും ഭദ്രമായി അടച്ചിരുന്നു. അതിനാൽ ഭഗ്നാശനായി പ്രേമചന്ദ്രൻ മൃതശരീരത്തിനു സമീപം എത്തി.

ബാനർജിയുടെ ശിരസ്സിലാണു് വെടി ഏററിരിക്കുന്നതു്; "തോക്കും ശിരസ്സുമായി ഒരടിപോലും അകലം ഇല്ലാത്ത നിലയിൽ നിന്നാണു് വെടി വെച്ചിട്ടുള്ളതു്; ഇത്ര അടുത്തുനിന്നു വെടിവെച്ചതെങ്ങനെ? ബാനർജി

കാണാതെ അതു സാധിക്കുകയില്ല. കണ്ടെങ്കിൽ അദ്ദേഹം ഒരു ശബ്ദവും പുറപ്പെടുവിക്കാതിരുന്നതു് എന്തുകൊണ്ടു്" ഇങ്ങനെ പ്രേമചന്ദ്രൻ പലതും പിറുപിറുത്തു. എന്നാൽ മരണത്തിനു ഹേതുഭൂതൻ ആരു്, അയാൾ എങ്ങിനെ മുറിക്കകത്തു കടന്നു, എന്നീ വിവരങ്ങൾ അറിയാൻ യാതൊരുമാർഗ്ഗവും ഇല്ല. അതിനാൽ നിരാശാസൂചകമായ ഒരു നെടുവീർപ്പോടുകൂടി അദ്ദേഹം മുറിയിൽനിന്നു പുറത്തേക്കിറങ്ങി.

അതാ മറെറാരു വിശേഷം! മാനേജർ ബദ്ധപ്പെട്ടു് ഏണിപ്പടികൾ കയറുന്നു; അയാളുടെ മുഖം പരിഭ്രമം കൊണ്ടു് അത്യന്തം പരവശമായിരിക്കുന്നു.

പ്രേമ:—ഉം, വേറെ വല്ലതും ഉണ്ടായോ?

മാനേ:—വാസന്തീദേവിയുടെ മുറിയിൽ എന്തോ വിശേഷമുണ്ടു്.

പ്രേമ:—എന്താണെന്നു പറയൂ.

പ്രേമചന്ദ്രൻ ബദ്ധപ്പെട്ടു താഴെക്കു് ഇറങ്ങാൻ തുടങ്ങി.

മാനേ:—എന്തെന്നു നിശ്ചയമില്ല. മുറിക്കകത്തു് ഒരു ശബ്ദം കേട്ടു.

പ്രേമചന്ദ്രൻ വാസന്തിയുടെ മുറിയുടെ വാതുക്കൽ എത്തി. വാതിൽ ബലമായി അടച്ചിരുന്നു. താക്കോൽ ദ്വാരത്തിൽ കൂടി അദ്ദേഹം അകത്തേക്കു നോക്കി. മുറി മുഴുവൻ പുക നിറഞ്ഞിരിക്കുന്നതു കണ്ടു് അദ്ദേഹം അത്യന്തം പരിഭ്രമിച്ചു. എന്നാൽ "എന്തു പററി" എന്നു പുറകിൽ നിന്നു് വാസന്തി ചോദിക്കുന്നതു കേട്ടു് അദ്ദേഹം ആശ്വസിച്ചു.

പ്രേമ:—താക്കോൽ ഇദ്ദേഹത്തിനെ (വാസന്തിയുടെ അടുത്തു നിന്ന സി. ഐ. ഡി. ഇൻസ്പെക്ടറെ) ഏല്പിക്കണം. അദ്ദേഹം തുറന്നു നോക്കട്ടെ. നി

ങ്ങൾ ഊൎമ്മിളാദേവിയുടെ മുറിയിൽ പോയിരിക്കണം. ഞാൻ മുകളിൽ പോയി ബാനർജ്ജിയുടെ മുറി ഒന്നുകൂടി നോക്കിയിട്ടുവരാം.

പ്രേമചന്ദ്രൻ മുകളിലേക്കു പോയി. ബാനർജ്ജി മരിച്ചുകിടക്കുന്ന മുറിയുടെ മുൻവശത്ത് മാനേജരും ഒരു ഡാക്ടരും പ്രേമചന്ദ്രനെ പ്രതീക്ഷിച്ചു നിൽക്കുകയായിരുന്നു.

പ്രേമ:—അകത്തു കടന്നു നോക്കണം.

ഡാക്ടർ അകത്തു കടന്നു നോക്കി.

ഡാക്ടർ—മരിച്ചുപോയെന്നു ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ.

പ്രേമ:—ഇല്ല.

ഡാക്ടർ വീണ്ടും പരിശോധിക്കുന്നു.

ഡാക്ടർ:—തലയ്ക്കാണു വെടികൊണ്ടതു്; വെടി ഏററയുടൻതന്നെ മരണവും സംഭവിച്ചു. വളരെ അടുത്തു നിന്നാണു വെടിവെച്ചതു്. ആത്മഹത്യ ആണെന്നു തോന്നുന്നു.

പ്രേമ:—എന്നു് എനിക്കു തോന്നുന്നില്ല; ബാനർജ്ജി സ്വരക്ഷയ്ക്കുവേണ്ടി ഒരു കൈത്തോക്കു കൊണ്ടുവന്നിരുന്നു; അതാ ആ പെട്ടിപ്പുറത്തിരിക്കുന്നു. അതിന്റെ ഒററ നിറപോലും ഒഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല, ഈയിടെയെങ്ങും അതുപയോഗിച്ചിട്ടുമില്ല. ഏതായാലും അങ്ങു പോകണം. ഇനിയും വേണ്ട കാൎയ്യങ്ങൾ ഞങ്ങൾ ചെയ്തുകൊള്ളാം.

ഇതിനകം മറെറാരു സി. ഐ. ഡി. ഇൻസ്പെക്ടർ ബാനർജ്ജിയുടെ അടുത്തെത്തി. ബാനർജ്ജി മാനേജരേയും ഡാക്ടരേയും അയച്ചശേഷം ഇൻസ്പെക്ടരോടുകൂടി മുറികൾക്കകം വീണ്ടും പരിശോധിക്കാൻ തുടങ്ങി. അദൃശ്യമായി ചുവരിലെങ്ങാനും വല്ല കൃത്രിമവും ചെ

യ്യിട്ടുണ്ടോ എന്നും ദ്വാരം ഉണ്ടോ എന്നും പരിശോധിച്ചു. രണ്ടാമതായി ജന്നലുകളുടേയോ വാതിലുകളുടേയോ ഇടയിൽ കൂടി വെടിവെയ്ക്കാൻ സൌകൎയ്യമുണ്ടോ എന്നു നോക്കി. മൂന്നാമത്തു് തട്ടിലെങ്ങാനും ദ്വാരം ഉണ്ടോ എന്നു പരിശോധിച്ചു. എത്ര സൂക്ഷ്മമായി പരിശോധിച്ചിട്ടും യാതൊരു മാൎഗ്ഗവും കണ്ടുകിട്ടിയില്ല.

പ്രേമചന്ദ്രൻ ചക്രവൎത്തിയുടെ മുറിയിലേക്കു പോയി.

ചക്ര:—ഭയങ്കരം! ഭയങ്കരം! ആത്മഹത്യയ്ക്കു തക്ക കാരണം എന്തു്! അല്പം മുമ്പു ഞാൻ അദ്ദേഹത്തിനെ കണ്ടു. പതിവുപോലെ പ്രസന്നനായിട്ടാണു ഞാൻ കണ്ടതു്.

പ്രേമ:—അതിരിക്കട്ടെ; ഞാൻ ചോദിക്കുന്നതിനെല്ലാം ഉത്തരം പറയണം. കുറേ മുമ്പു് നിങ്ങളും ബാനർജിയും മിസ്റ്റർ ബോസ്സും കൂടി തോട്ടത്തിൽ നിന്നു സംസാരിക്കുന്നതു കണ്ടല്ലോ. അപ്പോൾ അദ്ദേഹത്തിനു ദുഃഖം തോന്നത്തക്ക വല്ല സംഗതിയും നിങ്ങളോ മിസ്റ്റർ ബോസ്സോ പറഞ്ഞോ?

ചക്ര:—എനിക്കു സങ്കടം തോന്നത്തക്ക ചില സംഗതികൾ അദ്ദേഹം പറഞ്ഞതേയുള്ളു. ഏതായാലും എന്നോടൊന്നും ചോദിക്കരുതു്. എന്റെ ഹൃദയം തകൎന്നിരിക്കുന്നു. എനിക്കിതു സഹിക്കാൻ ശക്തിയില്ല.

പ്രേമ:—എന്നാൽ പിന്നെ മജിസ്ട്രേട്ട് ചോദിക്കുമ്പോൾ പറഞ്ഞാൽ മതി.

ചക്ര:—എന്നെ ഭയപ്പെടുത്തുന്നോ? ഒരിക്കൽ നിങ്ങളുടെ ജീവനെ രക്ഷിച്ചതിനുള്ള സമ്മാനമോ?

പ്രേമ:—ചുമതലയുള്ള ഒരു പോലീസ്സ് ഉദ്യോഗസ്ഥൻ അനുഷ്ഠിക്കേണ്ട ധൎമ്മം അനുഷ്ഠിക്കാതിരിക്കാൻ എനിക്കു നിവൃത്തിയില്ല. നിങ്ങളോടെന്നല്ല, ഈ പരിതഃസ്ഥിതിയിൽ ഗവൎണ്ണറോടുതന്നെയും ചോദി

ക്കേണ്ടതും ചോദിക്കാവുന്നതുമായ സംഗതികളാണ് ഞാൻ നിങ്ങളോടു ചോദിക്കുന്നതു്. എന്നുമാത്ര മല്ല, മജിസ്ട്രേട്ടെന്നു പറഞ്ഞാൽ നിങ്ങൾ ഭയപ്പെടു മെന്നും ഞാൻ വിചാരിച്ചില്ല. പറയാൻ മനസ്സു ണ്ടെങ്കിൽ പറയണം; നിങ്ങൾ തമ്മിൽ നടന്ന സംഭാഷണത്തിന്റെ വിഷയം എന്തായിരുന്നു?

ചക്രു:—അതെനിക്കു പറയാൻ നിവൃത്തിയില്ല. നിങ്ങൾ മിസ്റ്റർ ബോസ്സിനോടു ചോദിക്കണം.

പ്രേമചന്ദ്രൻ വക്കീൽ മിസ്റ്റർ ബോസ്സിനെ അന്വേ ഷിച്ചുപോയി. പക്ഷേ, മിസ്റ്റർ ബോസ്സ് അരമണി ക്കൂർ മുമ്പ് ലോഡ്ജിൽനിന്നു പുറത്തുപോയെന്നു് അദ്ദേ ഹത്തിന്റെ ഭൃത്യൻ പറഞ്ഞു.

ബാബു സുരേന്ദ്രനാഥബാനർജിയുടെ നേരിട്ട ദുമ്മര ണത്തെപ്പററി ഊർമ്മിളാദേവി വാസന്തിയോടു പറഞ്ഞു. ആ യുവതി അപ്രതീക്ഷിതമായ ആ വാർത്ത കേട്ടു് ഒന്നു ഞെട്ടി.

ഊർമ്മി:—അദ്ദേഹത്തിനു് അപകടം നേരിടുമെന്നു കാ ണിച്ചു പല കള്ളയെഴുത്തുകളും അദ്ദേഹത്തിനു കിട്ടിയിട്ടുണ്ടു്. അതുകൊണ്ടാണു് ഒരു ഡിററ ക്ററീവ് ഉദ്യോഗസ്ഥന്റെ സഹായം അദ്ദേഹം ആവശ്യപ്പെട്ടതു്. പക്ഷേ സഹായിക്കാൻ വന്ന യാൾ ഒരു പടുവിഡ്ഢി. അയാളുടെ കൺമുമ്പിൽ വെച്ചുതന്നെ ബാനർജിയെ കൊന്നു: അയാളോ, "എങ്ങിനെപററി, ഏതിലേ കയറി" എന്നു ചോ ദിച്ചുകൊണ്ടു് അങ്ങുമിങ്ങും നടക്കുന്നു. ഇതോടുകൂ ടിയെങ്കിലും അയാളെ ഉദ്യോഗത്തിൽനിന്നു പിരി ച്ചയച്ചെങ്കിൽ നന്നായിരുന്നു.

അവർ തുടൎന്നുപറഞ്ഞു. "പ്രേമചന്ദ്രബാനർജി നിന്റെ ഉററമിത്രമാണല്ലോ; അയാളോടു ചോദിച്ചാൽ

"ഭീകരസംഘം" എന്നു പറയും. തനിക്കു കണ്ടുപിടിക്കാൻ കഴിയാത്ത കാൎയ്യങ്ങളെല്ലാം ഭീകരസംഘം ചെയ്തതാണു്. തന്റെ കൊള്ളരുതായ്മയല്ല, സംഘത്തിന്റെ സാമൎത്ഥ്യമാണെന്നു വമ്പുപറയും...............ഞാൻ നിന്നോട്ട് ഒരു സംഗതി പറയണമെന്നു നാലഞ്ചുദിവസമായി വിചാരിക്കുന്നു. സ്ത്രീകളായാൽ ബാല്യത്തിൽ അവൎക്കു പല വിഡ്ഢിത്തങ്ങളും പററും. പ്രായമാകുമ്പോൾ അവർ അതിനെപ്പററി ലജ്ജിക്കുകയും ചെയ്യും. ഇങ്ങനെയുള്ള ഒരു സംഭവം എന്നെ സംബന്ധിച്ചും ഞാൻ ഒരു ബാലികയായിരുന്നപ്പോൾ ഉണ്ടായി. പ്രേമചന്ദ്രൻ നമ്മുടെ വീട്ടിൽ വന്നിരുന്നപ്പോൾ അതിനെപ്പററി എന്നെ ഓൎമ്മിപ്പിച്ചു. അതെന്താണെന്നു നിന്നോടു ഞാൻ ഇപ്പോൾ പറയുന്നില്ല. അതെല്ലാം ഇരിക്കട്ടെ, നിന്റെ മുറിയിൽ എന്താണുണ്ടായതു്?

വാസ:—ഞാൻ ചെന്നപ്പോൾ അദ്ദേഹം (പ്രേമചന്ദ്രൻ) മുറി തുറക്കാൻ ശ്രമിച്ചുകൊണ്ടുനിൽക്കുകയായിരുന്നു. ഇവിടത്തെ ഒരു വേലക്കാരി മുറിക്കകത്തു രണ്ടോ മൂന്നോ വെടി തീൎന്ന ശബ്ദം കേട്ടെന്നു പറഞ്ഞു. അകത്തു കടന്നു നോക്കിയപ്പോൾ ഒരുകെട്ടു കടലാസ്സ് അതിനകത്തു കിടന്നു കത്തുന്നതും കുറേ പുകയും അല്ലാതെ ഒന്നും കണ്ടില്ല.

വാസന്തി സംഭാഷണം തുടൎന്നില്ല. എന്തെന്നാൽ ചക്രവൎത്തി അകത്തേക്കു കടന്നു.

ചക്ര:—എന്തുകഷ്ടം! എല്ലാവരും പോയിത്തുടങ്ങി; രണ്ടാഴ്ച താമസിക്കാൻ വന്നവർപോലും പൊയ്ക്കഴിഞ്ഞു. എന്തൊരു സങ്കടം!

ഊൎമ്മി:—ഞാനും അതിരാവിലെ പോകുന്നു.

ഊൎമ്മിളാദേവി ചക്രവൎത്തിയേയും വിളിച്ചുകൊണ്ടു പുറത്തേക്കു പോയി. അവർ അല്പം കഴിഞ്ഞു തിരിച്ചു വന്നപ്പോൾ വാസന്തി ഇപ്രകാരം പറഞ്ഞു.

വാസ:—തന്റെ സ്നേഹിതനെ ആരോ കൊന്നെന്നു് അറിഞ്ഞിട്ടും ആ മനുഷ്യനു് അല്പംപോലും കുണ്ഠിതം ഇല്ലല്ലൊ.

ഊർമ്മി:—അയാരം എന്തുവേണം? നെഞ്ചിൽ അടിച്ചു കരയണോ? നിന്റെ സി. ഐ. ഡി ക്കാരനെ ഞാൻ ഇപ്പോൾ കണ്ടു. നിന്നെക്കാണാൻ ഇങ്ങോട്ടു വരട്ടെ എന്നു ചോദിച്ചു. നിനക്കു വിരോധമില്ലല്ലൊ.

നിഷേധസൂചകമായി അവരം തലയാട്ടി.

ഊർമ്മി:—നിന്നോടു ചോദിച്ചു് എന്തു തെളിവു വാങ്ങാനാണു്, ആവോ?

വാസന്തി മറുപടി പറയുന്നതിനുമുമ്പു ബാനർജി അകത്തുകടന്നു.

ഊർമ്മി:—വല്ല തെളിവും കിട്ടിയോ?

പ്രേമ:—ഒന്നും കിട്ടിയില്ല: ബാനർജിയെ ആരോ വെടിവെച്ചു കൊന്നെന്നു മാത്രം അറിയാം.

ഊർമ്മി:—മുറിക്കകത്തു് ആരുമില്ലായിരുന്നെന്നും വെടികേട്ടു് ഓടിച്ചെന്നപ്പോൾ നിങ്ങളെ മാത്രമാണു വാതുക്കൽ കണ്ടതെന്നും മാനേജർ പറഞ്ഞു.

പ്രേമ:—എന്നെയോ! അക്കാര്യം ഞാൻ അത്ര ശ്രദ്ധിച്ചില്ല.

എന്നു് എന്തോ വ്യംഗ്യാത്ഥം സങ്കല്പിച്ചുകൊണ്ടു മറുപടിപറഞ്ഞു.

ഊർമ്മി:—മിസ്റ്റർ ചക്രവത്തിയും അങ്ങിനെതന്നെ പറഞ്ഞു. അതിരിക്കട്ടെ; ആ മുറി പുറമേനിന്നു പൂട്ടിയിരുന്നില്ലേ? അതെന്തിനു്?

പ്രേമ:—അതിനെപ്പററി ഞാനും ആലോചിക്കാതിരുന്നില്ല. പക്ഷേ, ഒരു തുമ്പും കിട്ടിയില്ല. ഏതാ

യാലും പൂട്ടിയിരുന്ന കതകിൻെറ താക്കോൽ മുറി
ക്കകത്തുതന്നെ ഉണ്ടായിരുന്നു.

ഊർമ്മി:—താക്കോൽ ആഫീസുമുറിയിൽ ഒരു ആണിയിൽ കിടപ്പുണ്ടായിരുന്നെന്നു മാനേജർ പറയുന്നു; മുറിക്കകത്തുണ്ടായിരുന്നെന്നു നിങ്ങളും പറയുന്നു.

പ്രേമചന്ദ്രൻെറ ക്ഷീണിച്ചിരുന്ന മുഖം എന്തോ ഒരു തുമ്പു കിട്ടിയതുപോലെ അല്പം പ്രസന്നമായി. അദ്ദേഹം അറിയാതെ "അങ്ങനെ വരട്ടെ" എന്നു പറഞ്ഞുപോയി.

ഊർമ്മി:—എങ്ങനെ വരട്ടെ?

പ്രേമ:—എൻെറ ഒരു വലിയ ഭാരം നിങ്ങൾ നീക്കിത്തന്നു. എൻെറ മനസ്സിന്നു വലുതായ സ്വാസ്ഥ്യം കിട്ടി. താക്കോലിനെപ്പററി എനിക്കൊരു തുമ്പും ഇല്ലായിരുന്നു. അദ്ദേഹത്തിൻെറ മുറിയിൽ ഉണ്ടായിരുന്നെന്നു ഞാൻ പറഞ്ഞതു വെറുതെയാണു്. എന്നെപ്പോലെയുള്ളവക്ക് ചിലപ്പോഴെല്ലാം കള്ളം പറയാതെ നിവൃത്തിയില്ലല്ലോ. (അനന്തരം വാസന്തിയുടെ നേരെ തിരിഞ്ഞു്) ഞാൻ ഒട്ടധികം സംഗതികളെപ്പററി ചോദിക്കാൻ തുടങ്ങുകയായിരുന്നു. പക്ഷേ, ഇപ്പോൾ ഒട്ടുമുഴുവനും മനസ്സിലായി. ഇനിയും ഒരു കാര്യം മാത്രമേ അറിയാതെയുള്ളു. ബാനർജിയെ വെടിവെച്ചവൻ രക്ഷപ്പെട്ടതെങ്ങിനെ?

ഊർമ്മി:—അതൊരു പ്രധാന സംഗതിയാണു്.

പ്രേമ:—പ്രാധാന്യമുള്ളതെന്നും ഇല്ലാത്തതെന്നും പറയാം. ഞാൻ ആലോചിക്കുന്ന മററൊരു കാര്യം മിസ്റ്റർ ശരച്ചന്ദ്രബോസ്സ് എന്തു കൊണ്ടാണു പെട്ടെന്നു പൊയ്ക്കളഞ്ഞതു്, അതിന്നും പുറമെ ബദ്ധപ്പെട്ടുപോയി രണ്ടു മൈൽ അകലെയുള്ള പോലീ

സ്സ്റ്റേഷനിൽ ചെന്നു് അദ്ദേഹത്തിൻെറ ഒരു വാച്ച് മോഷണം പോയെന്നു് അറിയിക്കുകയും ചെയ്തിരിക്കുന്നു.

ഊൎമ്മിളാദേവിയുടെ മുഖം മ്ലാനമായി.

ഊൎമ്മി:—നിങ്ങൾ ഒരു മായാമനുഷ്യൻ തന്നെ.

പ്രേമ:—അല്ല; ഇവിടെയിരുന്നയാൾ കൊലപാതകം നടന്ന സമയത്തു പോലീസ്സ്റ്റേഷനിൽ നിൽക്കത്തെവണ്ണം ബദ്ധപ്പെട്ടു പോയല്ലോ; ആയാളാണു മായാമനുഷ്യൻ.

---

## അദ്ധ്യായം ൧൭

---

അന്വേഷണം.

പിറേറന്നു കാലത്തു് കമ്മിഷണരേയും സി. ഐ. ഡി. സൂപ്രണ്ടിനേയും കാണുന്നതിനായി ബാനർജി അവരുടെ വസതികളിലേക്കു പോയി. പത്തുമണിക്കു് അദ്ദേഹം ലോഡ്ജിൽ തിരിച്ചുവന്നപ്പോൾ അതിഥികളെല്ലാം പൊയ്ക്കഴിഞ്ഞു. അവിടത്തെ സ്ഥിരതാമസക്കാരിൽ എട്ടുപത്തു പേർ മാത്രമേ അപ്പോൾ ഹോട്ടലിൽ ഉണ്ടായിരുന്നുള്ളു. ഇൻസ്പെക്ടർ റൌച്ചു്, ബാനർജിയെ പ്രതീക്ഷിച്ചു നിൽക്കുകയായിരുന്നു. ബാനർജി ഒരു കസേര നീക്കിയിട്ടു് ഇരുന്നുകൊണ്ടു് പോക്കററിൽ നിന്നു് ഒരു പൊതി എടുത്തു് മേശപ്പുറത്തു വെച്ചു.

ഇൻ:—അതെന്താണു്?

പ്രേമ:—നോക്കി മനസ്സിലാക്കണം. (വാസന്തിയുടെ മുറിയിൽ കത്തിക്കൊണ്ടിരുന്ന കടലാസ്സുകളിൽ ചിലതായിരുന്നു അതു്)

പ്രേമ:—കൊല നടക്കുമ്പോൾ ഞാൻ വാതലരികിൽ ഉണ്ടായിരുന്നു. എന്നെ അവിടെ നിന്നു് അക

ററാൻ വേണ്ടിയാണ് വാസന്തിയുടെ മുറിയിൽ ബഹളം ഉണ്ടാക്കിയത്. എന്റെ വിഡ്ഢിത്തംകൊണ്ടു ഞാൻ ഓടിപ്പോവുകയും ചെയ്തു. ഞാൻ പോയപ്പോൾ ബാനർജിയുടെ മുറിയിൽ എന്തോ സംഭവിച്ചു.

ഇൻ:—മറെറന്തു സംഭവിക്കാനാണ്? ഘാതകൻ ഓടി രക്ഷപ്പെട്ടു. അത്രതന്നെ.

പ്രേമ:—ഘാതകൻ എങ്ങും പോയില്ല. എന്തുകൊണ്ടെന്നാൽ അവൻ ആ മുറിക്കകത്തില്ലായിരുന്നു. മിസ്റ്റർ റൌച്ച്, നിങ്ങൾക്ക് ഒരു മനുഷ്യനുവേണ്ട കാര്യങ്ങളിൽ തലച്ചോറൊഴിച്ചു ബാക്കിയെല്ലാം ഉണ്ട്. അതിരിക്കട്ടെ, ഈ അഭിപ്രായം നിങ്ങൾക്ക് എങ്ങിനെ കിട്ടി? സ്വന്തമല്ലെന്നു തീച്ചതന്നെ.

ഇൻ:—മാനേജരുടെ അഭിപ്രായമാണ് ഞാൻ പറഞ്ഞത്. വെടികേട്ടപ്പോൾ അങ്ങ് മാത്രമേ മുറിക്കടുത്തുണ്ടായിരുന്നുള്ളല്ലോ. അതിലും അദ്ദേഹം അത്ഭുതപ്പെടുന്നു.

പ്രേമ:—പോയി ആയാളെ ഇങ്ങു വിളിച്ചുകൊണ്ടു വരിക; എനിക്ക് അയാളോടു സംസാരിക്കേണ്ടിയിരിക്കുന്നു.

മാനേജരെയും കൂട്ടിക്കൊണ്ട് ഇൻസ്പെക്ടർ വന്നു.

പ്രേമ:—വെടികേട്ടു നിങ്ങൾ ഓടിവന്നപ്പോൾ ഞാൻ മുറി തുറക്കാൻ ശ്രമിച്ചുകൊണ്ടു നിൽക്കുകയായിരുന്നില്ലേ?

മാനേ:—ഞാൻ മിസ്റ്റർ റൌച്ചിനോടു പറഞ്ഞതെല്ലാം അങ്ങു കാര്യമായി കരുതുന്നോ? അങ്ങ് അവിടെ ഉണ്ടായിരുന്നെന്നു പറഞ്ഞതുകൊണ്ട് അങ്ങ്........

പ്രേമ:—നിങ്ങളുടെ അഭിപ്രായം എന്തായാലും എനിക്ക് അതിനെപ്പററി ആലോചിക്കേണ്ടതില്ല. അതിരി

ക്കട്ടെ. ഞാൻ നിങ്ങളെക്കണ്ടയുടൻ പുറമെനിന്നു പൂട്ടിയിരുന്ന മുറിയുടെ താക്കോൽ ചോദിച്ചില്ലേ?

മാനേ:—ചോദിച്ചു.

പ്രേമ:—നിങ്ങൾ എന്തു ചെയ്തു?

മാനേ:—ഞാൻ പോയി വേറൊരു താക്കോൽ കൊണ്ടു വന്നു.

പ്രേമ:—അതാരാണു സൂക്ഷിച്ചിരുന്നതു്.

മാനേ:—സ്റ്റോർകീപ്പർ.

പ്രേമ:—(ഇൻസ്പെക്ടറോട്ട്) നിങ്ങൾ പോയി അയാളെ ഇങ്ങു വിളിക്കണം.

അല്പം കഴിഞ്ഞു സ്റ്റോർകീപ്പർ അവിടെവന്നു.

പ്രേമ:—ബാനർജി ഉപയോഗിച്ചിരുന്ന മുറിക്കു രണ്ടു താക്കോൽ ഉണ്ടോ?

സ്റ്റോർ:—(മാനേജരുടെ മുഖത്തുനോക്കിയശേഷം) ഉണ്ട്.

പ്രേമ:—അതെവിടെ?

സ്റ്റോർകീപ്പർ പോക്കററിൽനിന്നു് ഒരു താക്കോൽ എടുത്തുകൊടുത്തു. പ്രേമചന്ദ്രൻ ഇൻസ്പെക്ടറേയും മാനേജരേയും സ്റ്റോർകീപ്പറേയും വിളിച്ചുകൊണ്ടു മുകളിലേക്കു പോയി. സ്റ്റോർകീപ്പർ കൊടുത്ത താക്കോൽകൊണ്ടു മുറി തുറക്കാൻ സാധിച്ചില്ല.

പ്രേമ:—ഈ താക്കോൽ ഇതിനുള്ളതല്ല. ഇതിന്റെ താക്കോൽ എവിടെ?

സ്റ്റോർകീപ്പർ വീണ്ടും മാനേജരുടെ മുഖത്തേക്കു നോക്കി.

സ്റ്റോർ:—എനിക്കു നിശ്ചയമില്ല; പക്ഷേ, ക്ലാർക്കിന്റെ കയ്യിൽ കണ്ടേക്കും.

പ്രേമ:—പോയി അയാളെ ഇങ്ങോട്ടയക്കൂ.

മാനേ—അങ്ങ് എന്തെങ്കിലും സംശയിച്ചുകൊണ്ടു താക്കോൽ ചോദിക്കുകയാണോ?

പ്രേമ:—മിസ്റ്റർ ബാനർജിയുടെ കയ്യിൽ താക്കോൽഇല്ലാതെ അദ്ദേഹത്തിന് അതു പൂട്ടാൻ സാധിക്കുകയില്ല. ഒരു പക്ഷേ പുറമേനിന്നു മററാരെങ്കിലും പൂട്ടിയിരുന്നെന്നും അദ്ദേഹം അതിനെപ്പററി അത്ര കാര്യമായി ആലോചിച്ചില്ലെന്നും വരാം. മററാരെങ്കിലും പൂട്ടിയെന്നുള്ളതാണ് അധികം സംഭാവ്യം. എന്നു മാത്രമല്ല, നിങ്ങളുടെ ആഫീസ്മുറിയിൽ ഇരുന്നവരെ അദ്ദേഹം ഫോണിൽവിളിച്ചു. "ആരാണ്" എന്ന് അദ്ദേഹം ചോദിക്കുന്നതു ഞാൻ കേൾക്കുകയും ചെയ്തു. ഏതായാലും ഫോണിൽ വിളിച്ചു ചോദിച്ചതും വെടി തീർന്നതും പെട്ടെന്നു കഴിഞ്ഞു.

മാനേജരുടെ മുഖം വാടി വിയർത്തു.

പ്രേമ:—മുറി പൂട്ടിയതു നിങ്ങളായിരുന്നെന്നും ഞാൻ താക്കോൽ ചോദിച്ചപ്പോൾ അതു പോക്കററിൽ സൂക്ഷിച്ചുകൊണ്ട് എന്നെ വഞ്ചിക്കാൻ വേണ്ടിയാണ് നിങ്ങൾ താഴേക്കു പോയതെന്നും ഞാൻ ഖണ്ഡിച്ചുപറയുന്നു.

മാനേ:—അങ്ങ് സ്വരക്ഷയ്ക്കുവേണ്ടി പച്ചക്കള്ളങ്ങൾ സൃഷ്ടിക്കുന്നതു കഷ്ടമാണ്. എനിക്കു മുറി പൂട്ടേണ്ട ആവശ്യമില്ല; ഞാൻ പൂട്ടിയുമില്ല. അങ്ങാണ് വാതുക്കൽ കാത്തുനിന്നതു്.

പ്രേമ:—ഹേ! ഭയങ്കരമനുഷ്യാ! നിങ്ങളെ ശ്വാസംമുട്ടിക്കുന്നതിനു വേണ്ടിടത്തോളം നീളമുള്ള കയറ് എന്റെ കയ്യിൽ കിട്ടിക്കഴിഞ്ഞു. കുറേക്കൂടി തെളിച്ചുപറയുകയാണെങ്കിൽ ബാനർജിയെ നിങ്ങൾ വെടിവെച്ചു കൊന്നുവെന്നു സ്ഥാപിക്കാനുള്ള തെളിവുകൾ എനിക്കു കിട്ടിക്കഴിഞ്ഞു. (ഈ ഘട്ടത്തിൽ ഒരു സംഗതി വായനക്കാരെ പ്രത്യേകം അറിയിക്കേണ്ടിയി

രിക്കുന്നു. സംഭാഷണമദ്ധ്യെ അപ്രതീക്ഷിതമായി മമ്മസ്പൃക്കായ വാൎത്തകരം പൊട്ടുന്നനെ പറയുകയും കേരംക്കുന്നയാളുടെ മുഖത്തു പ്രത്യക്ഷമാകുന്ന വികാരങ്ങരം സൂക്ഷിച്ചു മനസ്സിലാക്കുകയും ചെയ്യുന്നതു് പ്രേമചന്ദ്രബാനർജിയുടെ ഒരു സാധാരണ നയമാണു്. ഇതു് അദ്ദേഹത്തിന്റെ വിജയത്തിനു വളരെ സഹായിക്കാറും ഉണ്ടു്) നിങ്ങളെ ഇപ്പോരം തന്നെ പോലീസ്സ്സ്റ്റേഷനിലേക്കു കൂട്ടിക്കൊണ്ടു പോകാം. പക്ഷേ, തല്ക്കാലം ഞാൻ അതു ചെയ്യുന്നില്ല. അടുത്തുതന്നെ അതും വേണ്ടിവരും. ബാനർജിയെ കൊന്നതു നിങ്ങളല്ലെങ്കിൽ അതിനു വേണ്ട ആലോചന നടത്തിയവരിൽ ഒരാരം നിങ്ങളാണെന്നു തീച്ചതന്നെ. എന്റെ അനുമാനങ്ങരം ശരിയാണെങ്കിൽ റാംസിങ്ങിന്റെ അനുഭവംതന്നെ നിങ്ങരംക്കും ഉണ്ടാകാതെ നിവ്വാഹമില്ല.

മാനേ:—ങ്ഹാ!

മാനേജർ മേശപ്പുറത്തിരുന്ന ഒരു ചുററിക പെട്ടെന്നെടുത്തു് ബാനർജിയുടെ ശിരസ്സിനെ ലക്ഷ്യമാക്കി ഊക്കോടെ പ്രഹരിച്ചു. പക്ഷേ, ബാനർജി സാമത്ഥ്യത്തോടുകൂടി ഒഴിഞ്ഞുമാറി, മാനേജരുടെ കണ്ഠത്തിൽ പിടിച്ചു ഞെരിച്ചുകൊണ്ടു് ശിരസ്സിനെ പിന്നോക്കം മലത്തി. അയാരം പിടി വിടുവിക്കുവാൻ വളരെ പണിപ്പെട്ടു. ബാനർജി സ്വയം പിടി വിട്ടപ്പോരം അയാരം ശ്വാസോച്ഛ്വാസം നിന്നവനെപ്പോലെ ക്ഷീണിച്ചു തറയിൽ വീണു.

പ്രേമ:—ദുഷ്ടന്മാരോടു സൌജന്യം കാണിക്കരുതെന്നു താൻ എന്നെ പഠിപ്പിച്ചു.

അല്പം കഴിഞ്ഞു മാനേജർ എഴുന്നേററിരുന്നു. അയാരം അപ്പോഴും മലമ്പനി പിടിപെട്ടവനെപ്പോലെ വിറച്ചുകൊണ്ടിരുന്നു.

മാനേ:—ക്ഷമിക്കണേ; എന്നെ അങ്ങ് അന്യായമായി പഴിച്ചതുകൊണ്ട് ഞാൻ സാഹസംചെയ്തുപോയി. ഏതായാലും അങ്ങ് എന്നെ ഹിംസിച്ചതിനെ പ്പററി ഞാൻ കമ്മിഷണരോടു പരാതിപ്പെടും.

പ്രേമ:—ഇപ്പോൾതന്നെ പോകാം; എന്റെ കാറിൽ കൊണ്ടുപോകാം.

മാനേജർ മറുപടി പറയാതെ എഴുന്നേററു് അകത്തേക്കുപോയി.

ഇൻ:—സാധു അർദ്ധപ്രാണനായി. അയാൾ പരാതിപ്പെടുന്നപക്ഷം കുഴപ്പം ഉണ്ടാകും.

പ്രേമ:—നിങ്ങൾക്കു ഭ്രാന്തുണ്ടോ? കമ്മിഷണറാഫീസിൽ എത്തിനോക്കാൻ അവൻ ധൈര്യപ്പെടുമോ? അവൻ എന്റെ നേരെ ചെയ്ത ദ്രോഹം അവനു മറക്കാൻ സാധിക്കുമോ?

അനന്തരം ബാനർജി അകത്തുകടന്നു് തന്റെ സാമാനങ്ങൾ എടുത്തു കാറിൽ വെയ്ക്കാൻ ചട്ടംകെട്ടി.

മാനേ:—അങ്ങു തരേണ്ട പണം തന്നില്ലല്ലൊ.

പ്രേമ:—ബാനർജിയുടെ മാനേജരുടെ പേക്കു് ബില്ലയക്കണം.

———

# അദ്ധ്യായം ൧൬

മരണപത്രം.

പ്രേമചന്ദ്രബാനർജി ലോഡ്ജിൽ നിന്നും നേരെ പുറപ്പെട്ടതു് വക്കീൽ മിസ്റ്റർ ശരച്ചന്ദ്രബോസ്സിൻെറ വസതിയിലേക്കാണ്.

ശര:—വരണം, ഇരിക്കണം; ബാനർജിയുടെ മരണത്തെപ്പററി അന്വേഷിക്കാനായിരിക്കാം വന്നതു്. ഞാൻ ഇന്നലെ കൊടുത്തയച്ച എഴുത്തു കിട്ടിയില്ലെന്നു തോന്നുന്നു.

പ്രേമ:—ഇല്ല.

ശര:—എനിക്കു് അറിയാവുന്ന സംഗതികൾ വിശദമായി പറയാം. ചോദിച്ചുകൊള്ളണം.

പ്രേമ:—ബാനർജിയെ ആരോ കൊന്നതിനു് അല്പം മുമ്പ് അദ്ദേഹവും നിങ്ങളും ചക്രവർത്തിയുംകൂടി തോട്ടത്തിൽവെച്ചു സംസാരിച്ചില്ലേ? ആ സംഭാഷണം കഴിഞ്ഞു് ഞാൻ അദ്ദേഹത്തിനെ കണ്ടപ്പോൾ അദ്ദേഹത്തിൻെറ പെരുമാററം വളരെ വ്യത്യാസപ്പെട്ടിരുന്നു. വളരെ സ്നേഹമായിക്കഴിഞ്ഞുകൂടിയ ഒരാൾക്കു പെട്ടെന്നു വന്ന ഭാവഭേദത്തിനു കാരണമെന്തെന്നു് എനിക്കു മനസ്സിലായില്ല. നിങ്ങളുടെ സംഭാഷണവിഷയം എന്തായിരുന്നു?

ശര:—ബാനർജിയുടെ ഭാവഭേദത്തിനു കാരണം അങ്ങു വാസന്തിയെ സ്നേഹിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞതാണ്.

പ്രേമ:—അതു പരമാർത്ഥമാണെന്നിരുന്നാൽ തന്നെയും ബാനർജിക്കു് ഈർഷ്യ തോന്നാൻ കാരണം ഇല്ലല്ലോ.

ശര:—അദ്ദേഹം അവളിൽ അനുരക്തനായിരുന്നു.

പ്രേമ:—ഒരിക്കലുമല്ല.

ശര:—അല്ലേ? അതുകൊണ്ടാണോ മരിച്ചതിന്റെ തലേദിവസം അദ്ദേഹത്തിന്റെ സ്വത്തുക്കളുടെ എല്ലാം ഏകാവകാശിനി വാസന്തിയാണെന്നു സ്ഥാപിച്ച് ഒരു മരണപത്രം എഴുതിവെച്ചതു്?

പ്രേമ:—എന്തു്? വാസന്തിക്കവേണ്ടി ഒരു മരണപത്രവും എഴുതിവെച്ചോ?

ശര:—വിൽ എന്റെ കയ്യിൽതന്നെയുണ്ടു്; ഞാൻതന്നെയാണു് അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം നക്കൽ എഴുതിയതു്; ഞാനും ചക്രവർത്തിയും അതിൽ സാക്ഷി നിന്നിട്ടുമുണ്ടു്. ഞാൻ വില്ലെഴുതരുതെന്നു വളരെ നിർബന്ധിച്ചിട്ടും അദ്ദേഹം സമ്മതിച്ചില്ല.

പ്രേമ:—എന്തെല്ലാം കാര്യങ്ങൾ ഉണ്ടാകുന്നു; മെയിൽ വണ്ടിയെക്കാൾ അധികം വേഗത്തിൽ ഞാൻ ജോലിചെയ്യേണ്ടിയിരിക്കുന്നു.

ശര:—വില്ലെഴുതിയതുകൊണ്ടു് അങ്ങേയ്ക്കെന്തു്?

പ്രേമ:—പലതും ഉണ്ടു്............ഇന്നു് എന്താഴ്ച? ബുധനല്ലേ; ബുധൻ, വ്യാഴം, വെള്ളി, ശനി, ഞായർ, നാലുദിവസം, 96 മണിക്കൂർ. അതിരിക്കട്ടെ, ചക്രവർത്തി എവിടെക്കാണും?

ശര:—ഇപ്പോൾ മെജസ്റ്റിക്ക് ഹോട്ടലിൽ കാണും.

പ്രേമ:—ചക്രവർത്തി അതിസമർത്ഥനായ ഒരു അനുകരണവിദഗ്ദ്ധനാണു്.

ശര:—ആണോ?

പ്രേമ:—ആണെന്നോ? അതിസമർത്ഥൻ.

ശര:—എന്നുവെച്ചാൽ ബാനർജിയുടെ കള്ള ഒപ്പിട്ടു് ഒരു വിൽ ചക്രവർത്തി ഉണ്ടാക്കിയെന്നാണോ അങ്ങു

സൂചിപ്പിക്കുന്നതു്? ഇത്തരം അസംബന്ധങ്ങൾ പറയുന്ന ഒരു സി. ഐ. ഡി ഉദ്യോഗസ്ഥനെ ചില പ്രഹസനങ്ങളിലല്ലാതെ കാണുകയില്ലെന്നാണു് ഞാൻ ഇതുവരെ വിചാരിച്ചിരുന്നതു്.

പ്രേമ:—പ്രഹസനമല്ല; ദുഃഖപര്യവസായിയായ ഒരു ഭയങ്കരനാടകമാണു്. ഇതിന്റെ ഒടുവിലത്തെ രംഗത്തിൽ ഒട്ടധികം ഭയങ്കരവേഷക്കാർ വിലങ്ങു ധരിച്ചുനില്ക്കുന്നതും, പലരും ഭ്രാന്തനെന്നു പഴിച്ചുവന്ന ഒരുവൻ വിജയപതാകയും ഉയർത്തിക്കൊണ്ടുനില്ക്കുന്നതും കാണാം. സ്വന്തം ഭാര്യയ്ക്കു വിഷം കൊടുത്തു കൊന്ന ഒരു സത്യേന്ദ്രന്റെ കഥ കേട്ടിട്ടില്ലേ? അയാൾ ഒരു വക്കീലായിരുന്നു. പക്ഷേ അയാളെയും തൂക്കിക്കൊന്നു.

പ്രേമചന്ദ്രബാനർജി പോയഉടൻ ശരച്ചന്ദ്രബോസ്സ് ഊർമ്മിളാദേവിയുടെ ഗൃഹത്തിലേക്കു തിരിച്ചു. ഊർമ്മിളാദേവി വാസന്തിയുമായി സംഭാഷണം ചെയ്തുകൊണ്ടിരിക്കുമ്പോഴാണു് അയാൾ അവിടെ എത്തിയതു്.

ഊർമ്മി:—ഉത്സവം കണ്ടുല്ലസിക്കാൻ സാധിക്കാത്തതിൽ എനിക്കു വളരെ കുണ്ഠിതം തോന്നുന്നു. അതുകൊണ്ടു് ഒരു മാസം നമുക്ക് മറെറവിടെയെങ്കിലും പോയി താമസിക്കണം. റംഗ്രൂണിലേക്കു തന്നെ പോകാം. നീ ഒരുമാസത്തെ താമസത്തിനു വേണ്ട സൌകര്യങ്ങൾ ചെയ്യുന്നതിന് അവിടത്തെ ഇംപീരിയൽ ഹോട്ടലിലേക്ക് ഇന്നുതന്നെ എഴുതി അയക്കണം. മൂന്നു മുറികൾ ഒഴിച്ചിടാൻ പറയണം. നിനക്കും ഒരു മാററം ഗുണകരമായിരിക്കും. (പടിക്കലേക്കു നോക്കിയിട്ടു്) അതാ നമ്മുടെ വക്കീൽ വരുന്നു. എന്തോ കാര്യമുണ്ടു്, ബദ്ധപ്പെട്ടാണു വരുന്നതു്.

ശരച്ചന്ദ്രബോസ്സ് അകത്തു കടന്നയുടൻ ഊർമ്മിളാ ദേവി അയാളേയും കൂട്ടിക്കൊണ്ടു മറെറാരു മുറിയിലേക്കു പോയി. ഒരു മണിക്കൂറോളം അവർ തമ്മിൽ സ്വകാര്യസംഭാഷണം നടന്നു. അനന്തരം വാസന്തിയെ വിളിച്ച് സുരേന്ദ്രനാഥബാനർജിയുടെ വില്ലിന്റെ കാര്യം അവളെ ധരിപ്പിച്ചു.

വാസ:—എന്തു്? എനിക്കു് അറുപതുലക്ഷം ഉറുപ്പികയുടെ സ്വത്തോ? ഒരിക്കലും സംഭവിക്കുകയില്ല. എന്നെ കളിയാക്കുകയാണു്.

ശര:—അതിരിക്കട്ടെ; വിൽ നടപ്പിൽ വരുത്തേണ്ടതും നിങ്ങൾതന്നെയാണു്. നിങ്ങൾക്കുവേണ്ടി വേണ്ട നടപടികൾ നടത്താൻ എന്നെ അധികാരപ്പെടുത്തണം. അതു പറയാനാണു് ഞാൻ ഇങ്ങോട്ടു വന്നതു്.

ഊർമ്മി:—അദ്ദേഹം ഇവളെ ഇത്രമാത്രം സ്നേഹിച്ചിരുന്നെന്നു് ആരറിഞ്ഞു? ഏതായാലും നീ ഭ്രാന്തുപിടിക്കാതെ മുകളിലേക്കു പോകൂ. നിനക്കുവേണ്ടി ഞാൻ ഇദ്ദേഹവുമായി സംസാരിക്കാം.

വാസന്തി പെട്ടെന്നു് അവളുടെ മുറിയിലേക്കു പോയി. അവൾ കേട്ടതെന്തു്? അറുപതുലക്ഷം ഉറുപ്പികയുടെ സ്വത്തു് അധീനമായെന്നു്. അത്ഭുതംകൊണ്ടു് അവൾ പരവശയായി. മുറിക്കകത്തുണ്ടായിരുന്ന സാമാനങ്ങൾ ഓരോന്നായി അവൾ നോക്കി. താൻ സ്വപ്നം കാണുകയാണെന്നു് അവൾക്കു തോന്നി. അനന്തരം അവൾ ജനലരികിൽ നിന്നുകൊണ്ടു് റോഡിലേക്കു നോക്കി. ഒരാൾ അവൾക്കു് അഭിമുഖമായിനിന്നു് അവളെ അഭിവാദ്യം ചെയ്തു. മിസ്റ്റർ പ്രേമചന്ദ്രബാനർജിയുടെ അഭിവാദനത്തിനു അവൾ സമുചിതമായവണ്ണം പ്രത്യുപ

ചാരംചെയ്തു. ബാനർജി തന്റെ കയ്യിൽ ഇരുന്ന ഒരു വർത്തമാനപ്പത്രത്തിന്റെ ആദ്യത്തെ പുറം നിവർത്തി അവളുടെ നേരെ കാട്ടി. തലേദിവസം പ്രസിദ്ധംചെയ്ത ബങ്കാളിപത്രത്തിന്റെ ആദ്യവശത്തു് കണ്ടതു് ഒരു കമ്പനിക്കാർ തങ്ങളുടെ സാമാനങ്ങൾ പകുതിവിലയ്ക്കു് അടുത്തുള്ള ഒരു പൊതുസ്ഥലത്തുവെച്ചു വിൽക്കാൻ തീർച്ചയാക്കിയിരിക്കുന്നതിൻെറ പരസ്യം ആയിരുന്നു. ആ വിവരം അവൾ മനസ്സിലാക്കുകയും ചെയ്തു. അനന്തരം അദ്ദേഹം മൂന്നു വിരലുകൾ മാത്രം നീട്ടിക്കാണിച്ചു; അതിനുംപുറമെ അവിടെ എത്തണമെന്നും ആംഗ്യം കൊണ്ടു മനസ്സിലാക്കി. അതിനാൽ മൂന്നുമണിക്കു് ആ വിടെ എത്തണമെന്നാണു് ആംഗ്യനിർദ്ദേശമെന്നു് അവൾ വ്യാഖ്യാനിച്ചു. താൻ ധരിപ്പിച്ച കാര്യങ്ങൾ പുറത്തുപറയരുതെന്നുകൂടി അവളെ മനസ്സിലാക്കിയിട്ടു് ബാനർജി അവിടെനിന്നു നിർഗ്ഗമിച്ചു.

വാസന്തി ഊർമ്മിളയുടെ മുറിയിലേക്കു പോയി. മുറി ചാരിയിരുന്നതിനാൽ അകത്തു നടക്കുന്ന സംഭാഷണം ശ്രദ്ധിച്ചുകൊണ്ടു് അവൾ വാതിലരികിൽ നിന്നു. അല്പനേരം അവിടെ നിന്നശേഷം അവൾ പ്രധാന മുറിയിലേക്കു പോയി. അവിടെ ഊർമ്മിളാദേവിയുടെ ഒരു എണ്ണച്ഛായപ്പടം ചുവരിൽവെച്ചിരുന്നതു് (പ്രേമചന്ദ്രന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ച പടം) കാണ്മാനില്ലായിരുന്നു. വാസന്തി ചുവരിൽ ദൃഷ്ടിയുറപ്പിച്ചു് പടത്തിന്റെ അന്തർദ്ധാനത്തെപ്പററി ആലോചിച്ചുകൊണ്ടു നില്ക്കുമ്പോൾ ശരച്ചന്ദ്രബോസ്സും ഊർമ്മിളയും മുറിക്കകത്തു കടന്നു.

ഊർമ്മി:—അവിടെ വെച്ചിരുന്ന പടം നോക്കുകയാണു്, അല്ലേ? അതു ഞാൻ മാററിക്കളഞ്ഞു. അതു കാണുമ്പോൾ എന്റെ പ്രായാധിക്യം ഞാൻ അറിയുന്നു. അതുകൊണ്ടാണു മാററിയതു്. അതിരി

ക്കട്ടെ; ഞങ്ങഠം ഇതുവരെ നിന്റെ ഭാഗ്യത്തെപ്പററി സംസാരിക്കുകയായിരുന്നു. നിൻെറ കാര്യങ്ങഠം നടത്താൻ നീ ശരച്ചന്ദ്രബോസ്സിനെത്തന്നെ ചുമതലപ്പെടുത്തണം.

വാസ:—എനിക്കു് ആകപ്പാടെ ഭ്രാന്തുപിടിച്ചിരിക്കുന്നു. ബാനർജിയുടെ സ്വത്തുക്കഠം എനിക്കു നീക്കിവെയ്ക്കാൻ കാരണമെന്തെന്നു് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. ആകപ്പാടെ ഇതു വിശ്വസിക്കാൻതന്നെ പ്രയാസമായിരിക്കുന്നു.

ഊർമ്മി:—നിനക്കു തന്നതു് ഉചിതമായി; ഇല്ലെങ്കിൽ കണ്ടമാനം പോകുമായിരുന്നു.

ശരച്ചന്ദ്രബോസ്സ് രണ്ടു കടലാസ്സുകഠം മേശപ്പുറത്തു വെച്ചു.

ശര:—ഓരോന്നിലും ഒടുവിൽ പേരെഴുതിയിരിക്കുന്നതിനു മുകളിലായി ഒപ്പിട്ടുതരണം. ഇതിൽ ആദ്യത്തേതു് വില്പനുസരിച്ചുള്ള ചുമതലകഠം കയ്യേററിരിക്കുന്നുവെന്നു കാണിക്കുന്നതും രണ്ടാമത്തേതു കാര്യങ്ങഠം നടത്താൻ എന്നെ അധികാരപ്പെടുത്തുന്നതും ആണ്. തൽക്കാലം ഇതു രണ്ടും മതി. താമസിയാതെ ഒരു മുക്ത്യാർ രജിസ്റ്റർചെയ്യണം. ഏതായാലും ഇതു രണ്ടും ഒപ്പിട്ടാൽ നിങ്ങളുടെ ഭാരം നീങ്ങും.

വാസന്തി ഒപ്പിടാനായി പേനാ കയ്യിൽ എടുത്തു; പക്ഷേ, എന്തുകൊണ്ടോ അവഠംക്കു ധൈര്യം ഉണ്ടായില്ല.

വാസ:—ഇപ്പോഠം തന്നെ ഒപ്പിടണമെന്നു നിർബ്ബന്ധമുണ്ടോ? എൻെറ മനസ്സ് ആകപ്പാടെ പതറുന്നു. വൈകിട്ടു് ഒപ്പിട്ടുതന്നാൽ മതിയെങ്കിൽ രണ്ടും ഇവിടെത്തന്നെ ഇരിക്കട്ടെ.

ശര:—ധാരാളം മതി; ഇന്നൊന്നും ചെയ്യാൻ സാധിക്കയില്ലല്ലോ. നല്ലതുപോലെ കാൎയ്യം മനസ്സിലാക്കിയിട്ട് ഒപ്പിട്ടാൽ മതി.

മണി രണ്ടര കഴിഞ്ഞു. ശരച്ചന്ദ്രബോസ്സ് അയാളുടെ ഗൃഹത്തിലേക്ക പോയി.

വാസ:—ഇന്നു പാൎക്കിൽവെച്ച് ഒരു സൌജന്യവില്പനയുണ്ടല്ലോ. ഞാൻ അതൊന്നു കാണാൻ പോകട്ടെ. എൻെറ മനസ്സ് അതുകൊണ്ടു കുറേ നേരെ ആകും.

ഉൗൎമ്മി:—അതു നല്ലതുതന്നെ; പക്ഷേ, വില്പൻെറ കാൎയ്യം ആ സി. ഐ. ഡിക്കാരനോടു മാത്രം പറഞ്ഞു പോകരുത്. അയാൾ വെറും ചപ്പനാണ്. നിൻെറ ഇന്നത്തെ സ്ഥിതിക്ക് ഈ സൌജന്യവില്പനയ്ക്കു പോകുന്നതു കുറച്ചിലാണ്. എങ്കിലും പൊയ്ക്കോളൂ. സന്ധ്യക്ക മുമ്പു തിരിച്ചുവരണം.

---

## അദ്ധ്യായം ൧൭

സൂക്ഷിച്ചിട്ടും ഫലിച്ചില്ല

വിസ്തൃതമായ ഒരു മൈതാനത്തിൻെറ ചുററും പുരകൾകെട്ടി അതിനകത്തുവെച്ചാണ് സൌജന്യവില്പന നടത്തുന്നതു്. വില്പന സ്ഥലത്ത് അസാധാരണമായ ആൾക്കൂട്ടവും ഉണ്ടായിരുന്നു. അതിനാൽ ആ ആൾക്കൂട്ടത്തിൽ വാസന്തി പ്രേമചന്ദ്രനെക്കാണാതെ വിഷമിച്ചു. അദ്ദേഹം കാണിച്ച അടയാളങ്ങൾ താൻ തെററിദ്ധരിച്ചതാണോ, അഥവാ അദ്ദേഹം പെട്ടെന്നു മററു വല്ല ജോലിക്കും നിയുക്തനാവുകയാൽ വരാതിരുന്നതാണോ എന്നെല്ലാം അവൾ ശങ്കിച്ചു. ആ ആൾക്കൂട്ടത്തിൽ എന്തു ചെയ്യണമെന്നോ എങ്ങോട്ടു പോകണമെന്നോ നിശ്ചയ

മില്ലാതെ അവരം പരിഭ്രമിച്ചു നിൽക്കുമ്പോരം ഒരു പോലീസ്സുകാരൻ അവളെ സമീപിച്ചു.

പോലീ:—നിങ്ങളുടെ കളഞ്ഞുപോയ തുകൽസഞ്ചി കിട്ടിയിട്ടുണ്ടു്. പോലീസ്സ് ആഫീസിൽ സൂക്ഷിച്ചിരിക്കുന്നു.

വാസ:—നിങ്ങരംക്കു് ആരം തെററിപ്പോയി.

പോലീ:—ഇല്ല, ഇല്ല.

വാസ:—ഞാൻ ഒന്നും കളഞ്ഞിട്ടില്ലല്ലോ.

പോലീ:—സഞ്ചി അവിടെയുണ്ടു്. വരണം.

എന്നു പറഞ്ഞുകൊണ്ടു് അയാരം നടന്നുതുടങ്ങി. വാസന്തിയും അയാളെ അനുഗമിച്ചു. മൈതാനത്തിന്റെ വടക്കുപടിഞ്ഞാറെ അരികിൽ ഒരു ചെറിയ കൂടാരത്തിന്റെ വാതുക്കൽ അവർ എത്തി. പോലീസ്സുകാരൻ വാതലിനു പകരം തൂക്കിയിരുന്ന തുണി ഉയൎത്തി വാസന്തിയെ അകത്തേക്കു വിട്ടു. അവിടെ ഒരാരം ഒരു ചെറിയ വട്ടമേശയുടെ അരികിൽ ഇരുന്നു് എന്തോ എഴുതിക്കൊണ്ടിരുന്നു. വാസന്തി അകത്തു കടന്നയുടൻ അയാരം തല ഉയൎത്തി അവളെ ഒന്നു നോക്കി. വാസന്തിക്കു് ആശ്വാസമായി. എന്തെന്നാൽ താൻ പ്രേമചന്ദ്രബാനർജിയുടെ മുമ്പിലാണു് നിൽക്കുന്നതെന്നു് അവരംക്കു ബോദ്ധ്യപ്പെട്ടു.

പ്രേമ:—ഇരിക്കണം; ഒരു ചെറിയ തന്ത്രം പ്രയോഗിച്ചതിനു മാപ്പുചോദിക്കുന്നു. ഇത്തരം കളവുകരം നിങ്ങളെപ്പോലെയുള്ളവരോടു പ്രയോഗിക്കേണ്ടതല്ലെന്നു എനിക്കറിയാം. പക്ഷേ, ഇന്നു നേരം വെളുത്തതു മുതൽ നിങ്ങരം കാണാതെ നിങ്ങളെ ചുററിപ്പററി നടക്കുന്ന ഒരു ദുഷ്ടനു് സംശയം ജനിക്കാത്തവണ്ണം ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരുന്നതിനു് ഞാൻ പോലീസുകാരനോടു ചട്ടംകെട്ടിയിരുന്നു.

വാസ:—എന്നെ ചുററിപ്പററി നടക്കുന്നോ? ആര്, എന്തിന്?

പ്രേമ:—നിങ്ങൾ വീട്ടിൽ നിന്നു പോരുന്നതുവരെ വീട്ടിനു ചുററും ഉണ്ടായിരുന്നു. ഇങ്ങോട്ടു പോന്നപ്പോൾ നിങ്ങൾക്കു സംശയം തോന്നാത്തവണ്ണം ആൾക്കൂട്ടത്തിൽ ചേൎന്നു് നിങ്ങളെ പിൻതുടൎന്നു് ഇവിടെ എത്തിയിട്ടുണ്ടു്. അവൻ ആരെന്നും എത്രപ്രാവശ്യം ശിക്ഷ അനുഭവിച്ചിട്ടുണ്ടെന്നും എല്ലാം എനിക്കറിയാം.........അതിരിക്കട്ടെ. നിങ്ങളുടെ ഭാഗ്യോദയത്തെപ്പററി അറിഞ്ഞോ?

വാസ:—അതു വാസ്തവമാണോ?

പ്രേമ:—തല്ക്കാലസ്ഥിതിക്കു വില്ലിൻെറ സാധുതയെപ്പററി ശങ്കിക്കാൻ നിവൃത്തിയില്ല. ബാനർജി മരിച്ചു ദിവസം ഉച്ചതിരിഞ്ഞു്, അദ്ദേഹം വിൽ ഒപ്പിട്ടുവെന്നാണു് പറയുന്നതു്. ആഗസ്റ്റു് 1-ാനു- എന്നു ഞാൻ എടുത്തു പറഞ്ഞതിൻെറ ഉദ്ദേശം മനസ്സിലായോ?

വാസ:—എനിക്കു മനസ്സിലാകുന്നില്ല.

പ്രേമ:—പ്രവചനം ഫലിച്ചു; അത്രമാത്രമേയുള്ളു.

വാസ:—ഇപ്പോൾ മനസ്സിലായി.

പ്രേമ:—ഒരു ദിവസമെങ്കിലും തെററിയാൽ നാം കണ്ട തീയതി മാറിപ്പോവുമല്ലോ.

വാസന്തി മൌനം ദീക്ഷിച്ചു.

പ്രേമ:—ഇന്നു് എന്തെല്ലാം പ്രമാണങ്ങളിൽ മിസ്റ്റർ ശരച്ചന്ദ്രബോസ്സ് നിങ്ങളെക്കൊണ്ടു് ഒപ്പിടുവിച്ചു.

വാസ:—പ്രമാണങ്ങളോ; ഇതാരു പറഞ്ഞു?

പ്രേമ:—പ്രമാണമല്ലെങ്കിൽ വെറും കടലാസ്സാകട്ടെ. ഒപ്പിട്ടുകൊടുത്തോ, ഒപ്പിടാൻ പറഞ്ഞോ, ഇത്രമാത്രമേ എനിക്കറിയേണ്ടു.

വാസ:—അദ്ദേഹം എന്റെ കയ്യിൽ രണ്ടു കടലാസുകൾ തന്നു. ഒന്നു് ബാനർജിയുടെ സ്വത്തുക്കളെല്ലാം മരണപത്രപ്രകാരം ഞാൻ കയ്യേററിരിക്കുന്നതായും മറെറാന്നു് അതു സംബന്ധിച്ചുള്ള കാര്യങ്ങൾ നടത്തുന്നതിനു് വക്കീലിനെ അധികാരപ്പെടുത്തുന്നതായും എഴുതാനുള്ള രണ്ടു വെറും കടലാസ്സുകളാണു്.

പ്രേമ:—ഒപ്പിട്ടു കൊടുത്തോ?

വാസ:—ഇല്ല.

പ്രേമ:—ഇല്ലെങ്കിൽ ഇനിയും ഒപ്പിട്ടു കൊടുക്കരുതു്.

വാസ:—അദ്ദേഹം ഒരു വക്കീലല്ലേ?

പ്രേമ.—ആണെങ്കിൽ വക്കാലത്തു കൊടുക്കുന്നവൎക്കുവേണ്ടി കേസ്സു നടത്തി ഫീസു വാങ്ങിക്കട്ടെ. നിങ്ങൾ ഒപ്പിട്ടു കൊടുക്കരുതു്. അയാൾ നിങ്ങൾക്കുവേണ്ടി ഒന്നും ചെയ്യുകയുമില്ല.

അനന്തരം പ്രേമചന്ദ്രൻ തന്റെ പോക്കററിൽ നിന്നു് ഒരു കടലാസ്സ് എടുത്തു് നിവൎത്തു മേശപ്പുറത്തു വെച്ചു.

പ്രേമ:—നിങ്ങൾക്കു് എന്നിൽ വിശ്വാസം ഉണ്ടോ എന്നു ഞാൻ പരീക്ഷിക്കട്ടെ. ഈ കടലാസ്സ് നിങ്ങൾക്കുവേണ്ടി കാര്യങ്ങൾ നടത്താൻ വിശ്വസ്തന്മാരും പ്രാപ്തന്മാരും ആയ ഏതാനും വക്കീലന്മാർ അടങ്ങിയ ഒരു സംഘത്തെ അധികാരപ്പെടുത്തുന്ന ഒരു പ്രമാണമാണു്. മിസ്റ്റർ ബോസ് കാണിച്ചതിന്റെ തനി പകൎപ്പുതന്നെ. ഇതിൽ ഒപ്പിട്ടുതരുമോ?

വാസ:—അങ്ങു കാര്യമായിട്ടു പറയുകയാണോ? ഇതിൽ ഞാൻ ഒപ്പിട്ടാൽ മിസ്റ്റർ ബോസ്സ്........

പ്രേമ:—ബോസ്സ് തീരെ വിശ്വസ്തനല്ലെന്നു ഞാൻ തുറന്നു പറയുന്നു. അതിനുള്ള കാരണങ്ങൾ തൽക്കാലം ഞാൻ പറയുന്നില്ല.

വാസന്തി ഒട്ടും മടിക്കാതെ മേശപ്പുറത്തു കിടന്ന പേന എടുത്തു മഷിയിൽ മുക്കി കടലാസ്സിൽ ഒപ്പിട്ടു.

വാസ:—ഈ വിവരം അറിയുമ്പോൾ ചിററമ്മ മുഷിയും. അതിൻെറ ഫലമായി പല അനത്ഥങ്ങളും ഉണ്ടായേക്കാം.

പ്രേമ:—ഒപ്പിട്ടു തന്ന വിവരം അവരോടു പറയേണ്ട. തല്ക്കാലത്തെ രക്ഷക്കുവേണ്ടി ഒരു കള്ളം പറയാൻ മടിയുണ്ടോ?

വാസന്തി ചെറുതായൊന്നു മന്ദഹസിച്ചു.

പ്രേമ:—എന്നാൽ നിങ്ങളുടെ അച്ഛന്റെ വക്കീലന്മാരെ ചുമതലപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്നെന്നു പറയണം. സംശയം ജനിക്കാതിരിക്കാനും നിങ്ങളുടെ പ്രവൃത്തിയെ ന്യായീകരിക്കാനും വേണ്ടി മിസ്റ്റർ ബോസ്സ് മരണപത്രത്തിൽ സാക്ഷിയായതുകൊണ്ടു് അയാളെ ഭരണാധികാരം ഏല്പിക്കുന്നതു് ഉചിതമായിരിക്കുകയില്ലെന്നു പറയണം.

അനന്തരം മേശപ്പുറത്തിരുന്ന ഒരു ചെറിയ തുകൽ സഞ്ചിയെടുത്തു വാസന്തിയുടെ കയ്യിൽ കൊടുത്തു.

പ്രേമ:—നിങ്ങളുടെ നഷ്ടപ്പെട്ട സഞ്ചി കയ്യിൽ ഇരിക്കട്ടെ; നിങ്ങളെ കാത്തുനിൽക്കുന്നയാൾ മുഷിഞ്ഞു തുടങ്ങിയിരിക്കും.

വാസ:—ഇനിയും എപ്പോഴാണു് നാം തമ്മിൽ കാണുന്നതു്. ആകപ്പാടെ എൻെറ മനസ്സിനു തീരെ സ്വാസ്ഥ്യം ഇല്ലാത്ത സന്ദർഭമാണു്.

പ്രേമ:—അഞ്ചുമിനിട്ടിനകം കാണാം. ഏതായാലും അടുത്ത ഒരാഴ്ചക്കു് ഞാൻ സദാ നിങ്ങളുടെ അടുത്തു തന്നെ ഉണ്ടായിരിക്കും. നിങ്ങൾക്കു ഒരു നല്ലകാലമല്ലെന്നു പറയുന്നതുകൊണ്ടു ഒട്ടും പരിഭ്രമിക്കു

രുത്. ആപത്തുകളിൽ ധൈര്യമായിരിക്കണം. കൽക്കത്താ പട്ടണത്തിൽ നാലായിരത്തിലധികം പോലീസ്സുകാർ തന്നെയുണ്ട്. അവരെല്ലാം നിങ്ങളുടെ രക്ഷയിൽ ശ്രദ്ധിക്കും. കൊള്ളരുതാത്തവനെങ്കിലും ഒരു പോലീസ്സ് ഉദ്യോഗസ്ഥൻ നിങ്ങളുടെ രക്ഷയ്ക്കുവേണ്ടി സദാ തല പുകച്ചുകൊണ്ടിരിക്കും.

തന്നെ സൂക്ഷിക്കുന്നതാരെന്ന് അറിയാനുള്ള ഉൽക്കണ്ഠയോടുകൂടി വാസന്തി പുറത്തേക്കിറങ്ങി. അവിടെ കൂടിയിരുന്നവരെല്ലാം അവരുടെ ജോലികളിൽ വ്യാപൃതരായിരുന്നു. എന്നാൽ അല്പം അകലെ നിന്ന് ഒരാൾ തന്നെ ഉററുനോക്കുന്നതും താൻ അങ്ങോട്ടു നോക്കുമ്പോൾ അയാളുടെ ദൃഷ്ടികൾ പിൻതിരിയുന്നതും അവൾ കണ്ടു. അവൾ അങ്ങുമിങ്ങും ചുററി ചില ചില്ലറ സാമാനങ്ങൾ വാങ്ങിക്കൊണ്ടു തിരിഞ്ഞുനോക്കിയപ്പോൾ അയാൾ അപ്പോഴും അവളിൽനിന്നു അധികം അകലെയല്ലാതെ നിൽക്കുന്നുണ്ട്.

വാസന്തി വീട്ടിലേക്കു മടങ്ങി. അവൾ അവിടെ എത്തിയപ്പോൾ ഊർമ്മിളാദേവി അവളെ നോക്കി നിൽക്കുകയായിരുന്നു.

ഊർമ്മി:—നീ എന്തെല്ലാം വാങ്ങി?

വാസന്തി വാങ്ങിയ സാമാനങ്ങൾ അവരെ കാണിച്ചു.

ഊർമ്മി:—ഒപ്പിട്ടുകൊടുക്കുന്ന കാര്യം എങ്ങിനെ തീർച്ചയാക്കി.

വാസ:—എൻെറ അച്ഛൻെറ വക്കീലന്മാരെ അധികാരപ്പെടുത്താൻ ഞാൻ തീർച്ചയാക്കി. മിസ്റ്റർ ബോസ്സ് വില്ലിൽ സാക്ഷിയായിരിക്കുന്ന സ്ഥിതിക്ക് അദ്ദേഹത്തിനെ ഏൾപ്പിക്കുന്നതു് ഉചിതമല്ല.

ഊൎമ്മി:—നിൻെറ തീൎച്ച ഉചിതം തന്നെ; മിസ്റ്റർ ബോസ്സും നിന്നെ ശ്ലാഘിക്കും. പക്ഷെ എനിക്ക് ഒരു വിഡ്ഢിത്തംപററി. നീ ഒപ്പിട്ടുകൊടുക്കുമെന്നു വിശ്വസിച്ച് ബാനർജിയുടെ വീട്ടിൽ പോയി കാൎയ്യങ്ങൾ അന്വേഷിച്ചു ശരിപ്പെട്ടുത്താൻ ഞാൻ പറഞ്ഞു. നിൻെറ പുതിയ തീൎച്ച അറിയുമ്പോൾ അയാൾക്കു കുണ്ഠിതം തോന്നിയേക്കും. എന്നുമാത്രമല്ല എൻെറ വാക്കിനു വിലയില്ലാതെയും ആകും. അതുകൊണ്ടു നിൻെറ ഈ തീൎച്ച മാററണം.

വാസ:—അച്ഛൻെറ വക്കീലന്മാൎക്കു ഞാൻ എഴുതി അയച്ചുകഴിഞ്ഞു.

ഊൎമ്മി:—ഇത്ര പെട്ടെന്നോ? എൻെറ ഉപദേശപ്രകാരമേ നീ പ്രവൎത്തിക്കുവെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. ഏതായാലും കൈവിട്ടുപോയ കാൎയ്യത്തെപ്പററി ആലോചിച്ചിട്ടു ഫലമില്ലല്ലോ.

ഊൎമ്മിളാദേവി അവരുടെ മുറിയിലേക്കു പോയി. കഷ്ടിച്ചു പതിനഞ്ചുമിനിട്ടു കഴിഞ്ഞു് അവർ ഒരു വണ്ടിയിൽ പുറത്തേയ്ക്കു പോകുന്നതും കണ്ടു.

ഏഴുമണിക്ക് ഊൎമ്മിളാദേവി തിരിച്ചെത്തി.

ഊൎമ്മി:—ഞാൻ ബോസ്സിൻെറ വീട്ടിൽ പോയിരുന്നു. അയാൾക്ക് അല്പം വല്ലായ്മയുണ്ടെങ്കിലും നിൻെറ തീൎച്ച ന്യായം തന്നെന്നു സമ്മതിച്ചു. നിന്റെ അച്ഛന്റെ വക്കീലിൻെറ പേരെന്താണെന്ന് അയാൾ എന്നോടു ചോദിച്ചു.

വാസന്തി വിഷമിച്ചു. പ്രേമചന്ദ്രൻ പറഞ്ഞ പേരു് അവൾ മറന്നുപോയി. പക്ഷേ, ഭാഗ്യവശാൽ ഊൎമ്മിള മററു കാൎയ്യങ്ങളെപ്പററി സംസാരിക്കുകയാൽ അവൾ രക്ഷപ്പെട്ടു.

ഊൎമ്മി:—ഞാൻ ഒരത്യാവശ്യകാൎയ്യമായി ഒന്നുകൂടി പുറത്തേക്കു പോകുന്നു. തിരിച്ചുവരാൻ പന്ത്രണ്ടു മണിയായേക്കും. എട്ടുമണിക്കു മിസ്റ്റർ ചക്രവൎത്തി ഇവിടെ വരുമെന്നു പറഞ്ഞിട്ടുണ്ട്. അയാൾക്കു കാപ്പിയോ മററൊ വേണമെങ്കിൽ കൊടുത്തു പെട്ടെന്ന് അയച്ചേക്കണം. ചക്രവൎത്തിയോട് ഞാൻ ഇന്നു തിരിച്ചുവരികയില്ലെന്നു പറഞ്ഞേക്കു.

ഊൎമ്മിളാദേവി ഒരു വണ്ടിയിൽ കയറി വീണ്ടും പുറത്തേയ്ക്കു പോയി.

മണി എട്ടുകഴിഞ്ഞു. ഒരു ഭൃത്യൻ വാസന്തിയുടെ മുറിയിൽ ചെന്ന് ഒരാൾ വന്നിരിക്കുന്നെന്നു പറഞ്ഞു.

വാസ:—ആരു്, മിസ്റ്റർ ചക്രവൎത്തിയാണോ?

ഭൃത്യ:—അല്ല, വേറൊരാളാണു്.

വാസന്തി വീട്ടിൻെറ മുൻവശത്തേക്കു പോയി. അവിടെ നിന്നയാൾ അവൾക്കും അപരിചിതനായിരുന്നു. ഒരു അതിഥി വരുമെന്നും പെട്ടെന്നു കാപ്പി കൊടുക്കണമെന്നും (ചക്രവൎത്തിയെ ഉദ്ദേശിച്ചു്) അവൾ ഭൃത്യനോടു പറഞ്ഞിരുന്നതിനാൽ അയാൾ കാപ്പി തയ്യാറാക്കിക്കൊണ്ടു് അവളെ അനുഗമിച്ചു.

അതിഥി—ഞാൻ സി. ഐ. ഡി അസിസ്റ്റൻറു് സൂപ്രണ്ടു് ബാനർജി യജമാനൻെറ നിയോഗപ്രകാരം വന്നതാണു്; ഞാൻ ഒരു ഹെഡ്കാൺസ്റ്റബിളാണു്. നിങ്ങളെ അങ്ങോട്ടു കൂട്ടിക്കൊണ്ടു ചെല്ലണമെന്നു് യജമാനൻ പറഞ്ഞു.

വാസ:—ഞാൻ ഒരു അതിഥിയെ പ്രതീക്ഷിച്ചിരിക്കുകയാണു്.

അതിഥി—മിസ്റ്റർ ചക്രവൎത്തിയല്ലേ? അദ്ദേഹം യജമാനൻെറ അടുത്തുണ്ടു്. കാലത്തെ ഇങ്ങോട്ടു വരും. യജമാനൻ അവിടെ പിടിച്ചിരുത്തിയിരിക്കുകയാണു്. എ

ന്തോ ഗൌരവമുള്ള കാൎയ്യത്തെപ്പററി രണ്ടുപേരും കൂടി ആലോചിച്ചുകൊണ്ടിരിക്കുന്നു. ഇന്നലെ വക്കീൽ മിസ്റ്റർ ബോസ്സ് കൊണ്ടുവന്നു തന്ന കടലാസ്സുകളും കൂടി എടുത്തുകൊള്ളണമെന്നു് യജമാനൻ പറഞ്ഞിട്ടുണ്ടു്.

വാസ:—ചിററമ്മ ഇവിടെ ഇല്ലല്ലോ.

അതി:—അരമണിക്കൂറിനകം തിരിച്ചുവരാം.

വാസ:—എന്നാൽ പോകാം; കുറേ കാപ്പി കുടിക്കണം.

എന്നു പറഞ്ഞു് ഒരു കപ്പിൽ കാപ്പി ഒഴിച്ചു.

അതി:—വേഗം മുണ്ടുമാറിക്കൊണ്ടു വരണം.

വാസന്തി അകത്തേയ്ക്കു പോയി.

അതിഥി തനിക്കൊഴിച്ചുവെച്ച കാപ്പി എടുത്തു കുടിച്ചശേഷം മറെറാരു കപ്പിൽ കാപ്പി പകൎന്നു. വാസന്തി തിരിച്ചുവന്നപ്പോൾ അയാൾ പറഞ്ഞു.

അതി:—കാപ്പി കുടിക്കണം; നമുക്കു പോകാം.

വാസന്തി കപ്പിലിരുന്ന കാപ്പി എടുത്തു കുടിച്ചു. അനന്തരം ഭൃത്യനെ നോക്കി പാത്രങ്ങൾ എടുത്തുകൊണ്ടു പോകുന്നതിന്നു് ആജ്ഞാപിച്ചു. ഭൃത്യനോടു് പിന്നേയും എന്തോ പറയാൻ ഭാവിച്ചെങ്കിലും നാവു കുഴയുകയാൽ അവൾ മൌനം ദീക്ഷിച്ചു. ഭൃത്യൻ പാത്രങ്ങളുംകൊണ്ടു് അകത്തേക്കു പോയി. വാസന്തി തല കറങ്ങുന്നതുപോലെ തോന്നുകയാൽ മേശയെ ആശ്രയിച്ചു. പക്ഷേ, രണ്ടുമിനിട്ടുപോലും അങ്ങനെ നിൽക്കാൻ സാധിക്കാതെ അവൾ ഒരു വശത്തേക്കു ചാഞ്ഞു. അതിഥി അവളെ താങ്ങുകയാൽ നിലത്തു വിഴുന്നില്ല.

# അദ്ധ്യായം പത്ത്

ഒരു സൂചന

അതിഥി വാസന്തിയെ എടുത്തുകൊണ്ടു് പ്രധാന മുറിയുടെ തൊട്ടുപിൻവശമുള്ള മുറിയിൽക്കൂടി വരാന്തയിലേക്കു് ഇറങ്ങി. വീട്ടിൻെറ പിറകിൽ ആരുമില്ലെന്നു ബോദ്ധ്യമായ ശേഷം അയാൾ തോട്ടത്തിൽക്കൂടി പശ്ചിമാഭിമുഖമായി നടന്നു് തോട്ടത്തിൻെറ പിൻവശമുള്ള ഒരു ചെറിയ വാതിൽ തുറന്നു് റോഡിലേക്കു് ഇറങ്ങി. റോഡിൽ ഒരു കാർ കിടന്നു. വാസന്തിയെ അയാൾ കാറിന്റെ പിൻവശമുള്ള സീററിൽ കിടത്തി. ഏകദേശം ഒരു ഫർലോങ്ങിലധികം ദൂരം കാർ തള്ളിക്കൊണ്ടുപോയ ശേഷം അയാൾ മുൻസീററിൽ കയറി കാറുംവിട്ടു. കാറിന്റെ ഗതിവേഗം ക്രമേണ വർദ്ധിച്ചുവന്നു.

വാസന്തിക്കു സ്വബോധം ഉണ്ടായപ്പോൾ അവൾ ഏതോ ഒരു ഗൃഹത്തിന്റെ അടുക്കളമുറിയിൽ കിടക്കുകയാണെന്നു് അവൾക്കു ബോദ്ധ്യമായി. അവൾ ചുററും നോക്കി. "ഞാൻ എവിടെയാണു്?" എന്നു് അവൾ ചോദിച്ചു. അവളെ എടുത്തുകൊണ്ടുപോന്ന ആ അപരിചിതൻ ഒരു കപ്പിൽ എന്തോ പാനീയം ഒഴിച്ചു് അവളുടെ നേക്കു നീട്ടിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു.

"ഇതു കുടിക്കുക, ക്ഷീണമെല്ലാം മാറും."

അവൾ കപ്പു തട്ടിക്കളയാൻ ശ്രമിച്ചു. പക്ഷേ, അയാൾ അതു മാററിക്കളഞ്ഞു. അനന്തരം അവളെ പിടിച്ചു മലത്തി നിർബ്ബന്ധിച്ചു വാ തുറന്നു് ആ പാനീയം വായിൽ ഒഴിച്ചു.

വാസ:—മിസ്റ്റർ പ്രേമചന്ദ്രബാനർജി എവിടെ?

അപരിചിതൻ:—കഴകുമരത്തിൽ. റാംസിങ്ങിന്റെ അട്ടുത്തുതന്നെയുണ്ട്.

വാസ:—ഞാൻ എവിടെയാണു്?

അപ:—ഇവിടെത്തന്നെ.

വാസ.—എങ്ങിനെ ഇവിടെ വന്നു?

അപ:—ഞാൻ എടുത്തു കാറിൽകിടത്തിക്കൊണ്ടുപോന്നു.

വാസന്തിയുടെ രക്ഷയ്ക്കുവേണ്ടി പ്രേമചന്ദ്രൻ പല ഏപ്പാടുകളും ചെയ്തിരുന്നു. എന്നുവേണ്ട, തന്റെ ശ്രദ്ധ മുഴുവൻ അദ്ദേഹം അതിലേക്കുതന്നെ വിനിയോഗിച്ചു. പക്ഷെ, എന്തുഫലം? അവരം അദ്ദേഹത്തിനെ പിരിഞ്ഞിട്ടു് കഷ്ടിച്ചു് രണ്ടു മണിക്കൂർ കഴിയുന്നതിനുമുമ്പു് അവളെ ആരോ അപഹരിച്ചുകൊണ്ടുപോയിരിക്കുന്നു!

പ്രേമചന്ദ്രൻ സൌജന്യവില്പനസ്ഥലത്തു നിന്നു് ആഫീസിൽ എത്തി പലരെയും വിളിച്ചു പല കാര്യങ്ങരം പറഞ്ഞേരംപ്പിച്ചു. എട്ടുമണിക്കുശേഷം ഊമ്മിളാദേവി, ശരച്ചന്ദ്രബോസ്സ്, ചക്രവത്തി എന്നിവരുടെ സ്ഥിതിഗതികളെപ്പററി ഫോൺ മുഖേന അന്വേഷണം നടത്തി. അനന്തരം ഇൻസ്പെക്ടർ മി. റെയ്ച്ചിനേയും കൂട്ടിക്കൊണ്ടു് അദ്ദേഹം സ്വന്തം കാറിൽ ഊമ്മിളാദേവിയുടെ ഗൃഹത്തിലേക്കു തിരിച്ചു. മാഗ്ഗമദ്ധ്യേ ഒരു കാർ അതിവേഗത്തിൽ ഓടിച്ചുപോകുന്നതു് അവർ കണ്ടു. പ്രേമചന്ദ്രൻ തന്റെ കാറിന്റെ ഗതിവേഗം വർദ്ധിപ്പിച്ചു. പക്ഷേ, ആദ്യത്തേ കാർ കുറേക്കൂടി ശീഘ്രഗതിയെ അവലംബിച്ചു. അതിന്റെ ഫലമായി കാർ റോഡരികിൽ കിടന്ന ഒരു കല്ലിൽ ചെന്നിടിച്ചു; കാറിനു പല കേടുകളും പററി. ഈ സന്ദർഭത്തിൽ അതിനടുത്തു ഡ്യൂട്ടിയിൽ നിന്ന ഒരു പോലീസ്സുകാരനും അവിടെ എത്തി. ബാനർജിയുടേ കാറും സമീപിച്ചു.

പ്രേമ:—(പോലീസ്സുകാരനോട്) കാറിനകത്ത് ആരെ
 ങ്കിലും ഉണ്ടോ?

പോലീ:—(നോക്കിയിട്ട്) ഇല്ല.

പ്രേമ:—എന്നാൽ ഡ്രൈവറെ അറസ്ററചെയ്തു ഞാൻ
 വരുന്നതുവരെ സൂക്ഷിച്ചുകൊള്ളണം.

അനന്തരം തൻെറ യാത്രോദ്ദേശം വിസ്മരിച്ചിട്ടെ ന്നപോലെ കാർ തിരിച്ച് പോലീസ്സ് ഹെഡ്ക്വാർട്ടേഴ്സിലേക്ക് അദ്ദേഹം അതിവേഗത്തിൽ പുറപ്പെട്ടു. ആഫീസിന് അല്പം അടുത്തെത്തിയപ്പോൾ അഭിമുഖമായി ഒരു വലിയ കാർ അതിവേഗത്തിൽ വരുന്നതു കണ്ടു് ഇൻസ്പെക്ടറോട് കാർ മെല്ലെ വിട്ടുപോകാൻ ചട്ടംകെട്ടിയിട്ട് കാറിൽ നിന്നിറങ്ങി റോഡിൻെറ ഒരു വശത്തേക്ക മാറിനിന്നു. അഭിമുഖമായി വന്ന കാർ പെട്ടെന്ന് വഴി തെററിച്ച് പ്രേമചന്ദ്രൻെറ കാറിൽ ഇടിക്കത്തക്കവണ്ണം വളരെ അടുത്തെത്തി. എന്നാൽ ഡ്രൈവർ കാറിനകത്തേക്ക നോക്കിയശേഷം പെട്ടെന്നു തൻെറ കാർ ഒഴിച്ചുവിട്ടു പോകുകയാണുണ്ടായതു്. ഇത്രയും കഴിഞ്ഞതോടുകൂടി പ്രേമചന്ദ്രൻ തൻെറ കാറിനു സമീപം എത്തി.

പ്രേമ:—ആ കാറിൻെറ നമ്പ്ര കണ്ടോ?

ഇൻ:—ഇല്ല; അടുത്തെത്തിയതോടുകൂടി മുന്നിലും പി
 ന്പിലും ഉണ്ടായിരുന്ന വിളക്കുകൾ അണച്ചു ക
 ളഞ്ഞു.

പ്രേമ:—അവർ അതിസമത്ഥന്മാർ തന്നെ. എൻെറ
 കാർ എത്രദൂരെ വച്ചു കണ്ടാലും അവക്കറിയാം.
 അതാണ് അവർ വഴിവിട്ടു നേരെ വന്നതു്.

ഇൻ:—അതിൻെറ ഉദ്ദേശം?

പ്രേമ:—കാറിൽ ഇടിച്ച് എന്നെ അപകടപ്പെടുത്താം.
 അല്ലെങ്കിൽ കാറിനു കേടുപാററിച്ചശേഷം എന്നെ

വെടിവെച്ചോ മററു വിധത്തിലോ കൊല്ലാം. അവരുടെ ഈ ഉദ്ദേശം ഞാൻ വളരെമുമ്പു മനസ്സിലാക്കിയിട്ടുണ്ട്...........

പ്രേമ:—അതിരിക്കട്ടെ, ആ കാറിൻെറ ഡ്രൈവറെ നിങ്ങഠം കണ്ടോ?

ഇൻ:—പരിഭ്രമംകൊണ്ട് ഞാൻ സൂക്ഷിച്ചില്ല.

പ്രേമ:—റഫിയാണു ഡ്രൈവർ. അവൻ ഇതിനു മുമ്പ് പന്ത്രണ്ടു ശിക്ഷകഠം അനുഭവിച്ചിട്ടുള്ളവനാണ്. കുറേക്കാലമായി ഒരു ഡ്രൈവറെന്ന നിലയിൽ ഭീകരസംഘത്തെ സഹായിക്കുകയാണു തൊഴിൽ. പ്രേമചന്ദ്രനും ഇൻസ്പെക്ടരും ആഫീസിനകത്തു കടന്നു. പ്രേമചന്ദ്രൻ ഒരു ഇൻസ്പെക്ടറെ വിളിച്ച് സ്വകാര്യമായി ചിലതു സംസാരിച്ചശേഷം പുറത്തേക്കുവന്ന് മിസ്റ്റർ റൌച്ചിനേയും കൂട്ടിക്കൊണ്ട് ഊൎമ്മിളാദേവിയുടെ ഗൃഹത്തിലേക്കു തിരിച്ചു.

ഒൻപതു മണിക്കു മുമ്പായി അവർ ഊൎമ്മിളയുടെ വീട്ടിൽ എത്തി. വരാന്തയിൽ ഉണ്ടായിരുന്ന ഭൃത്യനോട്ട് ബാനർജി സംഭാഷണം തുടങ്ങി.

പ്രേമ:—ഊൎമ്മിളാദേവി എവിടെ?

ഭൃത്യ:—നേരത്തെ പുറത്തുപോയി.

പ്രേമ:—വാസന്തിയോ?

ഭൃത്യ:—ഒരു മണിക്കൂറായി ഇവിടെങ്ങും കാണുന്നില്ല. എങ്ങോട്ടു പോയെന്നു ഞങ്ങഠംക്കാൎക്കും നിശ്ചയമില്ല.

പ്രേമ:—ഇവിടെ ആരെങ്കിലും വന്നിരുന്നോ?

ഭൃത്യ:—ഒരാഠം വന്നിരുന്നു. ആരെന്ന് എനിക്കു നിശ്ചയമില്ല. അദ്ദേഹം കാപ്പികുടിച്ച പാത്രവും കൊണ്ടു ഞാൻ അടുക്കളയിലേക്കു പോയി. തിരിച്ചു വന്നപ്പോഠം അദ്ദേഹവും കൊച്ചമ്മയും മുറിക്കകത്തില്ലാ

യിരുന്നു. മുകളിലേക്കു പോയിരിക്കുമെന്നാണ് ഞാൻ വിചാരിച്ചതു്. പക്ഷേ ഇതുവരെ കണ്ടില്ല.

പ്രേമചന്ദ്രൻ മുകളിലും താഴെയും ഉള്ള മുറികളെല്ലാം പരിശോധിച്ചു. അടുക്കളമുറിയിൽ രണ്ടു കപ്പുകൾ തറയിൽ ഇരുന്നതു് അദ്ദേഹം സൂക്ഷിച്ചുനോക്കി.

പ്രേമ:—ഇതു് ആരുപയോഗിച്ചതാണ്.

ഭൃത്യ:—കുറേ മുമ്പ് ഇവിടെ വന്നയാളും കൊച്ചമ്മയും കാപ്പികുടിച്ച പാത്രങ്ങളാണ്. അതു കഴുകി വെയ്ക്കാൻ ഞാൻ അപ്പോൾ തന്നെ ചട്ടംകെട്ടി. പക്ഷേ, ആ ശവം കിടന്നുറങ്ങുന്നു.

പ്രേമചന്ദ്രൻ കപ്പുകൾ ഓരോന്നായി കയ്യിൽ എടുത്തു മണപ്പിച്ചു നോക്കി. അനന്തരം അതിൽ ഒന്നു് ഇൻസ്പെക്ടരുടെ നേരെ നീട്ടി.

പ്രേമ:—ഇതു മണപ്പിച്ചുനോക്കണം.

ഇൻസ്പെക്ടർ കപ്പു വാങ്ങി മണപ്പിച്ചിട്ട് ചിന്താമഗ്നനായി നിലകൊണ്ടു.

പ്രേമചന്ദ്രൻ വീട്ടിന്റെ പുറകുവശമുള്ള തോട്ടത്തിലേക്ക് ഇറങ്ങി. തോട്ടമെല്ലാം ചുററി നോക്കിയശേഷം പടിഞ്ഞാറുവശമുള്ള പടിവാതൽ തുറന്നു് റോഡിലേക്കു പോയി. പ്രസ്തുത വാതലിന് കഷ്ടിച്ച് അൻപതടി വടക്ക് റോഡിൻെറ പശ്ചിമഭാഗത്തായി ഒരു ചെറിയ ഗൃഹം ഉണ്ടു്. അദ്ദേഹം അതിനു സമീപം ചെന്നു നിന്നുകൊണ്ട് ആ വീട്ടുകാരെ വിളിച്ചു. ഒരു വൃദ്ധ മങ്ങിയ ഒരു വിളക്കുമായി വന്നു വാതിൽ തുറന്നു.

പ്രേമ:—ആ വീട്ടിൽനിന്നു് ഇതുവഴി ആരെങ്കിലും പോകുന്നതു കണ്ടോ?

വൃദ്ധ:—രണ്ടുമൂന്നു നാഴികമുമ്പ് ഒരാൾ ഇറങ്ങി വരുന്നതു കണ്ടു. ഈ കതകു ചാരിയിരുന്നതുകൊണ്ട് ഞാൻ നല്ലതുപോലെ കണ്ടില്ല.

പ്രേമ:—ഇവിടെ കാറോ വണ്ടിയോ ഉണ്ടായിരുന്നോ?

വൃദ്ധ:—ഉണ്ടായിരുന്നു. കാർ വന്നതു ഞങ്ങാം കണ്ടില്ല. ശബ്ദം കേട്ടുമില്ല. ഇതിലെ വന്നയാാം കാറിൽ കയറാതെ തള്ളിക്കൊണ്ടാണു പോയതു്. കുറേദൂരം പോയശേഷമേ ശബ്ദം കേട്ടൊള്ളു.

പ്രേമ:—ഈ വീട്ടിൽ വേറാരും ഇല്ലേ?

വൃദ്ധ:—എൻെറ മകനും അവൻെറ ഭാര്യയും ഉണ്ടു്. അവാം കിടന്നുറങ്ങുന്നു. അവൻ പുറത്തെവിടെയോ പോയി.

പ്രേമ:—അവരാരെങ്കിലും കാർ അടുത്തുകണ്ടോ?

വൃദ്ധ:—അവൻ അതിനടുത്തുപോയി നോക്കി. പഴഞ്ചൻ ഫോഡ് എന്നു പറയുന്നതു കേട്ടു.

പ്രേമ:—(ഇൻസ്പെക്ററോടു്) ഒരു വഴിയേ ഞാൻ കാണുന്നുള്ളു. കഴിഞ്ഞയാഴ്ച നാലഞ്ചുകാറുകാം കാണാതെ വന്നതുകൊണ്ടു് റോഡിൽക്കൂടി പോകുന്ന സകല കാറുകളും സൂക്ഷിച്ചു നമ്പ്ര കുറിച്ചെടുക്കാൻ പോലീസ്സുകാരെ ചുമതലപ്പെടുത്തിയിട്ടുണ്ടു്. അവരിൽനിന്നു വല്ല വിവരവും കിട്ടിയേക്കാം.

പ്രേമചന്ദ്രനും ഇൻസ്പെക്ടരും ഊർമ്മിളാദേവിയുടെ വീട്ടിൻെറ മുൻവശത്തേക്കു പോയി. അവിടെ റോഡിൽ വേഷപ്രച്ഛന്നനായി നിന്ന ഒരു സി. ഐ. ഡി കാൺസ്റ്റബിാം അവരെക്കണ്ടു് ആചാരം ചെയ്തു.

പ്രേമ:—(കോപാക്രാന്തനായി) താൻ വീട്ടിൽപോയി കിടന്നുറങ്ങിക്കൊള്ളു. മൈൽകുറ്റിപോലെ ഇവിടെ നിന്നിട്ടു് എന്തുഫലം! പെണ്ണിനെ ആണുങ്ങാം കൊണ്ടുപോയി. ഇനിയും താൻ ഇവിടൊന്നും മലമറിക്കാനില്ല.

പോലീ:—സന്ധ്യയ്ക്കുശേഷം യാതൊരാളും ഈ വീട്ടിനകത്തു കടന്നിട്ടില്ല.

പ്രേമ:—വീട്ടിലേക്കു കടക്കുന്നതു തന്നോടു ചോദിച്ചുകൊണ്ടാണോ? ആരോ പടിഞ്ഞാറെ മതിൽചാടി അകത്തുകടന്നു പെണ്ണിനെ ബോധംകെടുത്തി എടുത്തുകൊണ്ടു് പടിഞ്ഞാറുവശമുള്ള ചെറിയ പടിവാതിൽ തുറന്നു് പുറത്തേക്കു പോയി.

പോലീസ്സുകാരൻ ആശ്ചര്യവും പരിഭ്രമവും ഭയവും കൊണ്ടു് അത്യന്തം പരവശനായി.

ബാനർജിയും ഇൻസ്പെക്ടരും കാറിൽ കയറി അവിടെനിന്നു തിരിച്ചു. വാസന്തിയെകൊണ്ടുപോയ കാറിന്റെ വിവരം മനസ്സിലാക്കാൻ വേണ്ടി അതുവഴിയാണു് അവർ പുറപ്പെട്ടതു്. വഴിയിൽ കണ്ട പോലീസ്സുകാരോടെല്ലാം ചോദിച്ചതിൽ എല്ലാവരും "ഒരു പഴയ ഫോഡ്". നമ്പ്ര ബോർഡ് ഇല്ലായിരുന്നു. എന്നു മാത്രമല്ല അൻപതുമൈലിൽ കവിഞ്ഞ സ്പീഡിലാണു പോയതും" എന്നു മറുപടിപറഞ്ഞു. നമ്പ്രബോർഡ് ഇല്ലാതിരുന്നതുകൊണ്ടു രണ്ടുമൂന്നു പോലീസ്സുകാർ വിവരം അടുത്തുള്ള പോലീസ്സ്സ്റ്റേഷനിൽ ഫോൺവഴി അറിയിച്ചിരുന്നു. അതിനാൽ ബാനർജിയും ഇൻസ്പെക്ടരും സ്റ്റേഷനിൽ എത്തി അന്വേഷിച്ചു.

സ്റ്റേഷൻ ആഫീസർ:—നമ്പ്ര ബോർഡില്ലാത്ത ഒരു കാർ വരുന്നെന്നു ഫോൺ കിട്ടുകയാൽ ഞങ്ങൾ സൂക്ഷിച്ചുകൊണ്ടിരുന്നു. പക്ഷേ, അങ്ങനെ ഒരു കാർ ഇതുവഴി വന്നില്ല.

പ്രേമ:—(അല്പം ആലോചിച്ചിട്ടു്) നാലു ഫർലോങ്ങിനടുത്തുവരെ കാർ വന്നതായിട്ടറിയാം. അതിനുശേഷം എങ്ങോട്ടുപോയി? ഒന്നുരണ്ടു് ഇടവഴികളല്ലാതെ തിരിഞ്ഞുപോകത്തക്ക റോഡും ഇല്ല. ഏതായാലും ഇടവഴികൾ പരിശോധിക്കാം.

എന്നുപറഞ്ഞു കാർ സ്റ്റേഷനിൽ ഇട്ടിട്ട് ഇൻസ്പെക്ററവും ബാനർജിയുംകൂടി റോഡിലേക്ക് ഇറങ്ങി. ആദ്യമായി കണ്ട ഇടവഴി പരിശോധിച്ചതിൽ അതിലേ കാർ പോയിട്ടില്ലെന്നു ബോദ്ധ്യപ്പെട്ടുകയാൽ പിൻതിരിഞ്ഞു വീണ്ടും നടന്നു. രണ്ടാമത്തെ ഇടവഴിയിൽക്കൂടി ഒരു കാർ പോയ പാട്ടു കാണ്മാനുണ്ടായിരുന്നു. അതിനാൽ ആ പാട്ടു ലക്ഷ്യമാക്കി അവർ മുന്നോക്കം പോയി. ചാരിയിരുന്ന ഒരു ഗേററിൽക്കൂടി ഒരു പറമ്പിൽ കടന്നു. ആ പറമ്പിൽ പണിക്കുറ തീരാത്ത ഒരു വീടാണുണ്ടായിരുന്നതു്. വീട്ടിന്റെ ചുററും നടന്നുനോക്കിയതിൽ ആൾതാമസം ഉള്ള വീടല്ലെന്നു തോന്നി. എന്നാൽ അവർ അന്വേഷിച്ചുവന്ന പഴയ ഫോർഡുകാർ അവിടെ കിടക്കുന്നതു കണ്ടു. അതിനാൽ മുൻവശമുള്ള മുറിയുടെ വാതിൽ വെടിവെച്ചു തുറന്നു് അകത്തു കടന്നു് ഓരോ മുറിയായി പരിശോധന തുടങ്ങി. അന്നു് ആ വീട്ടിൽ ചിലർ ഉണ്ടായിരുന്നെന്നു് അവൎക്കു ബോദ്ധ്യപ്പെട്ടു. എന്തെന്നാൽ, പ്രധാന മുറിയിൽ തറയിൽ കുറേ പഴത്തൊലിയും റൊട്ടിയുടെ പൊടിയും കിടന്നിരുന്നു. മുറികളെല്ലാം ചുററിനടന്നു നോക്കിയശേഷം അവർ പ്രധാന മുറിയിൽ എത്തി. ആ മുറിയുടെ ചുവരിൽ വാതലരികിലായി ചെങ്കല്ലുകൊണ്ടു വലിയ അക്ഷരത്തിൽ "ചക്രവൎത്തിയുടെ വീട്" എന്നെഴുതിയിരുന്നതു തന്റെ കയ്യിലിരുന്ന ടോർച്ച്ലൈററിന്റെ സഹായത്താൽ ബാനർജി കണ്ടു.

പ്രേമ:—നാം ഇവിടെങ്ങും അന്വേഷിച്ചിട്ടു ഫലമില്ല. നമുക്കു കഴിയുന്നതുംവേഗം ചക്രവൎത്തിയുടെ വീട്ടിൽ എത്തണം.

എന്നുപറഞ്ഞു് അവർ ആ ഗൃഹത്തിൽ നിന്നും ഇറങ്ങി.

---

# അദ്ധ്യായം ൧൯

---

കണ്ടുകിട്ടി

മണി പതിനൊന്നുകഴിഞ്ഞു. വാസന്തി ഒരു കെട്ടിടത്തിന്റെ പ്രധാന മുറിയിലുള്ള ജന്നലരികിൽ ഒരു കസേരയിൽ, ശിരസ്സിനെ ഉള്ളംകയ്യാൽ താങ്ങി, അധോമുഖിയായിരിക്കുന്നു. ആ മുറിയിൽ തന്നെ മറെറാരു കസേരയിൽ അരോഗദൃഢഗാത്രനായ ഒരു പുരുഷനും ഇരിപ്പുണ്ടു്. ഒരു മണിക്കൂറിലധികം കഴിഞ്ഞു് വാസന്തി തല ഉയർത്തി ജന്നലിൽക്കൂടി പുറത്തേക്കു നോക്കി.

പുരുഷൻ:—ജന്നലിൽക്കൂടി രക്ഷപ്പെടാമെന്നു വിചാരിക്കരുതെ; അങ്ങനെ ചെയ്താൽ കഠിനമായ പരുക്കേററു മരിക്കാൻ ഇടയാകും.

കുറേനേരം രണ്ടുപേരും വീണ്ടും മൌനം ദീക്ഷിച്ചു.

പുരു:—അല്പദൂരം നടക്കാൻ തയ്യാറാവണം.

വാസ:—എവിടെപ്പോകാൻ?

പുരു:—എവിടെയെങ്കിലും ആകട്ടെ. ഒരു മൈൽ നടക്കണം. പിന്നെ വണ്ടിയിലോ കാറിലോ പോകാം. മുഴുവൻ ദൂരവും നടന്നാൽ ആപത്തുണ്ടാകും. നിന്റെ സ്നേഹിതൻ അത്ര ചീത്തയാണു്.

"നിന്റെ സ്നേഹിതൻ". ആരെ ഉദ്ദേശിച്ചാണു് അയാൾ ഇങ്ങനെ പറഞ്ഞതു്? വാസന്തിയ്ക്കു് ഒരു സ്നേഹിതനേ ഉണ്ടായിരുന്നുള്ളു. ആ സ്നേഹിതൻ കഴിയുന്നതും വേഗത്തിൽ തന്നെ അന്വേഷിച്ചു കണ്ടുപിടിക്കുമെന്നും അവൾ ധൈര്യപ്പെട്ടു. പക്ഷേ, അദ്ദേഹം എവിടെല്ലാം അന്വേഷിക്കും. അദ്ദേഹത്തിനു് ഒരു സൂചന നൽകാമെന്നുവെച്ചാൽ എവിടെ എന്തുകൊണ്ടു് എഴുതും. അ

തിനു വഴി കടന്നില്ല. കുറേക്കഴിഞ്ഞു് അയാഠം മറെറാരു മുറിയിലേക്കു പോയി. ആ സന്ദർഭത്തിൽ അവഠം ഒരു കഷണം ചെങ്കല്ലെടുത്തു ചുവരിലെന്തോ എഴുതിവെച്ചു.

വാസന്തിയും ആ പുരുഷനുംകൂടി നടന്നുതുടങ്ങി. രണ്ടുമണിക്കൂറോളം അവർ ആഠംസഞ്ചാരം അധികമില്ലാത്ത ഇടവഴികളിൽകൂടി നടന്നു. ഒടുവിൽ ഒരു പബ്ലിക്കു്റോഡിൽ ഇറങ്ങി. രാജവീഥിയിലെ വെളിച്ചവും മന്ദമാരുതനും അവഠംക്കു് ആശ്വാസം നൽകി.

പുരു:—ഇതാ, ഇങ്ങോട്ടു മാറി ഇവിടെ ഇരിക്കു. അല്പം കഴിഞ്ഞേ ഇവിടെനിന്നു പോകാൻ തരപ്പെടൂ.

വാസന്തി ചിന്താമഗ്നയായി അവിടെ ഇരുന്നു. തന്നെ എങ്ങോട്ടു കൊണ്ടുപോകുന്നു, എന്തിനു കൊണ്ടുപോകുന്നു, എന്നൊന്നും അവഠംക്കറിവില്ല. എങ്കിലും പ്രേമചന്ദ്രനെ വിശ്വസിച്ചു് അവഠം ഒരുവിധം ധൈര്യപ്പെട്ടു.

ഏകദേശം അരമണിക്കൂർ കഴിഞ്ഞു് ഒരു കാർ അവരുടെ സമീപം വന്നുനിന്നു.

പുരു:—ഉം, എഴുന്നേൽക്കു.

വാസന്തി എഴുന്നേററു.

അയാഠം കാർ തുറന്നു് അവളെ അകത്താക്കിയശേഷം അയാളും കയറി. ഉത്തരക്ഷണത്തിൽ കാറും നീങ്ങി. എത്ര ദൂരം സഞ്ചരിച്ചെന്നോ എവിടെയെല്ലാം സഞ്ചരിച്ചെന്നോ വാസന്തിക്കു നിശ്ചയമില്ല. അവഠംക്കു പരിചയമില്ലാത്ത പല സ്ഥലങ്ങളും കടന്നു് കാർ സുരേന്ദ്രനാഥബാനർജിയുടെ ഗൃഹം സമീപിച്ചു. ആ ഗൃഹം ദൂരെവെച്ചുകണ്ടപ്പോഠം തന്നെ അവഠം തിരിച്ചറിഞ്ഞു. എന്നാൽ കാർ അവിടെയും നിൽക്കാതെ മുന്നോട്ടു പോയി. അതിനടുത്ത ഭവനം ചക്രവർത്തിയുടേതാണെന്നും അവഠംക്കറിയാമായിരുന്നു. കാർ ആ ഭവനവും കടന്നു് അതിനടുത്തു

ള്ള മറെറാരു വീട്ടിൻെറ മുൻപിൽ നിന്നു. വാസന്തിയുടെ പുതിയ കൂട്ടുകാരൻ അവളെ കാറിൽനിന്നു് ഇറക്കി വീട്ടിനകത്തേക്കുകൊണ്ടുപോയി.

പുരു:— ഈ വീടു് നിനക്കു പരിചയമുണ്ടെന്നു തോന്നുന്നു. റാംസിങ്ങെന്നും ബിഹാരിലാൽ എന്നും നീ കേട്ടിട്ടില്ലേ. അദ്ദേഹത്തിൻെറ ഭവനമാണു്.

വാസന്തി ഒന്നു ഞെട്ടി; അതുവരെ സഹായിച്ച ധൈര്യം അവളെ വിട്ടുപിരിഞ്ഞു. അവളുടെ കൂട്ടുകാരൻ അവളെ ഒരു മുറിക്കകത്താക്കി കതകടച്ചു പൂട്ടിക്കൊണ്ടു പുറത്തേക്കുപോയി.

ഭയങ്കരമായ അന്ധകാരം, പൊടിയും ചിലന്തിവലയും നിറഞ്ഞ ഒരു മുറി; നാമമാത്രശ്രവണത്താൽ ആരും ഭയപ്പെട്ടുവന്ന ഒരു കൊള്ളക്കാരൻെറ വീടു്; താൻ ഏകാകിനി; കഷ്ടം! സാധു യുവതി ഭയവും ക്ഷീണവുംകൊണ്ടു പരവശയായി പൊടിനിറഞ്ഞ തറയിൽ ശയിച്ചു. കുറേ കഴിഞ്ഞു് ആരോ കതകു തുറക്കുന്ന ശബ്ദം കേട്ടാണു് അവൾ തലപൊക്കിയതു്.

"ഭയപ്പെടേണ്ട" എന്നു് തനിക്കു പരിചയമുള്ള സ്വരത്തിൽ ഒരാൾ പറയുന്നതു കേട്ടു് അവൾ മെല്ലേ എഴുന്നേററിരുന്നു.

ആഗ:—ഞാൻ തന്നെ; ചക്രവത്തി. അയാൾ എവിടെപ്പോയി?

വാസ:—എവിടെപ്പോയോ? എന്നെ എന്തിനാണു് അയാൾ ഇവിടെ കൊണ്ടുവന്നതു്?

ചക്ര:— അതെനിക്കു നിശ്ചയമില്ല. നിങ്ങൾ അതിഭയങ്കരമായ അപകടത്തിലാണു്.

വാസ:—ഭാഗ്യവശാൽ അങ്ങേ കണ്ടിട്ടും എനിക്കു് ആപത്താണോ?

ചക്ര:—ഞാൻ നിങ്ങളെ സഹായിക്കാം. പക്ഷെ അതിന് ഒരു മാർഗ്ഗമേയുള്ളൂ........വിവാഹം.........എന്നെ ഭർത്താവായി സ്വീകരിക്കുക. നിങ്ങളുടെ വിഷമങ്ങളെല്ലാം ഉടൻ നീങ്ങും.

വാസ:—അതു് ഈ ജന്മത്തിൽ സാധ്യമല്ല.

ചക്ര:—ഇല്ലെങ്കിൽ നിങ്ങൾക്ക് എന്തു സംഭവിക്കുമെന്നു പോലും ഊഹിക്കാൻ വിഷമമാണ്.

ചക്രവർത്തി പുറത്തേക്കിറങ്ങി. ആരോടൊ സംസാരിച്ചു. വാസന്തി വളരെ ശ്രദ്ധിച്ചിട്ടും ഒരു വാക്കുപോലും കേൾക്കാൻ കഴിഞ്ഞില്ല.

ചക്രവർത്തി വീണ്ടും അകത്തു കടന്നു.

വാസ:—ആരാണ് അവിടെ സംസാരിച്ചതു്?

ചക്ര:—നിങ്ങൾക്കു പരിചയമില്ലാത്ത ചില ആളുകൾ; അവർ ഭീകരസംഘത്തിലെ അംഗങ്ങളാണ്.

വാസ:—നിങ്ങൾ അവരുടെ അധീനതയിലാണോ?

ചക്ര:—ആണെന്നു തന്നെ പറയണം.

വിചാരാധീനനായിട്ടാണ് അയാൾ മറുപടി പറഞ്ഞതു്. ഭയം, പരിഭ്രമം മുതലായ പല വികാരങ്ങൾ അയാളുടെ മുഖത്തു പ്രത്യക്ഷമായി

ചക്ര:—നിങ്ങളുടെ ജീവരക്ഷയ്ക്കുവേണ്ടിപ്പോലും എന്നെ വരിക്കുകയില്ലേ?

വാസന്തി നിഷേധസൂചകമായി തലയാട്ടി.

ചക്ര:—നിങ്ങൾ മററാരെയെങ്കിലും സ്നേഹിക്കുന്നോ?

വാസ:—ഇല്ല.

ചക്രവർത്തി വീണ്ടും പുറത്തേക്കുപോയി; നാലഞ്ചു നിമിഷം കഴിഞ്ഞു് ഒരു കൈത്തോക്കും കൊണ്ടു തിരിച്ചു വന്നു.

ചക്ര:—വരു, നമുക്കു പോകാം.

വാസന്തി തെല്ലും മടിക്കാതെ അയാളെ അനുഗമിച്ചു. ശരിയായുള്ള വഴിവിട്ടാണു് അവർ സഞ്ചരിച്ചതു്. കഷ്ടിച്ചു് ഒരു ഫർലോങ്ങു് ദൂരം നടന്നപ്പോൾ അവർ ഗംഗാനദിയുടെ തീരത്തു് എത്തി.

ചക്ര:—സൂക്ഷിച്ചിറങ്ങണം; ഒരു ചെറിയ വള്ളം കിടക്കുന്നതു കാണാമോ? നിർഭാഗ്യവശാൽ എന്റെ കയ്യിൽ ഒരു വിളക്കില്ല. ഉണ്ടെങ്കിലും അതുപയോഗിച്ചുകൂടാ.

വാസന്തി മെല്ലെ ഇറങ്ങി വള്ളത്തിനടുത്തെത്തി.

ചക്ര:—സൂക്ഷിച്ചു വള്ളത്തിൽ കയറണം.

അതും അവൾ അനുസരിച്ചു.

ചക്ര:—വള്ളത്തിന്റെ തലയ്ക്കലേയ്ക്കു നീങ്ങി തപ്പിനോക്കിയാൽ ഒരു തുഴ കാണും. അതെടുത്തു് എന്നെ സഹായിക്കണേ. വേഗം നമുക്കു് അക്കരെ പാറണം.

വാസന്തി തുഴയെടുത്തു നദികടക്കാൻ ചക്രവത്തിയെ സഹായിച്ചു

ചക്ര:—പതുക്കെ; വെള്ളം അനങ്ങുന്ന ശബ്ദം കേൾപ്പിക്കരുതു്.

പെട്ടെന്നു് കരയിൽ ഒരു പ്രകാശം കണ്ടു.

ചക്ര:—വേഗം തുഴയണം; വല്ലവിധവും കരയ്ക്കിറങ്ങി ഓടണം.

വള്ളം കരയിൽനിന്നു് അൻപതടിമാത്രം അകലെയായി. പെട്ടെന്നു് ആരോ ഒരാൾ അവളെ സമീപിച്ചു് ആലിംഗനത്തിനു മുതിൎന്നു. അയാളുടെ കയ്യു പിടിച്ചു മാററാൻ അവൾ വളരെ പണിപ്പെട്ടു; ഫലമില്ലെന്നു കണ്ടു് അവൾ അയാളുടെ കയ്യു കടിച്ചു മുറിവേൾപ്പിച്ചു. അയാൾ കയ്യയച്ചു. അനന്തരം മിന്നൽവേഗത്തിൽ അവൾ നദിയിൽ ചാടി. അയാളെ ഭയന്നു് അവൾ നദിയുടെ മറുകരയിലേക്കാണു നീന്തിയതു്.

വാസന്തിക്ക് അഭിമുഖമായി രണ്ടുമൂന്നു ടോർച്ച് ലൈററുകൾ കത്തുന്നതു് അവൾ കണ്ടു. ഭയംകൊണ്ടും ക്ഷീണംകൊണ്ടും കൈകാലുകൾ കുഴഞ്ഞു; എന്നാൽ ശക്തിയുള്ള ഒരു കയ്യ് അവളെ വെള്ളത്തിൽനിന്നു പൊക്കിയതായി അവൾക്കു തോന്നി.

വാസന്തി ബോധശൂന്യയായി.

---

## അദ്ധ്യായം ൨൦

---

ചില രഹസ്യങ്ങൾ

വാസന്തിയെ അന്വേഷിച്ചു പുറപ്പെട്ട പ്രേമചന്ദ്ര ബാനർജിയും ഇൻസ്പെക്ററരും ചക്രവത്തിയുടെ വീട്ടിൽ എത്തി. എന്നാൽ ചക്രവത്തി ഒരു മണിക്കൂർ മുമ്പു പുറത്തേക്കു പോയെന്നു പറയുകയാൽ അവർ അവിടെ നിന്നു തിരിച്ചു.

പ്രേമ:—ആ യുവതിയെ ഇവിടെ കൊണ്ടുവന്നിട്ടില്ല. ഒരു പക്ഷേ, റാംസിങ്ങിന്റെ പഴയ സങ്കേതത്തിൽക ണ്ടേക്കാം.

അവർ അവിടെയും സൂക്ഷ്മമായി പരിശോധിച്ചു.

പ്രേമ:—ഇതാ രണ്ടുപേരുടെ കാലടികൾ കാണുന്നു. ഇതിനെ തുടൻ്നുപോകാം.

കാലടികളെ തുടൻ്നു് അവർ നദീതീരത്തെത്തി.

പ്രേമ:—ഇവിടെനിന്നു വള്ളത്തിൽ കയറിയിരിക്കുന്നു. നമുക്കു നിരാശപ്പെടാതെ നദിവഴി അന്വേഷിക്കാം.

അവർ ഒരു വള്ളക്കാരനെ വിളിച്ചു വള്ളം കൊണ്ടു വരുവിച്ച് അതിൽ കയറി അതിവേഗത്തിൽ തിരിച്ചു. കുറേദൂരം പോയപ്പോൾ ആരോ വെള്ളത്തിൽ വീണതു പോലെ തോന്നുകയാൽ ശബ്ദംകേട്ട സ്ഥലത്തേക്കു വള്ളം വിട്ടു. ബാനർജി തന്റെ കയ്യിലിരുന്ന ടോർച്ച്ലൈററ്

നദിയിലേക്കു നീട്ടി. "അതാ ഒരാൾ—ഒരു സ്ത്രീ—അങ്ങോട്ടടുക്കുക" എന്നു് അദ്ദേഹം പറഞ്ഞു. ഹാ! അതു വാസന്തിതന്നെ ആയിരുന്നു. ബാനർജി അവളെ പിടിച്ചെടുത്തു വള്ളത്തിൽ കിടത്തി.

പ്രേമ:—നമുക്കു ചക്രവത്തിയുടെ വീട്ടിലേക്കു മടങ്ങണം. ഇവക്കു ബോധമില്ല. പെട്ടെന്നു വേണ്ട ശുശ്രൂഷ ചെയ്യണം.

വള്ളം അതിശീഘ്രം മുന്നോട്ടു പാഞ്ഞു.

മണി പന്ത്രണ്ടടിച്ചു; മുൻകൂട്ടി ഏപ്പാടുചെയ്തിരുന്നതനുസരിച്ചു രണ്ടു പോലീസ്സ് ഇൻസ്പെക്ററന്മാരും അൻപതു കാൺസ്റ്റബിൾമാരും ബസ്സുവഴിയും രണ്ടു ഇൻസ്പെക്ററന്മാരും ഇരുപതു പോലീസ്സുകാരും ബോട്ടുവഴിയും അവിടെയെത്തി.

വാസന്തി അല്പസമയത്തെ ശുശ്രൂഷകൊണ്ടു് മോഹാലസ്യം നീങ്ങി പൂവ്വസ്ഥിതിയെ പ്രാപിച്ചു. കുറേ കാപ്പി കുടിച്ചു വിശ്രമിക്കാൻ ഏപ്പാടുചെയ്തശേഷം പ്രേമചന്ദ്രനും രണ്ടു പോലീസ്സ് ഇൻസ്പെക്ററന്മാരും ഏതാനും പോലീസ്സുകാരുമായി റാംസിങ്ങിന്റെ വീട്ടിലേക്കു തിരിച്ചു. വീട്ടിന്നു് അകവും പുറവും അവർ നല്ലതുപോലെ പരിശോധിച്ചു. അനന്തരം നദിക്കഭിമുഖമായി നിന്നുകൊണ്ടു് പ്രേമചന്ദ്രൻ തന്റെ ടോർച്ചുലൈററു നീട്ടി അങ്ങുമിങ്ങും നോക്കി.

പ്രേമ:—അതാ വലത്തുവശത്തു കാണുന്ന വൃക്ഷത്തിൽ ആരോ തൂങ്ങിനിൽക്കുന്നു. വല്ല കൃത്രിമവും ആണോ എന്നു നിശ്ചയമില്ല. ഒരു പക്ഷെ, നമ്മെ അങ്ങോട്ടു് ആകഷിച്ചു വെടിവെയ്ക്കാൻ പ്രയോഗിച്ചിട്ടുള്ള തന്ത്രമാണെന്നും വരാം. അതുകൊണ്ടു് നേരം വെളുത്തിട്ടു് അവിടെപ്പോയി നോക്കിയാൽ മതി. പോലീസ്സുകാർ ആരും അങ്ങോട്ടു പോകരുതെന്നു ചട്ടം കെട്ടണം.

പ്രേമചന്ദ്രനും കൂട്ടരും ചക്രവത്തിയുടെ വീട്ടിലേക്ക മടങ്ങി. നേരം പ്രഭാതമായി. പോലീസ്സ് കമ്മിഷണരും ചക്രവത്തിയുടെ ഗൃഹത്തിൽ എത്തി. അനന്തരം കമ്മിഷണരും പ്രേമചന്ദ്രനുംകൂടി നാലഞ്ചു പോലീസ്സുകാരേയും കൂട്ടിക്കൊണ്ട് റാംസിങ്ങിന്റെ വീട്ടിന്റെ മുൻവശത്ത് ഒരാൾ തൂങ്ങിനിന്നതു പരിശോധിക്കാൻ പുറപ്പെട്ടു. ഒരു പോലീസ്സുകാരൻ മേലധികാരികളുടെ ആജ്ഞപ്രകാരം വൃക്ഷത്തിൽ കയറി, കയർ അഴിച്ചു ശവം താഴെ ഇറക്കി.

കമ്മി:—നിങ്ങളുടെ ഊഹം ശരിയായല്ലോ.

പ്രേമചന്ദ്രൻ അടുത്തുചെന്നു നോക്കി.

പ്രേമ:—വെടിവെച്ചുകൊന്നശേഷം കെട്ടിത്തൂക്കുകയാണു ചെയ്തതു്. ഷർട്ടിൽ പെൻസിൽകൊണ്ടു് "ചതിയൻ" എന്നു് എഴുതിവെച്ചിരിക്കുന്നു. സംഘത്തെ വഞ്ചിച്ചു് എന്തോ പ്രവത്തിച്ചതിനു് ഈയാളെ വെടിവെച്ചുകൊല്ലുകയാണു ചെയ്തതു്.

കമ്മി.—ഇയാൾ ഗുജറാത്തിയാണോ? ഗുജറാത്തിഭാഷയാണു് ഫോണിൽകൂടി സംസാരിക്കുമ്പോഴെല്ലാം ഉപയോഗിക്കാറുള്ളതു്.

പ്രേമ:—സംഘത്തിൽപെട്ട പലരും ആ ഭാഷ പഠിച്ചിട്ടുണ്ടു്.

പ്രേമചന്ദ്രൻ റാംസിങ്ങിന്റെ ബോട്ടിൽനിന്നു കുറിച്ചെടുത്തിരുന്ന തീയതികൾ കമ്മിഷണറെ കാണിച്ചു.

കമ്മി:—ഇതു ഞാൻ കണ്ടിട്ടുണ്ടു്. ഈ സംഭവം ഇതിൽ ഇല്ലല്ലൊ.

പ്രേമ:—ഇതെല്ലാം വേണ്ടിവന്നതാണു്.

കമ്മി:—ആഗസ്റ്റ് 1-ാനു- ബാനർജിയെ കൊന്നു. ആഗസ്റ്റ് 16-ാനു- ആരെ ഉദ്ദേശിച്ചു് എഴുതിയിരിക്കുകയാണു്, ആവോ?

പ്രേമ:—അതു് ഈ സാധുവിനെ ഉദ്ദേശിച്ചാണ്. എനിക്ക് ഇനിയും ഒരാഴ്ച കൂടിയേ ജീവിച്ചിരിക്കാൻ സാധിക്കുവെന്നാണ് അവരുടെ വിധി.

കമ്മി:—അവർ മുന്നറിവു തന്നിട്ടുള്ള സ്ഥിതിക്കു പ്രത്യേകം സൂക്ഷിക്കണം.

പ്രേമ:—മരിക്കാൻ തയ്യാറായിരിക്കുന്നവൻ എന്തിനു ഭയപ്പെടുന്നു?

കമ്മി:—ഏതായാലും ശവം പോസ്റ്റ്മാർട്ടത്തിന് അയക്കണം. ഇവിടത്തെ ഇൻസ്പെക്ടർ മഹസ്സർ തയ്യാറാക്കട്ടെ. നമുക്ക് ആഫീസിലേക്കു പോകാം. ആ സ്ത്രീയേയും നമുക്കു കൊണ്ടുപോകാം.

ഒരു പോലീസ്സ് ഇൻസ്പെക്ടറേയും പകുതിയിലധികം പോലീസ്സുകാരേയും അവിടെ വിട്ടിട്ട് ബാക്കിയുള്ളവർ കമ്മിഷണരുടെ അനുവാദപ്രകാരം പോയി. കമ്മിഷണരും ബാനർജിയും വാസന്തിയേയും കൊണ്ട് കമ്മിഷണരുടെ കാറിലും പുറപ്പെട്ടു.

അത്യാവശ്യമുള്ള ജോലികൾ ചെയ്തു തീർത്തശേഷം അന്നു വൈകിട്ട് പ്രേമചന്ദ്രൻ അദ്ദേഹത്തിന്റെ പിതാവിന്റെ ഗൃഹത്തിലേക്കു പോയി.

പ്രഫുല്ലചന്ദ്രബാനർജി:—ഞാൻ കൊടുത്തയച്ച എഴുത്തു നീ ശ്രദ്ധിച്ചു വായിച്ചോ? എന്തു തീർച്ചയാക്കി?

പ്രേമ:—അച്ഛൻ ഈയിടെ ആഴ്ചതോറും ഒരേ സംഗതി തന്നെ ആവർത്തിച്ച് എഴുതാറുണ്ട്. അതിനെപ്പററി ഞാൻ എന്തു തീർച്ചയാക്കാനാണ്. അതെല്ലാം പോകട്ടെ. റാംസിങ്ങ്, അച്ഛന്റെ ബാങ്കു മാത്രം കൊള്ളചെയ്തിട്ടില്ലെന്നു ഞാൻ ഇതിനുമുമ്പു തന്നെ പറഞ്ഞിട്ടുള്ളതു് ഓർമ്മിക്കുന്നുണ്ടോ?

പ്രഫു—വയസ്സായെങ്കിലും എന്റെ ഓർമ്മശക്തി തീരെ നശിച്ചിട്ടില്ല.

പ്രേമ:—എനിക്കു തെററിപ്പോയി; അച്ഛന്റെ ബാങ്കിൽ നിന്ന് അൻപത്തീരായിരം ഉറുപ്പിക അയാൾ അപഹരിച്ചതു് ഈയ്യിടെയാണു ഞാൻ കണ്ടുപിടിച്ചതു്.

പ്രഫു:—നീ സമർത്ഥനായ ഒരു രഹസ്യപോലീസ്സ് ഉദ്യോഗസ്ഥൻ തന്നെ.

പ്രേമ:—സത്യം പറയുന്ന പക്ഷം ഈ വിവരം ഞാൻ അറിഞ്ഞിട്ട് കുറേ ദിവസമായി. അച്ഛന് അത്ഭുതം തോന്നത്തക്കവണ്ണം ഒരിക്കൽ പെട്ടെന്നു പറയാമെന്നു വിചാരിച്ചിരുന്നു. ........1854 ജൂൺ 1ാനു-ജനിച്ചതു് ആരാണു്?

പ്രഫു:—അന്നു് ആരെല്ലാം ജനിച്ചിരിക്കാം. ഞാൻ എങ്ങിനെ അറിയുന്നു?

പ്രേമ:—അച്ഛനറിഞ്ഞുകൂടെ? കെ. എൻ. ബി. ആരാണു്? അല്ലെങ്കിൽ ഏകപുത്രനോടു കള്ളം പറഞ്ഞെന്നുള്ള കുണ്ഠിതം അച്ഛനുണ്ടാക്കാതെ ഞാൻ തന്നെ പറയാം. കാളീനാഥബാനർജി എന്നയാൾ, പല പേരുകളിൽ പ്രഖ്യാതനായിരുന്ന ആ ഭീകരസംഘത്തലവൻ തന്നെ.

പ്രഫു:—ങ്്ാഹാ!

പ്രേമ:—അതെ, ഞാൻ പിടിച്ചു തൂക്കിക്കൊല്ലിച്ച ആ ആൾ അച്ഛന്റെ അനുജനും ആയിരുന്നു.

പ്രഫുല്ലചന്ദ്രബാനർജി ചിന്താപരവശനായി ഈസിച്ചെയറിലേക്കു കിടന്നു.

പ്രഫു:—ഇതു നീ എങ്ങിനെ അറിഞ്ഞു?

പ്രേമ:—അയാളുടെ ബോട്ടിൽ ഏതാനും ആണ്ടുമാസം തീയതികൾ എഴുതിയിരുന്നു; ഓരോന്നും ഓരോ പ്രത്യേക സംഭവത്തെക്കുറിക്കുന്നതാണെന്നു ഞാൻ ഊഹിച്ചു. ഒന്നാമത്തേതു് ഒരു പ്രധാനിയുടെ ജന്മ

ദിനം ആയിരിക്കുമെന്ന് ആദ്യമേ ഞാൻ തീർച്ചയാക്കി. അതിനു നേരെ കെ. എൻ. ബി. എന്ന് എഴുതിയിരുന്നു. വളരെ പണിപ്പെട്ടാണ് അത് അയാളുടെ ജന്മദിനമാണെന്നു കണ്ടുപിടിച്ചത്. അച്ഛൻെറ അച്ഛന് രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു. അവരിൽ ഒരാളുടെ മകനാണ് കാളിനാഥബാനർജി. ഈ വിവരം ഇതുവരെ അച്ഛൻ എന്നോടു പറഞ്ഞില്ലല്ലോ.

പ്രഫു:—അവനെപ്പോലെയുള്ള ഒരു അനുജനെപ്പററി പറയാൻ അഭിമാനം ഉള്ള ആരെങ്കിലും തുനിയുമോ? സത്യം പറയുന്ന പക്ഷം എനിക്ക് അവനുമായുള്ള പരിചയം തന്നെ തീരെ തുച്ഛമായിരുന്നു; പ്രായത്തിൽ അവന് എന്നെക്കാൾ പത്തുവയസ്സ് കുറവുണ്ടായിരുന്നു. പലപ്പോഴും അവൻ അച്ഛൻ്റെ പണം അപഹരിച്ചുകൊണ്ടു കടന്നുകളഞ്ഞിട്ടുണ്ട്.

പ്രേമ:—ഇതിലധികം അച്ഛന് അയാളെപ്പററി ഒന്നും അറിഞ്ഞുകൂടെ?

പ്രഫു:—അറിഞ്ഞുകൂടാ; ബിഹാരിലാൽ, റാംസിങ്ങ് എന്നിങ്ങനെ പല പേരുകളിൽ ഒരുവൻ പല ബാങ്കുകളിൽനിന്നു പണം അപഹരിച്ചതായി ധരിച്ചിരുന്നെങ്കിലും അത് ഇവനാണെന്നു ഞാൻ മനസ്സിലാക്കിയുമില്ല. അവൻ്റെ ഫോട്ടോ പത്രങ്ങളിൽ കണ്ടശേഷമാണ് ആ വിവരം ഞാൻ ധരിച്ചത്. അതിനു ശേഷമാണ് ഉദ്യോഗം ഉപേക്ഷിക്കാൻ ഞാൻ നിന്നെ നിർബന്ധിച്ചു തുടങ്ങിയത്. എൻ്റെ അച്ഛൻ്റെ രക്തം സിരകളിൽ വഹിക്കുന്ന ഒരുവൻെറ കയ്യുകൊണ്ടു് നിനക്ക് ആപത്തുണ്ടാകരുതെന്നു കരുതിയാണ് ഞാൻ അങ്ങിനെ ചെയ്തത്. അവൻ അത്ര നീചനാണ്. അവൻ മരിച്ചതോടുകൂടി ഭീകരസംഘത്തിനു പണം ഇല്ലാതായി.

പണം ഉണ്ടാക്കാനുള്ള ശ്രമമാണ് ഇപ്പോൾ അവർ നടത്തുന്നതു്. അതുകൊണ്ടു് പലരേയും അവക്കു കൈവെയ്ക്കേണ്ടിവരും. സുരേന്ദ്രനാഥബാനർജിയെ കൊന്നതു് പണം ഉണ്ടാക്കാൻ വേണ്ടി മാത്രമാണു്.

പ്രേമ:—അതെ; അതിനു വേണ്ടിയാണു് ആ സാധു പെൺകുട്ടിയെ പിടികൂടിയതും........പക്ഷേ, ചക്രവർത്തി................

പ്രഫു:—നിനക്കു് അയാളെ അറിയാമോ?

പ്രേമ:—അറിയാമെന്നോ? ഞാൻ അയാളുടെ നടപടികൾ സൂക്ഷിച്ചു വരികയായിരുന്നു.

പ്രഫു:—എന്നു മുതൽ?

പ്രേമ:—കാളീനാഥബാനർജിയെ ഞാൻ അറസ്റ്റു് ചെയ്ത ദിവസം അയാളും അടുത്തുണ്ടായിരുന്നു. അന്നു മുതൽ ഞാൻ അയാളെ സൂക്ഷിക്കാൻ തുടങ്ങി. കാളിനാഥബാനർജി ഒരിക്കലും തോക്കുകൊണ്ടു നടക്കുന്ന പതിവില്ലെന്നു് എനിക്കറിയാം. ഒരു തോക്കു് ഒളിച്ചുവെയ്ക്കത്തക്കവിധമല്ല. അയാൾ വസ്ത്രധാരണം ചെയ്തിരുന്നതും; ചക്രവർത്തിയാണു് തോക്കു് അയാൾക്കു നീട്ടിക്കൊടുത്തതു്. അതിനു വേണ്ടിയാണു് അയാൾ എന്നെ സഹായിക്കാനാണെന്ന ഭാവത്തിൽ ഓടി എത്തിയതു്.

പ്രഫു:—അവനു തക്ക അനുഭവം കിട്ടിയല്ലൊ.

പ്രേമ:—അച്ഛൻ ഊർമ്മിളാദേവിയെ അറിയുമോ?

പ്രഫു:—ഞാൻ കണ്ടിട്ടുണ്ടു്.

പ്രേമ:—കണ്ടിട്ടുണ്ടു്, ഇല്ലേ? അവർ ആരാണെന്നു ഞാൻ പറയാം. കാളീനാഥബാനർജിയുടെ പണം സൂക്ഷിപ്പുകാരിയായിരുന്നു. അവർ അനേക ലക്ഷം കൈകാര്യം ചെയ്തു. സുരേന്ദ്രനാഥബാനർജിയുടെ ബാ

ങ്കിൽ അവക്കുണ്ടായിരുന്ന ഇടപാടുകളെപ്പററി അദ്ദേഹം തന്നെ എന്നോടു പറഞ്ഞിട്ടുണ്ട്. അവരുടെ സഹോദരൻെറ വകയെന്നാണ് അവർ പറഞ്ഞിരുന്നതു്. പക്ഷേ, അവക്കു സഹോദരനുമില്ല, സഹോദരിയുമില്ല. അവർ ഭീകരസംഘത്തെ പണം കൊണ്ടു ധാരാളം സഹായിക്കുന്നു.

പ്രഫു:—കാളീനാഥൻ അതിബുദ്ധിമാനായിരുന്നു. കൃത്രിമപദ്ധതികൾ കണ്ടുപിടിക്കാൻ അവൻ അതിസമർത്ഥനായിരുന്നു. ഏതൊരു സംഘത്തേയും നയിക്കാനും അവനു വൈഭവം ഉണ്ടായിരുന്നു. അവൻ മരിച്ചിട്ടും സംഘം പ്രവൃത്തി തുടരുന്നതു സാഹസമാണ്.

പ്രേമ:—അതിൻെറ കാരണം അച്ഛൻ തന്നെ പറഞ്ഞല്ലോ. പണം ഉണ്ടാക്കുക, പ്രതീകാരം ചെയ്യുക ഈ രണ്ടുദ്ദേശമാണ് അവക്കുള്ളതു്. ബാനർജിയെക്കൊണ്ട് അദ്ദേഹത്തിന്റെ സ്വത്തു വാസന്തിക്ക് അധീനപ്പെടുത്തി അതുവഴി സംഘത്തിനു പണമുണ്ടാക്കാനാണ് ശ്രമം.

പ്രഫു:—അവൾക്കു വേണ്ടിയല്ലേ നീ ഈ ആപത്തുകളിലെല്ലാം ചെന്നു ചാടുന്നതു്. അവൾക്കു വേണ്ടി എങ്കിലും നീ ഉദ്യോഗം രാജിവെയ്ക്കുമെങ്കിൽ........ അതിനും എനിക്കു സമ്മതം തന്നെ.

അടുത്തതായി ഊർമ്മിളാദേവിയുടെ നേരെയും ഒരു ബോംബു പ്രയോഗിച്ച് അവരെക്കൊണ്ടും ചിലതെല്ലാം പറയിക്കണമെന്നു തീർച്ചയാക്കിക്കൊണ്ടു ബാനർജി പിതൃഗൃഹത്തിൽ നിന്നും ഇറങ്ങി.

---

# അദ്ധ്യായം ൨൧

അശുപത്രിയിൽ

വാസന്തി:—എനിക്കു തീരെ സുഖമില്ലെന്നു ഞാൻ സമ്മതിക്കുന്നു; എങ്കിലും ആശുപത്രിയിൽ കിടക്കേണ്ട ആവശ്യമില്ല.

പ്രേമ:—ഉണ്ടോ ഇല്ലയോ എന്നു നിശ്ചയിക്കേണ്ടതു ഡാക്ടറാണ്. തൽക്കാലസ്ഥിതി നോക്കുന്ന പക്ഷം നിങ്ങൾ ഈ സർക്കാർകെട്ടിടത്തിൽ കഴിച്ചുകൂട്ടുന്നതാണ് ഉത്തമം.

വാസ:—എനിക്കു ചിററമ്മയെ ഒന്നു കാണണം.

പ്രേമ്ചന്ദ്രൻ മറുപടി പറഞ്ഞില്ല.

വാസ:—എനിക്ക് ഉപദ്രവം ഉണ്ടാകുമെന്ന് അങ്ങു വിചാരിക്കുന്നു. അതു കൂടാതെ കഴിക്കാൻ ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥൻ എപ്പോഴും ആശുപത്രിയിൽ ചുററിക്കൊണ്ടിരിക്കുകയും ഒരു പോലീസ്സുകാരൻ എൻെറ മുറിയുടെ വാതുക്കൽ ഉണ്ടായിരിക്കുകയും ചെയ്യണമെന്ന് അങ്ങു തീർച്ചയാക്കി.

പ്രേമ:—അതെ, അതുകൊണ്ടെന്തു്?

വാസ:—ചക്രവത്തിയെപ്പററി എന്തെങ്കിലും അറിഞ്ഞോ?

പ്രേമ:—ഇതുവരെ ഇല്ല; എവിടെയോ പൊയ്ക്കളഞ്ഞെന്നാണ് എൻെറ ഊഹം.

വാസ;—അയാളുടെ മേൽ നടപടി നടത്താൻ അങ്ങുദ്ദേശിക്കുന്നില്ലല്ലോ.

പ്രേമ:—യാതൊരു നടപടിയും നടത്തേണ്ട ആവശ്യമില്ല.

അനന്തരം ബാനർജി ആശുപത്രിയിലെ പ്രധാന നഴ്സിനേയും വിളിച്ചുകൊണ്ടു വരാന്തയിലേക്കിറങ്ങി.

പ്രേമ:—യാതൊരു പത്രവും വായിക്കാൻ കൊടുക്കരുതു്. പല വിവരങ്ങളും അറിയാൻ അവൾക്കു താല്പര്യം ഉണ്ടു്. മാസികകളോ പുസ്തകങ്ങളോ എത്ര വേണമെങ്കിലും വായിക്കട്ടെ.

നഴ്സ്:—അങ്ങനെ തന്നെ.

ബാനർജി നഴ്സിനു പല നിർദ്ദേശങ്ങളും നൽകിയശേഷം വീട്ടിലേക്കു മടങ്ങി. എന്നാൽ അരമണിക്കൂറിനുള്ളിൽ ആശുപത്രിയിൽ നിന്നു പ്രധാന നഴ്സ് അദ്ദേഹത്തിനെ ഫോണിൽ വിളിച്ചു് ഇപ്രകാരം പറഞ്ഞു. "മൂന്നുമണിക്കു് ഊർമ്മിളാദേവി, വാസന്തീദേവിയെക്കാണാൻ വരുമെന്നു് അറിയിച്ചിരിക്കുന്നു. എന്തു ചെയ്യണമെന്നറിഞ്ഞാൽ കൊള്ളാം". താൻ അതിനുമുമ്പു് ആശുപത്രിയിൽ എത്തിക്കൊള്ളാമെന്നു മറുപടി പറഞ്ഞ ശേഷം അദ്ദേഹം തൻ്റെ ആഫീസിലേക്കു പോയി.

മണി മൂന്നടിച്ചു. ഊർമ്മിളാദേവിയുടെ കാർ ആശുപത്രിയുടെ മുൻവശം വന്നുനിന്നു. ഊർമ്മിളാദേവി, പ്രശസ്തയായ ഒരു തരുണിയുടെ പ്രഭാവത്തോടുകൂടി കാറിൽ നിന്നിറങ്ങി വരാന്തയിലേക്കു നടന്നു.

ഊർമ്മി:—ഇതാരു്? മിസ്റ്റർ ബാനർജിയോ? നിങ്ങളെ ഒന്നു കാണാൻ ഞാൻ കൊതിച്ചിരിക്കുകയായിരുന്നു. വാസന്തിക്കു് എന്തു പററി? നിങ്ങളുടെ ഒരു ഇൻസ്പെക്ടറോടു ചോദിച്ചിട്ടു് ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഒരാൾ അവളെ മോഷ്ടിച്ചുകൊണ്ടുപോയി ആററിൽ മുക്കിക്കൊല്ലാൻ ശ്രമിച്ചെന്നാണു് അയാൾ പറഞ്ഞതു്.

പ്രേമ:—അതു മുഴുവനും ശരിതന്നെ.

ഊൎമ്മി:—ചക്രവൎത്തിക്കു് എന്തുപററി? അയാൾ മരിച്ചു പോയെന്നു പറയുന്നതു വാസ്തവമാണോ?

പ്രേമ:—അതെ, വാസ്തവംതന്നെ. പക്ഷേ, ഈ വിവരം വാസന്തിയെ അറിയിക്കരുതു്.

ഊൎമ്മി:—അതു ഭയങ്കരംതന്നെ; ആദ്യം ബാനർജി, രണ്ടാമതു ചക്രവൎത്തിയും.

പ്രേമ:—എന്തെല്ലാമോ സംഭവിക്കുന്നു. നിങ്ങൾ ബിഹാരിലാലിനെ—എന്റെ ചിററപ്പനെ— ഓൎമ്മിക്കുന്നുണ്ടോ?

ഊൎമ്മി:—നിങ്ങളുടെ ... ..........

പ്രേമ:—എന്റെ ചിററപ്പൻ; എന്റെ ~~അച്ഛന്റെ~~ മൂത്ത രണ്ടാമത്തെ ഭാൎയ്യയുടെ മകൻ. അതു നിങ്ങൾക്കറിയാമെന്നാണു ഞാൻ വിചാരിച്ചിരുന്നതു്. അയാളുടെ ശരിയായ പേരു് കാളീനാഥബാനർജി എന്നായിരുന്നു. 1883-ലാണു അയാൾ വിവാഹംചെയ്തതു്. ഭാൎയ്യയുടെ പേരു് സുശീലയെന്നായിരുന്നു, പക്ഷേ, അവരെ പെട്ടെന്നുപേക്ഷിച്ചുകളഞ്ഞു.

ഊൎമ്മിളാദേവിയുടെ മുഖം ഒരു പിശാചിന്റേതുപോലെ ഭയങ്കരമായിത്തീൎന്നു. രക്തമില്ലാതെ വിളറി, ഭയവും, പരിഭ്രമവും അത്ഭുതവും കൂടി ബാധിക്കുകയാൽ അവൾക്കു നിൽക്കാൻപോലും ശക്തിയില്ലാതെയായി. കുറേനേരം അവർ മൌനമായി നിന്നു. അനന്തരം സംഭാഷണവിഷയം മാററി.

ഊൎമ്മി:—എനിക്കു വാസന്തിയെ ഒന്നു കാണണമല്ലോ.

പ്രേമ:—നമുക്കു് അങ്ങോട്ടുപോകാം.

ഊൎമ്മി—എനിക്കു് അവളോടു സ്വകാൎയ്യമായി പലതും പറയാനുണ്ടു്.

പ്രേമ:—ഞാൻ ചെവി പൊത്തിക്കൊള്ളാം.

ഊൎമ്മിളയും പ്രേമചന്ദ്രനും വാസന്തിയുടെ മുറിയിൽ കടന്നു. വാസന്തി വായിച്ചുകൊണ്ടിരുന്ന പുസ്തകം കിടക്കയിൽ വച്ചിട്ടു് ഊൎമ്മിളയെ വന്ദിച്ചു.

ഊൎമ്മി:—കുഞ്ഞേ! നീ വല്ലാതെ ക്ഷീണിച്ചുപോയല്ലൊ. ഇവരെല്ലാംകൂടി നിന്നെ തടവിലാക്കിയിരിക്കുന്നോ? ഇവിടെ കിടക്കത്തക്ക സുഖക്കേടൊന്നും നിനക്കില്ലല്ലൊ.

വാസ:—ഇവിടെ എനിക്കു യാതൊരു അസൌകൎയ്യവുമില്ല. പക്ഷേ, ഇവിടെത്താമസിക്കണമെന്നുമാത്രം അവർ നിർബന്ധിക്കുന്നു.

ഊൎമ്മി:—അവർ ആരു്, മിസ്റ്റർ ബാനർജി മാത്രമല്ലേ? അദ്ദേഹത്തിന്റെ ഈ സ്നേഹത്തിനു നീ അത്യന്തം കടപ്പെട്ടിരിക്കുന്നു. (ബാനർജിയോടു്) ഞാൻ ഇവളോടു ചില കാൎയ്യങ്ങളെപ്പററി സംസാരിക്കട്ടെ.

പ്രേമചന്ദ്രൻ മുറിയുടെ ഒരു അരികിലേക്കു മാറി അശ്രദ്ധനെന്നവണ്ണം നിന്നു.

ഊൎമ്മി:—ശരച്ചന്ദ്രബോസ്സ് നിന്നെ കാണണമെന്നു പറയുന്നു; വരാൻ പറയട്ടോ?

വാസന്തി മറുപടിപറയാതെ ബാനർജിയെനോക്കി.

ഊൎമ്മി:—അയാളോടു ചോദിക്കരുതു്; അവർ തമ്മിൽ രസമില്ല. നീ അയാളെ ഒന്നു കാണണം.

വാസന്തി വീണ്ടും പ്രേമചന്ദ്രനെ നോക്കി.

വാസ:—എനിക്കറിഞ്ഞുകൂടാ, യാതൊരാളും ഇവിടെ വന്നു് എന്നെ കാണാൻ അനുവദിക്കരുതെന്നു ചട്ടംകെട്ടിയിട്ടുണ്ടു്. അതുകൊണ്ടു് അദ്ദേഹത്തിനു് എന്നോടു പറയാനുള്ള കാൎയ്യം എന്താണെന്നു ചിററമ്മ ചോദിച്ചാൽ മതി.

ഊർമ്മി—സുരേന്ദ്രനാഥബാനർജി വില്ലിൽ ഒപ്പിടുന്നതിനു മുമ്പു പറഞ്ഞ ചില കാര്യങ്ങൾ നിന്നോടു നേരിട്ടു പറയാനാണു്.

വീണ്ടും വാസന്തിയുടെ ദൃഷ്ടി ബാനർജിയിൽ പതിഞ്ഞു.

ഊർമ്മി:—ഞാൻ നിർബന്ധിക്കുന്നില്ല; ഏതായാലും ഈ വിവരം ബാനർജിയോടു പറയരുതു്.

വാസ:—ചക്രവർത്തിയെപ്പററി എന്തെങ്കിലും കേട്ടോ?

ഈ ചോദ്യംകേട്ടു പ്രേമചന്ദ്രൻ അവരുടെ അടുത്തെത്തി.

ഊർമ്മി:—ഒന്നും കേട്ടില്ല.

വാസ:—അദ്ദേഹം ഒരു നല്ല മനുഷ്യനായിരുന്നു.

പ്രേമ:—മണി മൂന്നരകഴിഞ്ഞു. എനിക്കു് കോടതിവരെ പോകേണ്ടിയിരിക്കുന്നു. നമുക്കു പുറത്തേക്കു പോകാം.

പ്രേമചന്ദ്രൻ ഊർമ്മിളാദേവിയെ കാറിൽ കയററി അയച്ചശേഷം നഴ്സിനെ വിളിച്ചു സ്വകാര്യമായി അല്പനേരം സംസാരിച്ചു; അനന്തരം തന്റെ കാറിൽ കയറി അതിവേഗത്തിൽ മജിസ്റ്റ്രേററുകോടതിയിലേക്കു പോയി.

കാർ കോടതിയുടെ മുമ്പിൽ നിന്നു; ബാനർജി കാറിൽനിന്നും ഇറങ്ങാൻ തുടങ്ങുമ്പോൾ രണ്ടുപേരെ വിലങ്ങുവെച്ചു പോലീസ്സുകാർ പുറത്തേക്കു കൊണ്ടുവരുന്നതു കണ്ടു് കാറിൽതന്നെ ഇരുന്നു.

പ്രേമ:—എന്തായി?

ഒരു പോലീസ്സുകാരൻ:—ലൈസൻസില്ലാതെയും അതിവേഗത്തിലും കാർ ഓടിച്ച കുററത്തിനു രണ്ടുപേക്കും ആറാറുമാസത്തെ തടവു്.

ബാനർജി:—(പ്രതികളെ നോക്കി) നിങ്ങളെ തൂക്കിക്കൊല്ലേണ്ടതാണ്. കാറുകൊണ്ടു് എന്നെ കൊല്ലാൻ ശ്രമിച്ച ദ്രോഹികളല്ലേ നിങ്ങൾ?

ഒരു തടവുകാരൻ:—ഞാൻ യജമാനനോടു ബോധിപ്പിച്ചില്ലേ? അവിടത്തെ കൊല്ലാൻ ഉറവു ശ്രമിച്ചുകൊണ്ടിരുന്ന ഒരു വൃദ്ധനാണ് ഞങ്ങളെ അതിനു പ്രേരിപ്പിച്ചതു്.

പ്രേമ:—(പോലീസ്സുകാരോടു്) ഉം. കൊണ്ടുപോകു.

"ഭീകരസംഘത്തിൽ ഏതെല്ലാം തരക്കാരുണ്ടു്. ഇവരാരും സംഘാംഗങ്ങളായിരിക്കയില്ല. ഇവരെ തേടിപ്പിടിച്ചു വേണ്ട കാര്യങ്ങൾ ചട്ടംകെട്ടുന്നതും അവരെക്കൊണ്ടു ജോലി നടത്തിക്കുന്നതും ആരായിരിക്കും! ഇവരെല്ലാം പലപ്പോഴും ശിക്ഷ അനുഭവിച്ചിട്ടുള്ളവരാണ്. ഇത്തരക്കാരെ തേടിപ്പിടിക്കാൻതന്നെ പ്രത്യേകം ഒരു സാമർത്ഥ്യം വേണം." എന്നിങ്ങനെ ആലോചിച്ചുകൊണ്ടു് ബാനർജി അല്പനേരം കാറിൽതന്നെ ഇരുന്നു. അനന്തരം കാർ വിട്ടു് സ്വഗൃഹത്തിലേക്കു മടങ്ങി.

ബാനർജി തന്റെ മുറിക്കകത്തു കടന്നയുടൻ ആദ്യമായി കണ്ടതു മേശപ്പുറത്തു കിടന്ന ഒരെഴുത്താണ്. എഴുത്തെടുത്തു പൊട്ടിച്ചു് അദ്ദേഹം ഇപ്രകാരം വായിച്ചു.

"സർ, ഇത്തവണത്തെ ഉത്സവവാരം ഞങ്ങൾക്കു ഭീമമായ നഷ്ടത്തിനും നിരാശയ്ക്കുമാണ് ഇടയാക്കിയതു്. എങ്കിലും നമ്മൾ എല്ലാം അത്യന്തം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തുവന്ന ഒരു മഹാന്റെ മരണം മൂലം സ്വന്തം കാര്യങ്ങൾ എനിക്കു സ്മരിക്കാൻ കഴിയുന്നില്ല. എനിക്കു പല കാര്യങ്ങളും അവിടത്തെ ധരിപ്പിക്കാനുണ്ടു്. അതിൽ ചിലതെങ്കിലും അവിടത്തേക്കു പ്ര

യോജനപ്പെടാതിരിക്കയില്ല. അതിനാൽ ആഗസ്റ്റ് 15-നു വൈകിട്ടോ 16-ാനു കാലത്തോ ഇങ്ങോട്ടൊന്നു വരണമെന്ന് അപേക്ഷിക്കുന്നു.

എന്ന് വിധേയൻ,

ആശുതോഷമുക്കർജി.

എഴുത്തു വായിച്ചശേഷം മേശ തുറന്ന് അതകത്തുവച്ചു. അനന്തരം ഒരു ഈസിച്ചെയറിൽ ചെന്നു കിടന്നുകൊണ്ടു് അദ്ദേഹം ആലോചന തുടങ്ങി.

"ആഗസ്റ്റ് 16—അതേ, ബോട്ടിൽ എഴുതിയിട്ടുള്ള ഒടുവിലത്തെ തീയതി—എനിക്കുവേണ്ടി എഴുതിവെച്ചിട്ടുള്ളതു്. എന്നെയും മോഹനലോഡ്ജിൽവച്ചുതന്നെ ശരിപ്പെടുത്താമെന്നായിരിക്കും! അതിനുള്ള തന്ത്രംതന്നെയാണ് ഈ ക്ഷണം. അല്ലാതെ അവനു് എന്താണ് എന്നെ അറിയിക്കാനുള്ളതു്! ഏതായാലും വരുന്നതു വരട്ടെ; പോവുകതന്നെ വേണം. ഭയപ്പെട്ടു് എത്ര കാലം ജീവിക്കും. ഞാൻ പോകാതിരുന്നാൽ ഭയംകൊണ്ടാണെന്ന് അവർ തീർച്ചയാക്കും. എന്നെ ഭയപ്പെടുത്താൻ തുടർച്ചയായി അവർ ശ്രമിച്ചുകൊണ്ടിരിക്കും. അതുകൊണ്ടു് രണ്ടിലൊന്നു് അറിഞ്ഞുവെയ്ക്കണം".

ബാനർജിയുടെ ഭൃത്യൻ അകത്തുകടന്നു.

ഭൃത്യൻ—ചിത്രാംഗി എന്ന ഒരു സ്ത്രീ യജമാനനെ കാണാൻ വന്നിരിക്കുന്നു.

പ്രേമ:—അകത്തു വരാൻ പറയൂ.

# അദ്ധ്യായം ൨൨

ഒരു താക്കീതു്.

ചിത്രാംഗി വിലയേറിയ വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ചിരുന്നു. പക്ഷേ, അവളുടെ മുഖം വിളറി പരവശമായിരുന്നു. അനേകം ദിവസങ്ങളായി അവൾ രാത്രിയിൽ ഉറങ്ങാറില്ലെന്നു് ആൎക്കും തോന്നിപ്പോകും.

പ്രേമ:—ഇരിക്കണം.

ചിത്രാം:—വേണ്ട, ഞാൻ നിന്നുകൊള്ളാം.

അവളുടെ സ്വരവും ശരീരക്ഷീണം പ്രത്യക്ഷമാക്കി.

ചിത്രാം:—അങ്ങേയ്ക്കു ജീവനിൽ കൊതിയുണ്ടോ?

പ്രേമ:—വളരെ.

ചിത്രാം:—ബാബു പ്രതാപചക്രവൎത്തി ജീവനിൽ അത്യന്തം മമതയുള്ളവനായിരുന്നു. അദ്ദേഹത്തിന്റെ ഗൃഹത്തേയും തോട്ടത്തേയും എല്ലാം അദ്ദേഹം ജീവനെപ്പോലെ സ്നേഹിച്ചു.

ചിത്രാംഗിയുടെ കയ്യിൽ സ്വൎണ്ണവൎണ്ണത്തിലുള്ള ഒരു സഞ്ചി ഉണ്ടായിരുന്നു. ബാനൎജ്ജി അതുതന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു.

ചിത്രാം:—അന്യരെ തടവിലാക്കുകയും തൂക്കിക്കൊല്ലിക്കുകയും ചെയ്യുന്നതുപോലെ പ്രിയതരമായി നിങ്ങളുടെ ജീവിതത്തിൽ മററു ചില സംഗതികൾകൂടി കണ്ടേക്കാം. മനുഷ്യർ പല നല്ല വസ്തുക്കളേയും ഇഷ്ടപ്പെടുന്നവരാണല്ലോ.

പ്രേമ:—ഞാനും നല്ല വസ്തുക്കളെ ഇഷ്ടപ്പെടുകയും ചീത്ത വസ്തുക്കളെ വെറുക്കുകയും ചെയ്യുന്നു.

ചിത്രാം:—ചക്രവത്തിയും അങ്ങനെതന്നെ ആയിരുന്നു.... അയാഠം മരിച്ചു.

അവഠം വസ്ത്രാഞ്ചലത്താൽ കണ്ണുതുടച്ചു.

ബാനർജി അടുത്തുകിടന്ന ഒരു കസേര നീക്കിയിട്ടു കൊടുത്തു.

ചിത്രാം:—വേണ്ട; ഞാൻ നിങ്ങളെ വെറുക്കുന്നു. അതികഠിനമായി വെറുക്കുന്നു. നിങ്ങഠം മരിക്കണമെന്നു ഞാനാശിക്കുന്നില്ല. ഞാൻ പറഞ്ഞതു മനസ്സിലായോ? നിങ്ങഠം—മരിക്കണമെന്ന്—എനിക്ക്—ആശയില്ല. നിങ്ങഠം വളരെക്കാലം ജീവിച്ചിരിക്കണമെന്നാണ് എന്റെ ആഗ്രഹം. എന്നെ സംബന്ധിച്ചാണെങ്കിൽ ജീവിതത്തെ ഞാൻ തീരെ വെറുക്കുന്നു. എന്റെ മൂക്കിൽ എപ്പോഴും രക്തത്തിന്റെ മണമാണുള്ളത്...........മരണം കണ്ടു മുഷിഞ്ഞതുകൊണ്ടുമാത്രമാണ് നിങ്ങഠം ജീവിച്ചിരിക്കണമെന്നു ഞാൻ ആശിക്കുന്നതു്. അതിനാൽ, ഞാൻ ഒന്നു ചോദിക്കട്ടെ. നിങ്ങഠം ഈ കേസ്സന്വേഷണം ഉപേക്ഷിച്ചു് അവരെ അവരുടെ പാട്ടിനു വിട്ടിട്ട് സ്വസ്ഥമായിരിക്കുമോ?

പ്രേമ:—കേസ്സിൽനിന്നു ഞാൻ പിന്മാറിയാൽ എങ്ങിനെ രക്ഷപ്പെടും?

ചിത്രാം:—ഏതാനുംമാസത്തേക്കു വിദേശങ്ങളിൽ സഞ്ചരിക്കണം. ഏതായാലും ബങ്കാഠം വിട്ടു പോകണം.

ബാനർജി മറുപടി പറഞ്ഞില്ല.

ചിത്രാം:—ഞാൻ തുറന്നു പറയാം. ഒരു ദിവസം അവർ അങ്ങേ കൊന്നതുതന്നെ ആയിരുന്നു. അങ്ങു് അവരുടെ നേരെ തോക്കെടുക്കാതിരിക്കാൻവേണ്ടി അവർ എന്നെ പറഞ്ഞയച്ചു. അങ്ങ് ഓമ്മിക്കുന്നുണ്ടോ? അവർ അങ്ങേ കൊല്ലാനാണു വെടിവെ

ച്ചതു്? അപ്പോൾ ഞാൻ ഓടിവന്നു് ചില കള്ളക്കഥകൾ പറഞ്ഞു് അങ്ങേ താമസിപ്പിച്ചു. ഈ പരമാർത്ഥം തുറന്നു പറഞ്ഞതിനു് അങ്ങു് എന്നെ പിടിച്ചു ജയിലിൽ അടയ്ക്കുമായിരിക്കും. അതിൽ എനിക്കു സന്തോഷമേയുള്ളു. ഇതൊന്നും കാണാതെയും കേൾക്കാതെയും കഴിക്കണമെന്നാണു് എൻെറ ആഗ്രഹം. അങ്ങേ കൊല്ലാനുള്ള ആലോചനയിൽ ഞാൻ ഒരു പ്രധാന പങ്കുകാരിയായിരുന്നു.

പ്രേമ:—വെടിവെച്ചതാരാണു്?

ചിത്രാം:—അതു ഞാൻ പറയുകില്ല. അങ്ങു് എന്നെ അറസ്റ്റു് ചെയ്തുകൊള്ളണം. ഈ വിവരം പറയാനും അങ്ങേയ്ക്കു് ഒരു താക്കീതു നൽകാനും വേണ്ടി മാത്രമാണു ഞാൻ വന്നതു്.

പ്രേമ:—നിങ്ങളുടെ സഹോദരനായിരുന്നോ?

ചിത്രാം:—അയാൾ ലോഡ്ജിലായിരുന്നു. അതു നിങ്ങൾ അന്വേഷിച്ചറിഞ്ഞിട്ടുമുണ്ടല്ലോ.

പ്രേമ:—വക്കീൽ മിസ്റ്റർ ബോസ്സ് ആയിരുന്നോ?

ചിത്രാംഗിയുടെ മുഖത്തു തെല്ലു പരിഭ്രമം സ്ഫുരിച്ചു.

ചിത്രാം:—അങ്ങു് എൻെറ സഞ്ചിയും കയ്യും സൂക്ഷിച്ചു നോക്കുന്നല്ലോ. ഇതിനു മുമ്പു് ആയിരം പ്രാവശ്യം അങ്ങേ എനിക്കു കൊല്ലാമായിരുന്നു.

അവൾ പെട്ടെന്നു് കയ്യുയർത്തി വിരലുകൾ തമ്മിൽ മർദ്ദിച്ചു; ശക്തിയേറിയ ഒരു പ്രകാശംകൊണ്ടു് ബാനർജിക്കു് കണ്ണുതുറക്കാൻ നിവൃത്തിയില്ലാതായി. അല്പം കഴിഞ്ഞു കണ്ണു തുറന്നപ്പോൾ പുകയും വെളിച്ചവും കൊണ്ടു് വീണ്ടും കണ്ണടയ്ക്കേണ്ടിവന്നു.

ചിത്രാം:—മഗ്നീഷിയത്തിൻെറ പ്രകാശം. ഈ വെളിച്ചംകൊണ്ടു് നിങ്ങൾ കണ്ണടച്ചു നിന്നപ്പോൾ

നിങ്ങളെ എനിക്കു നിഷ്പ്രയാസം കൊല്ലാമായിരുന്നു. ഇനിയുമെങ്കിലും നിങ്ങൾ എന്നെ വിശ്വസിക്കുമോ?

പ്രേമ:—നിശ്ചയമായും; ഇതു് എനിക്കു് ഒരു പുതുമ തന്നെയാണു്.

ചിത്രാം:—ഇതുപോലെയുള്ള അനേകം പുതിയ വിദ്യകൾ അവരുടെ കയ്യിൽ ഉണ്ടു്. അങ്ങേ പിടിക്കാൻ അവർ പലപ്പോഴും വലവീശി. അങ്ങു് അവരുടെ വലയിൽ അകപ്പെടുകയും ചെയ്തു. ഞാൻ ഇന്നു് ഒരു സാമ്രാജ്ഞികമനോഭാവം കൈക്കൊണ്ടിരിക്കുകയാണു്. എനിക്കു രണ്ടു കാര്യങ്ങളിലേ ഭയമുള്ളു. അങ്ങേ കൊല്ലുക, അവർക്കു പരാജയം ഉണ്ടാകുക. ഈ രണ്ടു സംഗതികളും ഞാൻ ഭയപ്പെടുന്നു. അവർക്കു തോൽവി പററിയാൽ ഉടൻ അങ്ങു് അവരെ പിടിക്കും. അതോടുകൂടി അവരുടെ കാര്യവും അവസാനിക്കും.

പ്രേമചന്ദ്രൻ മേശ തുറന്നു് അവളുടെ സഹോദരൻെറ ക്ഷണക്കത്തു് എടുത്തു് അവളുടെ കൈയ്യിൽ കൊടുത്തു. എന്നാൽ അവൾ അതു നിവർക്കാതെ തന്നെ തിരിച്ചുകൊടുത്തു.

ചിത്രാം:—എനിക്കറിയാം; അങ്ങു പോകുന്നുണ്ടോ?

പ്രേമ:—പോകുന്നു.

ചിത്രാം:—ആഗസ്റ്റ് 16-ാംനു-യോ?

പ്രേമ:—അതെ.

ചിത്രാം:—അങ്ങു് എന്തെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ?

പ്രേമ:—ആപത്തു്.

ചിത്രാം:—എന്നിട്ടും പോകുന്നോ? അവിടെ എന്താണു സംഭവിക്കുക എന്നു് അങ്ങേയ്ക്കു ഊഹിക്കാൻ പോലും സാദ്ധ്യമല്ല. അങ്ങേ ഉപദേശിച്ചു നേർവഴി തിരിക്കാൻ സാദ്ധ്യമല്ലെന്നു ഞാൻ മുൻകൂട്ടി

തീർച്ചയാക്കിയതാണ്...........വാസന്തി എവിടെ?

പ്രേമ:—ആശുപത്രിയിൽ.

ചിത്രാം:—അവിടെ അവാം സുരക്ഷിതതന്നെല്ലോ?

പ്രേമ:—അതെ.

ചിത്രാം:—വേണമെങ്കിൽ അവർ അവിടെനിന്നും കൊണ്ടുപോകും.

പ്രേമ:—സാദ്ധ്യമല്ല.

ചിത്രാം:—കണ്ടറിഞ്ഞു കൊള്ളണം.

അവാം പോകാനായി വാതുക്കലേക്കു നീങ്ങി.

ചിത്രാം:—വാസന്തിയെ അവക്കു് ആവശ്യമുണ്ടു്, അത്യാവശ്യമുണ്ടു്. എന്തിനെന്നു നിങ്ങാംക്കു മനസ്സിലാക്കാൻ സാധിക്കുകയുമില്ല.

പ്രേമ:—അവക്കു പണം വേണം; അതിന് ഒരു വഴി അവളെ പിടിക്രൂടിയാൽ ഉണ്ടാകും.

ചിത്രാം:—ആരു് പറഞ്ഞു?

ഈ ചോദ്യം അവാം വ്യാകുലതയോടുക്രൂടിയാണു ചോദിച്ചതു്.

പ്രേമ:—ചിലർ തൊട്ടി നിറയ്ക്കുന്നു. മററുചിലർ ആ വെള്ളം കോരിക്കളെയുന്നു.

ചിത്രാം:—ഏതായാലും നിങ്ങളുടെ വാസന്തിയെ സൂക്ഷിച്ചുകൊള്ളുക.

ചിത്രാംഗി പുറത്തേക്കു പോയി. പ്രേമചന്ദ്രൻ ഒരു കസേരയിൽ ഇരുന്നുകൊണ്ടു് ഒരു തുണ്ടു് കടലാസ്സിൽ വാസന്തി കിടക്കുന്ന ആശുപത്രിയുടെ ഒരു പ്ലാൻ വരച്ചു. ഓരോ വഴിയിലുംക്രൂടി ഉണ്ടാകാവുന്ന ആപത്തുകളേയും താൻ ചെയ്തിട്ടുള്ള ഏർപ്പാടുകളേയുംപററി ഗാഢമായി പര്യാലോചിച്ചു. എങ്കിലും തൃപ്തിവരാഴികയാൽ ഷെഡ്ഡിൽനിന്നും കാർ ഇറക്കി ഉടൻതന്നെ ആശുപത്രിക്കു തിരിച്ചു. അവിടെ ചെന്നു് തൻെറ ആളുകളേയും അവി

ടത്തെ ജോലിക്കാരേയും ഊർജ്ജിതമായ മേൽനോട്ട ത്തിന്ന ഏൎപ്പെടുത്തിയ ശേഷം വീട്ടിലേക്ക മടങ്ങി. ആഹാരക്കറവും തുടർച്ചയായുള്ള ആയാസവുംകൊണ്ടു് അത്യന്തം ക്ഷീണിച്ചിരുന്നതിനാൽ ആഹാരം കഴിച്ച് അല്പം വിശ്രമിക്കാൻ അദ്ദേഹം തീർച്ചയാക്കി. എന്നാൽ മുണ്ടു മാറിക്കൊണ്ടു് നിൽക്കെ ഫോണിൽ ആരോ വിളിക്കുകയാൽ അദ്ദേഹം ഫോണിൻെറ സമീപംപോയി.

വിളിച്ചതു ചിത്രാംഗി ആയിരുന്നു.

"വാസന്തിയെ ഉടൻ ആശുപത്രിയിൽനിന്നു മാററണം. ഇല്ലെങ്കിൽ പശ്ചാത്തപിക്കാൻ ഇടയാകും".

പ്രേമ:—എന്തുകൊണ്ടു്;

ചിത്രാം:—നിങ്ങൾ ഒരു പടുവിഡ്ഢിയല്ലെങ്കിൽ പറയുന്നതു കേൾക്കുക. കഷ്ടിച്ച് അരമണിക്കൂർ സമയമേയുള്ളു.

പ്രേമചന്ദ്രൻ വീണ്ടും എന്തോ സംസാരിക്കാൻ തുനിഞ്ഞു. പക്ഷെ ചിത്രാംഗി ഫോൺ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു.

---

# അദ്ധ്യായം ൨൩

ആശുപത്രിയിൽനിന്നും

വാസന്തിയെ ആശുപത്രിയിൽ നിന്നു കൊണ്ടുപോകാൻ പ്രയാസം ഉള്ളതുകൊണ്ടല്ലേ അവളെ അവിടെനിന്നു മാററാൻ ചിത്രാംഗി നിർബ്ബന്ധിക്കുന്നതു്? ഈ ആശങ്ക ബാനർജിക്കുണ്ടായി; എങ്കിലും അവളെ അവിശ്വസിക്കാൻ അദ്ദേഹത്തിനു ധൈര്യം ഉണ്ടായില്ല. അതിനാൽ വാസന്തിയുടെ സ്ഥിതിയെപ്പററി ഫോൺവഴി അന്വേഷിച്ചു. അവൾ സുഖമായി കിടക്കുന്നെന്നും പോലീസ്സുകാർ ഊർജ്ജിതമായി സൂക്ഷിക്കുന്നെന്നും മറുപടി കിട്ടി. എങ്കിലും ചിന്താഭാരം നിശ്ശേഷം പ്രതിബന്ധമായിത്തീർന്നു. മുണ്ടുമാറിക്കൊണ്ടു് ആശുപത്രിയിലേക്കു പോകാൻ അദ്ദേഹം തീർച്ചയാക്കി. മണിഒന്നു്, രണ്ടു്, മൂന്നു്, അല്ല, പന്ത്രണ്ടും തികച്ചു് അടിച്ചുമതിയാക്കി.

ബാനർജി ആ അർദ്ധരാത്രിയിൽ ഏകാകിയായി നടന്നു് ആശുപത്രിയിലേക്കു തിരിച്ചു. തൻെറ പിതൃഗൃഹം കടന്നാണു് അദ്ദേഹത്തിനു പോകേണ്ടിയിരുന്നതു്. പിതാവിൻെറ മുറിയിൽ വിളക്കു കത്തുന്നതു കണ്ടു് അദ്ദേഹം അകത്തേക്കു നടന്നു. ഉറക്കം തൂങ്ങിക്കൊണ്ടു വരാന്തയിൽ ഇരുന്ന ഒരു ഭൃത്യൻ അദ്ദേഹത്തിനെ കണ്ടു് എഴുന്നേററു.

പ്രേമ:—അച്ഛൻ എന്തു ചെയ്യുന്നു?

ഭൃത്യ:—പത്തുമണിക്കു പുറത്തേക്കുപോയി. ഇതുവരെ വന്നില്ല.

പ്രേമ:—എങ്ങോട്ടാണു പോയതു്?

ഭൃത്യ:—നിശ്ചയമില്ല.

പ്രേമചന്ദ്രൻ അദ്ദേഹത്തിൻെറ മുറിക്കകത്തു കടന്നു. ഒരു കെട്ട് എഴുത്തുകൾ തറയിൽ കത്തിച്ചിട്ടിരുന്നതു് അദ്ദേഹം കണ്ടു. അഗ്നിയിൽ നശിക്കാതെ കിടന്ന ചില കടലാസുകഷണങ്ങൾ അദ്ദേഹം തിരഞ്ഞെടുത്തു നോക്കി. ഒന്നിൽ 1881 ജനുവരി 12 എന്നു് എഴുതിയിരുന്നു. മററൊന്നിൽ "അനുജനെ സഹായിക്കുക" എന്നും കണ്ടു.

പ്രേമചന്ദ്രൻ മുറിയിൽനിന്നിറങ്ങി റോഡിലേക്കു നടന്നു. ഒരു ഫർലോങ്ങ് നടന്നശേഷം വഴിയിൽ കണ്ട ഒരു പോലീസ്സുകാരനോട്ട് തൻെറ പിതാവു് അതുവഴി പോയോ എന്നു് അദ്ദേഹം അന്വേഷിച്ചു.

പോലീ:—അരമണിക്കൂർ മുമ്പ് ഇതുവഴി വന്നു. ഞാൻ അദ്ദേഹത്തിനോടു സംസാരിച്ചു. പെട്ടെന്നു് ഒരു കാർ വന്നു. കാറിൽ ഇരുന്ന കണ്ണാടിക്കാരൻ വൃദ്ധനെ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. അയാളെ കണ്ടയുടൻ അദ്ദേഹം അതാ ആഫീസ്സിൽ ചെന്നു ഡ്രൈവറെ വിളിച്ചു് കാർ ഇറക്കി അതിൽ കയറി അതിവേഗത്തിൽ പോവുകയും ചെയ്തു. പോക്കു കണ്ടിട്ടു് മുൻപേ പോയ കാർ കണ്ടുപിടിക്കാനാണെന്നു തോന്നി.

പ്രേമചന്ദ്രൻ യാതൊന്നും ഊഹിക്കാൻ നിവ്വാഹമില്ലാതെ ആശുപത്രിയിലേക്കു നടന്നു. വാസന്തി കിടക്കുന്ന മുറിയുടെ മുൻവശത്തു കാവൽ നിന്ന പോലീസ്സുകാരനോടു വിശേഷം വല്ലതുമുണ്ടോ എന്നു് അദ്ദേഹം ചോദിച്ചു.

പോലീ:—ഒന്നുമില്ല. ഈ മുറിയിൽ കിടന്നു ബഹളം കൂട്ടിക്കൊണ്ടിരുന്ന സ്ത്രീയെ അവളുടെ ആളുകൾ കൊണ്ടുപോയി.

ഈ സംഭാഷണം കേട്ടു് ഒരു നഴ്സ് പുറത്തേക്കു വന്നു.

നഴ്സ്:—സൈ്വരമായി കിടന്നുറങ്ങുന്നു.

പ്രേമചന്ദ്രൻ അകത്തേക്കു നടന്നു. വാസന്തി കേശാദിപാദം പുതച്ചുകൊണ്ടു് ചുവരിന്ന് അഭിമുഖമായി കിടന്നുറങ്ങുകയായിരുന്നു. അതിനാൽ അദ്ദേഹം അവളുടെ അടുത്തുചെന്നു മുഖത്തു നിന്നു മുണ്ടുമാററി. സ്ത്രീ തല ഉയർത്തി അദ്ദേഹത്തിനെ നോക്കി.

നഴ്സ്:—ഉപദ്രവിക്കരുതു്; ഉറങ്ങട്ടെ.

പ്രേമ:—(കോപാക്രാന്തനായി) ആരുറങ്ങണം; വാസന്തി എവിടെ? ഈ സ്ത്രീ ആരു്; വേഗം പറയൂ.

ഈ സന്ദർഭത്തിൽ വാസന്തിയെ ഒരു കാറിൽ കയററി മോഹനലാഡ്ജിലേക്കു് അതിവേഗത്തിൽ ഒരാൾ കൊണ്ടുപോകുകയാണു്. അവിടെ അവളെ സഹായിക്കാൻ ചക്രവർത്തിയും ഇല്ല.

പ്രേമ:—(കട്ടിലിൽ കിടന്ന സ്ത്രീയോട്) എഴുന്നേൽക്കൂ. ഗൂഢാലോചനയ്ക്കു നിങ്ങളെ ഞാൻ അറസ്റ്റ് ചെയ്തിരിക്കുന്നു.

ഈ യുവതിയെ "ഹിസ്റ്റീറിയാ"യ്ക്കു ചികിത്സിക്കുന്നതിന്നു് അനുച്ചക്കാണു് ആശുപത്രിയിൽ കൊണ്ടുവന്നതു്. പ്രേമചന്ദ്രനും ഊർമ്മിളയും കൂടി വാസന്തിയെ സന്ദർശിച്ചപ്പോൾ അവൾ ഒരു മുറിയിൽ കിടന്നു ലഹളകൂട്ടികൊണ്ടിരുന്നു. ഒരു മണിക്കൂർ മുമ്പ് രോഗികളെ കിടത്തികൊണ്ടുപോകാൻ സൌകര്യമുള്ള ഒരു പ്രത്യേകതരം കാർ കൊണ്ടുവന്ന് അവളെ കൊണ്ടുപോകാനെന്നു പറഞ്ഞു് രണ്ടുപേർ മുറിക്കകത്തു കടന്നു. രോഗിയുടെ ആവശ്യത്തിന്നു് ഒരു പുതപ്പുകൂടി കൊണ്ടുവരാൻ ഡാക്ടർ പറയുകയാൽ അടുത്തുനിന്ന നഴ്സ് മറെറാരു മുറിയിലേക്കു പോയി. ഇത്രയും വിവരങ്ങൾ നഴ്സ് പറഞ്ഞുതീർന്നയുടൻ പ്രേമചന്ദ്രൻ ഇങ്ങനെ പറഞ്ഞു.

പ്രേമ:—വാസന്തിയെ എടുത്തു കാറിൽ കിടത്തി അവർ കൊണ്ടുപോയി. അവളുടെ സ്ഥാനത്തു് ഈ സ്ത്രീ

യേയും കിടത്തി. ഇതാണു സംഭവം. ഇതിന് നിങ്ങളെ ഞാൻ എന്തിനു കുററപ്പെടുത്തുന്നു. ഞാൻ തന്നെ വിഡ്ഢി.

പ്രേമചന്ദ്രൻ ആശുപത്രിയിലെ ഫോൺമുറിയിലേക്കു പോയി. വാസന്തിയെ അപഹരിച്ചുകൊണ്ടുപോയ വിവരം കമ്മിഷണറെ അറിയിച്ചു. കാർ സൂക്ഷിച്ചുകൊള്ളുന്നതിന് എല്ലാ പോലീസ്സ് സ്റ്റേഷനിലും അറിവു കൊടുത്തു. അനന്തരം അച്ഛൻ തിരിച്ചുവന്നോ എന്ന് ഫോൺവഴി അന്വേഷിച്ചു. നിഷേധരൂപത്തിലായിരുന്നു മറുപടി. അതിനും പുറമെ, ഊർമ്മിളാദേവിയെയും വക്കീൽ ബോസ്സിനെയും അന്നു കാലത്തു മുതൽ കാണാനില്ലെന്നു കമ്മിഷണർ അദ്ദേഹത്തിനെ അറിയിച്ചു. തന്റെ പിതാവ്, താൻ ഏതൊരാളെ രക്ഷിക്കാൻവേണ്ടി രാപ്പകൽ കഷ്ടപ്പെട്ടുകൊണ്ടിരുന്നുവോ ആ ആശം, രണ്ടു പ്രധാന കുററക്കാർ, ഇങ്ങനെ നാലുപേരെ കാണാനില്ല!

പ്രേമചന്ദ്രൻ ഒരു ഭ്രാന്തനെപ്പോലെ കുറേനേരം കഴിച്ചുകൂട്ടി. അനന്തരം ഒരുവിധം ധൈര്യപ്പെട്ട് ആശുപത്രിയിൽനിന്നിറങ്ങി.

മണി അഞ്ചുകഴിഞ്ഞു. പ്രേമചന്ദ്രനും ഇൻസ്പെക്ടർ മിസ്റ്റർ റൌച്ചുംകൂടി ഒരു കാറിൽ മോഹനലാഡ്ജിലേക്കു തിരിച്ചു. മാർഗ്ഗമദ്ധ്യേ ഒരാൾ റോഡരികിൽ നിന്നു കാർ നിർത്താൻ ആവശ്യപ്പെടുകയാൽ നിർത്തി. അതു ചിത്രാംഗി ആയിരുന്നു.

ചിത്രാ:—ദൂരെ നിന്നു കണ്ടപ്പൊഴേ നിങ്ങളുടെ കാറാണെന്നു ഞാൻ തീർച്ചയാക്കി. അതാണു നിർത്താൻ പറഞ്ഞത്. ഇത്ര അതിരാവിലെ എങ്ങോട്ടുപോകുന്നു?

പ്രേമ:—നിങ്ങളുടെ ലോഡ്ജിലേക്ക്.

ചിത്രാം:—ദൈവത്തെക്കരുതി അങ്ങോട്ടു പോകരുതേ. നിങ്ങൾ വരുന്നതിനു മുമ്പ് അവിടെത്തണമെന്നു വി

ചാരിച്ചാണ് ഞാൻ ഈ മഞ്ഞത്തു തിരിച്ചത്. അതുകൊണ്ടു പോകരുത്.

പ്രേമ:—ഉം, എന്തുകൊണ്ട്; അവിടെപ്പോയാൽ എന്തു സംഭവിക്കുമെന്നാണ് നിങ്ങൾ ഭയപ്പെടുന്നത്? വാസന്തിയെ ഇന്നലെ രാത്രിയിൽ ആശുപത്രിയിൽനിന്നും ആരോ കൊണ്ടുപോയി.

ചിത്രാം:—അതു ഞാൻ അറിഞ്ഞു. നിങ്ങൾക്കു മുന്നറിവു തന്നിട്ടും ഫലം ഉണ്ടായില്ല. നിങ്ങളെ രക്ഷിക്കണമെന്ന് എനിക്കു തീരെ വിചാരം ഇല്ലായിരുന്നു. പക്ഷേ, എന്റെ മനസ്സുമാറി. നിങ്ങൾ അങ്ങോട്ടുപോകരുത്. പോയാൽ മരണം നിശ്ചയം.

പ്രേമ:—വാസന്തിയെ എങ്ങോട്ടുകൊണ്ടുപോയി.

ചിത്രാം:—അതെനിക്കറിഞ്ഞുകൂടാ. അറിയാമെങ്കിലും ഞാൻ പറയുകില്ല. പക്ഷെ അറിഞ്ഞുകൂടാ.

പ്രേമ:—കാറിൽ കയറണം. നിങ്ങൾക്ക് ഇറങ്ങേണ്ട സ്ഥലത്ത് ഇറക്കാം.

ചിത്രാംഗി കാറിൽ കയറി.

പ്രേമ:—ലോഡ്ജിലേക്കു തന്നെയല്ലേ?

ചിത്രാം:—അല്ല, ഞാൻ അങ്ങോട്ടു വരുന്നില്ല.

തണുപ്പുകൊണ്ട് ചിത്രാംഗി വിഷമിക്കുന്നെന്ന് പ്രേമചന്ദ്രനു മനസ്സിലായി. അദ്ദേഹം തലയിൽ ചുററിക്കെട്ടിയിരുന്ന ഫ്ളാനൽ എടുത്ത് അവളെ പുതപ്പിച്ചു.

കാർ രണ്ടുമൈൽ മുന്നോട്ടുപോയി. ചിത്രാംഗി, കാർ നിത്താൻ ആവശ്യപ്പെട്ടു. കാർ നിത്തി. അവൾ കാറിൽ നിന്നും ഇറങ്ങി "ഭയങ്കര വിപത്ത് അങ്ങേയ്ക്ക് അവിടെ വെച്ചുണ്ടാകും. ദൈവം രക്ഷിക്കട്ടെ" എന്നു മാത്രം പറഞ്ഞശേഷം ഒരു ഇടവഴിയിലേക്കു തിരിഞ്ഞു.

---

# അദ്ധ്യായം ൨൪

ഒരു വൻചതി

ആശുതോഷമുക്കർജി:—അങ്ങ് എന്റെ സഹോദരിയെ കണ്ടോ?

പ്രേമ:—ഇല്ല.

ആശു:—അങ്ങു കുറേദൂരം അവളെ കാറിൽകൊണ്ടുവന്നെന്ന് അവൾ ഫോണിൽ എന്നെ അറിയിച്ചു.

പ്രേമ:—എന്നാൽ ഞാൻ കണ്ടെന്നും തീർച്ചയാണല്ലോ.

ആശു:—മഞ്ഞത്തു യാത്ര ചെയ്തതുകൊണ്ടു തണുപ്പുണ്ടാണ്ടായിരിക്കാം. കുറേ കാപ്പികുടിക്കരുതെ.

പ്രേമ:—വേണമെന്നില്ല.

ആശുതോഷമുക്കർജി ഒരു ഭൃത്യനെ വിളിച്ച് കാപ്പികൊണ്ടുവരാൻ ആജ്ഞാപിച്ചു.

പ്രേമചന്ദ്രൻ കാപ്പികുടിക്കാൻ മടിക്കുന്നതു കണ്ടു മുക്കർജിതന്നെ ആദ്യമായി ഒരു കപ്പിൽ കുറേ പകൎന്നു കുടിച്ചു. അനന്തരം പ്രേമചന്ദ്രനും റൌച്ചും കാപ്പികുടിച്ചു.

ആശു:—മുകളിലത്തെ നിലയിൽ ഞാൻ പല പരിഷ്കാരങ്ങളും വരുത്തി. ഇപ്പോഴും പണി നടക്കുകയാണ്. അതൊന്നു നോക്കാമോ?

പ്രേമ:—മിസ്റ്റർ റൌച്ച് ഇവിടെ ഇരിക്കണം. ഞങ്ങൾ നോക്കിയിട്ടുവരാം.

പ്രേമചന്ദ്രനും മുക്കർജിയും മുകളിലേക്കു പോയി. അവിടെ നടക്കുന്ന പണികൾ ചുററി നോക്കിയിട്ട് അവർ ഒരു മുറിയിൽ എത്തി.

പ്രേമ:—വാസന്തി എവിടെ?

മുക്കർജി മറുപടി പറയാതെ ഒന്നു ചിരിച്ചു.

ആശ്ശു:—അവരെ ആശുപത്രിയിൽനിന്നു കൊണ്ടുപോയി. പ്രൊഫസർ എന്നു ജനങ്ങൾ വിളിക്കുന്ന ഒരു വൃദ്ധനില്ലേ? അയാളാണ് അതിനുത്തരവാദി.

പ്രേമ:—എനിക്കു വാസന്തിയെ കണ്ടുപിടിക്കണം. നിങ്ങൾ തന്നെ കാണിച്ചുതരികയും വേണം.

ആശ്ശു:—ഞാൻ എങ്ങിനെ കാണിച്ചുതരും. എനിക്കറിയാവുന്ന മറെറാരു സംഗതി അങ്ങേ ധരിപ്പിക്കാനാണു ഞാൻ ഇങ്ങോട്ടു ക്ഷണിച്ചതു്. ഞാൻ പറയുന്ന കാര്യം കേട്ടാൽ അങ്ങു ഭയംകൊണ്ടു ഞെട്ടിപ്പോകും.

പ്രേമ:—അത്ര ഭയങ്കരമോ? എന്താണു കാര്യം? കേൾക്കട്ടെ.

ആശ്ശു:—വാസന്തിയെ കൊണ്ടുപോയതിനെപ്പററി എനിക്കറിയാവുന്നതു ഞാൻ പറയാം. വാസന്തിയെ എനിക്കു നല്ലതുപോലെ പരിചയമുണ്ട്. ഒരു പക്ഷേ ഈ വിവരം അങ്ങേയ്ക്കു് അറിവില്ലായിരിക്കാം. ഏതായാലും അവൾ കൂടക്കൂടെ എനിക്കു എഴുത്തുകൾ അയച്ചുകൊണ്ടിരുന്നു. അവൾ എന്നെ ആത്മാർത്ഥം വിശ്വസിച്ചുംവന്നു. നിങ്ങൾ അവളെ ഒരു തടവുകാരിയേപ്പോലെ സൂക്ഷിച്ചുവന്നതുകൊണ്ടു് അവൾക്കു വല്ലായ്മ തോന്നി. അവൾ എന്റെ ഒരു സ്നേഹിതനോടു വിവരം പറഞ്ഞു. അദ്ദേഹം ഇന്നലെ രാത്രിയിൽ അവളെ ആശുപത്രിയിൽ നിന്നു കൊണ്ടുപോയി. ഇവിടെ വരണമെന്നു് അവൾ പറയുകയാൽ ഇങ്ങോട്ടു് അവർ തിരിച്ചു. പക്ഷേ വഴിക്കുവച്ചു ക്ഷീണവും ഭയവും കൊണ്ടു് അവൾക്കു ബോധം ഇല്ലാതായി. അല്പം കഴിഞ്ഞു്

...........കഷ്ടം..............മരിച്ചുപോയെന്നു ഡാക്ടർ പറഞ്ഞു.

പ്രേമചന്ദ്രന്റെ ദന്തങ്ങൾ (കോപംകൊണ്ടു)തമ്മിൽ ഇടറി.

പ്രേമ:—എന്റെ മുഖത്തു നോക്കി കള്ളം പറയുന്നോ? വാസന്തി മരിച്ചെങ്കിൽ എന്റെ പ്രതിജ്ഞ ഞാൻ നിറവേററും. താൻ രക്ഷപ്പെടുന്നതു കാണട്ടെ.

എന്നുപറഞ്ഞു് കൈത്തോക്കു കയ്യിൽ എടുത്തു.

പ്രേമ:—വാസന്തി എവിടെ?

മുക്കർജ്ജി അടുത്തുള്ള മുറി ചൂണ്ടിക്കാണിച്ചു. പ്രേമചന്ദ്രൻ ആ മുറിയിലേക്കു പോയി.

വാസന്തി അവിടെ ചുവരരികിൽ ഒരു കട്ടിലിൽ കിടക്കുന്നു. പ്രേമചന്ദ്രൻ അടുത്തുചെന്നു് അവളെ തൊട്ടുനോക്കി. മരിച്ചു എന്നു പറഞ്ഞതു വാസ്തവമാണെന്നു് അദ്ദേഹത്തിനു തോന്നി. വാസന്തിയുടെ കട്ടിലിനു സമീപം ഒരു വൃദ്ധൻ നിന്നിരുന്നു. മുക്കർജ്ജിയും അയാളുടെ സമീപം ചെന്നുനിന്നു.

പ്രേമ:—നിങ്ങൾ നിൽക്കുന്നിടത്തുനിന്നു് അനങ്ങരുതു്. അനങ്ങിയാൽ ഞാൻ വെടിവെയ്ക്കും.

എന്നു പറഞ്ഞുകൊണ്ടു് പുറകോട്ടു മാറി.

താൻ ഒരു കുഴിയിൽ ചാടിയതുപോലെ പ്രേമചന്ദ്രനു തോന്നി. അദ്ദേഹം തറയിൽ വിരിച്ചിരുന്ന വിരിപ്പുംകൊണ്ടു കീഴ്പോട്ടു താണു. തട്ടിൽ പിടിക്കാൻ വളരെ പണിപ്പെട്ടിട്ടും സാധിച്ചില്ല. വീഴ്ചയിൽ ശിരസ്സ് തട്ടിന്റെ ഒരു ഭാഗത്തു് ഊക്കോടെ അടിച്ചു. മുക്കർജ്ജി സന്തുഷ്ടനായി താഴേക്കു പോയി.

ആശു:—മിസ്റ്റർ റെഡ്ഡി, ബാനർജിക്കു് ഒരു മണിക്കൂർ താമസമുണ്ടു്.

റൌച്ച്:—ഞാൻ മുകളിലേക്കു ചെല്ലാൻ പറഞ്ഞോ?
ആശു:—ഇല്ല; അദ്ദേഹം ചില റിക്കാർഡുകൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

മുക്കർജി ഇത്രയും പറഞ്ഞുതീർത്തും ഒളിച്ചുവെച്ചിരുന്ന ഒരു ഇരുമ്പുവടി ഉയർത്തി ഊക്കോടെ മിസ്റ്റർ റൌച്ചിന്റെ ശിരസ്സിൽ അടിച്ചതും ഒന്നിച്ചുകഴിഞ്ഞു. ഭാഗ്യവശാൽ അടി ഇൻസ്പെക്ടറുടെ ഭുജത്താണു കൊണ്ടതു്. അനന്തരം മുക്കർജി അയാളെ വലിച്ചിഴച്ച് ബാനർജിയുടെ കാറിൽ കൊണ്ടുപോയി കിടത്തി. ഒരു സൈക്കിളും എടുത്തു കാറിൽവച്ച് അയാളും കാറിൽ കയറി അവിടെനിന്നു തിരിച്ചു.

കാർ അതിവേഗത്തിൽ ഓടിച്ചു ഗംഗാനദിയുടെ തീരത്തെത്തി, മുക്കർജി കാറിൽനിന്നും ഇറങ്ങി. അനന്തരം തന്റെ മുഴുവൻ ശക്തികളും ഉപയോഗിച്ചു കാർ നദിയിലേക്കു തള്ളിയിട്ട് സ്വന്തം സൈക്കിളിൽ കയറി ലോഡ്ജിലേക്കു മടങ്ങി.

ആശുതോഷമുക്കർജി ലോഡ്ജിൽ എത്തിയ ഉടൻ ആദ്യമായി വാസന്തി കിടന്ന മുറിയിലേക്കു പോയി.

ഹാ! എന്തൊരത്ഭുതം! വാസന്തിയേയോ അവളുടെ അടുത്തുനിന്ന വൃദ്ധനേയോ അവിടെ കാണ്മാനില്ല! പ്രേമചന്ദ്രന്റെ കയ്യിൽ ഇരുന്ന കൈത്തോക്ക് (അദ്ദേഹത്തിന്റെ വീഴ്ചയിൽ തെറിച്ചുപോയതു്) മുറിയുടെ മദ്ധ്യത്തു കിടപ്പുണ്ട്. കട്ടിലിൽ ഉണ്ടായിരുന്ന വിരിപ്പും അവിടെയില്ല. അയാൾ അത്യന്തം പരിഭ്രമിച്ചു താഴേക്കിറങ്ങി. വാസന്തി കിടന്ന മുറിയുടെ നേരെ താഴെയുള്ള മുറിയുടെ മദ്ധ്യത്തിൽ തറയോടുകൾ ഇളക്കി രണ്ടാൾ താഴ്ചയിൽ ഒരു കുഴിയെടുത്തു കരിങ്കൽതുണ്ടുകൾ ഇട്ടിരുന്നു. പ്രേമചന്ദ്രനെ ആ കുഴിയിൽ വീഴ്ത്തി അവിടെയിട്ടു കൊല്ലുന്നതിനുവേണ്ടി ചെയ്തിരുന്ന ക്രിത്രിമമാണിതു്. മുക്കർജി

ഒരു ടോർച്ച്ലൈററ് കഴിയിലേക്കു നീട്ടി പരിശോധിച്ചു. അതിനകത്തു് ആരെയും കണ്ടില്ല. ആയാളുടെ പരിഭ്രമവും ഭയവും ശതഗുണീഭവിച്ചു. ഒരുവിധം ധൈര്യപ്പെട്ടു് ഒരു ഏണി എടുത്തുകൊണ്ടുവന്നു കുഴിയിൽ ഇറക്കി. അനന്തരം അയാൾ ഇറങ്ങി സൂക്ഷ്മമായി പരിശോധിച്ചു. ആരെയും അതിനകത്തു കണ്ടില്ല.

ആശുതോഷമുക്കർജി കുഴിയിൽനിന്നു കയറി വീണ്ടും മുകളിലേക്കു പോയി. വാസന്തി കിടക്കുന്ന മുറിയോടു ചേർന്നു മററൊരു മുറി ഉണ്ടായിരുന്നു. അതിഥികളുടെ സംഖ്യ എത്ര അധികമായാലും ഈ മുറി വാടകയ്ക്കു കൊടുക്കാറില്ല. മുക്കർജി ആ മുറി തുറന്നു് അകത്തുകടന്നു. വാസന്തി അതാ തറയിൽ ഒരു വിരിപ്പു വിരിച്ചു കിടക്കുന്നു. അടുത്തു് ഒരു ഒഴിഞ്ഞ കുപ്പിയും ഇരിപ്പുണ്ടു്. ഇപ്പോഴും അവൾക്കു ബോധമില്ല. അവളുടെ സമീപം പെൻസിൽകൊണ്ടു് എഴുതിയ ഒരു കടലാസ്സ് കിടന്നതു് അയാൾ എടുത്തു വായിച്ചുനോക്കിയശേഷം തീപ്പെട്ടി ഉരച്ചു കത്തിച്ചു.

പ്രേമചന്ദ്രബാനർജി എവിടെ? കുഴിയിൽ വീഴാതെ എങ്ങിനെ രക്ഷപ്പെട്ടു. അഥവാ വീണശേഷം അതിൽ നിന്നു കയറിപ്പോയോ? എങ്ങിനെ കയറി? കയറി എങ്ങോട്ടു പോയി? ഏതിലേ പോയി?

മുക്കർജി ഈവക സംഗതികളെപ്പററി ആലോചിച്ചുകൊണ്ടു് നിൽക്കുമ്പോൾ താഴെ അയാളുടെ സഹോദരി സംസാരിക്കുന്നതു കേൾക്കുകയാൽ അയാൾ അങ്ങോട്ടു തിരിച്ചു.

ചിത്രാം:—ബാനർജി എവിടെ?

ആശു:—എന്തോ, എനിക്കു നിശ്ചയമില്ല.

ചിത്രാം:—അല്പംമുമ്പ് ഒരു കാർ അതിവേഗത്തിൽ പോകുന്നതു ഞാൻ കണ്ടു.

ആശു:—അതുകൊണ്ടെന്തു്?

ചിത്രാം:—അതുകൊണ്ടു പലതും ഉണ്ടു്. ആ കാർ ഇന്നലെ രാത്രിയിൽ ഒരാളെ ഇങ്ങോട്ടു കൊണ്ടുവരുന്നതും ഞാൻ കണ്ടു.

ആശു:—ആരെ?

ചിത്രാം:—അതാണു ഞാനും അന്വേഷിക്കുന്നതു്. അതിരിക്കട്ടെ, വാസന്തി എവിടെ?

ആശു:—ഇവിടെയുണ്ടു്.

ചിത്രാം:—നിങ്ങൾ തീയോടാണ് കളിക്കുന്നതെന്ന് ഓർമ്മിച്ചു കൊള്ളണം. കഴിയുന്നതും വേഗം അവളെ ഇവിടെനിന്നയക്കുക; ജീവനിൽ കൊതിയുണ്ടെങ്കിൽ ഇതിൽ നിന്നെല്ലാം ഒഴിയുക. കഷ്ടിച്ചു് അരമണിക്കൂർ, ഇതിനെല്ലാംകൂടി കിട്ടിയാൽ ആയി. അതിനകം ഇവിടെനിന്നു ദൂരെയെങ്ങാനും പൊയ്ക്കൊള്ളണം.

ആശു:—വിചാരിച്ചതെല്ലാം സാധിച്ചു കഴിഞ്ഞപ്പോഴാണോ ഞാൻ പോകേണ്ടതു്.

ചിത്രാം:—ഇഷ്ടം പോലെ ചെയ്യുക; ഞാൻ പോകുന്നു.

അവർ ലോഡ്ജിൽനിന്നു പുറത്തേക്കു പോയി. ആശുതോഷമുക്കർജി തോട്ടത്തിലേക്കും ഇറങ്ങി. രാത്രിയിൽ ആരെങ്കിലും അവിടെവന്ന ലക്ഷ്യങ്ങൾ കാണുമാനുണ്ടോ എന്നു പരിശോധിക്കാനാണ് അയാൾ തോട്ടത്തിലേക്കു പോയതു്.

തോട്ടത്തിൽ അങ്ങുമിങ്ങും പുതിയ കാൽചുവടുകൾ കാണുമാനുണ്ടായിരുന്നു. അയാൾ അത്ഭുതപ്പെട്ടു. രാത്രിയിൽ ആരോ വന്നിരുന്നെന്നു തൻെറ സഹോദരി പറഞ്ഞതു പരമാർത്ഥമാണെന്ന് അയാൾക്കു തോന്നി.

# അദ്ധ്യായം ൨൫

രക്ഷാമാർഗ്ഗം അടഞ്ഞു.

വിവിധവിചാരങ്ങളാൽ പരവശനായി അയാൾ തോട്ടത്തിൽനിന്നു വാസന്തി കിടന്ന മുറിയിലേക്കു പോയി. എന്തൊരത്ഭുതം! അവളെ അവിടെങ്ങും കാണ്മാനില്ല.

ഭയങ്കരന്മാരിൽ ഭയങ്കരനും, നീചന്മാരിൽ നീചനും ആയ ആശുതോഷമുക്കർജി ഭയംകൊണ്ടു ഞെട്ടി, അയാൾക്കു നിൽക്കാനോ ഇരിക്കാനോ ശക്തിയില്ല. അയാൾ കൈത്തോക്ക് എടുത്തു സമീപം വെച്ചുകൊണ്ട് ഒരു കസേരയിൽ ചെന്നിരുന്നു. എന്നാൽ വരാന്തയിൽ കൂടി ആരോ നടക്കുന്നതുകണ്ട് അയാൾ എഴുന്നേററു. "ഒരടി മുന്നോട്ടു വരരുത്. വന്നാൽ വെടിവെയ്ക്കും." എന്നു പറഞ്ഞുകൊണ്ട് വാസന്തി പ്രേമചന്ദ്രൻെറ കൈത്തോക്ക് (മുക്കർജി എടുത്തു മേശപ്പുറത്തു വെച്ചിരുന്നത്) നീട്ടിക്കൊണ്ടു വരാന്തയിൽ നിൽക്കുന്നതുകണ്ട് അയാൾ അത്ഭുതപ്പെട്ടു.

മുക്കർജി:—വാസന്തീ, നിങ്ങൾ എന്തൊരു സാഹസമാണു കാണിക്കുന്നത്. നിങ്ങൾക്കു തീരെ സുഖമില്ലെന്നുള്ള വിവരം മറന്നുപോയോ?

വാസ:—എൻെറ പ്രവൃത്തിയേയോ അതിൻെറ ഫലത്തേയോ കുറിച്ചു നിങ്ങൾ അന്വേഷിക്കേണ്ട.

മുക്കർജി:—നിങ്ങൾക്കു പനിയല്ലേ? ഇതാ, ഇപ്പോഴും നിങ്ങളുടെ ശരീരം വിറയ്ക്കുന്നു. ഒരു കമ്പിളി എടുത്തു പുതയ്ക്കണം. അല്ലെങ്കിൽ ഞാൻ എടുത്തുകൊണ്ടുവരാം.

അയാൾ അകത്തുനിന്ന് ഒരു കമ്പിളി എടുത്തുകൊണ്ടുവന്ന് വാസന്തിയുടെ, തോക്കു ധരിച്ചിരുന്ന കയ്യിലേയ്ക്ക് ഇട്ടു. ഉത്തരക്ഷണത്തിൽ ആ നീചൻ അവളുടെ കൈകൾ പിടികൂടുകയും ചെയ്തു.

മുക്കർ:—ഇനിയും ശക്തി പരീക്ഷിക്കാൻ നോക്കരുത്. തോക്ക് ഇങ്ങു തന്നേക്കുക. ഞാൻ പറയുന്നതു കേട്ടാൽ അപകടമില്ല. അല്ലെങ്കിൽ ആ തോക്കുതന്നെ നിന്നെ നശിപ്പിക്കും.

അയാൾ അവളെ പിടിച്ചുകൊണ്ടു മുറിയ്ക്കകത്തേയ്ക്കു പോയി.

മുക്കർ.—ഇവിടെ കിടക്കണം; മിണ്ടിപ്പോകരുത്.

വാസന്തി ഒരു കട്ടിലിൽ കിടന്നു. മുക്കർജി ഒരു ചെറിയ കുപ്പി എടുത്ത് അതിനകത്തുണ്ടായിരുന്ന മരുന്ന് അല്പം അവളുടെ വായ് തുറന്ന് ഒഴിച്ചു.

അനന്തരം ആ മുറി പൂട്ടിക്കൊണ്ട് അയാൾ ടെലഫോൺ മുറിയിലേക്കുപോയി. ആരോടോ ടെലഫോൺ വഴി നാലഞ്ചു മിനിട്ടു സംസാരിച്ചു. ഒടുവിൽ "അയാൾ എങ്ങനെ രക്ഷപ്പെട്ടെന്ന് എനിക്കു നിശ്ചയമില്ല; ഇവിടെങ്ങും ഇല്ലെന്നുമാത്രം അറിയാം. ഏതായാലും ദത്തിനെ ഉടനെ ഇങ്ങോട്ടയയ്ക്കണം" എന്നു പറഞ്ഞ് സംഭാഷണം അവസാനിപ്പിച്ചു.

അതിവേഗത്തിൽ ഓടിച്ചുവന്ന ഒരു മോട്ടാർ കാർ ലോഡ്ജിന്റെ മുൻവശം നിന്നു. അതുകണ്ട് മുക്കർജി ആഫീസ് മുറിയിലേക്കു പോയി.

കാറിൽനിന്നു യൂണിഫാറം ധരിച്ച മൂന്ന് ഇൻസ്പെക്ടറന്മാർ താഴെ ഇറങ്ങി ലോഡ്ജിലേക്കു നടന്നു.

ഒരു ഇൻസ്പെക്ടർ:—ഞങ്ങളെ നിങ്ങൾക്കു പരിചയമില്ലായിരിക്കും. ഞാൻ ഈ അതൃത്തിയിലെ പോലീ

സ് ഇൻസ്പെക്ടരാണ്. ഇവർ എൻെറ സ്നേഹിതന്മാരും സഹപ്രവത്തകന്മാരും. ഞങ്ങൾ ഈ കെട്ടിടം പരിശോധിക്കാൻ വന്നതാണ്. അതിലേക്കു വേണ്ട ഉത്തരവും ഉണ്ടു്.

ആശു—പരിശോധിക്കണമോ? എന്തിന്?

ഇൻ:—അതെനിക്കു നിശ്ചയമില്ല. ഉത്തരവനുസരിക്കേണ്ടതു മാത്രമാണ് ഞങ്ങളുടെ കടമ.

ആശു.—പരിശോധിക്കണം.

ഇൻസ്പെക്ടറന്മാരും മുക്കർജിയും കൂടി മുകളിലേക്കു പോയി.

ഇൻ:—ഈ മുറി പൂട്ടിയിരിക്കുന്നല്ലൊ. താക്കോൽ എവിടെ?

ആശു:—താഴെയുണ്ടു്.

ഇൻ:—എടുത്തു കൊണ്ടുവരണം.

മുക്കർജിയും ഒരു ഇൻസ്പെക്ടരും കൂടി താഴത്തേക്കുപോയി. മേശ തുറന്നു നോക്കിയതിൽ താക്കോൽ അതിൽ ഇല്ലായിരുന്നു. പല സ്ഥലങ്ങളിലും പരിശോധിച്ചു. ഒടുവിൽ ഒരു മുറിയിൽനിന്നു കണ്ടുകിട്ടി. താക്കോലുംകൊണ്ടു് അവർ മുകളിൽ എത്തി.

ഇൻ:—ഇതെന്തിനാണ് മുറിയുടെ മദ്ധ്യേ തട്ടുവെട്ടി മാററിക്കളഞ്ഞതു്.

ആശു:—പലകകൾ പൊടിഞ്ഞുതുടങ്ങിയതിനാൽ ആ ഭാഗം മാററിക്കളയാമെന്നു വിചാരിച്ചു.

അനന്തരം ഇൻസ്പെക്ടർ വാസന്തി കിടന്ന മുറിയുടെ സമീപം എത്തി.

ആശു:—അവിടെ എൻെറ ഒരു സ്നേഹിതൻ സുഖമില്ലാതെ കിടക്കുകയാണ്.

ഇൻ:—അതിനെന്തു്? മുറി തുറക്കണം. രോഗിയെ മുറിക്കകത്തിട്ടു പൂട്ടേണ്ട ആവശ്യം ഇല്ലല്ലോ.

ആശു്:—ഞാൻ സത്യമാണു പറഞ്ഞതു്.

ഇൻ:—ഞങ്ങളെ ഉപദ്രവിക്കാതെ മുറി തുറക്കണം.

മുക്കർജി വിറയ്ക്കുന്ന കയ്യുകൊണ്ടു് മുറി തുറന്നു.

ഇൻ:—ഇതിനകത്തു് ആരും ഇല്ലല്ലോ.

മുക്കർജി അകത്തേക്കു നോക്കി. വാസന്തി അതിനകത്തില്ല.

ലോഡ്ജിലുള്ള മുറികളെല്ലാം സശ്രദ്ധം പരിശോധിച്ചശേഷം എല്ലാവരും ആഫീസ് മുറിയിൽ എത്തി.

ഇൻ:—ഇനിയും എനിക്കു ചില വിവരങ്ങൾ അറിയേണ്ടിയിരിക്കുന്നു.

ആശു:—ആവശ്യപ്പെടുന്നതെല്ലാം പറയാമല്ലോ.

ഇൻസ്പെക്ററർ ഒരു മണിക്കൂറോളം തുടർച്ചയായി ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു. ഒടുവിൽ പെട്ടെന്നു് ഇങ്ങനെ ചോദിച്ചു.

ഇൻ:—ഇന്നു് അതിരാവിലെ എ. എസ്സ്. പി. മിസ്റ്റർ പ്രേമചന്ദ്രബാനർജിയും ഇൻസ്പെക്ററർ മിസ്റ്റർ റൌച്ചുംകൂടി ഇവിടെ വന്നിരുന്നല്ലോ. അവർ എവിടെ? അവക്കെന്തുപററി?

ആശു:—അവർ ഉടൻതന്നെപോയി. മിസ്റ്റർ ബാനർജി എന്നോടു തീരെ രസമില്ലാത്ത ഒരാളാണു്. ഞാൻ മനസാ, വാചാ, കർമ്മണാ ചെയ്യാത്ത കുററങ്ങൾ അദ്ദേഹം എന്നിൽ ആരോപിക്കുന്നു. ഊർമ്മിളാദേവിയുടെ വീട്ടിൽ താമസിച്ചിരുന്ന വാസന്തി എന്ന യുവതി ഇന്നലെ ആശുപത്രിയിൽനിന്നു പൊയ്ക്കളഞ്ഞു. അതിനും ഞാൻ സമാധാനം പറയണം.

ഇൻ:—ഞങ്ങളുടെ ജോലിതീൻു. ഇനിയും ഞങ്ങൾ പോകട്ടെ. ഇൻസ്പെക്ററൻമാർ കാറിൽകയറി അവിടെനിന്നു പുറപ്പെട്ടു.

ആശുതോഷമുക്കർജിയാകട്ടെ ഏകാകിയായിരുന്ന് ആലോചന തുടങ്ങി. എന്നാൽ അധികനേരം ആലോചിക്കാൻ സൌകൎയ്യം കിട്ടിയില്ല. എന്തെന്നാൽ ചിത്രാംഗി അതിനു ശൈഥില്ല്യം ഉണ്ടാക്കി.

ചിത്രാം:—പോലീസ്സുകാർ ഇവിടെ വന്നിരുന്നോ? ഞാൻ അവരെ വഴിക്കുവെച്ചു കണ്ടു. അവർ ഒട്ടധികം കാൎയ്യങ്ങൾ എന്നോടു ചോദിച്ചു. പ്രേമചന്ദ്രബാനർജിയേയോ വാസന്തിയേയോ പററിമാത്രം ഒന്നും ചോദിച്ചില്ല. അവർ രണ്ടുപേരും എവിടെ?

ആശു.—ദൈവത്തിനറിയാം.

ചിത്രാ:—ഇവിടില്ലേ?

ആശു:—ഇല്ല.

ചിത്രാം:—മറവുള്ളവരോ? വാസന്തിയേയും അവർ കൊണ്ടുപോയോ?

ആശു:—അവരോടുതന്നെ ചോദിക്കണം.

ചിത്രാം:—അവളെ ആണുങ്ങൾ കൊണ്ടുപോയി. ഒരു കാർ അതിവേഗത്തിൽ പോകുന്നതു ഞാൻ കണ്ടു.

ആശു:—പോലീസ്സുകാർ വരുന്നതുവരെ ഇവിടെ ഉണ്ടായിരുന്നു. അവർ ഇവിടെ ഇരുന്നപ്പോൾ കൊണ്ടുപോയെങ്കിലേ ഉള്ളൂ.

ചിത്രാം:—ബാനർജിയേയോ?

ആശു:—ഏതായാലും ഞാൻ ടൌണിലേക്കു പോകുന്നു.

ചിത്രാം:—എന്തിന്? വല്ല സ്ഥലത്തേക്കും പോകാൻ വിചാരിക്കുന്നുണ്ടോ?

ആശു:—എവിടെപ്പോകണം? എന്തിനു പോകണം?

ചിത്രാം:—എവിടെപ്പോയാലും തരക്കേടില്ല. പോകേണ്ട ആവശ്യം മററാൎക്കുമല്ലതാനും. എന്തിനു പോകുന്നെന്നോ? ബാനർജി എവിടെ? വാസന്തി എവി

ടെ? ഇൻസ്പെക്ററർ റൌച്ച് എവിടെ? ഇതിനൊന്നും ഉത്തരം പറയേണ്ടെന്നോ? റൌച്ച് ഗംഗാനടിയിൽ വെള്ളംകുടിച്ചു ചത്തിരിക്കാം ഇല്ലേ; നല്ല സ്വപ്നം. കാറിൻെറ ഗതിയും നോക്കിയിരുന്നതുകൊണ്ട് ആററുവക്കത്തെത്തുന്നതിനു മുമ്പ് അയാൾ ചാടിക്കളഞ്ഞതു കണ്ടില്ലായിരിക്കാം.

ആശ്രു:—എങ്ങിനെ അറിയാം?

ചിത്രാം:—അദ്ദേഹം പോലീസ്സ് സ്റ്റേഷനിൽ ചെന്നു വിവരത്തിന് ഉടൻതന്നെ കമ്മിഷണർക്കു ഫോൺ ചെയ്തു. അതുകൊണ്ടാണ് ഇൻസ്പെക്ററന്മാർ വന്നു പരിശോധന നടത്തിയത്.

ആശ്രു:—കഷ്ടം! ഞാൻ ഒരു വിഡ്ഢിയാണ്.

ചിത്രാം:—കയ്യിൽ പണം ഉണ്ടോ?

ആശ്രു:—ധാരാളം ഉണ്ടു്.

ചിത്രാം:—എന്നാൽ ഇവിടെനിന്നു് ഉടൻതന്നെ പോകണം.

ആശ്രു:—അതെ, അങ്ങനെതന്നെ; ഇപ്പോൾതന്നെ പുറപ്പെടാം. കാറിൽ പോകാവുന്നിടത്തോളം കാറിൽ പോകാം. പിന്നെ സൌകര്യംപോലെ.

ചിത്രാം:—നമ്മുടെ ഉദ്ദേശമെല്ലാം തെററി—അതാ തോട്ടത്തിൽനിന്നു പുറത്തേക്കിറങ്ങാനുള്ള രണ്ടു ഗേററിലും ഈ രണ്ടു പോലീസ്സുകാർ നിൽക്കുന്നു. റോഡിൽ മോട്ടാർസൈക്കിളും പിടിച്ചുകൊണ്ടു് ഒരു ഇൻസ്പെക്ററും ഉണ്ടു്. ഇനിയും യാതൊരു വഴിയും കാണുന്നില്ല.

---

# അദ്ധ്യായം വന്ന

തൻവിന തന്നെചുററി

പ്രേമചന്ദ്രബാനർജിയുടെ നെററിക്ക് പഞ്ഞി വെച്ചു കെട്ടിയിട്ടുണ്ടെന്നല്ലാതെ വീഴ്ചകൊണ്ടുള്ള യാതൊരു കോട്ടവും അദ്ദേഹത്തിനെ ബാധിച്ചിട്ടില്ല. അദ്ദേഹം മോഹനലോഡ്ജിൽ എത്തിയപ്പോഠം ആശുതോഷമുക്കർജി അത്ഭുതവും പരിഭ്രമവും കൊണ്ട് അത്യന്തം പരവശനായി.

ആശു:—അങ്ങ് എവിടെ നിന്നു വരുന്നു?

പ്രേമ:—ഞാൻ ഒരു പട്ട കുഴിയിൽ നിന്ന് എഴുന്നേററു വരികയാണ്. അതു് എവിടെയെന്നു സംശയം ഉണ്ടെങ്കിൽ 2-ാംനമ്പ്ര മുറിയിൽ നോക്കണം. ഞാൻ അവിടെക്കിടന്നു മരിക്കുമായിരുന്നു. പക്ഷേ, അനാഥസംരക്ഷകനായ ദൈവം എന്നെ രക്ഷിച്ചു.

ആശു:—വാസന്തി എവിടെ?

പ്രേമ:—അവഠം കൽക്കത്താ പട്ടണത്തിൽ എവിടെയോ കാണും. പക്ഷേ നിങ്ങഠംക്ക് പിടികിട്ടാത്ത സ്ഥലത്താണ്. കഷ്ടം! ഒരു മണിക്കൂറോളം ഇൻസ്പെക്ടർ മിത്രാ എന്തിനാണ് നിങ്ങളോടു സംസാരിച്ചുകൊണ്ടിരുന്നതെന്ന് നിങ്ങഠം ആലോചിച്ചില്ലല്ലോ. ഞങ്ങഠം വാസന്തിയെ അവഠം കിടന്ന മുറിയിൽനിന്നു കൊണ്ടുപോകുന്നതുവരെ അദ്ദേഹം നിങ്ങളെ താമസിപ്പിച്ചു. നിങ്ങഠം അപ്പോഠം മുകളിലേക്കു വരാഞ്ഞതും നന്നായി. വന്നിരുന്നെങ്കിൽ നിങ്ങളെ ഞാൻ അവിടെവെച്ചു കൊല്ലുമായിരുന്നു. കേസ്സിന് ആകപ്പാടെ ഒരു അപൂർണ്ണതയും ഉണ്ടാകുമായിരുന്നു,

ആശു:—അതെനിക്കറിയാം.

പ്രേമ:—നിങ്ങൾക്ക് ഒരു രക്ഷാമാർഗ്ഗം ഉപദേശിക്കാനാണ് ഞാൻ വന്നത്. ബാബുസുരേന്ദ്രനാഥബാനർജിയെ കൊന്നതെങ്ങിനെ? നിങ്ങളല്ല കൊന്നതെങ്കിൽ പരമാൎത്ഥം പറഞ്ഞു രക്ഷപ്പെടാൻ നോക്കണം. അതാണ് എൻെറ ഉപദേശം.

ആശു:—എൻെറ സ്നേഹിതന്മാരെ വഞ്ചിക്കുന്നവനല്ല ഞാനെന്നു് ഇതുവരെ നിങ്ങൾക്കു മനസ്സിലായിട്ടില്ലേ?............മുറിയുടെ താക്കോൽ അങ്ങയുടെ കയ്യിൽതന്നെ ഉണ്ടായിരുന്നല്ലോ.

പ്രേമ:—നിങ്ങൾ താക്കോലിനു താഴേക്കു പോന്നപ്പോൾ ഞാൻ മുറിതുറന്നു. മിസ്റ്റർ മിത്രാ ഏകാകിയായി ഈ മുറികൾ പരിശോധിക്കാൻ വന്നതെന്തുകൊണ്ടെന്നു നിങ്ങൾക്കറിയാമോ? നിങ്ങളെ ദൂരെ നിൽക്കാനല്ലാതെ അദ്ദേഹം സമ്മതിച്ചോ? ഈ കെട്ടിടത്തിൽ മൂന്നുപേരെ ഒളിച്ചിട്ടുണ്ടെന്നു് എനിക്കറിയാമായിരുന്നു. തനിച്ചു വന്നതുകൊണ്ട് എനിക്ക് അദ്ദേഹത്തിനോടു ചില അത്യാവശ്യകാൎയ്യങ്ങൾ പറയാനും സാധിച്ചു.

ആശു:—എൻെറ സഹോദരി എവിടെ?

പ്രേമ:—എൻെറ ഒരു സ്നേഹിതനോടുകൂടി ഒരു സ്ഥലത്തേക്കു പോയിരിക്കുന്നു.

ആശു:—അവളെ അറസ്റ്റു ചെയ്തോ?

പ്രേമ:—അവൾക്കു യാതൊരു വിഷമവും ഇല്ല.

ആശു:—ബാനർജി എങ്ങനെ മരിച്ചെന്നു് അങ്ങേയ്ക്കു് അറിയണം; അദ്ദേഹം ആത്മഹത്യ ചെയ്തു; അതാണു പരമാൎത്ഥം.

പ്രേമ:—അദ്ദേഹത്തിൻെറ തോക്കിലെ നിറ ഒഴിഞ്ഞിരുന്നില്ലല്ലോ.

ആശു:—ആത്മഹത്യക്ക് ഉപയോഗിച്ച ആയുധം അവിടെ ഉണ്ടായിരുന്നു. അങ്ങു കണ്ടില്ലായിരിക്കാം.

പ്രേമ:—നമുക്കു മുകളിലേക്കു പോകാം.

രണ്ടുപേരുംകൂടി മുകളിലേക്കു പോയി. ബാനർജി കിടന്ന മുറിയിൽ, അഥവാ പ്രേമചന്ദ്രനെ കൊല്ലാൻ തട്ടു തുരന്നിരുന്ന മുറിയിൽ, പ്രവേശിച്ചു. ആശുതോഷമുക്കർജി തട്ടിൽ നിന്നു പലക മുറിച്ചുമാററിയിരുന്ന സ്ഥലത്തേക്കു് ഒന്നു നോക്കി.

പ്രേമ:—ഞാൻ സൂക്ഷിച്ചുകൊള്ളാം; വിരിപ്പിട്ടില്ലില്ലൊ.

ആശു:—താഴെ ഫോണിൻെറ ബെൽ കേൾക്കുന്നു. ഞാൻ അങ്ങോട്ടുചെല്ലട്ടെ.

മുക്കർജി താഴേക്കു പോയിട്ടു് പെട്ടെന്നു തിരിച്ചു വന്നു.

ആശു:—എന്നെയല്ല, ആഫീസിൽ നിന്നു് അങ്ങയെയാണു വിളിച്ചതു്. ഈ മുറിയിൽ ഫോൺ ഉണ്ടല്ലോ.

പ്രേമചന്ദ്രൻ ഫോണിന്റെ സമീപം പോയി.

പ്രേമ:—ആരും ഇല്ലല്ലൊ.

ആശു—വിളിച്ചുനോക്കണം.

പ്രേമചന്ദ്രൻ ഫോണിന്റെ റിസീവർ കയ്യിൽ എടുത്തു. പക്ഷെ, അതു് അദ്ദേഹം തന്റെ നേക്കടുപ്പിച്ചില്ല. അതിനുമുമ്പു് ഒരു വെടിതീന്നു. പ്രേമചന്ദ്രനു നേരിടാൻപോകുന്ന ദുർമ്മരണത്തെപ്പററി മനസാ സന്തോഷിച്ചുകൊണ്ടുനിന്ന ആശുതോഷമുക്കർജി നിന്ന നിലയിൽ പൊടുന്നനെ തറയിൽ വീണു. ബാനർജി റിസീവർ ഉപേക്ഷിച്ചിട്ടു് വരാന്തയിലേക്കിറങ്ങി. അവിടെ നിന്നുകൊണ്ടു് അദ്ദേഹത്തിന്റെ കൂടെ വന്നിരുന്ന ഇൻസ്പെക്ററർ മിസ്റ്റർ റൌച്ചിനെ വിളിച്ചു. അവർ രണ്ടു

പേരുംക്രൂടി മുക്കർജിയെ എടുത്തു കട്ടിലിൽ കിടത്തി. പ്രേമചന്ദ്രൻ അയാളുടെ നാഡി പരിശോധിച്ചശേഷം നിരാശാസൂചകമായി ഒരു ദീർഘശ്വാസം വിട്ടു.

ഇൻ:—എങ്ങിനെ പററി?

പ്രേമചന്ദ്രൻ മറുപടി പറയാതെ റിസീവർ മെല്ലെ കയ്യിൽ എടുത്തുനോക്കി. സാധാരണ ടെലഫോൺ റിസീവർകളിൽ ഉള്ളതുപോലെ അതിന്റെ മദ്ധ്യത്തിൽ കഷ്ണിച്ച് അര ഇഞ്ചു വ്യാസമുള്ള ഒരു ദ്വാരമുണ്ടായിരുന്നു. എന്നാൽ സാധാരണയിൽനിന്നു വ്യത്യസ്തമായി ഒരു ചെറിയ ഉരുക്കുകുഴൽ ഇരിക്കുന്നതു കണ്ടു് അതിന്റെ മൂടി അദ്ദേഹം തിരുക്കി എടുത്തു. അദ്ദേഹത്തിന്റെ സംശയം തീൎന്നു. ടെലഫോൺ റിസീവറുടെ സ്ഥാനത്തു ഘടിപ്പിച്ചിരുന്നതു് ശരിക്കു് ആ രൂപത്തിൽ ഉണ്ടാക്കിയ ഒരു ചെറിയ കൈത്തോക്കായിരുന്നു. കൊളുത്തിൽ നിന്നു് അകലുമ്പോൾ വെടി തീരത്തക്കവണ്ണം അതു ഘടിപ്പിച്ചിരുന്നു. റിസീവർ എന്നു കരുതി ബാനർജി ചെവിക്കടുത്തുകൊണ്ടുവരുമ്പോൾ വെടിതീൎന്നു് അദ്ദേഹം മരിക്കുമെന്നാണു് മുക്കർജി ആശിച്ചിരുന്നതു്. പക്ഷേ, ഭാഗ്യവശാൽ ബാനർജി അതിന്റെ മുഖം മുക്കർജിയുടെ നേൎക്കു നീട്ടിയിരുന്നതിനാൽ വെടികൊണ്ടു് അയാൾ മരിച്ചു. ഈ പരമാൎത്ഥം ബോദ്ധ്യപ്പെട്ടിട്ടും പ്രേമചന്ദ്രന്റെ അത്ഭുതം ശമിച്ചില്ല. എന്തെന്നാൽ ബാനർജി മരിച്ചയുടൻ ഈ ഫോൺ താൻ ഉപയോഗിച്ചിട്ടുണ്ടു്. അതെങ്ങിനെയെന്നു് അദ്ദേഹം ആലോചിക്കാൻ തുടങ്ങി. എന്നാൽ, വാസന്തിയുടെ മുറിയിൽ എന്തോ ശബ്ദമുണ്ടാക്കി തന്നെ പെട്ടെന്നു് അങ്ങോട്ടാകൎഷിച്ചതു് കൈത്തോക്കു മാററി റിസീവർ ഘടിപ്പിക്കാനായിരുന്നെന്നു് അദ്ദേഹത്തിനു പിന്നീടു ബോദ്ധ്യമായി.

പ്രേമചന്ദ്രൻ അനന്തരനടപടികൾക്കായി ലോഡ്ജിൽനിന്നും പുറപ്പെട്ടു. മാൎഗ്ഗമദ്ധ്യെ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ കയറി അവിടെ പാൎപ്പിച്ചിരുന്ന ചിത്രാംഗിയെ കണ്ടു് അദ്ദേഹം വിവരം പറഞ്ഞു.

ചിത്രാം:—അതു വളരെ നന്നായി; അവമാനവും മരണവും രണ്ടുംകൂടി അനുഭവിക്കാതെ കഴിഞ്ഞല്ലോ. അങ്ങേ മരണം കാണാനായിരിക്കും അയാൾ അടുത്തുവന്നു നിന്നതു്. ഏതായാലും ഈശ്വരൻ അങ്ങേ രക്ഷിച്ചു.

പ്രേമ:—മുക്കർജി എന്റെ നേരെ ഈ ചതി പ്രയോഗിക്കുമെന്നു് അറിയാമായിരുന്നില്ലേ?

ചിത്രാം:—ഞാൻ സ്വപ്നേപി ശങ്കിച്ചിരുന്നില്ല. എനിക്കു മററു ചില കാൎയ്യങ്ങളെപ്പററി മാത്രമേ ഭയം ഉണ്ടായിരുന്നുള്ളു.

പ്രേമചന്ദ്രൻ സ്റ്റേഷനിൽനിന്നിറങ്ങി മജിസ്റ്റ്രേട്ടുകോടതിയിലേക്കു പോയി. മജിസ്റ്റ്രേട്ടിനെക്കണ്ടു ചില കടലാസ്സുകളിൽ ഒപ്പിട്ടുവിച്ചശേഷം മൂന്നുമണിക്കു് ഇൻസ്പെക്ററന്മാരായ റൌച്ച്, മിത്രാ എന്നിവരോടുകൂടി വക്കീൽ മി. ശരച്ചന്ദ്രബോസ്സിന്റെ വസതിയിലേക്കു തിരിച്ചു.

പ്രേമചന്ദ്രബാനർജി മരിച്ചുപോയെന്നു വിശ്വസിച്ചിരുന്ന ബോസ്സ് അദ്ദേഹത്തിനെക്കണ്ടപ്പോൾ ഭയംകൊണ്ടു് ഒന്നുഞെട്ടി.

പ്രേമ:—നിങ്ങളെ ഉപദ്രവിക്കുന്നതിനു മാപ്പുചോദിക്കുന്നു. ഞാൻ മരിച്ചുപോയെന്നു നിങ്ങൾ വിശ്വസിച്ചിരിക്കാം. ചില കാൎയ്യങ്ങൾകൂടി സാധിക്കാനുള്ളതുകൊണ്ടു് ഞാൻ മരിച്ചില്ല. ഞാൻ വന്നതെ

ത്തിനാണെന്ന് അറിയാമായിരിക്കുമല്ലോ. ആഗസ്റ്റ് 1-ാനു- നടന്ന കൊലപാതകം സംബന്ധിച്ചു നിങ്ങളെ അറസ്റ്റ് ചെയ്യാനാണു്. നമുക്കു സ്റ്റേഷനിലേക്കു പോകാം.

---

# അദ്ധ്യായം ൨൮

---

കേസ്സിൻെറ പര്യവസാനം.

വാസന്തിയുടെ വേർപാടുമൂലം തൻെറ കണക്കുകൾ എഴുതുന്നതിനോ തനിക്കു വരുന്ന എഴുത്തുകൾക്കു മറുപടി അയക്കുന്നതിനോ നിവ്വാഹമില്ലാതെ ഊമ്മിളാദേവി വിഷമിച്ചു. പ്രായാധിക്യത്താലുള്ള കൈവിറയൽ മൂലം അവൎക്ക് അത്യാവശ്യമുള്ള സ്വകാൎയ്യക്കത്തുകളല്ലാതെ എഴുതാൻ നിർവാഹമില്ലായിരുന്നു. അതിനും പുറമെ പല കാരണങ്ങളാലും ചെലവും വളരെ വർദ്ധിച്ച് അവരെ ശല്ല്യപ്പെടുത്തി. ചിലൎക്കുവേണ്ടി ജാമ്മ്യം നിന്നതിന്ന് ഊമ്മിളയുടെ വക പന്തീരായിരം ഉറുപ്പികയുടെ ഒരു നിക്ഷേപം ജപ്തി ചെയ്യപ്പെട്ടു. ഇതിനെല്ലാം പുറമേ തൻെറ മനസ്സിനെ ശല്ല്യപ്പെടുത്തുന്ന മററു പല സംഭവങ്ങളും തുടർച്ചയായി ഉണ്ടായിക്കൊണ്ടുമിരിക്കുന്നു. ശരച്ചന്ദ്രബോസ്സിനേയും ചിത്രാംഗിയേയും അറസ്ററു ചെയ്തതോടുകൂടി അവരുടെ ഉന്മേഷം തീരെ നശിച്ചു.

ഊമ്മിളാദേവി കാപ്പികുടിയും കഴിഞ്ഞു് തുലോം അസ്വസ്ഥയായി തൻെറ മുറിയിൽ ഇരിക്കുമ്പോൾ ഒരു കാർ ഗേററിൽ വന്നുനിന്നു. അവർ എഴുന്നേററു ജന്നലിൽകൂടി പുറത്തേക്കു നോക്കി. കാറിൽ ഉണ്ടായിരുന്നതു

പ്രേമചന്ദ്രബാനർജിയും റൌച്ചും ആയിരുന്നു. അവരെ കണ്ടയുടൻ താൻ മുൻകൂട്ടി തയ്യാർ ചെയ്തുവെച്ചിരുന്ന ഒരു തുകൽപ്പെട്ടി കയ്യിൽ എടുത്തുകൊണ്ട് ഊർമ്മിള കെട്ടിടത്തിൻെറ പുറകുവശത്തേക്കിറങ്ങി; തോട്ടത്തിൻെറ പിൻഭാഗത്തുള്ള ഒരു ചെറിയ വാതിൽ തുറന്ന് റോഡിലേക്കു നടന്നു. അല്പദൂരം നടന്നശേഷം ഒരു കാർ വാടകയ്ക്കു പിടിച്ചു റെയിൽവേ സ്റ്റേഷനിലേക്കു പോയി.

ഊർമ്മിളാദേവി ലാഹോറിലേക്കാണു പുറപ്പെട്ടത്. അവിടെ എത്തി ടൌണിൽനിന്ന് അല്പം അകലെ, ഒരു ഹോട്ടലിൽ അവർ താമസമാക്കി. നരച്ച തലമുടികൾ കറുപ്പിച്ചും മുഖത്തു നിറഭേദം ഉണ്ടാക്കുന്ന പൌഡറുകൾ തേച്ചും, പുതുതായി ഒരു കണ്ണാടി ധരിച്ചും വസ്ത്രധാരണരീതിയിൽ പല മാററങ്ങൾ വരുത്തിയും ഒരു പുതിയ ആളായിട്ടാണ് അവർ അവിടെ താമസിക്കുന്നത്.

ഭീകരസംഘത്തെപ്പററിയുള്ള വിവരങ്ങൾ, വിശിഷ്യ, അവരുടെ മേൽ ഉണ്ടായിരുന്ന കേസ്സുകളുടെ പൂർണ്ണവിവരങ്ങൾ അറിയാൻ അവക്ക് ഉൽക്കണ്ഠയുണ്ടായിരുന്നു; അതിനാൽ പ്രതിദിനപത്രങ്ങൾ പതിവായി വാങ്ങി വായിച്ചുവന്നു. കേസ്സിൻെറ ആരംഭത്തിൽതന്നെ ചിത്രാംഗിയുടെ മേൽ നടപടി നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നു പ്രാസിക്യൂഷൻ ഭാഗത്തുനിന്നു ബോധിപ്പിക്കുകയാൽ ആ യുവതിയെ വിട്ടയച്ചു.

ഊർമ്മിളാദേവി ലാഹോറിൽ എത്തിയതിന്റെ പന്ത്രണ്ടാംദിവസം, അവർ ഹോട്ടലിലെ ഒരു മുറിയിൽ ഏകാകിനിയായിരിക്കുമ്പോൾ "സൌഖ്യം തന്നല്ലോ, ഞങ്ങളെ ആരെയും അറിയിക്കാതെ പോന്നുകളഞ്ഞതെന്തു്?" എന്നിങ്ങനെ കുശലപ്രശ്നം ചെയ്തുകൊണ്ട് പ്രേമ

ചന്ദ്രൻ ആ മുറിയിൽ കടന്നു. ഊർമ്മിളാദേവി പെട്ടെന്ന് എഴുന്നേററു് തന്റെ പെട്ടി കയ്യിൽ എടുത്തുകൊണ്ടു് "പോകാം" എന്നു പറഞ്ഞു് ബാനർജിയെ സമീപിക്കുകയാണു ചെയ്തതു്.

പ്രേമ:—എന്നാൽ പോകാം.

ബാനർജി അവരെയും കൂട്ടിക്കൊണ്ടു റെയിൽവേസ്റ്റേഷനിലേക്കു തിരിച്ചു.

ഊർമ്മി:—ബോസ്സിന്റെ സ്ഥിതിയെന്താണു്?

പ്രേമ:—നിങ്ങളുടെ മകനു വിശേഷിച്ചു സുഖക്കേടൊന്നുമില്ല.

ഊർമ്മി:—ചിത്രാംഗിയെ വിട്ടോ? അവൾ കുററം സമ്മതിച്ചോ?

പ്രേമ:—വിട്ടു.

ഊർമ്മി:—അവൾ അത്തരക്കാരിതന്നെ, ഡാക്കുൎക്കുപോലും അവളെ നന്നാക്കാൻ കഴിഞ്ഞില്ല.

പ്രേമ:—ഏതു ഡാക്ടർ?

ഊർമ്മി:—അവളുടെ സഹോദരൻ ഒരു ഡാക്ടറായിരുന്നെന്നുള്ള വിവരം അറിഞ്ഞുകൂടെ?

കൽക്കത്തായിൽ എത്തുന്നതുവരെ ഊർമ്മിളാദേവി പിന്നീടു യാതൊന്നും സംസാരിച്ചില്ല. അവർ കൽക്കത്തായിൽ എത്തിയതിന്റെ പിറേറദിവസം തന്നെ അവരെ കോടതിയിൽ ഹാജരാക്കി; കേസ്സുവിസ്താരവും തുടങ്ങി.

കേസ്സുവിസ്താരം മൂന്നുമാസത്തോളം നീണ്ടുനിന്നു. ഒടുവിൽ ഊർമ്മിളാദേവിക്കു ജീവപൎയ്യന്തം തടവും ശരച്ചന്ദ്രബോസ്സിനു ജീവപൎയ്യന്തം കഠിനതടവും ശിക്ഷ വിധിച്ചു. ഭീകരസംഘത്തിലെ അംഗങ്ങളായ പന്ത്രണ്ടുപേരെ നാടുകടത്തി. എട്ടുപേൎക്കു് അഞ്ചും ആറും വൎഷത്തെ

കഠിനതടവു ലഭിച്ചു. ഇങ്ങനെ പ്രമാദമായ ഒരു കേസ്സു പര്യവസാനിച്ചു.

കേസ്സു വിധിപറഞ്ഞ ദിവസം വൈകിട്ട് അഞ്ചു മണിക്കു പ്രേമചന്ദ്രൻ പോലീസ്സ് കമ്മിഷണരുടെ വസതിയിൽ ചെന്നു് അദ്ദേഹത്തിനെ സന്ദർശിച്ച് ഒരു കവർ കയ്യിൽ കൊടുത്തു. കമ്മിഷണർ കവർ പൊട്ടിച്ചു വായിച്ചുനോക്കിയശേഷം വളരെനേരം ചിന്താമഗ്നനായിരുന്നു. അനന്തരം ഇപ്രകാരം ചോദിച്ചു.

കമ്മി:—എന്നുമുതൽ?

പ്രേമ:—നിവൃത്തിയുണ്ടെങ്കിൽ നാളെമുതൽക്കുതന്നെ.

കമ്മി:—നിങ്ങളുടെ ഈ പ്രവൃത്തി എന്നെയും ഗവമ്മെന്റിനെയും എത്രമാത്രം വ്യാകുലപ്പെടുത്തുന്നെന്നു് അറിയാമല്ലോ.

പ്രേമ:—അറിയാം; പക്ഷേ എനിക്കു നിവൃത്തിയില്ല.

കമ്മി:—ഞാൻ ഇന്നുതന്നെ ഗവമ്മെന്റിലേക്കു എഴുതാം. പക്ഷേ, അങ്ങനെ ചെയ്യുന്നതു് ദുസ്സഹമായ കൃത്യത്തോടുകൂടിയാണു്. നിങ്ങളുടെ യശഃചന്ദ്രൻ അത്യുച്ചത്തിൽ എത്തിയിരിക്കുന്നു; നിങ്ങളെ ഡപ്യൂട്ടിക്കമ്മിഷണരായി ഉടൻതന്നെ കയററംചെയ്യണമെന്നു ഗവർണ്ണർ ഇന്നലെ എന്നോടു പറഞ്ഞു. അതിനുംപുറമെ നിങ്ങൾക്കു നിരവധി സമ്മാനങ്ങളും സ്ഥാനമാനങ്ങളും ലഭിക്കുന്നതുമാണു്. ഇങ്ങനെയുള്ള ഒരു ഘട്ടത്തിൽ രാജിവെയ്ക്കണോ എന്നു നിങ്ങൾ ഒന്നുകൂടി ആലോചിക്കണം.

പ്രേമ:—നിവൃത്തിയില്ല.

പ്രേമചന്ദ്രൻ കമ്മിഷണരുടെ വസതിയിൽനിന്നു തന്റെ പിതൃഗൃഹത്തിലേക്കാണു തിരിച്ചതു്. പക്ഷേ പ്രഫുല്ലചന്ദ്രബാനർജി അവിടെയില്ലായിരുന്നു. അതിനാൽ പ്രേമചന്ദ്രൻ അകത്തുകടന്നു് മേശപ്പുറത്തു കിടന്ന

ചില വർത്തമാനപ്പത്രങ്ങൾ വായിച്ചുകൊണ്ടിരുന്നു. കഷ്ടിച്ച് അരമണിക്കൂർ കഴിയുന്നതിനുമുമ്പ് പ്രഫുല്ലച ന്ദ്രബാനർജിയും വാസന്തിയും അവിടെയെത്തി.

പ്രേമ:—അച്ഛൻ എവിടെപ്പോയിരുന്നു?

പ്രഫു:—വാസന്തി പട്ടണം കണ്ടിട്ടു മൂന്നുമാസത്തിലധി കമായല്ലോ; അവളെ കൂട്ടിക്കൊണ്ടുവരാൻപോയി.

പ്രേമ:—(വാസന്തിയോട്) കേസ്സിന്റെ അവസാനം അറിഞ്ഞോ?

വാസ;—അറിഞ്ഞു; വളരെ കഷ്ടമായിപ്പോയി.

പ്രേമ:—(ഒരു പുഞ്ചിരിയോടുകൂടി) ശരച്ചന്ദ്രബോസ്സിനെ ശാസിച്ചതല്ലേ കഷ്ടമായതു്?

(തന്നെ പരിഹസിച്ചതിനു് ഒരു കടാക്ഷത്താൽ പ്രേമചന്ദ്രനെ ശിക്ഷിച്ചുകൊണ്ടു്) "എല്ലാം കഷ്ടംതന്നെ; പക്ഷേ, ഊർമ്മിളാദേവിയുടെ സ്ഥിതിയാണു് അധികം കഷ്ടം".

പ്രഫു:—ഞാനും അതിൽ സങ്കടപ്പെടേണ്ടവനാണല്ലോ.

വാസ:—അതെങ്ങിനെ?

പ്രഫു:—(പ്രേമചന്ദ്രനോടു്) എന്തുകൊണ്ടാണെന്നു പ റയൂ.

ഈ സന്ദർഭത്തിൽ ടെലഫോൺ ബെൽ കേൾക്ക കയാൽ പ്രഫുല്ലചന്ദ്രബാനർജി ടെലഫോൺ മുറിയി ലേക്കു പോയി; അല്പനേരം ഫോണിൽ സംസാരിച്ചു. "ഞാൻ വരാം" എന്നു് അവസാനമായി മറുപടി പറ ഞ്ഞശേഷം അദ്ദേഹം പ്രേമചന്ദ്രനും വാസന്തിയും നിന്ന മുറിയിലേക്കു മടങ്ങി.

പ്രഫു:—ഊർമ്മിളയ്ക്കു് എന്നെക്കാണണംപോലും.

വാസ:—എന്തിനു്?

പ്രഫു:—എന്തിനായാലും ഞാൻ പോയി കണ്ടേക്കാം.

---

# അദ്ധ്യായം ൨൮

വീണ്ടും ദ്രോഹോദ്യമം

അടുത്തദിവസം കാലത്തു പ്രഫുല്ലചന്ദ്രബാനർജി സെൻട്രൽ ജയിലിലേയ്ക്കു പോയി. ഊർമ്മിളാദേവിയെ ക്കാണ്മാൻ അനുമതി വാങ്ങിക്കൊണ്ടു് ഒരു അസിസ്റ്റന്റ് ജയിലരോടുകൂടി അദ്ദേഹം അവരെ അടച്ചിരുന്ന മുറിയിൽ പ്രവേശിച്ചു. അസിസ്റ്റന്റ് ജയിലർ അദ്ദേഹത്തിനെ അകത്താക്കിയശേഷം മാറിനിന്നു.

ഊർമ്മി:—വളരെ സന്തോഷം; ഇവിടെ വന്നെങ്കിലും എന്നെക്കാണാൻതോന്നിയല്ലോ.

ബാനർജി മറുപടി ഒന്നും പറഞ്ഞില്ല.

ഊർമ്മി:—അങ്ങയുടെ മകൻ അതിസമർത്ഥനാണു്; ആ ഗുണം അമ്മയിൽനിന്നു കിട്ടിയതായിരിക്കും.

അതിനും ബാനർജി മറുപടി പറഞ്ഞില്ല.

ഊർമ്മി:—ആ യുവാവു് കാളിനാഥബാനർജിയുടെ ഒരു ബന്ധുവാണെന്നു് ഞാൻ സ്വപ്നേപി അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ എന്നിൽ പല മാററങ്ങളും ഉണ്ടാകുമായിരുന്നു. ഏതായാലും അങ്ങു് ചിത്രാംഗിയേയും ശരച്ചന്ദ്രനേയും നോക്കിക്കൊള്ളണം.

പ്രഫു:—നിനക്കുവേണ്ടി അത്രയും ചെയ്യാം.

ഊർമ്മി:—നിങ്ങളുടെ ആകൃതിക്കു മാററം വന്നിട്ടുണ്ടെങ്കിലും ശബ്ദം മാറിയിട്ടില്ല. കാളിനാഥബാനർജിയും വേറെ പലരും മരിച്ചു. അതിനെല്ലാം ഉത്തരവാദി അങ്ങയുടെ മകനാണു്. ഭാഗ്യവാനായ പ്രേമചന്ദ്രൻ എന്നുവേണം അയാളെ വിളിക്കാൻ. ഇത്ര

ഞാൻ പലരോടും പറഞ്ഞിട്ടുണ്ട്. ഭാഗ്യം ഒന്നുമാത്രമാണ് ആ യുവാവിനെ സഹായിച്ചത്.....ഞാൻ കൂസൽ കൂടാതെ എനിക്കു കിട്ടിയ ശിക്ഷ അനുഭവിക്കുന്നു. അതിൽ അങ്ങേയ്ക്കു് അത്ഭുതം ഉണ്ടോ? അനുജനെ നല്ലതുപോലെ അറിയാമായിരുന്നില്ലേ? അങ്ങയുടെ പുത്രൻ അദ്ദേഹത്തിനെ പിടിച്ചതു് ഒരു യാദൃച്ഛികസംഭവമാണ്. അദ്ദേഹം ധരിച്ചിരുന്ന ഉടുപ്പ് പോലീസ്സുകാർ മാററിക്കളഞ്ഞു. അല്ലെങ്കിൽ അദ്ദേഹത്തിനെ തൂക്കിക്കൊല്ലാൻ സാധിക്കുകയില്ലായിരുന്നു.

ഉടുപ്പിൻെറ ദിവ്യശക്തി എന്തായിരുന്നെന്ന് ബാനർജിക്കു മനസ്സിലായില്ല.

പ്രഫു:—ഉടുപ്പിനകത്തു് ഒന്നും ഇല്ലായിരുന്നല്ലോ.

ഊമ്മി:—അതിനെപ്പററി പിന്നീടു മനസ്സിലാകും. എനിക്കു പറയാനുള്ളതു് ഇത്രമാത്രം; കാളീനാഥബാനർജിയും, പ്രതാപചക്രവർത്തിയും, ആശുതോഷമുക്കർജിയും ഇപ്പോഴും ജീവിച്ചിരിക്കുമായിരുന്നു; ശരച്ചന്ദ്രൻ സുഖമായി അവന്റെ തൊഴിൽ നടത്തുമായിരുന്നു; ഞാൻ എന്റെ ഗൃഹജോലികൾ നോക്കിക്കൊണ്ടു വീട്ടിലിരിക്കുമായിരുന്നു. ഇതെല്ലാം തെററിച്ചതു് അങ്ങയുടെ മകനാണ്.

പ്രഫു:—സുരേന്ദ്രനാഥബാനർജിയേയും ഒരു ജഡ്ജിയേയും ഒരു സക്കാർ വക്കീലിനേയും കൊന്നശേഷവും ഇവരെല്ലാം എങ്ങിനെ ജീവിച്ചിരിക്കും? എന്തെല്ലാം അക്രമങ്ങളാണ് അവർ നടത്തിയതു്; എത്ര പേരുടെ പണം അപഹരിച്ചു; എത്രപേരെ ഹിംസിച്ചു; നിഗ്രഹിച്ചു. എൻെറ മകൻ ഇക്കൂട്ടരെ

പിടിച്ചതിൽ ഞാൻ സന്തോഷിക്കുകയും അതിന് അവനെ സഹായിച്ച ദൈവത്തിന് നന്ദി പറയുകയും ചെയ്യുന്നു.

ഊൗമ്മി:—എനിക്കു പറയാനുള്ളതെല്ലാം ഇതു വായിച്ചു നോക്കി മനസ്സിലാക്കണം.

എന്നുപറഞ്ഞു് ഒരു കടലാസ്സ് മടക്കി അദ്ദേഹത്തിൻെറ മുമ്പിലേയ്ക്കു് എറിഞ്ഞു. അദ്ദേഹം അതെടുക്കാനായി കുനിഞ്ഞു.

അസിസ്റ്റൻറു് ജയില്ലരുടെ പരിഭ്രമസൂചകമായ വിളികേട്ട ബാനർജി പെട്ടെന്നു നിവൎന്നു. എന്നാൽ അതിനുമുമ്പു് ഊൗമ്മിളാദേവി നീളമുള്ള ഒരു പേനാക്കത്തി കൊണ്ടു് അദ്ദേഹത്തിനെ ആഞ്ഞു കുത്തി. കഴുത്തിലാണ് അവർ ലാക്കു നോക്കിയതു്. പക്ഷേ, പെട്ടെന്ന് തല ഉയൎത്തുകയാൽ കുത്തു് തലയിൽ കൊണ്ടു് അല്പം മുറിഞ്ഞതേയുള്ളു. വീണ്ടും ഒരിക്കൽ കൂടി കുത്തി; എന്നാൽ അദ്ദേഹം പിൻമാറുകയാൽ അവരുടെ ശ്രമം വിഫലമായി. അസിസ്റ്റൻറ് ജയിലരും ഒരു വാർഡരും കൂടി അവരെ തടുക്കുകയാൽ മൂന്നാമതും പേനാക്കത്തി പ്രയോഗിക്കാൻ സാധിച്ചില്ല.

ഊൗമ്മിളയുടെ കയ്യിൽനിന്നു പേനാക്കത്തി പിടിച്ചുവാങ്ങി. അനന്തരം ബാനർജിയേയും കൂട്ടിക്കൊണ്ടു് അവർ പുറത്തേക്കു പോയി.

ജയിൽ ഡാക്ടരെക്കൊണ്ടു ബാനർജിയുടെ മുറിവു് വച്ചുകെട്ടിച്ചശേഷം അദ്ദേഹത്തിനെ സ്വഗൃഹത്തിലേക്കു് അയച്ചു. അനന്തരം ജയിൽസൂപ്രണ്ടും ജയിലരും മററു ചില സിൽബന്ധികളുമായി ഊൗമ്മിളയുടെ മുറിയിൽ എത്തി.

ഹാ! എന്തൊരത്ഭുതം! ഊൗമ്മിള അതാ തറയിൽ കിടന്നുരുളുന്നു. അവളുടെ അന്ത്യകാലം അടുത്തെന്നു്

ആൎക്കും പ്രഥമദൃഷ്ടിയിൽ തന്നെ മനസ്സിലാക്കാം. പക്ഷെ, ഈ ദുരന്തത്തിന്ന ഹേതുവെന്തു്?

ഊൎമ്മിളയുടെ കഴുത്തിൽ കിടന്ന താലി എവിടെ? അതു വജ്രഖചിതമായിരുന്നല്ലൊ. സ്വൎണ്ണം തറയിൽ അല്പം അകലെക്കിടക്കുന്നു. അതിൽ കല്ലില്ല. ആ കല്ലു് അവളുടെ ജീവനാശത്തിന്നുള്ള സിദ്ധൌഷധമായിത്തീൎന്നോ?

---

# അദ്ധ്യായം ൩൰

---

### സംഭവവിവരം

പ്രഫ:—കഥകളെല്ലാം അറിഞ്ഞില്ലേ?

വാസ:—അതെങ്ങിനെ? പത്രങ്ങളൊന്നും നോക്കാൻ സമ്മതിക്കില്ലല്ലോ. ഇന്നു കാലത്തു് മേശപ്പുറത്തു കിടന്ന ഒരു പത്രം ഞാൻ കയ്യിൽ എടുത്തു. "സർ. ബാനർജിയുടെ കഥാകഥനം" എന്നു് വലിയ അക്ഷരത്തിൽ അടിച്ചിരുന്നു. പക്ഷെ, ഒരു വരി പോലും വായിക്കാൻ സമ്മതിക്കാതെ പത്രം പിടിച്ചുവാങ്ങി. സർ. ബാനർജി എന്നു പറഞ്ഞതു് അവിടത്തെ ഉദ്ദേശിച്ചാണോ?

പ്രഫ:—അതെ;

വാസ:—ഊൎമ്മിളാദേവി അവിടത്തെക്കാണാൻ ആഗ്രഹിച്ചതു് എന്തുകൊണ്ടു്?

പ്രഫ:—അവൾ എന്റെ ഭാൎയ്യയായിരുന്നു; ഭീകരസംഘത്തിന്റെ മുഴുവൻ ചരിത്രവും കോടതിയിൽ വെളിവായിട്ടില്ല. വെളിവാകാതിരുന്നതും ഞാൻ സാക്ഷി എഴുതാൻ ഇടയാകാതിരുന്നതും എന്റെ

ഭാഗ്യം കൊണ്ടുതന്നെ. ബിഹാരിലാൽ, റാംസിങ്ങ് എന്നിങ്ങനെ അനേകം പേരുകളിൽ അറിയപ്പെട്ടു വന്ന കാളീനാഥൻ എൻെറ അനുജനായിരുന്നു. എന്നുവെച്ചാൽ എൻെറ അച്ഛൻെറ രണ്ടാമത്തെ ഭാര്യയുടെ മകനായിരുന്നു. അവൻ കുട്ടിക്കാലം മുതൽക്കെ ഒരു തെമ്മാടി ആയിരുന്നു. പത്തു വയസ്സായതു മുതൽ മോഷണം തുടങ്ങി. അച്ഛന്റെ വക സാമാനങ്ങളും പണവുമാണു് ആദ്യകാലത്തു് അപഹരിച്ചതു്. ക്രമേണ എന്നെയും ഉപദ്രവിച്ചു തുടങ്ങി. എനിക്കു് വയസ്സ് മുപ്പത്തഞ്ചും അവനു് ഇരുപത്തഞ്ചുമായി. അക്കാലത്താണു് എൻെറ ജീവിതത്തെ ബാധിച്ച ഏകകളങ്കം ഉണ്ടായതു്. ഞാൻ യാദൃശ്ചികമായി സുശീല എന്നൊരു സ്ത്രീയുമായി പരിചയപ്പെട്ടു. ഒടുവിൽ ഞാൻ അവളെ വിവാഹം ചെയ്യാൻ തർച്ചയാക്കി. ഞങ്ങളുടെ വിവാഹവും നടന്നു. എന്നാൽ അന്നു രാത്രി ആ സ്ത്രീ എൻെറ നേരെ വലിച്ചെറിഞ്ഞ ബോംബ് എന്റെ ജീവിതസുഖം നിശ്ശേഷം നശിപ്പിച്ചു. അവൾ കാളിനാഥനെ സ്നേഹിക്കുന്നെന്നും അവൻ കാരണം അവൾ ഗർഭിണിയാണെന്നും ഗർഭത്തിൽ കിടക്കുന്ന ശിശുവിനു് അച്ഛനില്ലെന്നു വരരുതല്ലോ എന്നു വിചാരിച്ചുമാത്രം എന്നെ വരിച്ചതാണെന്നും അവൾ എന്നോടു തുറന്നു പറഞ്ഞു. വിവാഹം നടന്നതിന്റെ മൂന്നാംദിവസം അവൾ എൻെറ ഗൃഹത്തിൽനിന്നു പോവുകയും ചെയ്തു. ഞാൻ അവളുമായുള്ള വിവാഹബന്ധം വേർപെടുത്തി.

പ്രേമ:—1886 ഫെബ്രുവരി 9-ാനു- എന്താണുണ്ടായതു്? ബോട്ടിലെ മൂന്നാമത്തെ വരി അതാണു്. രണ്ടാമത്തേതു് ഊർമ്മിളാദേവി ജനിച്ചയാണ്ടാ

ണു്. നാലാമത്തേതു് പ്രതാപചക്രവത്തി ജനിച്ച ദിവസം.

പ്രഫു:—ഒരു ദിവസം എൻെറ ബാങ്കിലെ ഏജൻറ പരിഭ്രമിച്ച് എൻെറ അടുത്തുവന്ന് ഒരു കള്ളച്ചെക്കിൻപ്രകാരം അൻപത്തീരായിരം ഉറുപ്പിക കൊടുത്തുപോയെന്നു പറഞ്ഞു. ഞാൻ ചെക്കുവരുത്തി നോക്കി. അതിൻെറ പുറത്തു പെൻസിൽകൊണ്ടു് കെ. എൻ. ബി. എന്ന് എഴുതിയിരുന്നു. പോലീസ്സിൽ അറിവുകൊടുക്കണമെന്നാണു് ഞാൻ ആദ്യം തീർച്ചയാക്കിയതു്. പക്ഷേ രക്തസംബന്ധിയായ ഒരുവനെ ഞാൻ ജയിലിൽ അയക്കേണ്ടെന്നു പിന്നീടു വിചാരിച്ചു. കള്ളച്ചെക്കു് കാളിനാഥൻ കൊണ്ടുചെന്നതാണെന്നു് എന്നെ മനസ്സിലാക്കണമെന്നു കരുതിയാണു് മൂന്നക്ഷരങ്ങൾ എഴുതിയിരുന്നതു്. ഏതായാലും ബങ്കാളിപത്രത്തിൽ ഞാൻ ഒരു പരസ്യം പ്രസിദ്ധംചെയ്തു.

## കെ. എൻ. ബിക്കു്.

---

ഇത്തവണ സഹിച്ചു
അടുത്ത തവണ പകരം വീട്ടും.

---

ഇത്രയും മാത്രമായിരുന്നു പരസ്യം. ഏതായാലും അതിനുശേഷം അവൻ എന്നെ ഉപദ്രവിച്ചിട്ടില്ല.

കാളിനാഥനു് ഒരു ഗുണം ഉണ്ടായിരുന്നു; അതു് അവൻെറ ദൃഢനിശ്ചയമാണു്. ഒരു കാൎയ്യം ഒരിക്കൽ തീർച്ചയാക്കിയാൽ അവൻ യാതൊരു കാരണവശാലും അതിൽനിന്നു തെററുകയില്ല. അവനു് ഭാൎയ്യയും മക്കളും ഉണ്ടായിരുന്നെങ്കിലും ഒരാണ്ടിൽ രണ്ടാഴ്ച മാത്രമാണു് അവർ ഒരുമിച്ചു കഴിച്ചുവന്നതു്. അതു് അവൻെറ

ജന്മദിനം പ്രമാണിച്ചായിരുന്നു. കുട്ടികളെയെല്ലാം അലഹബാദിലാണു് അവൻ വളർത്തിയതു്. അവരെല്ലാം ഇംഗ്ലീഷ് നല്ലതുപോലെ പഠിച്ചിരുന്നു; അവർ വളർന്നശേഷം പല സ്ഥലങ്ങളിൽ പല തൊഴിലുകാരായി താമസിച്ചു് തൻെറ വ്യാപാരം തുടരണമെന്നു് അവൻ ഉപദേശിച്ചു. എല്ലാവരും ഒരുമിച്ചു താമസിച്ചാൽ തൻെറ കള്ളി പുറത്താകുമെന്നു് അവനു് അറിയാമായിരുന്നു. അതിനാൽ, ഓരോരുത്തരും അകന്നകന്നു് പരസ്പരം ഒരു ബന്ധവുമില്ലെന്നുള്ള മട്ടിൽ താമസിക്കാൻ ഏർപ്പാടു ചെയ്തു. ഇങ്ങനെയാണു് അവന്റെ മക്കളായ ചക്രവർത്തി, ശരച്ചന്ദ്രൻ, ആശുതോഷ്, ചിത്രാംഗി എന്നിവർ പ്രത്യേകം താമസമാക്കിയതു്. ഊർമ്മിള ഈ മക്കളുമായിമായി യാതൊരു ബന്ധവും ഇല്ലാത്തവണ്ണം തനിച്ചു താമസമാക്കി. ചക്രവർത്തിക്കു് നദീതീരത്തു് ഒരു നല്ല തോട്ടവും കെട്ടിടവും വാങ്ങിക്കൊടുത്തു് ഒരു കൃഷിക്കാരനാക്കി. ശരച്ചന്ദ്രൻ വക്കീലായി. ആശുതോഷ് മോഹനലോഡ്ജ് സ്ഥാപിച്ചു. ചിത്രാംഗിക്കും പ്രത്യേകം വീടുണ്ടാക്കിക്കൊടുത്തു. ആശുതോഷാണു് പിതാവിൻെറ വലംകയ്യായിരുന്നതു്. ചക്രവർത്തി ആ കുടുംബത്തിലെ പടുവിഡ്ഢിയായിരുന്നു. കാളീനാഥനു് പ്രേമചന്ദ്രനെ കൊല്ലാൻ തോക്കുകൊടുത്തു് അവൻെറ നാശത്തിനു സഹായിച്ചതു് ആ വിഡ്ഢിയാണു്. ഊർമ്മിളയ്ക്കു് ഇവനോടു തീരെ രസമില്ലായിരുന്നു. ഇവൻെറ മരണംപോലും അവൾ ആശിച്ചുകൊണ്ടാണിരുന്നതു്. ചക്രവർത്തി വിഡ്ഢി ആയിരുന്നെങ്കിലും സന്മാർഗ്ഗബോധത്തിൻെറ ശകലം അവനിൽ ഉണ്ടായിരുന്നു. അവൻ സകല കൂട്ടുകെട്ടുകളും ഉപേക്ഷിച്ചു മാനമായി കഴിയണമെന്നു് ആശിച്ചു. ഇതിൽ ചിത്രാംഗിയും അവനെ അനുകൂലിച്ചു. അവർ തക്കാര്യത്തിൽ സാധാരണയിൽ കവിഞ്ഞ സ്നേഹബന്ധം

ഉണ്ടായിരുന്നു. കാളിനാഥൻെറ മരണത്തിനുശേഷം ഭീകര സംഘത്തെ നയിച്ചതു് ഊർമ്മിള (അതു് അവളുടെ വാസ്തവത്തിലുള്ള പേരല്ലെന്നു ഞാൻ ആദ്യമേ പറഞ്ഞിട്ടുണ്ടല്ലോ.) യാണു്; എന്നാൽ പ്രവൃത്തികളിൽ നേതൃത്വം വഹിച്ചതു് ആശുതോഷനായിരുന്നു. അവനു് മനസ്സാക്ഷിയെന്നൊന്നു് ഇല്ലായിരുന്നു. പ്രേമനെ (പ്രേമചന്ദ്രനെ) ലാഡ്ജിലേക്കു് ക്ഷണിച്ചതു് അവനെ കൊല്ലാൻ ഉദ്ദേശിച്ചാണു്. അതിനു് പല വഴികൾ ആലോചിച്ചു തീർച്ചയാക്കി. വരുന്ന വഴി കാറിനു ബാംബെറിയുക വീട്ടിലേക്കു കടക്കുമ്പോൾ വെടിവെയ്ക്കുക, ഫോണിലെ റിസീവർ മുഖേന കൊല്ലുക, ഇങ്ങനെ പല മാർഗ്ഗങ്ങൾ അവൻ കണ്ടുവെച്ചിരുന്നു. എന്നാൽ ഭാഗ്യവശാൽ അതെല്ലാം തെററി അവൻതന്നെ മരിച്ചു. ജഡ്ജിയേയും സർക്കാർ വക്കീലിനേയും കൊന്നതും അവനാണു്.

വാസ:—ഞാൻ ഊർമ്മിളാദേവിയുടെ സംരക്ഷണയിൽ ആയതും ഈശ്വരവിധിതന്നെ.

പ്രഫ:—നീ അവിടെ ചെന്നതുമുതൽ നിന്നെക്കൊണ്ടു് ചില വലിയ കാര്യങ്ങൾ സാധിക്കുന്നതിനു് അവർ ആലോചന തുടങ്ങി. നീ സുരേന്ദ്രനാഥ ബാനർജിയെ കാണാൻ പോയ ദിവസം തന്നെ നിന്നെ എങ്ങിനെ പ്രയോജനപ്പെടുത്താമെന്നു് അവർ തീർച്ചയാക്കി. നീ വന്നയുടൻ, ബാനർജി നിന്നെ ഫോൺവഴി പ്രശംസിച്ചെന്നു പറഞ്ഞില്ലേ; അതു പച്ചക്കള്ളമായിരുന്നു. ബാനർജിക്കു നിന്നോടു പ്രേമം ഉണ്ടെന്നു സ്ഥാപിക്കാൻവേണ്ടിയാണു് മോതിരം അയച്ചതു്. അതും അവളുടെ തന്ത്രമായിരുന്നു. വിൽ അതിനുമുമ്പ് തന്നെ തയ്യാറാക്കിക്കഴിഞ്ഞു. ഏതായാലും മോതിരം പ്രേമൻ കണ്ടതു് അനർത്ഥമായി. അതേമോതിരവും ധരി

ച്ചുകൊണ്ടുള്ള അവളുടെ ഒരു ഫോട്ടോ മുമ്പ് ഇവിടെയിരുന്നതു് അവൻ കണ്ടിട്ടുണ്ടായിരുന്നു. മോതിരവും അവിടെ ഇരുന്ന പടവുംകൂടി കണ്ടപ്പോൾ അവനു സംശയം ജനിച്ചു. ഊർജ്ജിതമായ അന്വേഷണത്തിനു് അവനു കാരണവും കിട്ടി. പോരെങ്കിൽ മോതിരത്തിന്റെ ചരിത്രം ഞാൻ അവനെ മനസ്സിലാക്കുകയും ചെയ്തു.

പ്രഫുല്ലചന്ദ്രബാനർജി ഒരു ചുരുട്ടു കത്തിച്ചു പിടിച്ചുകൊണ്ടു് അല്പനേരം തന്റെ ഈസിച്ചെയറിൽ കിടന്നു ക്ഷീണംപോക്കി.

---

# അദ്ധ്യായം ൩൦

സംഭവവിവരം (തുടർച്ച)

പ്രഫു:—ബാനർജിയെ നിഗ്രഹിച്ച ദിവസം വൈകിട്ടു് ആശുതോഷനും ശരച്ചന്ദ്രനുംകൂടി ബാനർജിയെ കണ്ടു് നീയും ബാനർജിയും അനുരാഗബദ്ധരാണെന്നും മററും പ്രേമൻ പറഞ്ഞുപരത്തുന്നതായി അദ്ദേഹത്തിനെ ധരിപ്പിച്ചു. ബാനർജിക്കു നിന്നോടു സ്നേഹം തോന്നിയിരുന്നെങ്കിലും അതു തെല്ലുപോലും ദൂഷിച്ചതല്ലായിരുന്നു. എന്നുമാത്രമല്ല, ജീവിതം മുഴുവൻ അനുരാഗം, വിവാഹം ഇവയെപ്പററി ചിന്തിക്കാതെ കഴിച്ചുകൂട്ടാൻ തീർച്ചയാക്കിയിരുന്ന ഒരാൾ ഷഷ്ടിപൂർത്തി അടുത്തപ്പോൾ വികാരാധീനനായി എന്നുള്ളതും തീരെ സംഭാവ്യമല്ല. ഏതായാലും ഇവർ പ്രേമന്റെ മേൽ ഒരു കുററം ആരോപിച്ചതു് ഒരു പ്രത്യേകോദ്ദേശത്തോ

ട്ടുകൂടിയാണു്. ബാനർജി ഏതുകാര്യവും അവ നോടാലോചിക്കുമെന്നു് അവക്കറിയാമായിരുന്നു. അങ്ങനെ ചെയ്താൽ അവരുടെ ഉദ്ദേശം ഫലി ക്കാതെയാകും. അതുകൊണ്ടു് അവരെ തമ്മിൽ പിണക്കാൻ തീച്ചയാക്കി. അവരുടെ ഉദ്ദേശം ഫലിക്കുകയുംചെയ്തു. ടെലഫോണിന്റെ റിസീവർ മാററി കൈത്തോക്കു ഘടിപ്പിച്ചതു് ആശുതോ ഷന്റെ കൃത്രിമമാണു്. അവൻ അസാമാന്യമായ ബുദ്ധിശക്തിയുള്ളവനായിരുന്നു.

ഊമ്മിളയെപ്പററി ഞാൻ പലതും കേട്ടിട്ടുണ്ടെ ങ്കിലും അവശ ഞാൻ വിവാഹംചെയ്ത സ്ത്രീയാ- ണെന്നു് അടുത്ത കാലത്തു മാത്രമേ എനിക്കു മന സ്സിലായുള്ളു. ഒരു ദിവസം അവശ കാറിൽ പോ കുന്നതും എന്നെ സൂക്ഷിച്ചുനോക്കുന്നതും ഞാൻ കണ്ടു. അപ്പോഴാണു ഞാനവളെ തിരിച്ചറി- ഞ്ഞതു്.

ഒരുദിവസം രാത്രിയിൽ ഞാൻ കാറിൽ പോകു മ്പോശ ഊമ്മിളയെക്കണ്ടു. അവശ ഒരു കാറിൽ പോകുകയായിരുന്നു. ഞാനും അവളെ അനുഗമിച്ചു. അവശ മോഹനലോഡ്ജിലേക്കു പോകുകയാണെ ന്നു് എനിക്കു മനസ്സിലായി. ഞാൻ ലോഡ്ജിനു് ഒരു ഫർലോങ്ങു് അകലെ കാർ നിത്തി, ലോഡ് ജിലേക്കു നടന്നു. മഴ നല്ലതുപോലെ പെയ്യുന്നുണ്ടാ യിരുന്നെങ്കിലും ഞാൻ ഗണ്യമാക്കിയില്ല. പ്രധാന വാതലിൽക്കൂടി കടക്കാതെ വലതുവശമുള്ള ചെ റിയ വാതലിൽക്കൂടി ലോഡ്ജിൽ കടന്നു് മോട്ടാർ ഷെഡ്ഡിൽ ഒളിച്ചിരുന്നു. കുറേക്കഴിഞ്ഞപ്പോശ എ ന്റെ പ്രവൃത്തി അനാവശ്യമാണെന്നു് എനിക്കു തോ ന്നി, വീട്ടിലേക്കു മടങ്ങാൻ തീച്ചയാക്കി. എന്നാൽ

പെട്ടെന്നു് ഒരു കാർ അവിടെ വന്നുനിന്നു. അതു കണ്ടു് ഞാൻ വീണ്ടും ഷെഡ്ഡിൽതന്നെ നിന്നു. ആശുതോഷൻ ഒരാളെ കാറിൽ നിന്നു് എടുത്തു കൊണ്ടു് അകത്തേക്കു പോയി. കാർ തിരിച്ചു കൊണ്ടുപോകുകയും ചെയ്തു. അകത്തു നടക്കുന്ന സംഭവങ്ങൾ അറിയണമെന്നു കരുതി ഞാൻ ഷെഡ്ഡിൽനിന്നും ഇറങ്ങി കെട്ടിടത്തിന്റെ വടക്കുഭാഗത്തേക്കു നടന്നു. തോട്ടത്തിൽ എന്തോ ആവശ്യത്തിനുവേണ്ടി ഒരു കുഴി കുഴിച്ചു മണ്ണെടുത്തിരുന്ന വിവരം അറിയാതെ ഇരുട്ടിൽ ഞാൻ കുഴിയിൽ വീണു. വളരെ പണിപ്പെട്ടാണു് അതിൽനിന്നും കയറിയതു്. ഏതായാലും തപ്പിത്തടഞ്ഞു് ഒരു വിധം ഞാൻ കെട്ടിടത്തിന്റെ പിൻവശമുള്ള ഒരു മുറിയിൽ എത്തി. അതിനടുത്തു് ആരോ രഹസ്യമായി സംസാരിക്കുന്നതു കേട്ടു. ആരെന്നോ സംഭാഷണവിഷയമെന്തെന്നോ എനിക്കു മനസ്സിലായില്ല. കുറേക്കഴിഞ്ഞു് ഞാൻ രണ്ടാമത്തെ നിലയിൽ കയറി. അവിടെയുള്ള മുറികൾ ഓരോന്നായി പരിശോധിച്ചതിൽ ഒരു മുറി മാത്രം തുറന്നുകിടന്നു. അതിനകത്തു് എന്തോ പണി നടക്കുകയായിരുന്നെന്നു്, ഇരുട്ടത്താണെങ്കിലും എനിക്കു മനസ്സിലായി. ഞാൻ ആ മുറിയിൽ കയറി. പക്ഷേ, അടുത്ത മുറിയിൽ ആരോ ഉണ്ടെന്നറിയുകയാൽ ഞാൻ വീണ്ടും താഴത്തേക്കിറങ്ങി. മാനേജരുടെ മുറിയിൽ ഒരു മങ്ങിയ വെളിച്ചം ഉണ്ടായിരുന്നു. അതിന്റെ സഹായത്താൽ ആ മുറിയിൽ ആരും ഇല്ലെന്നു് എനിക്കു മനസ്സിലായി. അകത്തു കടന്നു് വിളക്കു തെളിച്ചപ്പോൾ ചുവരിൽ ഒരു ആണിയിൽ

രണ്ടു താക്കോൽ കിടക്കുന്നതു കണ്ടു. അതു കയ്യിൽ എടുത്തുകൊണ്ടു പുറത്തേക്കിറങ്ങി. അവിടെങ്ങും ആരും ഉണ്ടായിരുന്നില്ല.

താഴെയുള്ള മിക്ക മുറികളും പൂട്ടിയിരുന്നു. അതിനാൽ എന്റെ കയ്യിൽ ഉണ്ടായിരുന്ന താക്കോൽ കൊണ്ടു് ഏതെങ്കിലും മുറി തുറന്നു് അതിൽ കടന്നിരിക്കാൻ തീർച്ചയാക്കി. ഈശ്വരകൃപയാൽ വിശാലമായ പ്രധാന ഹാൾതന്നെ തുറന്നു കിട്ടി. അതിനകത്തു കടന്നു വാതൽ അടച്ചശേഷം തീപ്പെട്ടി ഉരച്ചു മുറിക്കകം മുഴുവൻ നോക്കി; മുറിയുടെ നടുക്കു് കിണറുപോലെ ഒരു കുഴി കണ്ടു. അതെന്തിനായിരുന്നെന്നു് ഞാൻ ആലോചിച്ചു. എന്റെ തലയ്ക്കു മീതെയുള്ള മുറിയിൽ വിളക്കുണ്ടായിരുന്നതിനാൽ ആ മുറിയുടെ തട്ടു് ഏതാണ്ടു് നാലടിയോളം ചതുരത്തിൽ മുറിച്ചു മാററിയിരിക്കുകയാണെന്നു് എനിക്കു മനസ്സിലായി.

പ്രേമ:—അപ്പോൾ വിരിപ്പിട്ടിരുന്നില്ലായിരിക്കും.

പ്രഫു:—ഇല്ല, കുറേക്കഴിഞ്ഞു് ആ ദ്വാരം ഒരു വിരുപ്പു കൊണ്ടു മൂടി. ഉത്തരക്ഷണത്തിൽ ഒരു ചിരിയും കേട്ടു. അതോടുകൂടി ആരെയോ കൊല്ലാൻ ചെയ്തിട്ടുള്ള കൃത്രിമമാണെന്നു് എനിക്കു മനസ്സിലായി. ദുർമ്മരണം വരിക്കാനുള്ള ഭാഗ്യഹീനൻ ആരായിരിക്കുമെന്നു് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലായില്ല. രാത്രി മുഴുവൻ മുകളിൽ മൂന്നുപേർ സംസാരിച്ചു കൊണ്ടിരുന്നു. അവരും ഞാനും അന്നുറങ്ങിയിട്ടില്ല. എന്റെ കയ്ത്തോക്കു് ഉപയോഗിക്കത്തക്കവണ്ണം ശരിപ്പെടുത്തിവെച്ചുകൊണ്ടു വാതലരികിൽ കിടന്ന ഒരു മേശയുടെ പുറത്തിരുന്നു കഴിച്ചുകൂട്ടി.

നേരം പ്രഭാതമായി. പ്രേമൻ മുകളിൽ സംസാരിക്കുന്നതു കേട്ടു. എന്റെ പരിഭ്രമവും വർദ്ധിച്ചു. പെട്ടെന്നു മുറിയിൽ കിടന്ന ഒരു വലിയ മേശ എടുത്തിട്ടു കുഴിമൂടി. അനന്തരം ആരെങ്കിലും വീഴുന്നപക്ഷം പിടിക്കാൻ തയ്യാറായി മേശപ്പുറത്തു കയറി നിന്നു. പ്രേമൻ അവരുടെ കൃത്രിമം മനസ്സിലാക്കാതെ വിരിപ്പിൽക്കൂടി നടക്കുകയും വിരിപ്പുംകൊണ്ട് താഴേക്കു വരികയുംചെയ്തു. അവനെ പിടിക്കാൻ ഉള്ള ശ്രമത്തിൽ ഞങ്ങൾ രണ്ടുപേരും വീണു. പക്ഷേ, അതു സാരമില്ലായിരുന്നു. ഇവൻ വിരിപ്പോടു കൂടി വന്നതു് രക്ഷയായെന്നു് എനിക്കു ബോദ്ധ്യപ്പെട്ടു. ഏതായാലും ഞങ്ങൾക്കു രണ്ടുപേക്കും പറയത്തക്ക പരുക്കൊന്നും പററിയില്ല. ഇവന്നു് തട്ടിൽ തട്ടി നെററി അല്പം മുറിഞ്ഞിരുന്നതേയുള്ളു. പക്ഷേ, എന്തുചെയ്യാനാണു്? തേച്ചുകഴുകാൻ വെള്ളമില്ല, വെച്ചുകെട്ടാൻ തുണിയില്ല, മരുന്നില്ല

പ്രേമൻ വീണു് കുഴിച്ചു പത്തുമിനിട്ടു കഴിഞ്ഞപ്പോൾ ഒരു കാർ ലോഡ്ജിൽ നിന്നു പുറപ്പെട്ടതായി എനിക്കു മനസ്സിലായി. ആ കാറിൽ ഊമ്മിളയും ശരച്ചന്ദ്രനും ആണു് പോയതു്. തങ്ങളുടെ ഉദ്ദേശം ഫലിച്ചെന്നുള്ള സന്തോഷത്തോടുകൂടി അവർ പോയിരിക്കും. ഞാൻ മുറിയുടെ ജന്നൽ അല്പം തുറന്നു പുറത്തേക്കുനോക്കി. ആശുതോഷൻ പ്രേമന്റെ കാറിൽ റൌച്ചിനെ കയററിക്കൊണ്ടു് പോകുന്നതു ഞാൻ കണ്ടു. ആശുതോഷനായിരുന്നു ഡ്രൈവർ.

ഞങ്ങൾ രണ്ടുപേരുംകൂടി നിന്നെ അന്വേഷിച്ചു നാലഞ്ചു മുറികൾ പരിശോധിച്ചു. അപ്പോഴേക്കു് ആശുതോഷൻ തിരിച്ചുവരികയാൽ വീണ്ടും ഞങ്ങൾക്കു് ഒളിക്കേണ്ടിവന്നു. അയാൾ വന്നയുടൻ മുകളിലേക്കുപോയി. അല്പം കഴിഞ്ഞപ്പോൾ ഇൻസ്പെക്ടർ മിത്രായും മററും

അവിടെ എത്തി. അവരുടെ പരിശോധനവേളയിൽ ആശുതോഷൻ താക്കോൽ നോക്കി. പോയപ്പോഠം ആശുതോഷനെ കുറേനേരം അയാളുടെ ആഫീസ് മുറിയിൽ ഇരുത്തിക്കൊള്ളണമെന്നു പ്രേമൻ ഇൻസ്പെക്ടറോട്ട് ചട്ടം കെട്ടി. അങ്ങനെ കിട്ടിയ സന്ദർഭം നിന്നെ അവിടെ നിന്നു മാററാൻ ഞങ്ങഠം വിനിയോഗിച്ചു; അങ്ങനെ നിന്നെയും രക്ഷിച്ചു.

വാസ:—അവിടത്തെ സഹായംകൊണ്ടാണു ഞങ്ങഠം രണ്ടുപേരും രക്ഷപ്പെട്ടത്.

പ്രഫു:—നിൻെറ കാൎയ്യം ഞാൻ ആലോചിച്ചേയില്ല. ഇവന് എന്തെങ്കിലും ആപത്തുണ്ടാകുമെന്ന് ഞാൻ ഭയപ്പെട്ടു. അതുകൊണ്ട് കുറേക്കാലമായി സംഘത്തിൻെറ പ്രവൃത്തികളും കേന്ദ്രങ്ങളും ഞാൻ സൂക്ഷിച്ചുകൊണ്ടിരുന്നു.

വാസ:—എന്നെപ്പററി വിചാരിക്കാൻ കാൎയ്യമില്ലല്ലോ; ഒന്നാമത്, ഞാൻ ഒരു അപരിചിതയായിരുന്നു; രണ്ടാമത് പ്രസിദ്ധനായ ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥൻെറ മേൽനോട്ടത്തിലും.

വാസന്തിയുടേയും പ്രേമചന്ദ്രൻേറയും കണ്ണുകഠം തമ്മിൽ ഇടഞ്ഞു. രണ്ടുപേരും മന്ദഹസിച്ചു. എന്നാൽ, പ്രഫുല്ലചന്ദ്രനാകട്ടെ പൊട്ടിച്ചിരിച്ചു.

പ്രഫു:—അതെ, അതെ; അവൻെറ ശ്രദ്ധ മുഴുവൻ നിൻെറ രക്ഷയിലായിരുന്നു. പക്ഷേ, നിന്നെ രക്ഷിക്കാൻ അവനു കഴിഞ്ഞില്ല; അവൻ ആപത്തിലുമായി; അത്ര സമൎത്ഥൻ.

പ്രേമ:—എൻെറ സഹായമില്ലായിരുന്നെങ്കിൽ ഗംഗാനദിയിൽ നിന്ന് എങ്ങനെ രക്ഷപ്പെടുമായിരുന്നു?

വാസ:—പല ആപത്തുകളിൽ നിന്നും രക്ഷിച്ച ദൈവം അവിടെയും എന്നെ രക്ഷിക്കുമായിരുന്നു.

പ്രേമ:—സുരേന്ദ്രനാഥബാനർജിയുടെ വില്ലനുസരിച്ച് വസ്തുക്കൾ കൈവശപ്പെടുത്തേണ്ടേ? ബോസ്സിനെ ക്കണ്ടു് അതിനു വേണ്ട ഏപ്പ്പാടു ചെയ്യാത്തതെന്തു്? വാസന്തിയുടെ മുഖം വാടി;

വാസ:—എനിക്കാരുടെ സ്വത്തും വേണ്ട.

പ്രേമ:—ഇനിയും രക്ഷിക്കാൻ ഊമ്മിളാദേവിയില്ലല്ലോ.

വാസ:—സൃഷ്ടിച്ചദൈവം രക്ഷിക്കുകയും ചെയ്യും. ഊമ്മിളാദേവി എന്നെ രക്ഷിച്ചതു്, അവക്കു വേണ്ടി ജോലിചെയ്യതുകൊണ്ടാണു്, മഹാമനസ്കതകൊണ്ടല്ല. മററാരാളെ സേവിച്ചാലും കഴിഞ്ഞുകൂടാമെന്നു് എനിക്കു ധൈര്യമുണ്ടു്.

വാസന്തിയുടെ നയനങ്ങളിൽ കണ്ണുനീർ തുള്ളികൾ പൊടിച്ചു.

പ്രഫു:—മകളേ! നിനക്കു് ആരുടെ സ്വത്തും വേണ്ട! നീ ആരെയും ആശ്രയിക്കുകയും വേണ്ട; ഒരു ഭാര്യയുടേയും പുത്രിയുടേയും ധമ്മം നീ അനുഷ്ഠിച്ചാൽ മതി. ഞാൻ ധാരാളം സമ്പാദിച്ചിട്ടുണ്ടു്. അതിനെല്ലാം അവകാശി ഇവൻ ഒരുത്തൻ മാത്രമാണു്. അതുകൊണ്ടു്, നിനക്കു് സുഖമായി കഴിഞ്ഞുകൂടാം.

പ്രേമ:—വാസന്തിയെ തത്കാലം എവിടെ താമസിപ്പിക്കും?

പ്രഫു:—അവൾ എൻെറ കൂടെത്താമസിക്കും. ഇനിയും വല്ലയിടത്തും താമസിപ്പിച്ചു് ആപത്തുണ്ടാക്കാൻ ഞാൻ സമ്മതിക്കുകയില്ല. സാധുക്കുട്ടി, എത്ര കഷ്ടപ്പെട്ടു; അവളുടെ ആരോഗ്യവും പ്രസരിപ്പും എല്ലാം പോയി.

പ്രേമ:—ഞാൻ കമ്മിഷണറെക്കണ്ടു് എൻെറ രാജിക്കാര്യത്തെപ്പററി അന്വേഷിക്കട്ടെ.

പ്രഫു:—നിനക്കു് ഒരു നല്ല സംഖ്യ പാരിതോഷികമായി നൽകാൻ ഗവൎമ്മെൻറു് അനുവദിച്ചിട്ടുണ്ടു്.

പ്രേമചന്ദ്രൻ തൻെറ വസതിയിലേക്കു തിരിച്ചു. പ്രഫുല്ലചന്ദ്രൻ വാസന്തിയേയും കൂട്ടിക്കൊണ്ടു് മറെറാരു മുറിയിലേക്കു പോയി.

പ്രഫു:—കുഞ്ഞേ; നിനക്കു് ഈ മുറിയിൽ ഇരുന്നു വല്ലതും വായിക്കാം. എൻെറ അലമാരികളിൽ ധാരാളം പുസ്തകങ്ങൾ ഉണ്ടു്; പല പത്രങ്ങളും മാസികകളും പതിവായി വരാറുണ്ടു്. എല്ലാം നിനക്കു സ്വാതന്ത്ര്യമായി ഉപയോഗിക്കാം. പ്രേമൻെറ അമ്മ മരിച്ചതിൽ പിന്നെ ഇവിടെ സ്ത്രീകളെ വേലക്കാരായി താമസിപ്പിക്കാറില്ല; രണ്ടുപേർ കാലത്തുവന്നു് ജോലിചെയ്തിട്ടു പോകും. ഇന്നുമുതൽ അവർ ഇവിടെ താമസിക്കാൻ ഏൎപ്പാടു ചെയ്തിട്ടുണ്ടു്. നിനക്കു് എന്തുവേണമെങ്കിലും അവർ ചെയ്തുതരും. എന്നു വേണ്ടാ ഇവിടത്തെ ജോലിക്കാരോടെല്ലാം ഞാൻ ചട്ടംകെട്ടിയിട്ടുണ്ടു്...........ഇതിനടുത്തുള്ള മുറിയിൽ നിനക്കുറങ്ങാം. നിൻെറ തത്കാലാവശ്യത്തിനു വേണ്ടതെല്ലാം ആ മുറിയിൽ കാണും.

പ്രഫുല്ലചന്ദ്രൻ അവളെയും കൂട്ടിക്കൊണ്ടു് ആ മുറിയിലേക്കു പോയി; അതിനകത്തുണ്ടായിരുന്ന ഒരു അലമാരി തുറന്നു. വിലയേറിയ കുറേ സാരികൾ അതിൽ അടുക്കിവെച്ചിരുന്നു. അദ്ദേഹം അലമാരിയിൽ നിന്നു് ഒരു ചെറിയ പെട്ടി എടുത്തു തറയിൽ വച്ചു. അനന്തരം അവളെ പിടിച്ചു് അരികിൽ ഇരുത്തി. അവളുടെ കയ്യിലും കഴുത്തിലും മററും ഉണ്ടായിരുന്ന ആഭരണങ്ങൾ അഴിപ്പിച്ചിട്ടു് ആ പെട്ടിയിൽ ഉണ്ടായിരുന്ന ആഭരണങ്ങൾ അണിയാൻ നിൎബന്ധിച്ചു. വാസന്തിയുടെ കണ്ണുകളിൽ ആനന്ദാശ്രു നിറഞ്ഞു; അവൾ ഗദ്ഗദപൂൎവ്വം പറഞ്ഞു.

വാസ:—മാതാപിതാക്കന്മാരുടെ വാത്സല്യം അധികകാലം അനുഭവിക്കാൻ എനിക്കു ഭാഗ്യം ഉണ്ടായില്ല. ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു വളൎന്നു; പരാശ്രയത്തിൽ ഇതുവരെ ജീവിച്ചു. ഇപ്പോൾ ലോകപ്രസിദ്ധനായ ഒരു മഹാന്റെ........ ...അവൾ അൎദ്ധോക്തിയിൽ വിരമിച്ചു.

പ്രഫു:—പുത്രിയായി, അഥവാ പുത്രന്റെ ഭാൎയ്യയായിത്തീൎന്നു. കുഞ്ഞേ! എല്ലാം ഈശ്വരവിധിയാണു്.

വാസന്തി "പിതാവേ!" എന്ന സംബോധനയോടുകൂടി അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു. അദ്ദേഹം അവളെ വാത്സല്യപൂൎവ്വം എഴുന്നേല്പിച്ചു തഴുകി.

പ്രഫു:—കുഞ്ഞേ! നിന്റെ ദിനചൎയ്യകളൊന്നും തെററിക്കാതെ നടത്തണം. നീ കുറേ വിശ്രമിക്കു്. രണ്ടാഴ്ചയ്ക്കകം നിങ്ങളുടെ കല്യാണം നടത്താൻ വേണ്ട ഏൎപ്പാടുചെയ്യാം. എനിക്കൊരു മകളില്ല. എന്റെ മകന്റെ കല്യാണമെങ്കിലും നടത്താനുള്ള ഭാഗ്യം എനിക്കുണ്ടായല്ലോ!

പ്രഫുല്ലചന്ദ്രൻ അദ്ദേഹത്തിന്റെ മുറിയിലേക്കു പോയി. വാസന്തിയാകട്ടെ, ആനന്ദപരവശയായി ഒരു കട്ടിലിനെ അഭയംപ്രാപിച്ചു. തന്റെ ജീവിതത്തിൽ ഉണ്ടായ പരിവൎത്തനത്തെപ്പററി ചിന്തിച്ചു് ഈശ്വരനെ വണങ്ങി.

ശുഭം.

UNIVERSITY LIBRARY
13 JUL 1955
MADRAS.
MUL
165479

Printed at the B. V. Book Depot & Printing Works, Trivandrum

# ശുദ്ധിപത്രം

| പേജ്. | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൧൨ | ൧൦ | നിൽന്നുക്കു | നിൽക്കുന്നു |
| ,, | ൧൯ | കിട്ടിയില്ലേ | കിട്ടിയിട്ടില്ല |
| ൧൬ | ൪ | ഫസ്റ്റ് | ഫെൽററ് |
| ൩൬ | ൨൨ 22 | ജൂലൈ | ജൂൺ |
| ൩൭ | ഒടുവിലത്തെ വരി | സംഭവിക്കുമെന്ന് | സംഭവിക്കുമെന്നാണ് |
| ൭൦ | ഒടുവിൽനിന്ന് മൂന്നാമത്തെ വരി | ഒരു വജ്രഖചിതമായ | വജ്രഖചിതമായ |
| ൬൯ | ൮ | യുമായുള്ള സംഭാഷണം | യുമായി സംഭാഷണം തുടന്നു. |
| ,, | ൧൮ | ഗോപിനാഥൻ | പ്രേമചന്ദ്രൻ |
| ൧൦൯ ഒടുവിൽനിന്ന് | ൮ | കയ്യിൽ | കപ്പിൽ |
| ൧൩൨ | ൧൧ | എൻെറ അച്ഛൻെറ | എൻെറ മുത്തച്ഛൻെറ |
| ൧൪൧ | ൧൭ | വ്യാകുലയോടുകൂടി | വ്യാകുലതയോടുകൂടി |

വേറെയും ചില്ലറത്തെററുകൾ ഉണ്ടെങ്കിലും അവ പ്രഥമദൃഷ്ടിയിൽ തന്നെ വായനക്കാർക്ക് മനസ്സിലാക്കാവുന്നതാണ്.

1574.79
38 407
O32:3M84 10:11
H2
UNIVERSITY LIBRARY
13